www.malankaralibrary.com

# ഗിരിപ്രഭാഷണം

## നീസിയൻ ഭാഷ്യം

പരിഭാഷകൻ

ഫാ. ജേക്കബ് ഞായപ്പള്ളൂർ

കോട്ടയം

1982

www.malankaralibrary.com

# ഗിരിപ്രഭാഷണം

നീസായിലെ വിശുദ്ധ ഗ്രിഗറിയുടെ

ഗിരിപ്രഭാഷണഭാഷ്യത്തിന്റെ വിവർത്തനം

പരിഭാഷകൻ

ഫാ. ജേക്കബ് ഞായല്ലൂർ

AN EBOSC PUBLICATION

എബോസ്ക് സീരീസ്–8/പട്രോളജി–4

കോട്ടയം

1982

www.malankaralibrary.com

# GIRIPRABHASHANAM

AN EBOSC PUBLICATION
Ecumenical Biblical and Oriental Study Centre
Shastri Road. Kottayam-686001, Kerala, India.

Price: Rs. 4.00

Editors: G. Chediath-G. Kaniarakath

Printed at: Bethany Press, Vettickel, Kottayam-10.

Distribution: St. Thomas Book Stall
P. B No. 1. Kottayam-686010.

Copyright: G. Chediath, 1982.

Nihil obstat: Fr. G. Kaniarakath

Imprimatur: Most Rev. Benedict Mar Gregorios
Archbishop-Metropolitan of Trivandrum

www.malankaralibrary.com

# ആമുഖം

ദൈവം അവിടത്തെ വിശുദ്ധരിൽ അത്ഭുതകരനാണ് എന്നു ലത്തീനിൽ ഒരു സൂക്തമുണ്ട്. (Deus mirabilis est in sanctis suis) വിശുദ്ധിയുടെ അടിത്തറ ദൈവസ്നേഹമാണെന്നു നമുക്കെല്ലാവർക്കും അറിയാം. എന്നാൽ, ആ ദൈവസ്നേഹം വിശുദ്ധർ ജീവിതത്തിൽ നേടിയതും പ്രദർശിപ്പിച്ചതും വിവിധതരത്തിലാണ്. പാപത്തിൻെറ അഴുക്കചാലുകളിൽ നിന്നെഴുന്നേററു മാനസാന്തരപ്പെട്ട് ദൈവസ്നേഹത്തിൽ വളർന്നവരുണ്ട്. മാമോദീസാ മുഖേന ലഭിച്ച പ്രസാദവരം ഒരിക്കൽ പോലും നഷ്ടപ്പെടുത്താതെ ദൈവസ്നേഹത്തിൻെറ ഉന്നത ശൃംഗത്തിൽ എത്തിയവരുണ്ട്. സംഭവബഹുലമെന്നു വിശേഷിപ്പിക്കാനാവാത്ത, അന്യരുടെ ദൃഷ്ടിയിൽ പ്രത്യേകതകളൊന്നുമില്ലാത്ത ജീവിതം നയിച്ചവിശുദ്ധരായവരുണ്ട്. മരുഭൂമികളിലും, കാനനങ്ങളിലും പോയി അതികഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ച് വിശുദ്ധിയുടെ ഉത്തുംഗത നേടിയവരുണ്ട്. കർമ്മനിരതമായ ജീവിതംവഴി ദൈവസ്നേഹത്തിൻെറ സുഭഗകിരണങ്ങൾ പ്രസരിപ്പിച്ചവരുണ്ട്. കേവലം ധ്യാനപരമായ ജീവിതം വഴി വിശുദ്ധിയുടെ ഉജ്ജ്വലമായ മാതൃകയായവരുണ്ട്. ഇവരെല്ലാവരും ദൈവസ്നേഹമെന്ന അടിത്തറയുറപ്പിച്ചാണു പുണ്യജീവിതത്തിൻെറ രമ്യഹർമ്മ്യം കെട്ടിപ്പടുത്തതു്. വിവിധ രീതികളിൽ പുണ്യപദപ്രാപ്തിയിൽ എത്തിച്ചേർന്നവരുള്ളതുകൊണ്ടും വിവിധരീതികളിൽ അവരുടെ പുണ്യസൗരഭ്യം പ്രസരിക്കുന്നതുകൊണ്ടുമാണു് ദൈവം അവിടത്തെ വിശുദ്ധരിൽ അത്ഭുതകരനാണെന്നു് പ്രകീർത്തിക്കപ്പെടുന്നതു്.

കത്തോലിക്കാ സഭയാകുന്ന മലർവാടിയിൽ വികസിച്ച ഒരു സുരഭില കുസുമമായിരുന്നു നിസ്സായിലെ വി. ഗ്രിഗോറിയോസ്. ഗ്രീക്കു സംസ്കാരത്തിൻെറ ചൈതന്യവത്തായ വിദ്യാഭ്യാസ മണ്ഡലത്തിൽ പ്രശസ്തനായ ഒരദ്ധ്യാപകനായി പ്രശോഭിച്ചിരുന്ന വേളയിലാണു ലൗകിക സന്തോഷങ്ങളെല്ലാം വലിച്ചെറിഞ്ഞു് സ്വസഹോദരനായ വിശുദ്ധ ബേസിലിൻെറ ആശ്രമത്തിൽ താപസജീവിതത്തിനു ചേർന്നതു്. അചിരേണ വൈദികനും മെത്രാനുമായിത്തീർന്ന അദ്ദേഹം ത്യാഗോജ്ജ്വലവും കർമ്മനിരതവും ആയ ജീവിതം

www.malankaralibrary.com



വഴി വിശുദ്ധിയുടെ ഉത്തുംഗശൃംഗത്തിൽ എത്തിച്ചേർന്നു നന്മ ചെയ്തു കടന്നുപോയ ക്രിസ്തുനാഥന്റെ കാൽപ്പാടുകൾ എല്ലാ വിധത്തിലും അദ്ദേഹം പിന്തുടർന്നു. സത്യവിശ്വാസികളെ ദൈവസ്നേഹത്തിൽ ജ്വലിപ്പിക്കുന്നതിനും പുണ്യജീവിതത്തിൽ നയിക്കുന്നതിനും വേണ്ടി അദ്ദേഹം അഹർനിശം പ്രയത്നിച്ചു. കഷ്ടതകളും, പീഡനങ്ങളും നാടുകടത്തലും. മററും വിശുദ്ധനെ ഭഗ്നാശയനാക്കിയില്ല. തന്റെ അജഗണങ്ങളുടെ മദ്ധ്യേ മടങ്ങിവന്ന അദ്ദേഹം പൂർവ്വവൽതീക്ഷ്ണതയോടെ കർമ്മനിരതനായി. പാവപ്പെട്ടവരുടെ കണ്ണുനീർ തുടയ്ക്കുന്നതിനും അവരുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനും വേണ്ടി ആ ത്യാഗധനൻ നിതരാം പ്രവർത്തിച്ചു.

സുപ്രസിദ്ധനായ ഒരു ഗ്രന്ഥകർത്താവായിരുന്നു നിസ്സായിലെ വിശുദ്ധ ഗ്രിഗോറിയോസ്. ഒരു ഗ്രന്ഥകാരൻ എന്ന നിലയ്ക്കു അദ്ദേഹം സ്വന്തം സഹോദരനായ വി. ബേസിലിനേയും പ്രേഷ്ഠമിത്രമായിരുന്ന വിശുദ്ധ ഗ്രിഗറി നസിയാൻസനേയും ഉല്ലംഘിക്കുന്നു. ആദ്ധ്യാത്മികതയുടെ പ്രഭാകിരണങ്ങൾ ഉടനീളം പ്രസരിക്കുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥതല്ലജങ്ങൾ വിജ്ഞാനത്തിന്റെ ആഴവും പരപ്പും ഉൾക്കൊള്ളുന്നവയാണ്. ഉദാത്തമായ ഭാവന, ഉജ്ജ്വലമായ മേധാശക്തി, സമുചിതപദങ്ങൾ തെരഞ്ഞെടുക്കുന്നതിലുള്ള അപാരമായ കഴിവ്, സർവ്വോപരി, ദൈവസ്നേഹപ്രചോദിതമായ ആദ്ധ്യാത്മിക വീക്ഷണം ആദിയായവ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ പ്രത്യേകതകളാണ്.

ഗ്രീക്കുഭാഷയിലായിരുന്നല്ലോ അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളത്. അക്കാലത്തെ സാംസ്കാരികപ്രവണതകളും, ഗ്രീക്കുതത്വചിന്താശൈലികളും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഒറിജെനുശേഷം ഉടലെടുത്ത ഏററം വലിയ മിസ്റ്റിക്കൽ ദൈവശാസ്ത്രജ്ഞനത്രേ വി. ഗ്രിഗറി നീസാ. സുവിശേഷം വ്യാഖ്യാനിക്കാൻ വ്യാപകമായ രീതിയിൽ തത്വശാസ്ത്രം ഉപയോഗിച്ചു എന്നതു് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.

ഗ്രിഗറിയുടെ കൃതികളെ താത്വികം, ഭാഷ്യം, ആദ്ധ്യാത്മികം, പ്രസംഗപരം, കത്തുകൾ എന്നിങ്ങനെ അഞ്ചായി

www.malankaralibrary.com



തിരിക്കാം. എവ്നോമിയസിനെതിരെ, അപ്പൊള്ളിനാരിയുസിനെതിരെ, പരിശുദ്ധാത്മാവിനെപ്പററി, ത്രിത്വസംബന്ധമായവ എന്നിവ ഒന്നാമത്തെ ഗണത്തിൽപെട്ടം. മനുഷ്യസൃഷ്ടി, മോശയുടെ ജീവചരിത്രം, സങ്കീർത്തനം, സഭാപ്രസംഗകൻ, സൃഷ്ടിവിവരണം, ഉത്തമഗീതം, കർതൃപ്രാർത്ഥന, ഗിരിപ്രഭാഷണം, കൊറിന്തോസുകാർക്കുള്ള ലേഖനം, എന്നിവയാണ് ഭാഷ്യകൃതികൾ. കന്യാതപം, സന്യാസജീവിതപൂർണ്ണത, മക്രീനയുടെ ജീവചരിത്രം എന്നിവ സന്യാസ ജീവിതത്തെപ്പററിയാണ്. ഇവയ്ക്കു പുറമേ, ആരാധനക്രമപ്രസംഗങ്ങൾ, ചരമപ്രസംഗങ്ങൾ, മതബോധനപ്രസംഗങ്ങൾ എന്നിവയുമുണ്ട്. ഗിരിപ്രഭാഷണത്തിലെ അഷ്ടസൗഭാഗ്യങ്ങളെ ആധാരമാക്കി ഗ്രിഗറി എട്ട് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. പുണ്യപൂർണ്ണതയുടെ അത്യുന്നത പദവിയിലേക്ക് വചനമായ ദൈവം മനുഷ്യരെ കയററാനുപയോഗിക്കുന്ന ഗോവണിയായിട്ടാണ് ഗ്രിഗറി അഷ്ടസൗഭാഗ്യങ്ങളെ കാണുന്നത്. പ്ലോത്തീനസ് എന്ന നെയോപ്ലേറേറാണിക തത്വശാസ്ത്രജ്ഞന്റെ 'എന്നെയിഡ്' എന്നകൃതിയെ അനുസ്മരിപ്പിക്കുന്നതാണ് പല വിവരണങ്ങളും. എന്നാൽ ഗ്രിഗറി ഈ കടമെടുക്കലുകൾക്ക് ഒരു ക്രിസ്തീയ വീക്ഷണം കൊടുക്കുന്നതായി കാണാം.

H. C. GRAEF, St. Gregory of Nyssa: The Lord's prayer, The Beatitudes, N. Y. 1954, pp. 85–175. (*ACW*. 18) എന്ന ഗ്രന്ഥത്തെ മുഖ്യമായും ആധാരമാക്കിയാണ് ഈ വിവർത്തനം.

ഇത് എബോസ്റ്റ് സീരീസിൽ ഉൾപ്പെടുത്തിയ ബ. ജോർജ്ജ് കണിയാരകത്തച്ചനും, ഇത് പ്രസിദ്ധീകരിക്കാൻ മുൻകൈ എടുത്ത ബ. ഗീവർഗീസ് ചേടിയത്തച്ചനും നന്ദിരേഖപ്പെടുത്തുന്നു.

ജാതിമതഭേദമെന്യേ തന്നോട് ഇടപെട്ടിട്ടുള്ള സകലരുടെയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായിക്കഴിഞ്ഞിട്ടുള്ള അഭിവന്ദ്യ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ

www.malankaralibrary.com

# അവതാരിക

താത്വിക ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ വി. ബേസിലിനേക്കാളും വി. ഗ്രിഗറി നസ്യാൻസനേക്കാളും വിളങ്ങി ശോഭിച്ച കപ്പദോച്ചിയൻ പിതാവാണ് വി. ഗ്രിഗറി നീസ്സാ. വിശുദ്ധരുടെ ഒരു കുടുംബത്തിലാണ് ഗ്രിഗറി ജനിച്ചത്. ഒരു വിശുദ്ധയുടെ മകനായിരുന്നു ഗ്രിഗറിയുടെ പിതാവ്. ഒരു രക്തസാക്ഷിയുടെ മകളായിരുന്നു ഗ്രിഗറിയുടെ അമ്മ. അവരുടെ പത്തുമക്കളിൽ മൂന്നു പേർ മെത്രാന്മാരായി: മഹാനായ വി. ബസേലിയോസ്, സെബാസ്റ്റേയിലെ വി. പത്രോസ്, വി. ഗ്രിഗറി നീസ്സ; വി. മക്രീന (the younger) എന്ന മകൾ സന്ന്യാസ ജീവിതത്തിലൂടെ വിശുദ്ധയായി. ക്രൈസ്തവാരൂപി മുററിനിന്ന ഒരു കുടുംബാന്തരീക്ഷത്തിലാണ് ഗ്രിഗറി വളർന്നത്. പ്രാഥമിക വിദ്യാഭ്യാസം ബേസിലിൽനിന്ന് ഗ്രിഗറിക്ക് ലഭിച്ചു. 371-ൽ ഗ്രിഗറിയെ നീസ്സായിലെ മെത്രാനായി ബേസിൽ നിയമിച്ചു. 376-ൽ ആര്യൻ മെത്രാന്മാരുടെ ഒരു സിനഡ് ഗ്രിഗറിയെ സ്ഥാനഭ്രഷ്ടനാക്കി. ആര്യൻ അനുഭാവിയായ വാലെൻസ് ചക്രവർത്തി മരിച്ചപ്പോൾ (378) ഗ്രിഗറി തിരികെവന്ന് ശുശ്രൂഷ തുടർന്നു. 380-ൽ സെബാസ്റ്റേയിലെ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം സാർവ്വത്രിക സൂനഹദോസിൽ (381) ഗ്രിഗറി സാരവത്തായ പങ്കുവഹിച്ചു; 394-ൽ ദിവംഗതനായി.

തൻെറ ചുററുപാടുമുള്ള മനുഷ്യർ ചിന്തിച്ചിരുന്നതും അവരാഗ്രഹിച്ചിരുന്നതും എന്താണെന്ന് ഗ്രിഗറിക്ക് നന്നായറിയാമായിരുന്നു. സമകാലീന ബൗദ്ധിക തലത്തിലെ ചിന്താധാരകളോട് ഗ്രിഗറി ഒരു തുറന്ന മനസ്ഥിതി കാട്ടി. എന്നാൽ ഗ്രിഗറിയുടെ പ്രസംഗശൈലി ജനങ്ങളെ പിടിച്ചിരുത്താൻ പര്യാപ്തമല്ലായിരുന്നു.

www.malankaralibrary.com



ഒരു വലിയ മിസ്റ്റിക്കൽ ദൈവ ശാസ്ത്രജ്ഞനായിരുന്ന ഗ്രിഗറി ക്രൈസ്തവമിസ്റ്റിസിസം വികസിപ്പിച്ചെടുക്കുന്നതിൽ നല്ല പങ്കുവഹിച്ചു. അലക്സാൺഡ്രിയൻ മിസ്റ്റിസിസവും പില്ക്കാല ബൈസൈൻറൻ മിസ്റ്റിസിസവും തമ്മിൽ ബന്ധിക്കുന്ന പാലമായി ഗ്രിഗറിയെ കണക്കാക്കാം. പില്ക്കാല ക്രൈസ്തവ മിസ്റ്റിക്കൽ ദൈവശാസ്ത്രജ്ഞന്മാരിൽ മിക്കവരും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ഗ്രിഗറിയിൽ നിന്നു് സ്വാധീനം കിട്ടിയിട്ടുള്ളവരാണ്.

ഗ്രിഗറിയുടെ "ഗിരിപ്രഭാഷണഭാഷ്യം" എബോസ്റ്റ് സീരീസിൽ പ്രസിദ്ധീകരിക്കുവാൻ അതിയായ സന്തോഷമുണ്ടു്. ആശയച്ചോർച്ചകൂടാതെ അതു് ഭാഷാന്തരപ്പെടുത്തുന്നതിൽ ബ. ജേക്കബ് ഞായല്ലൂർ അച്ചൻ വിജയിച്ചിട്ടുണ്ടു്. നേരത്തെ ഈ സീരീസിൽ തന്നെ നിസ്സായുടെ "കർത്തൃപ്രാർത്ഥനാഭാഷ്യം" പ്രസിദ്ധീകരിച്ചതാണ്. പ്രസ്തുത കൃതിയും ബ. ഞായല്ലൂരച്ചൻ തന്നെയാണ് വിവർത്തനം ചെയ്തതു്.

അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി സ്മാരകമായും (സെപ്റ്റംബർ 8, 1882–1982) മലങ്കരകത്തോലിക്കാഹയരാർക്കി സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി സ്മാരകമായും (ജൂൺ 11, 1932–1982) ഈ ഗ്രന്ഥം സഹൃദയ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ജി. കണിയാരകത്തു്–ജി. ചേടിയത്തു്

കോട്ടയം
16–7–1982

www.malankaralibrary.com



ഒരു വലിയ മിസ്റ്റിക്കൽ ദൈവ ശാസ്ത്രജ്ഞനായിരുന്ന ഗ്രീഗറി ക്രൈസ്തവമിസ്റ്റിസിസം വികസിപ്പിച്ചെടുക്കുന്നതിൽ നല്ല പങ്കുവഹിച്ചു. അലക്സാൺഡ്രിയൻ മിസ്റ്റിസിസവും പിൽക്കാല ബൈസൻൈറൻ മിസ്റ്റിസിസവും തമ്മിൽ ബന്ധിക്കുന്ന പാലമായി ഗ്രീഗറിയെ കണക്കാക്കാം. പില്ക്കാല ക്രൈസ്തവ മിസ്റ്റിക്കൽ ദൈവശാസ്ത്രജ്ഞന്മാരിൽ മിക്കവരും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ഗ്രീഗറിയിൽ നിന്നു് സ്വാധീനം കിട്ടിയിട്ടുള്ളവരാണ്.

ഗ്രീഗറിയുടെ "ഗിരിപ്രഭാഷണഭാഷ്യം" എബോസ്സ് സീരീസിൽ പ്രസിദ്ധീകരിക്കുവാൻ അതിയായ സന്തോഷമുണ്ട്. ആശയച്ചോർച്ചകൂടാതെ അതു് ഭാഷാന്തരപ്പെടുത്തുന്നതിൽ ബ. ജേക്കബ് തൊഴല്ലൂർ അച്ചൻ വിജയിച്ചിട്ടുണ്ട്. നേരത്തെ ഈ സീരീസിൽ തന്നെ നിസ്സായുടെ "കർത്തൃപ്രാർത്ഥനാഭാഷ്യം" പ്രസിദ്ധീകരിച്ചതാണ്. പ്രസ്തുത കൃതിയും ബ. തൊഴല്ലൂരച്ചൻ തന്നെയാണ് വിവർത്തനം ചെയ്തതു്.

അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി സ്മാരകമായും (സെപ്റ്റംബർ 8, 1882–1982) മലങ്കരകത്തോലിക്കാഹയരാർക്കി സ്ഥാപനത്തിൻെറ സുവർണ്ണ ജൂബിലി സ്മാരകമായും (ജൂൺ 11, 1932–1982) ഈ ഗ്രന്ഥം സഹൃദയ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ജി. കണിയാരകത്തു്–ജി. ചേടിയത്തു്

കോട്ടയം
16–7–1982

www.malankaralibrary.com

# ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | iii |
| അവതാരിക | vi |
| പ്രഭാഷണം ഒന്ന് | 1 |
| പ്രഭാഷണം രണ്ട് | 14 |
| പ്രഭാഷണം മൂന്ന് | 24 |
| പ്രഭാഷണം നാല് | 37 |
| പ്രഭാഷണം അഞ്ച് | 52 |
| പ്രഭാഷണം ആറ് | 67 |
| പ്രഭാഷണം ഏഴ് | 80 |
| പ്രഭാഷണം എട്ട് | 93 |
| കുറിപ്പുകൾ | 104 |

www.malankaralibrary.com

# ഗിരി പ്രഭാഷണം

## പ്രഭാഷണം ഒന്ന്

**"ജനക്കൂട്ടത്തെ കണ്ടപ്പോൾ ഈശോ ഒരു മലയിൽ കയറി. അവൻ ഇരുന്നു കഴിഞ്ഞപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ വായ്തുറന്ന് ഇങ്ങനെ അരുൾചെയ്ത് അവരെ പഠിപ്പിച്ചു. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു."**[1]

താണതലത്തിൽനിന്ന്-ഉപരിപ്ലവവും നികൃഷ്ടവുമായ വിചാരങ്ങളിൽനിന്ന്-ധ്യാനസമാധിയുടെ മഹനീയ ഗിരിശൃംഗത്തിലേക്ക ക്രിസ്തുവിനോടൊന്നിച്ചു കയറുന്നവൻ വചനത്തിന്റെ ശിഷ്യനാണ്. ദുഷ്ടതയുടെ കുന്നുകൾ പരത്തുന്ന നിഴലുകളെ ഈ പർവ്വതം നീക്കിക്കളയുന്നു. നേരെ മറിച്ച് എല്ലാ വശങ്ങളിലും സത്യപ്രകാശകിരണങ്ങളാൽ അത് പ്രശോഭിതമാണ്. ഗുഹയിൽ ബന്ധിതരായി കഴിയുന്നവക്ക് അദൃശ്യമായവ അതിന്റെ ഉച്ചിയിൽനിന്ന് നോക്കിയാൽ സത്യത്തിന്റെ പരിശുദ്ധമായ അന്തരീക്ഷത്തിൽ ദൃശ്യമാകും. തന്നോടൊന്നിച്ച് ഈ പർവ്വതം കയറിയവരെ സൗഭാഗ്യമുള്ളവരെന്നു വിളിക്കുന്ന ദൈവവചനം തന്നെ ഈ ഉയരത്തിൽനിന്നു ധ്യാനിക്കേണ്ട കാര്യങ്ങളും അവയുടെ എണ്ണവും ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. തന്റെ വിരലുകൊണ്ടെന്നപോലെ അവിടുന്ന് അവ ചൂണ്ടിക്കാണിക്കുന്നു. ഇവിടെ സ്വർഗ്ഗരാജ്യം, അവിടെ ഭൂമിയുടെ അവകാശം, പിന്നെ കരുണ, നീതി, സമാശ്വാസം, സർവ്വസൃഷ്ടികളുടേയും ദൈവവുമായുള്ള ബന്ധം, പീഡനത്തിന്റെ ഫലം, അതായത്

www.malankaralibrary.com



ദൈവസ്നേഹിതനാവുക. പർവ്വതത്തിൻെറ ഉച്ചിയിൽനിന്നു് ദൃശ്യമാകുന്ന മററുള്ളവയെല്ലാം വചനം തൻെറ വിരൽകൊണ്ടു ചൂണ്ടിക്കാട്ടുന്നു. ഗിരിശൃംഗത്തിൽ നിന്നുകൊണ്ടുതന്നെ പ്രതീക്ഷയോടെ നമുക്കവ ധ്യാനിക്കാനാണതു്.

പർവ്വതത്തിൽ കർത്താവു കയറുന്നു. ഏശയ്യായുടെ വാക്കുകൾ കേൾക്കുക:[2] 'വരുക, നമുക്കു കർത്താവിൻെറ പർവ്വതത്തിലേയ്ക്കു കയറാം'. പാപംമൂലം നാം ബലഹീനരാണെങ്കിൽ പ്രവാചകൻ പ്രബോധിപ്പിക്കുന്നതുപോലെ നമുക്കു നമ്മുടെ ബലഹീനകരങ്ങളും അശക്തപാദങ്ങളും ബലവത്താക്കാം.[3] ഉച്ചിയിൽ നാം എത്തിക്കഴിയുമ്പോൾ നമ്മുടെ എല്ലാ രോഗങ്ങളെയും ക്ലേശങ്ങളെയും സുഖപ്പെടുത്തുകയും നമ്മുടെ ബലഹീനതകളെ ഏറെറടുക്കുകയും രോഗങ്ങളെ വഹിക്കുകയും ചെയ്യുന്നവനെ നാം കണ്ടുമുട്ടും.[4] അതിനാൽ നമുക്കു് വേഗം കയറാം. ഏശയ്യായോടു കൂടെ പ്രത്യാശയുടെ അത്യുച്ചിയിൽ നിന്നുകൊണ്ടു്, തന്നെ ഉന്നതത്തിൽ അനുഗമിക്കുന്നവർക്കു് ആ വീക്ഷണസ്ഥാനത്തുനിന്നു ദൃശ്യമായ നല്ല കാര്യങ്ങൾ നമുക്കു കാണാം. വചനമായ ദൈവം തൻെറ തിരുവായു് നമുക്കുവേണ്ടി തുറന്നു് അരുൾചെയ്യുന്നവ കേൾക്കുന്നതുതന്നെ സൗഭാഗ്യദായകമാണു്. അവ നമ്മെ പഠിപ്പിക്കട്ടെ. അവിടന്നു പഠിപ്പിക്കുന്നവയുടെ ആരംഭം നമുക്കു ധ്യാനസമാധിയുടെ ആരംഭമായിരിക്കട്ടെ.

അവിടുന്നരുൾ ചെയ്യുന്നു: "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു." ഒരു നിധി ഒരു സ്ഥാനത്തുണ്ടു്. പക്ഷേ ആ സ്ഥാനത്തെത്തി നിധി കണ്ടെടുക്കുക വളരെയധികം അധ്വാനവും വിയർപ്പും ആവശ്യപ്പെടുന്ന ഒന്നാണു്. അങ്ങനെയുള്ള അറിവു് പ്രദാനം ചെയ്യുന്ന ഒരു രേഖ അത്യാഗ്രഹിയായ ഒരു മനുഷ്യനു ലഭിച്ചെന്നു സങ്കല്പിക്കുക. അഭിമുഖീകരിക്കേണ്ട പ്രയാസങ്ങൾ അവനെ നിരാശനാക്കുമെന്നും വേണ്ടതു ചെയ്യുവാൻ അവൻ അമാന്തം കാണിക്കുമെന്നും നിങ്ങൾ കരുതുന്നുവോ? തീർച്ചയായും അവൻ പിന്നോക്കം മാറുകില്ല. തൻെറ സംരംഭത്തിൽ സഹായിക്കുവാൻ അവൻ എല്ലാ സ്നേഹിതരേയും വിളിച്ചു

www.malankaralibrary.com



കൂട്ടും. നിവൃത്തിയുള്ളിടത്തു് നിന്നെല്ലാം അവൻ ആളുകളെ ശേഖരിക്കും. എന്നിട്ട് അവൻ ആ നിധി സ്വന്തമാക്കും. രേഖ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും നിധി അജ്ഞാതമായി സ്ഥിതിചെയ്യുന്നു. അതിനാൽ ശുദ്ധമായ സ്വത്തും ആഗ്രഹിക്കുന്നവരായ നമുക്ക് അനേകം കൈകളെ ഉപയോഗപ്പെടുത്താം. അതായതു് പ്രാർത്ഥനതന്നെ. അങ്ങനെ നിധി വെളിച്ചത്തു കൊണ്ടുവരുകയും എല്ലാവർക്കും തുല്യമായി വീതിക്കുകയും ഒരോരുത്തർക്കും മുഴുവനായി ലഭിക്കുകയും ചെയ്യട്ടെ. കാരണം, സദ്ഗുണത്തിന്റെ പങ്കിടീൽ അങ്ങനെയാണു്. അന്വേഷിക്കുന്നവർക്കെല്ലാം അതിന്റെ വീതം ലഭിക്കും. ആരുടേയും പങ്കു കുറയാതെ ഓരോരുത്തർക്കും മുഴുവനായിത്തന്നെ ലഭിക്കും. തനിക്കു ലഭിക്കേണ്ടതിനേക്കാൾ കൂടുതലായി ലൗകികധനം വീതം വെയ്പിൽ നേടുന്നവൻ തന്നെപ്പോലെ തന്നെ തുല്യവീതം അവകാശമുള്ളവരെ ദ്രോഹിക്കയാണു ചെയ്യുക. തന്റേതു വർദ്ധിപ്പിക്കുമ്പോൾ മററുള്ളവരുടേതു കുറയാൻ അയാൾ കാരണക്കാരനാകുന്നു. ആദ്ധ്യാത്മിക സമ്പത്താകട്ടെ സൂര്യനെപ്പോലെയാണു്. സൂര്യനോടു സമ്പർക്കത്തിലേർപ്പെടുന്നവർക്കെല്ലാം തുല്യ അളവിൽ പ്രകാശം ലഭിക്കുന്നു. ഓരോരുത്തർക്കും ലഭിക്കേണ്ടതു മുഴുവനും ലഭിക്കുന്നു. അതിനാൽ പ്രയത്നത്തിനു് പ്രതിഫലം ലഭിക്കണമെന്നു് ഓരോരുത്തരും ആഗ്രഹിക്കുന്നതിനാൽ ആഗ്രഹിക്കുന്നതു് ലഭിക്കുവാൻ പ്രാർത്ഥന മുഖേന നമുക്കു സഹകരിക്കാം.

സൗഭാഗ്യം കൃത്യമായി എന്താണെന്നു പരിഗണിക്കേണ്ടിയിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ നന്മയെന്നു കരുതപ്പെടുന്ന സകലത്തിന്റേയും കൈവശാനുഭവമാണതു്. നല്ലൊരാഗ്രഹം നേടാനുദ്ദേശിക്കുന്നതൊന്നും അതിൽനിന്നൊഴിവാക്കപ്പെടുന്നില്ല. ഒരു പക്ഷെ സൗഭാഗ്യത്തിനു വിരുദ്ധമായതിനോടു താരതമ്യപ്പെടുത്തിയാൽ അതിന്റെ അർത്ഥം കൂടുതൽ വ്യക്തമായേക്കാം. സൗഭാഗ്യത്തിനു് എതിരായുള്ളതു് കഷ്ടതയാണു്. കഷ്ടതയുടെ അർത്ഥം, ആഗ്രഹിക്കാത്ത വേദനയുടെ സഹനമെന്നാണു്. അതിനാൽ സൗഭാഗ്യത്തിന്റെയും കഷ്ടതയുടെയും വ്യവസ്ഥ് പരസ്പരവിരുദ്ധമാണു്. സൗഭാഗ്യവാൻ എന്നു വിളിക്കപ്പെടുന്ന മനുഷ്യൻ തന്റെ

www.malankaralibrary.com



മുമ്പിൽ തൻെറ ആസ്വാദനത്തിനു വച്ചിട്ടുള്ളവ മുഴുവനും ആസ്വദിക്കുക സ്വാഭാവികം മാത്രമാണു്. അതേസമയം അസന്തുഷ്ടനായി അറിയപ്പെടുന്ന ആൾ തൻെറ വർത്തമാനകാലത്തെക്കുറിച്ചു കടുത്ത ദുഃഖത്തിലായിരിക്കുന്നതും സ്വാഭാവികം തന്നെ. യഥാർത്ഥ സൗഭാഗ്യം ദൈവികത്വം തന്നെയാണു്. അതു മറെറന്താണെന്നു നാം സങ്കല്പിച്ചാലും ഈ പരിശുദ്ധ ജീവൻ, മായിക്കാനും ഗ്രഹിക്കാനും നിവൃത്തിയില്ലാത്ത ഈ നന്മ, സൗഭാഗ്യംതന്നെ. കൃപാവരവും വിജ്ഞാനവും ശക്തിയുമായ ഈ അവർണ്ണനീയ സൗന്ദര്യം, എല്ലാ നന്മയുടേയും ഉറവയായ മറെറല്ലാത്തിനേക്കാളും ശക്തമായ ഈ സത്യപ്രകാശം, സൗഭാഗ്യംതന്നെ. സദാ ഒന്നുതന്നെയായതും അനന്തസന്തോഷത്തിൽ മുഴുകിയിരിക്കുന്നതുമാണു് ഈ ദൈവിക സൗഭാഗ്യം. ഒരുവനു് അതിനെക്കുറിച്ചു പറയാവുന്നവ എല്ലാം പറഞ്ഞുകഴിഞ്ഞാലും അവൻ അതു വ്യക്തമായി പറഞ്ഞുതീർന്നിട്ടില്ല. കാരണം, ആയിരിക്കുന്നതിനെ (ദൈവത്തെ) ഗ്രഹിക്കുവാൻ മനസ്സിനു സാദ്ധ്യമല്ല. അതിനെക്കുറിച്ചു് എത്ര മഹനീയ നിലയിൽ നാം ചിന്തിച്ചാലും വാക്കുകൾക്കു അതു വിവരിക്കുക സാദ്ധ്യമല്ല.

ദൈവം മനുഷ്യനെ അവിടത്തെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. അതിനാൽ ദൈവത്തിൻെറ ആ സൗഭാഗ്യാവസ്ഥയിൽ പങ്കാളിയായിത്തീരുന്നിടത്തോളം മനുഷ്യനെ സൗഭാഗ്യമുള്ളവനെന്നു വിളിക്കാം. ഒന്നാമതായി ശാരീരിക സൗന്ദര്യത്തിൻെറ യഥാർത്ഥ മനോഹാരിത, ജീവനുള്ള മുഖത്തു് കാണാം. രണ്ടാമതായി അതിൻെറ പ്രതിഫലനമായ പടത്തിൽ. അതുപോലെ ഇന്ദ്രിയാതീതമായ സൗഭാഗ്യത്തിൻെറ പ്രതിബിംബമായ മനുഷ്യപ്രകൃതി നന്മയുടെ സൗന്ദര്യം പ്രതിഫലിപ്പിക്കുന്നുണ്ടു്. പക്ഷേ, ആ പ്രതിബിംബത്തിൻെറ സൗന്ദര്യമാകട്ടെ പാപത്തിൻെറ ചെളി മൂലം ഇല്ലാതായതിനാൽ അവിടന്നു് തൻെറ സ്വന്തംജലംകൊണ്ടു്, നിത്യതയിലേയ്ക്കു് ഒഴുകുന്ന ജലംകൊണ്ടു്, നമ്മെ കഴുകുവാൻ ആഗതനായി. അതിനാൽ, പാപത്തിൻെറ ലജ്ജാകരമായ സ്ഥിതി മാററിക്കളഞ്ഞാൽ സൗഭാഗ്യത്തിൻെറ രൂപം നമുക്കു വീണ്ടും ലഭിക്കും.

www.malankaralibrary.com



മുഖം സുന്ദരമായിരിക്കണമെങ്കിൽ ചില ശാരീരിക പ്രത്യേകതകൾ ആവശ്യമാണെന്നു വിദഗ്ദ്ധനായ ഒരു ചിത്രരചയിതാവ്, ആ കലയിൽ അജ്ഞാതനായ ഒരുവനെ ഗ്രഹിപ്പിക്കും. തലമുടി ഇപ്രകാരമായിരിക്കണം, കണ്ണുകൾ ഇങ്ങനെ വേണം, കവിളുകളും പുരികങ്ങളും ഇന്ന ആകൃതിയിലായിരിക്കണം. അങ്ങനെ, ആ സൗന്ദര്യം പരിപൂർണ്ണമാകാനുള്ള ഓരോ വിശദാംശവും ആ കലാകാരൻ വിവരിക്കും. അതുപോലെ ഏകസൗഭാഗ്യവാന്റെ (ദൈവത്തിന്റെ) സാദൃശ്യത്തിൽ നമ്മുടെ ആത്മാവിൽ ചിത്രരചന നടത്തുന്നയാൾ (ക്രിസ്തു) സൗഭാഗ്യം വരുത്തുന്ന ഓരോന്നും വാക്കുകളാൽ വർണ്ണിക്കുന്നു. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു."

ഈ വാക്കുകളുടെ അർത്ഥം നമുക്കു വിശദീകരിച്ചു തന്നില്ലെങ്കിൽ ഈ ആശംസകൊണ്ടു നമുക്കെന്തു പ്രയോജനം? വൈദ്യശാസ്ത്രത്തിലെ കാര്യം തന്നെയെടുക്കാം. വളരെ ബുദ്ധിമുട്ടി കണ്ടുപിടിച്ചതും വിലയേറിയതുമായ പല മരുന്നുകളുമുണ്ട്. അവയെക്കുറിച്ച് അറിഞ്ഞുകൂടാത്തവർക്ക് അവകൊണ്ട് പ്രയോജനമില്ല. അവയോരോന്നിനെയും കുറിച്ചു വൈദ്യശാസ്ത്രത്തിൽനിന്നു നാം പഠിക്കുമ്പോൾ പ്രയോജനമുണ്ടാകും. സ്വർഗ്ഗരാജ്യം നമുക്കു കൈവശമാക്കിത്തരുന്ന ആത്മാവിന്റെ ഈ ദാരിദ്ര്യം എന്താണ്? രണ്ടു വിധത്തിലുള്ള ധനമുണ്ടെന്നു വേദപുസ്തകത്തിൽനിന്നു നമുക്കറിയാം. ഒന്ന് ആഗ്രഹിക്കത്തക്കത്. മറേറത് ഉപേക്ഷിക്കപ്പെടേണ്ടത്. സദ്ഗുണങ്ങളുടെ സമ്പത്ത് പിൻചെല്ലേണ്ടതാണ്. ഭൗതികസമ്പത്ത് ഉപേക്ഷിക്കപ്പെടേണ്ടതാണ്. ഒന്നാമത്തേത് ആത്മാവിനു നേട്ടമാണ്. രണ്ടാമത്തേത് ഇന്ദ്രിയങ്ങളെ വഞ്ചിക്കുവാൻ ഉതകുന്നവയാണ്. അതിനാൽ ഈ സമ്പത്ത് കൂട്ടിവയ്ക്കുന്നതിനെ നമ്മുടെ കർത്താവ് വിലക്കുന്നു. ചിതലിനിരയാകുന്നതും കള്ളന്മാരുടെ കപടതകളെ ആകർഷിച്ചു വരുത്തുന്നതുമാണത്[5]. ചിതലിന്റെ ശക്തിക്കു സ്പർശിക്കുവാൻ സാധിക്കാത്ത ആദ്ധ്യാത്മിക സമ്പത്തിനെക്കുറിച്ചു തീക്ഷ്ണതയുള്ളവരായിരിക്കുവാൻ അവിടുന്നു നമ്മോടാജ്ഞാപിക്കുന്നു. ചിതലിനെയും കള്ളന്മാരെയും കുറിച്ചു പ്ര-

www.malankaralibrary.com



സ്താവിച്ചുകൊണ്ടു് ആത്മാവിന്റെ സമ്പത്തുകളെ നശിപ്പിക്കുന്നതെന്താണെന്നു് അവിടുന്നു സ്പഷ്ടമാക്കി. ദാരിദ്ര്യം സമ്പന്നതയ്ക്കെതിരാണല്ലോ. അപ്പോൾ രണ്ടു വിധത്തിലുള്ള ദാരിദ്ര്യമുണ്ടെന്നു കാണാം. ഒന്നു് ഉപേക്ഷിക്കേണ്ടതു്. മറ്റേതു് അനുഗ്രഹീതമെന്നു കരുതപ്പെടേണ്ടതു്. ഒരുവൻ സംയമനത്തിലോ, നീതിയിലോ, ജ്ഞാനത്തിലോ, വിവേകത്തിലോ, ദരിദ്രനാണെങ്കിൽ, ഇവപോലെയുള്ള മററു വലിയ സമ്പത്തുകളില്ലാത്തവനാണെങ്കിൽ അയാൾ നികൃഷ്ടനും അനുകമ്പയർഹിക്കുന്നവനുമാണു്. കാരണം, യഥാർത്ഥ വിലയുള്ളവയിൽ അയാൾ ദരിദ്രനാണു്. മറിച്ചു്, ദുഷ്ടതയുമായി ബന്ധമുള്ള സകലതിലും ഒരാൾ സ്വമേധയാ ദരിദ്രനാകുന്ന പക്ഷം, അവന്റെ ഉള്ളിന്റെ ഉള്ളിൽ പൈശാചികമായ യാതൊരു സമ്പാദ്യവും ഒളിച്ചിരിക്കാത്ത പക്ഷം, ആത്മാവിൽ അവൻ തീക്ഷ്ണതയുള്ളവനാണെങ്കിൽ, ദുഷ്ടതയുമായി ബന്ധമില്ലാത്ത സമ്പത്തുണ്ടാകുന്നവനാണു്. അനുഗ്രഹീതമായ ദാരിദ്ര്യം അവനാണനുഭവിക്കുന്നതെന്നു വചനം ചൂണ്ടിക്കാട്ടുന്നു. ആ ദാരിദ്ര്യത്തിന്റെ ഫലമോ സ്വർഗ്ഗരാജ്യവും.

സമ്പത്തിന്റെ കാര്യത്തിലേക്കു നമുക്കു വീണ്ടും കടക്കാം. ആന്തരികമായ അർത്ഥം വ്യക്തമാക്കുവാൻ നമുക്കു ശ്രമിക്കാം. അവിടുന്നരുൾചെയ്യുന്നു. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ". സദ്ഗുണസമ്പന്നമായ ജീവിതത്തിന്റെ ലക്ഷ്യം ദൈവസദൃശ്യനാകുകയെന്നതാണെന്നു മുൻപു പ്രസ്താവിച്ചിട്ടുള്ളതുതന്നെ ഇപ്പോഴും പ്രസ്താവ്യമാണു്. എന്നിരുന്നാലും മനുഷ്യനു ദൈവത്തിന്റെ വികാരരഹിതമായ പരിശുദ്ധതയെ അനുകരിക്കുക സാധ്യമല്ല. വികാരങ്ങളാൽ ചുററപ്പെട്ട ജീവിതം വികാരങ്ങൾക്കു പ്രവേശനമില്ലാത്ത സ്വഭാവത്തെപ്പോലെയാകുക അസാദ്ധ്യം തന്നെയാണു്. അപ്പസ്തോലൻ പറയുന്നതുപോലെ് ദൈവികമായതു മാത്രം സൗഭാഗ്യമുള്ളതാണെന്നും ദൈവത്തോടു സദൃശ്യനായിട്ടു് ഈ സൗഭാഗ്യാവസ്ഥയിൽ മനുഷ്യൻ പങ്കാളിയാകുകയും ചെയ്യുകയാണെന്നും സ്വീകരിച്ചാൽ, നേരെമറിച്ചു ദൈവത്തെ അനുകരിക്കുക അസാദ്ധ്യവും ആണെങ്കിൽ, സൗഭാഗ്യം

www.malankaralibrary.com



മനുഷ്യജീവിതത്തിൻെറ പിടിയിൽ പെട്ടനാതല്ലെന്നു പറയേണ്ടതുണ്ടു്.

എന്നാൽ, ആഗ്രഹമുള്ളവൎക്ക അനുകരിക്കാൻ കഴിയുന്ന ചിലതു് ദൈവത്വത്തിലുണ്ടു്. ഇവ ഏവയാണു്? സമബുദ്ധിയായുള്ള വിനയമാണു് ആത്മാവിൻെറ ദാരിദ്ര്യം എന്നതുകൊണ്ടു് വചനം ഉദ്ദേശിക്കുന്നതെന്നു് എനിക്കു തോന്നുന്നു. ഇതിനുദാഹരണമായി ദൈവത്തിൻെറ ദാരിദ്ര്യത്തെ അപ്പസ്തോലൻ എടുത്തുകാട്ടുന്നതു ശ്രദ്ധിക്കുക[7]: "നാം അവിടുത്തെ ദാരിദ്ര്യംമൂലം സമ്പന്നരാകുവാൻ, സമ്പന്നനായിരിക്കെ അവിടുന്നു ദരിദ്രനായിത്തീൎന്നു". ദൈവിക സ്വഭാവത്തിലുള്ള മററുള്ളവയെല്ലാം മനുഷ്യപ്രകൃതിയുടെ അതിരുകൾ ഉല്ലംഘിക്കുന്നവയാണു്. മൺമയരും മണ്ണിലേയ്ക്കുതന്നെ മടങ്ങുന്നവരുമായ നമുക്കു സഹജമായ ഒന്നാണു് വിനയം. നമ്മോടൊന്നിച്ചു ജീവിക്കുന്ന ഒരു സഹോദരനെപ്പോലെയാണതു്. അതിനാൽ നിങ്ങളുടെ സ്വഭാവത്തിനു സാദ്ധ്യമായതിൽ ദൈവത്തെ അനുകരിക്കുന്ന പക്ഷം സൗഭാഗ്യത്തിൻെറ രൂപം നിങ്ങൾ ധരിക്കും.

പക്ഷേ, എളുപ്പത്തിലോ ബുദ്ധിമുട്ടില്ലാതെയോ നേടാവുന്ന ഒന്നാണു വിനയമെന്നു കരുതാതിരിക്കുക. മറിച്ചു് മറേറതൊരു സദ്ഗുണത്തിനുള്ള പരിശീലനത്തിനുമുപരി പ്രയത്നം അതിനാവശ്യമുണ്ടു്. കാരണം, മനുഷ്യനു നല്ല വിത്തുകൾ ലഭിച്ചിട്ടുണ്ടെങ്കിലും അവയ്ക്കെതിരായവയിൽ പ്രധാനമായതു് അഹങ്കാരമാകുന്ന കളകളുടെ വിത്തുകൾ ആണു്. മനുഷ്യൻ ഉറങ്ങിക്കിടന്നപ്പോൾ ശത്രു അവ വിതച്ചിട്ടുണ്ടു്; അവ വേരു പിടിക്കുകയും ചെയ്തിരിക്കുന്നു. പിശാചു് അവൻെറ വീഴ്ചയ്ക്കു കാരണമായ ആ അഹങ്കാരംകൊണ്ടുതന്നെ മനുഷ്യനും അവനോടൊന്നിച്ചു നാശത്തിൻെറ പടുകുഴിയിൽ വീഴാൻ കാരണമുണ്ടാക്കി. അഹങ്കാരം പോലെ നമ്മുടെ പ്രകൃതിയ്ക്കു നാശം വരുത്തുന്ന മറെറാരു തിന്മയുമില്ല.

മനുഷ്യപ്രകൃതിയുള്ള എവരിലും ധാൎഷ്ട്യത്തിൻെറ വിത്തുകൾ കിടപ്പുള്ളതിനാൽ കൎത്താവു് സൗഭാഗ്യത്തെക്കുറിച്ചുള്ള പ്രഭാഷണം ഇതിനെ സ്പൎശിച്ചു കൊണ്ടാരംഭിക്കുന്നു

www.malankaralibrary.com



യഥാർത്ഥ സൗഭാഗ്യമുള്ള തന്നെ, സ്വന്ത ഇഷ്ടപ്രകാരം ദരിദ്രനായിത്തീർന്ന തന്നെ, അനുകരിക്കുവാനുപദേശിച്ചു് തിന്മയുടെ വേരായ അഹങ്കാരത്തെ നമ്മുടെ സ്വഭാവത്തിൽനിന്നു് അവിടന്നു മാററിനിൎത്തുന്നു. ഇങ്ങനെ നമുക്കു കഴിവുള്ളിടത്തോളം സ്വമേധയാ ദരിദ്രരായി അവിടത്തോടു സാദൃശ്യമുള്ളവരാകുകയും അവിടത്തെ സൗഭാഗ്യത്തിൽ പങ്കാളികളാകുകയും ചെയ്യാം. വി. പൗലോസ് പ്രസ്താവിക്കുന്നു:[8] "ഈശോമിശിഹാ കൂടിയും വിചാരിച്ചതുതന്നെ നിങ്ങളുടെ ഉള്ളിൽ നിങ്ങളും വിചാരിപ്പിൻ. അവൻ ദൈവത്തിന്റെ സാദൃശ്യത്തിലായിരിക്കെ ദൈവത്തോടു തുല്യനാണെന്നതു് അപഹരണമായി ഗണിച്ചില്ല. പിന്നെയോ അവൻ തന്നെത്തന്നെ വെറുമയാക്കി ദാസന്റെ സാദൃശ്യം എടുത്തു". ദാസന്റെ രൂപത്തേക്കാൾ ദൈവത്തെ സംബന്ധിച്ചിടത്തോളം എന്തുണ്ടു് ദാരിദ്ര്യം? സൃഷ്ടിയുടെ രാജാവു നമ്മുടെ പാവപ്പെട്ട സ്വഭാവത്തിൽ പങ്കാളിയാകുന്നതിനേക്കാൾ എളിമ മററെന്തുണ്ടു്? ഭരണാധികാരികളുടെ ഭരണാധികാരി, കർത്താക്കന്മാരുടെ കർത്താവു്, ദാസ്യത്തിന്റെ വസ്ത്രം അണിയുന്നു. സകലത്തിന്റേയും ന്യായാധിപൻ ഭരണാധികാരിയുടെ പ്രജയാകുന്നു; പ്രപഞ്ചത്തെ തന്റെ ഉൾക്കൈയ്യിൽ വഹിക്കുന്നവനു സത്രത്തിൽ ഇടം ലഭിക്കുന്നില്ല, ബുദ്ധിരഹിതരായ മൃഗങ്ങളുടെ പുൽക്കൂടാണു് ലഭിക്കുന്നതു്[9]. പരിപൂർണ്ണ പരിശുദ്ധനായവൻ മനുഷ്യസ്വഭാവത്തിന്റെ അഴുക്കു സ്വീകരിക്കുന്നു, നമ്മുടെ ദാരിദ്ര്യത്തിന്റെ എല്ലാഘട്ടങ്ങളും കടന്നു് അവിടന്നു് മരണത്തിന്റെ അനുഭവത്തിലേക്കു കടക്കുന്നു. സ്വമേധയാ ഉള്ള ദാരിദ്ര്യത്തിന്റെ എല്ലാ ഘട്ടങ്ങളും കടന്നു് അവിടുന്നു് മരണത്തിന്റെ അനുഭവത്തിലേക്കു കടക്കുന്നു. സ്വമേധയാ ഉള്ള ദാരിദ്ര്യത്തിന്റെ അളവുകോൽ നോക്കുക! ജീവൻ, മരണമാസ്വദിക്കുന്നു; ന്യായാധിപൻ ന്യായവിധിക്കായി കൊണ്ടുവരപ്പെടുന്നു; എല്ലാ സൃഷ്ടികളുടെയും ജീവന്റെ കർത്താവു് ന്യായാധിപനാൽ വിധിക്കപ്പെടുന്നു, സ്വൎഗ്ഗീയസൈന്യങ്ങളുടെ രാജാവു് കൊലയാളികളുടെ കൈകൾ തട്ടിമാററുന്നില്ല. നിങ്ങളുടെ എളിമയുടെ അളവു കോലിന്റെ മാതൃകയായി ഇവ സ്വീകരിക്കുക എന്നു് അവിടന്നരുളിച്ചെയ്യുന്നു.

www.malankaralibrary.com



എളിമക്കെതിരായ തിന്മയുടെ മ്ലേച്ഛത പരിശോധിക്കുന്നതും നന്നായിരിക്കും. എളിമ നമ്മിൽ അനായാസമായി വേരുറക്കുകയും സൗഭാഗ്യം നമ്മിൽ ഫലദായകമാകുകയും ചെയ്യുന്നതിനു് അതുപകരിക്കും. വൈദ്യശാസ്ത്രവിദഗ്ധന്മാർ രോഗം ശമിപ്പിക്കുന്നതു് അതിൻെറ കാരണം ആദ്യം ഇല്ലാതാക്കിക്കൊണ്ടാണു്. അതുപോലെ കപടത നിറഞ്ഞ മനുഷ്യരുടെ ഡംഭിനെ പൊളിച്ചു കാണിച്ചുകൊണ്ടു് എളിമയുടെ വഴിത്താര നമുക്കു സുഗമമാക്കാം.

അഹങ്കാരത്തിൻെറ പൊള്ളത്തരം എങ്ങനെ നന്നായി കാണിക്കാം? മനുഷ്യസ്വഭാവത്തെ യഥാതഥം കാണിച്ചുകൊണ്ടല്ലാതെ എപ്രകാരം ഇതുസാധിക്കും? ചുററുപാടുമുള്ളവ നോക്കാതെ സ്വയം നോക്കുകയാണെങ്കിൽ ഇങ്ങനെയുള്ള തെററിൽ എളുപ്പം വീഴുക ഒരുവനും സാദ്ധ്യമല്ല. മനുഷ്യൻ ആരാണു്? മഹത്വമുള്ള ഒരു നിർവ്വചനം നല്കി അവനെ ഞാൻ ബഹുമാനിക്കണമെന്നാണോ നിങ്ങളുടെ ആഗ്രഹം? നമ്മുടെ സ്ഥിതിയെ പുകഴ്ത്തുകയും മനുഷ്യമഹിമയെ പ്രകീർത്തിക്കുകയും ചെയ്താലും നമ്മുടെ ജന്മസ്ഥാനം മണ്ണിൽ കണ്ടെത്തേണ്ടിവരും. അപ്പോൾ, അഹങ്കാരികളുടെ മേന്മ ഇഷ്ടികകളുമായി ബന്ധപ്പെട്ടതാണു് എന്നു് മനസ്സിലാകും. ജനനസംബന്ധമായ കാര്യങ്ങളെക്കുറിച്ചു പറയാതിരിക്കുകയാണു ഭംഗി, നിയമം പ്രസ്താവിക്കുന്നതുപോലെ നിങ്ങളുടെ മാതാവിൻേറയും പിതാവിൻേറയും ലജ്ജയെ അനാവരണം ചെയ്യാതിരിക്കുക[10]. മറക്കുകയും നിശബ്ദതയിൽ മൂടുകയും ചെയ്യേണ്ടതു് പരസ്യമാക്കാതിരിക്കുക. പെട്ടെന്നു തന്നെ പൊടിയായിത്തീരുന്ന ഭൂമിയുടെ സാദൃശ്യമാണു നീ. അഹങ്കാരം കൊണ്ടു ചീർത്ത ശിരസ്സും കഴമ്പില്ലാത്ത ആശയങ്ങൾകൊണ്ടു് ജ്വലിക്കുന്ന ഔദ്ധത്യവുമുള്ളവനാണു നീ. ഇവയൊക്കെയാണെങ്കിലും നീ അപ്പോൾ ലജ്ജിക്കേണ്ടി വരികയില്ല. മനുഷ്യജീവിതത്തിൻെറ രണ്ടററവും എവിടെ തുടങ്ങുന്നുവെന്നും എവിടെ അവസാനിക്കുന്നുവെന്നും നീ നോക്കുന്നില്ലേ? ഇല്ല. നീ നോക്കുന്നില്ല. നിൻെറ യൗവനത്തെക്കുറിച്ചു നീ അഹങ്കരിക്കുന്നു. നിൻെറ പ്രായക്കുറവു നീ നോക്കുകയും നിൻെറ ശാരീരിക സൗന്ദര്യത്തെക്കുറിച്ചു നീ സംതൃപ്തി അടയുകയും

www.malankaralibrary.com



ചെയ്യുന്നു. കാരണം, നിൻെറ കൈകൾക്കു വേഗതയുണ്ടു്, നിൻെറ കാലുകൾക്കു ലാഘവതയുമുണ്ടു്, നിൻെറ അളകങ്ങൾ കാററിൽ ഇളകുന്നു, നിൻെറ മുഖത്തു മീശ മുളയ്ക്കുന്നതിൻെറ ആരംഭമായി. തിളക്കമുള്ള ചുവപ്പിൽ നിൻെറ വസ്ത്രങ്ങൾ നിറം പിടിപ്പിച്ചിരിക്കുന്നു. ചരിത്രത്തിൽ നിന്നോ, വേട്ടയിൽനിന്നോ, യുദ്ധത്തിൽനിന്നോ ഉള്ള രംഗങ്ങൾ ആലേഖനം ചെയ്തിട്ടുള്ള പട്ടുവസ്ത്രങ്ങൾ നിനക്കുണ്ടു്. ഒരു പക്ഷേ വിചിത്രപ്പണികളും തുന്നലുകളുമുള്ള പാദുകങ്ങളിലേയ്ക്കും നോക്കിയേക്കാം. പക്ഷേ നിന്നെത്തന്നെ നീ നോക്കുകയില്ലേ? നീ എങ്ങനെയുള്ള വ്യക്തിയാണെന്നു ഒരു കണ്ണാടിയിലെന്നപോലെ ഞാൻ കാണിച്ചു തരാം.

നമ്മുടെ പ്രകൃതിയുടെ രഹസ്യങ്ങളെ ഒരു പൊതുശ്മശാനത്തിൽ ഒരിക്കലും നീ നോക്കിയിട്ടില്ലേ? കണ്ണുകളില്ലാത്ത മാംസമില്ലാത്ത, ബീഭത്സമായ കബന്ധങ്ങൾ. പല്ലിളിച്ചു കാട്ടുന്നതുപോലെയുള്ള ആ രീതി കണ്ടിട്ടില്ലേ? മനുഷ്യൻെറ അവയവങ്ങളുടെ അസ്ഥികൾ പല ഭാഗത്തായി കിടക്കുന്നതു കണ്ടിട്ടില്ലേ? ഇവ കണ്ടിട്ടുണ്ടെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ കണ്ടിട്ടുണ്ടു്. അപ്പോൾ ഇന്നത്തെ വിടരുന്ന യൗവനം എവിടെയായിരിക്കും? നിങ്ങളുടെ കവിളുകളുടേയും അധരങ്ങളുടേയും വശ്യനിറം, ചില്ലികൾക്കിടയിലെ സജീവമായ നയനവിക്ഷേപം ഒക്കെ എവിടെയായിരിക്കും? ഗണ്ഡങ്ങളുടെ നടുവിലുള്ള മനോഹരമായ നീണ്ട നാസികയ്ക്കെന്തു പററും? കഴുത്തിലേയ്ക്കു് ഒടിഞ്ഞു വീണുകിടക്കുന്ന തലമുടിയുടെയും കവിളുകളെ സ്പർശിക്കുന്ന കുറുനിരകളുടേയും കാര്യമോ? അമ്പെയ്യാൻ വിദഗ്ദ്ധമായ കൈകളും കുതിരകളെ നിയന്ത്രിക്കുന്ന കാലുകളും എവിടെയായിരിക്കും? മനോഹരമായ പട്ടുവസ്ത്രങ്ങളും അരക്കെട്ടും പാദുകങ്ങളും? കരയുന്ന കുതിരകളോ? നിൻെറ കാപട്യത്തെ തീററിപ്പോററുന്നവയൊക്കെ അന്നെവിടെയായിരിക്കും? ഇപ്പോൾ നിനക്കു വലിയ ഗമ തോന്നുന്നു. പക്ഷേ, അതിനു നിനക്കു കാരണമാകുന്നവ ഈ അസ്ഥികൾക്കുകെത്തുരണ്ടോ? ജീവിതം ഒരു ക്ഷണികസ്വപ്നമല്ലേ? ഈ മായാവിഭ്രാന്തികളുടെ കാര്യമോ? സ്പർശിക്കുവാൻ സാധിക്കാത്ത നിഴലും യൗവ്വനത്തിൽ പൊട്ടിവിടരുമ്പോൾ

www.malankaralibrary.com



തന്നെ ഓടിമറയുന്ന സ്വപ്നതുല്യം കഴമ്പില്ലാത്തവയുമാണ് നിൻെറ കാര്യങ്ങൾ.

തങ്ങളുടെ ചെറുപ്പത്തിൽ മറയന്മാരായവരോടാണ് ഞാനിവ പറയുന്നതു്. കാരണം, പ്രായത്തിൻെറ പക്വത അവക്കില്ല. എന്നാൽ, ജീവിതത്തിൽ ഉറപ്പുണ്ടായിക്കഴിഞ്ഞെങ്കിലും സാന്മാര്ഗ്ഗിക ജീവിതത്തിൽ ഉറപ്പായിട്ടില്ലാത്തവരോട്ട ഞാൻ എന്താണു പറയേണ്ടതു്? വളൎന്നുവരുന്ന തങ്ങളുടെ അഹങ്കാരമെന്ന ധാർമ്മികാർബുദത്തെ അവർ ഉന്നതചിന്തയെന്നാണു വിളിക്കുക. ഈ അഹങ്കാരത്തിൻെറ അടിസ്ഥാനം ഉന്നതോദ്യോഗവും അതിനോടനുബന്ധമായ അധികാരവുമാണ്. ഉദ്യോഗത്തിലിരിക്കുമ്പോഴോ അതിനു പരിശീലിക്കുമ്പോഴോ അവക്കിങ്ങനെ സംഭവിക്കാം. അതിനെക്കുറിച്ചു സംസാരിക്കുന്നതുതന്നെ ഈ രോഗത്തെ ഉത്തേജിപ്പിക്കും. മുന്നോടികളുടെ ശബ്ദംകൊണ്ടു നിറഞ്ഞിരിക്കുന്ന അവരുടെ കാതുകളിൽ മററു വാക്കുകൾ എങ്ങനെ പ്രവേശിക്കും? ഒരു വേദിയിൽ പ്രകടനം നടത്തുന്നവരെപ്പോലെയാണവർ എന്നു്അവരെ ആക്കു ഗ്രഹിപ്പിക്കുവാനൊക്കും? ഈ നടന്മാരും മനോഹര മുഖംമൂടിയും സ്വർണ്ണനൂൽ പാകിയ പട്ടുവസ്ത്രവും ധരിച്ചു രഥാരൂഢരായി യാത്രചെയ്യുകയാണു്. എന്നിരുന്നാലും അഹങ്കാരമെന്ന രോഗം ഇതു നിമിത്തമല്ല അവരെ പിടികൂടുന്നതു്. അവരുടെ മാനസിക നിലയാകട്ടെ വേദിയിൽ വരുന്നതിനു മുൻപുള്ളതു തന്നെയാണ്, പിന്നെ രഥത്തിൽ നിന്നിറങ്ങാനും തങ്ങളുടെ മഹത്ത്വം അഴിച്ചുകളയാനും അവക്കു ഖേദമില്ല.

എന്നാൽ, ജീവിതത്തിൻെറ നാടകവേദിയിൽ പ്രകടനം നടത്തുന്ന ഈ ഉദ്യോഗസ്ഥന്മാർ അവരുടെ ഭൂതകാലമോ ഭാവിയോ പരിഗണിക്കുന്നില്ല. അവർ കുമിളകണക്കെ കപടതമൂലം ഊതിവീപ്പിക്കപ്പെട്ടവരാണ്, അവരുടെ ആഗമനം വിളിച്ചോതുന്നവരുടെ ശബ്ദം, വീണ്ടും വീർക്കുവാൻ അവക്കു കാരണമാകുന്നു. തങ്ങളുടെ സ്വാഭാവികമുഖത്തിൻെറ രൂപഭാവങ്ങൾ മാററി ഗൗരവവും ഭീതിജനകവുമായ മറെറാരു മുഖം അവർ സ്വീകരിക്കുകയായി. കേൾവിക്കാരെ ഭയചകിതരാക്കുന്ന രീതിയിലുള്ള ശബ്ദവും അവർ ഉപയോ

www.malankaralibrary.com



ഗിക്കുന്നു. മാനുഷികപരിമിതികൾക്കുള്ളിൽ അവർ ഒതുങ്ങി കഴിയുന്നില്ല. ദൈവികമായ അധികാരത്തിൽ അവർ നുഴഞ്ഞുകയറുന്നു. മരണത്തിൻെറയും ജീവൻെറയും യജമാനന്മാരാണു് തങ്ങളെന്നു് അവർ സ്വയം കരുതുന്നു. ന്യായം വിധിക്കാനുള്ള അധികാരമുള്ളതുകൊണ്ടു് ചിലരെ അവർ വെറുതെ വിടുകയും മററു ചിലരെ മരണത്തിനു വിധിക്കുകയും ചെയ്യുന്നു. മനുഷ്യൻെറ അസ്ഥിത്വത്തിൻെറ ആരംഭവും അവസാനവും നിർണ്ണയിക്കുന്ന മനുഷ്യജീവൻെറ ഉടയവനാരാണെന്നുള്ള കാര്യം, അവർ ഗ്രഹിക്കുന്നില്ല. അനേകം ന്യായാധിപന്മാർ അവരുടെ ഉദ്യോഗവേദിയിൽനിന്നു കുഴിമാടങ്ങളിലേയ്ക്കു കൊണ്ടുപോകപ്പെടുന്നുണ്ടു് എന്ന ഒററ കാര്യം മാത്രം മതി അവരുടെ കാപട്യത്തെ തടഞ്ഞു നിറുത്താൻ.

സ്വന്തജീവിതത്തിൻെറ തന്നെ ഉടമയാകാൻ ഒരുവനു് കഴിവില്ലെങ്കിൽ മറെറാരാളുടെ ജീവൻെറ ഉടമയാകാനെങ്ങനെ കഴിയും? അതിനാൽ, അവൻ ആത്മാവിൽ ദരിദ്രനാകണം. നമുക്കുവേണ്ടി സ്വമേധയാ ദരിദ്രനായിത്തീന്ന ക്രിസ്തുനാഥനെ അവൻ നോക്കട്ടെ. നാമെല്ലാവരും മനുഷ്യസ്വഭാവത്തിൽ തുല്യരാണെന്നു അവർ പരിഗണിക്കട്ടെ. അങ്ങനെ ഉദ്യോഗംമൂലം തൻെറ സ്വന്തം വർഗ്ഗത്തിനു മേലാണു താൻ എന്നു് അവൻ ചിന്തിക്കാതിരിക്കട്ടെ. കടന്നുപോകുന്ന ഈ ജീവിതത്തിൽ ഉളവാകുന്ന ഈ എളിമയുടെ ഫലമായി അവൻ യഥാർത്ഥ സൗഭാഗ്യവാനാകുകയും സ്വർഗ്ഗരാജ്യം നേടുകയും ചെയ്യട്ടെ.

സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകുന്ന ദാരിദ്ര്യത്തെക്കുറിച്ചുള്ള വേറൊരു വ്യാഖ്യാനത്തെക്കുറിച്ചു് എൻെറസഹോദരങ്ങളേ, നിങ്ങൾ പരിഗണിക്കാതിരിക്കരുതു്. അവിടന്നരുൾ ചെയ്യുന്നു[11]. "നിനക്കുള്ളതെല്ലാം വിററു ദരിദ്രക്കു കൊടുക്കുക. എന്നിട്ടു് എന്നെ അനുഗമിക്കുക. സ്വർഗ്ഗത്തിൽ നിനക്കു് നിക്ഷേപമുണ്ടാകും". സൗഭാഗ്യദായകമെന്നു വിളിക്കുന്ന ദാരിദ്ര്യത്തിൽനിന്നു് ഇപ്രകാരമുള്ള ദാരിദ്ര്യം വിഭിന്നമല്ലെന്നു് എനിക്കു തോന്നുന്നു. ശിഷ്യൻ ഗുരുവിനോടു പറയുന്നു.[12] "ഇതാ! ഞങ്ങൾക്കുണ്ടായിരുന്ന സകലവും ഉപേക്ഷിച്ചു നിന്നെ ഞങ്ങൾ അനുഗമിച്ചിരിക്കുന്നു. അതിനാൽ

നിങ്ങൾക്കെന്തു ലഭിക്കും?" എന്താണു് ഉത്തരം? "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു". ആരാണു് ആത്മാവിൽ ദരിദ്രനെന്നു് അറിയാനാഗ്രഹിക്കുന്നോ? ഭൗതികസ്വത്തിനു പകരമായി ആത്മാവിന്റെ സ്വത്തുക്കൾ നൽകപ്പെട്ടിരിക്കുന്നവൻ, ആത്മാവിനെപ്രതി ദരിദ്രനായവൻ, ഭാരമില്ലാത്തവനായി ഉന്നതത്തിലേയ്ക്കു സംവഹിക്കപ്പെടുന്നതിനും, അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ ഉന്നതത്തിൽ കർത്താവിനോടൊന്നിച്ചു മേഘത്തിൽ നടക്കുന്നതിനുംവേണ്ടി ഒരു ഭാരമെന്നപോലെ ലൗകികസമ്പത്തുക്കൾ കുടഞ്ഞു കളഞ്ഞിരിക്കുന്നവൻ[13].

സ്വർണ്ണം ഭാരമുള്ള വസ്തുവാണു്. സ്വത്തിനുവേണ്ടി അന്വേഷിക്കുന്ന എല്ലാ വസ്തുക്കളും ഭാരമുള്ളവതന്നെ. പക്ഷേ പുണ്യം ഭാരമില്ലാത്തതും ആത്മാക്കളെ ഉന്നതത്തിലേയ്ക്കു സംവഹിക്കുന്നതുമാണു്. ഈ ഭാരവും ഭാരരാഹിത്യവും പരസ്പരവിരുദ്ധമാണല്ലോ. അതിനാൽ ഭൗതികവസ്തുവിന്റെ ഭാരവുമായി ഒരാൾ സ്വയം ബന്ധിക്കുന്നുവെങ്കിൽ അവനു ഭാരരഹിതനാകുക സാദ്ധ്യമല്ല. ഉന്നതത്തിലുള്ള കാര്യങ്ങളിൽ നാം ഏർപ്പെടേണ്ടവരാകയാൽ നമ്മെ താഴോട്ടു പിടിച്ചു വലിക്കുന്നവയിൽ നമുക്കു ദരിദ്രരാകാം. അങ്ങനെ നമുക്കു് ഉന്നതങ്ങളിൽ വിഹരിക്കാം. സങ്കീർത്തനങ്ങൾ പ്രസ്താവിക്കുന്നു[14]: "അവൻ വിതരണം ചെയ്തിരിക്കുന്നു, ദരിദ്രർക്കു നല്കിയിരിക്കുന്ന അവന്റെ നീതി എന്നെന്നേക്കും നിലനിൽക്കുന്നു". ദരിദ്രർക്കു നൽകുന്നവൻ നമുക്കു വേണ്ടി ദരിദ്രനായവനിൽ തന്റെ പങ്കു് കണ്ടെത്തുന്നു. കർത്താവു ദരിദ്രനായി. അതിനാൽ ദാരിദ്ര്യത്തെ ഭയപ്പെടേണ്ട. നമുക്കുവേണ്ടി ദരിദ്രനായവൻ എല്ലാ സൃഷ്ടവസ്തുക്കളേയും ഭരിക്കുന്നവനാണു്. അതിനാൽ അവിടുന്നു ദരിദ്രനായതു നിമിത്തം നീയും ദരിദ്രനാകുന്ന പക്ഷം നീയും ഭരിക്കും. കാരണം, അവിടുന്നു ഭരിക്കുന്നുണ്ടു്. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു". മഹത്വവും ആധിപത്യവും എന്നേക്കുമുള്ള നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽക്കൂടി ഈ സ്വർഗ്ഗരാജ്യത്തിനു നാം യോഗ്യരാകട്ടെ.

ആമ്മീൻ.

www.malankaralibrary.com

## പ്രഭാഷണം രണ്ട്

### സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ഭൂമി അവകാശമാക്കും.

ഒരുവൻ കോവണിയിൽ കയറുമ്പോൾ ആദ്യപടിയിൽ ചവിട്ടും; പിന്നെ ഓരോ പടിയും ചവിട്ടിക്കയറുകയാണ്. ഇങ്ങനെ താൻ നില്ക്കുന്നിടത്തുനിന്ന് ഓരോ പടിയും ചവിട്ടി അയാൾ മുകളിലെത്തുകയായി. ഞാൻ ഈ പ്രസംഗം ഇങ്ങനെ തുടങ്ങുന്നതെന്തിനെന്നറിയാമോ? പടികളെപ്പോലെ ഈ സൗഭാഗ്യങ്ങളും ഒന്നിനു മുകളിൽ ഒന്നായി ക്രമീകൃതമാണെന്ന് എനിക്കു തോന്നുന്നു. അങ്ങനെ അവയുടെ ആരോഹണം സുഗമമാകും. ആദ്യസൗഭാഗ്യമാകുന്ന പടിയിൽ മനസ്സു കയറിക്കഴിയുന്നവൻ ചിന്തയുടെ അത്യാവശ്യഫലമായുളവാകുന്ന അടുത്ത പടി സ്വീകരിച്ചുകൊള്ളും, ആദ്യം പറഞ്ഞതിൽ നിന്ന് അതു വ്യത്യസ്തമാണെങ്കിൽപോലും. ഒരുപക്ഷേ കേൾവിക്കാരായ നിങ്ങൾ പറഞ്ഞേക്കും, പടിയുടെ രീതി നോക്കിയാൽ സ്വർഗ്ഗരാജ്യത്തിനു ശേഷം ഭൂമി അവകാശമായി വരുന്നതു് അസാദ്ധ്യമെന്ന്. കാര്യത്തിന്റെ സ്വഭാവരീതി നോക്കിയാൽ സ്വർഗ്ഗത്തിനു മുൻപു ഭൂമി വരികയാണു ഉചിതമെന്നു നിങ്ങൾ പറഞ്ഞേക്കും. എന്നാൽ ഗിരിപ്രഭാഷണം നമുക്കു ചിറകുകൾ തന്നിട്ടുണ്ടെങ്കിൽ, സ്വർഗ്ഗീയ പെട്ടകത്തിനു മുകളിൽ നാം ചെന്നെത്തിയിട്ടുണ്ടെങ്കിൽ, പുണ്യജീവിതം കഴിച്ചിട്ടുള്ളവൎക്കുവേണ്ടി നീക്കി വച്ചിട്ടുള്ള സ്വർഗ്ഗാതീതഭൂമി നാം അവകാശമായി അനുഭവിക്കും. അതിനാൽ, ദൈവം നമുക്കു ആദ്യം സ്വർഗ്ഗവും പിന്നെ ഭൂമിയും വാഗ്ദാനം ചെയ്യുന്നതുകൊണ്ടു് സൗഭാഗ്യങ്ങളുടെ ഈ ക്രമം മാറേറണ്ടതില്ല. ശാരീരിക വീക്ഷണത്തിന്റെ തലത്തിലുള്ളവ പൂർണ്ണമായി അതിനോടു മാത്രമേ ബന്ധപ്പെട്ടിട്ടുള്ളു. ദൂരത്തിന്റെ കാര്യത്തിൽ അതു് ഉന്നതമാണെന്നു തോന്നിയാലും ബുദ്ധിപരമായ പ്രകൃതിക്കു താഴെയാണ്. ഇന്ദ്രിയപരമായവയെ അതിലംഘിച്ചിട്ടുള്ള യുക്തിയിൽക്കൂടി മാത്രമേ ചിന്ത അവിടെ എത്തുകയുള്ളു.

www.malankaralibrary.com



അതിനാൽ, സ്വർഗ്ഗീയതലങ്ങളെ "ഭൂമി" എന്നു വിളിച്ചാൽ ആശ്ചര്യപ്പെടേണ്ടതില്ല. നമുക്കു് അവിടുത്തെ പക്കലേക്കുയരുവാൻ നിവൃത്തിയില്ലാത്തതു കൊണ്ടു് ഭഗവാൻ താഴെ നമ്മുടെ പക്കലേക്കു വന്നു, നമ്മുടെ തന്നെ രീതിയിലുള്ള ഗ്രഹണശക്തിയോടു് അവിടുന്നു പൊരുത്തപ്പെടുകയാണു്. അതിനാൽ അവിടുന്നു ദൈവികരഹസ്യങ്ങൾ മനസ്സിലാക്കിത്തരുന്നതു് നമുക്കു ഗ്രഹിക്കാവുന്ന പദങ്ങളും നാമങ്ങളും ഉപയോഗിച്ചാണു്. മാനുഷികപരിതോവസ്ഥകൾക്കും മാനുഷികജീവിതത്തിനും ഇണങ്ങുന്ന ശൈലികളും അവിടുന്നുപയോഗിക്കുന്നു. അങ്ങനെ മുൻപിലത്തെ വാഗ്ദാനത്തിൽ സ്വർഗ്ഗത്തിലുള്ള അവാച്യമായ സൗഭാഗ്യത്തെ "രാജ്യമെന്നു" അവിടുന്നു വിളിച്ചു. ഭൗമികരാജത്വത്തോടനുബന്ധിച്ച കാര്യങ്ങൾ—ഉദാഹരണമായി, തിളങ്ങുന്ന വജ്രങ്ങളോടുകൂടിയ കിരീടവും കണ്ണിനു കൗമം ഉളുകുന്ന പട്ടുവസ്ത്രങ്ങളുമൊന്നും—സൂചിപ്പിക്കാൻ ഈ വാക്കു് അവിടുന്നു് ഉദ്ദേശിക്കുന്നില്ല. ചമയമുറികളോ, വിരികളോ, ഉയർന്ന സ്ഥാനത്തു സ്ഥിതിചെയ്യുന്ന സിംഹാസനമോ, അംഗരക്ഷകവ്യൂഹമോ രാജാക്കന്മാരുടെ ജീവിതനാടകത്തിൽ അധികാരം വിളിച്ചറിയിക്കുന്ന മറ്റെന്തെങ്കിലുമോ അവിടുന്നുദ്ദേശിക്കുന്നുണ്ടോ? ഒരിക്കലും ഇല്ല. അവിടുന്നു് ഈ വാക്കുപയോഗിച്ചതു് സ്വർഗ്ഗത്തിലെ നല്ലകാര്യങ്ങൾ വിവരിക്കുന്നതിനാണു്. കാരണം, 'രാജ്യം' എന്ന പദം മനുഷ്യർ ജീവിതത്തിലാഗ്രഹിക്കുന്ന സകലതിലും ശ്രേഷ്ഠവും മഹത്ത്വപൂർണ്ണവുമാണു്. രാജ്യത്തിലുപരിയായ, മേന്മയേറിയ, എന്തെങ്കിലും ആളുകളുടെ ഇടയിൽ സ്ഥിതിചെയ്തിരുന്നെങ്കിൽ ശ്രോതാക്കളുടെ ആത്മാക്കളിൽ അവാച്യമായ സൗഭാഗ്യത്തെക്കുറിച്ചുള്ള ആഗ്രഹം ഉത്തേജിപ്പിക്കുവാൻ ആ പദം അവിടുന്നുപയോഗിച്ചേനെ.

ഇന്ദ്രിയങ്ങളുടെ അനുഭവത്തിനും മനുഷ്യജ്ഞാനത്തിനും അതീതമായ ആ നല്ല കാര്യങ്ങളെ അവയ്ക്കു യോജിച്ച പദങ്ങളിൽ വെളിപ്പെടുത്തുക അസാദ്ധ്യമായിരുന്നു. അവ കണ്ണുകണ്ടിട്ടില്ലെന്നും ചെവി കേട്ടിട്ടില്ലെന്നും മനുഷ്യഹൃദയത്തിൽ തോന്നിയിട്ടില്ലെന്നും അപ്പസ്തോലൻ പ്രസ്താവിക്കു

www.malankaralibrary.com



ന്നു.[15] പക്ഷേ അവാച്യമായ ഈ കാര്യങ്ങൾ നാം ഗ്രഹിക്കുകു നമ്മുടെ അധഃസ്ഥിതമായ സ്വഭാവത്തിനു യോജിച്ചവിധത്തിലാണു്. നാം അഗ്രഹിക്കുന്ന സൗഭാഗ്യമാകട്ടെ നമ്മുടെ ഭാവനയ്ക്കു് അതീതമാണു്. തന്മൂലം സ്വർഗ്ഗം എന്ന പദം കഴിഞ്ഞുവരുന്ന ഭൂമി എന്ന പദം നാം ജീവിക്കുന്ന ഈ ഭൂമിയിൽ നമ്മുടെ ചിന്തയെ തളച്ചിടരുതു്. മുൻപു പറഞ്ഞ സൗഭാഗ്യത്തിന്റെ കാര്യത്തിൽ സ്വർഗ്ഗീയമായ പ്രതീക്ഷയിലേയ്ക്കു് വചനം നിങ്ങളുടെ മനസ്സിനെ ഉയർത്തിയെങ്കിൽ എല്ലാവരുടേയും അവകാശമല്ലാത്ത ആ ഭൂമി ഏതാണെന്നു് നിങ്ങൾ ചോദിക്കുമോ? പരിശുദ്ധമായ ജീവിതം മാത്രം നയിക്കുന്നവർക്കു് യോഗ്യമായിട്ടുള്ളതാണു് ആ ഭൂമി. പരിശുദ്ധാത്മപ്രേരിതനായിരുന്നായ ദാവീദു് ഇക്കാര്യം മുൻകൂട്ടി കണ്ടെന്നു് എനിക്കു തോന്നുന്നു. തന്റെ സമകാലീനരായിരുന്നവരെല്ലാവരേക്കാളും ദാവീദു് സൗമ്യനും വളരെ കഷ്ടതകൾ സഹിച്ചവനുമായിട്ടാണു് വേദപുസ്തകം ചിത്രീകരിക്കുന്നതു്. നാം പ്രതീക്ഷിക്കുന്ന കാര്യങ്ങൾ വിശ്വാസത്താൽ പ്രതീക്ഷിച്ചിരുന്ന അദ്ദേഹം പ്രസ്താവിക്കുന്നു.[16] "ജീവിക്കുന്നവരുടെ നാട്ടിൽ കർത്താവിന്റെ നന്മകൾ കാണുമെന്നു ഞാൻ വിശ്വസിക്കുന്നു." ഈ ഭൂമിയെ ജീവിക്കുന്നവരുടെ നാടെന്നു പ്രവാചകൻ വിളിച്ചതായി ഞാൻ കരുതുന്നില്ല. ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്കു് അന്ത്യം ഉണ്ടു്. അവർ ഭൂമിയിലേക്കുതന്നെ തിരികെ ചേരുകയും ചെയ്യുന്നു. മരണം കടന്നുചെല്ലാത്ത, പാപികളുടെ വഴിയെ നടക്കാത്തുള്ളവർ ജീവിക്കുന്ന, ദുഷ്ടത പ്രവേശനം നേടാത്ത, സ്ഥാനത്തെയാണു് അദ്ദേഹം ജീവിക്കുന്നവരുടെ നാടെന്നു പറഞ്ഞതു്. കളകൾ വിതയ്ക്കുന്നവനു് തന്റെ ദുഷ്ടതയാകുന്ന കലപ്പകൊണ്ടു് ഉഴാൻ നിവൃത്തിയില്ലാത്തതിനാൽ മുള്ളുകളും ഞെരിഞ്ഞിലുകളും മുളപ്പിക്കാത്ത ഭൂമിയാണതു്. ആശ്വാസത്തിന്റെ നീർച്ചാലുള്ളതും പച്ചപ്പുൽമേടുകളാൽ നിറഞ്ഞതുമായ ഭൂമി, നാലുറവകൾ പൊട്ടിപ്പുറപ്പെടുന്ന ഭൂമി, എല്ലാ സൃഷ്ടികളുടേയും ദൈവം തന്നെ പരിപാലിക്കുന്ന മുന്തിരിയുള്ള ഭൂമിയാണതു്. ഇതും ഇതുപോലുള്ളതുമായ ആലങ്കാരിക വാക്കുകളിൽ ആസ്ഥലത്തെക്കുറിച്ചു് വേദപുസ്തകം പ്രതിപാദിക്കുന്നു.

www.malankaralibrary.com



ആകാശങ്ങൾക്കു മീതെയുള്ള ആ സ്ഥലത്തെക്കുറിച്ച്, രാജാവിന്റെ തലസ്ഥാന നഗരിയെക്കുറിച്ച്—പ്രവാചക വചനം പോലെ—മഹനീയ നിലയിൽ വർണ്ണിക്കപ്പെടുന്ന ആ സ്ഥലത്തെക്കുറിച്ച്, നാം ധ്യാനിക്കുന്നുവെങ്കിൽ ഈ സൗഭാഗ്യങ്ങളുടെ സ്ഥാനപ്രശ്നം നമ്മെ അലട്ടുകയില്ല. അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ[18] ആകാശങ്ങളിൽ കർത്താവിനെ എതിരേല്ക്കുന്നതിനും കർത്താവിനോടൊന്നിച്ച് എന്നും കഴിയുന്നതിനുംവേണ്ടി മേഘങ്ങളിൽ എടുക്കപ്പെടുന്നവരുടെ സൗഭാഗ്യപ്രദമായ പ്രതീക്ഷയുടെ സ്ഥാനം ഈ ഭൂമി അല്ലെന്നുള്ളത് തീർച്ചയാണ്. ഇത്രമാത്രം മഹനീയമായ പ്രതീക്ഷകൾ നിറഞ്ഞ ജീവിതമുള്ളവർക്ക് നാം വസിക്കുന്ന ഈ ഭൂമി കൊണ്ടെന്തു പ്രയോജനം? കാരണം, "കർത്താവിനെ ആകാശത്തിൽ എതിരേല്ക്കുന്നതിനും എന്നും അവിടത്തോടൊന്നിച്ചായിരിക്കുന്നതിനും വേണ്ടി മേഘങ്ങളിൽ നാം എടുക്കപ്പെട്ടു."

ഈ ഭൂമിയുടെ അവകാശത്തിന് നമ്മെ പാത്രമാക്കുന്ന പുണ്യത്തെക്കുറിച്ച് നമുക്കു പരിഗണിക്കാം. അവിടുന്ന് അതൾ ചെയ്യുന്നു. "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ഭൂമിയെ അവകാശമാക്കും."

എന്താണ് സൗമ്യത? ഏതു നിലയിലാണ് സൗമ്യത അനുഗ്രഹിക്കപ്പെട്ടതാണെന്നു ദൈവവചനം പ്രസ്താവിക്കുന്നത്? എല്ലാം ശാന്തമായും സാവധാനമായും ചെയ്യുന്നതിനെയാണ് ഈ പദപ്രയോഗം സൂചിപ്പിക്കുന്നതെങ്കിൽ സൗമ്യതയോടുകൂടി ചെയ്യുന്നവർ ചെയ്യുന്നതെല്ലാം തീർച്ചയായും സദ്ഗുണമാണെന്നു വിചാരിക്കേണ്ടതില്ല. ഉദാഹരണമായി ഓട്ടത്തിൽ പതുക്കെ പോകുന്നവൻ ഓടുന്നവനേക്കാൾ സദ്ഗുണമുള്ളവനല്ല. ഗുസ്തിമത്സരത്തിൽ അഭംഗിയായി നീങ്ങുന്നവൻ തന്റെ എതിരാളിയിൽനിന്ന് വിജയകിരീടം പിടിച്ചെടുക്കുന്നുമില്ല. നമ്മുടെ സ്വർഗ്ഗീയവിളിയുടെ സമ്മാനം നേടുന്നതിനുള്ള ഓട്ടത്തെക്കുറിച്ച് പ്രസ്താവിക്കുകയിൽ നമ്മുടെ വേഗത വർദ്ധിപ്പിക്കുവാനാണ് വിശുദ്ധ പൗലോസ് ആവശ്യപ്പെടുന്നത്. "നിങ്ങൾ ബിരുദം ലഭിക്കുവാൻ തക്കവണ്ണം ഓടുവിൻ" എന്നാണ് അദ്ദേഹം പ്രസ്താവിക്കുന്ന

www.malankaralibrary.com



തു്.[19] തന്റെ പിന്നിലുള്ളവയെ മറന്നുകൊണ്ടു് മുമ്പിലുള്ളവയെ ആഞ്ഞുപിടിക്കുവാൻ അദ്ദേഹവും വേഗത്തിൽ ഓടിയതാണു്. അദ്ദേഹം ചുറുചുറുക്കോടെ യുദ്ധം ചെയ്തു; തന്റെ ശത്രുവിന്റെ ആക്രമണത്തെ സസൂക്ഷ്മം വീക്ഷിച്ചു. തന്റെ നില്പിൽ സുരക്ഷിതത്വവും കൈയിൽ ശരിയായ ആയുധങ്ങളും ഉണ്ടായിരുന്ന അപ്പസ്തോലൻ വെറും നിഴലിന്റെ നേക്കല്ല തന്റെ ആയുധം തിരിച്ചുവിട്ടതു്. തന്റെ സ്വന്ത ശരീരത്തിൽ തന്നെ ദണ്ഡനങ്ങൾ ഏല്പിച്ചുകൊണ്ടു് ശത്രുവിനെ അവന്റെ മർമ്മസ്ഥാനത്തു് അദ്ദേഹം നേരിട്ടു.

വിശുദ്ധ പൗലോസിന്റെ യുദ്ധമുറ അറിവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? അദ്ദേഹത്തിന്റെ വൈരിയുടെ മുറിവുകൾ നോക്കുക. പരാജിതനായ ആ ശത്രുവിന്റെ ദേഹത്തെ പാടുകൾ വീക്ഷിക്കുക. ജഡം മുഖേന യുദ്ധം ചെയ്യുന്ന ആ എതിരാളി ആരാണെന്നും ആരെയാണു് കനത്ത പ്രഹരങ്ങൾകൊണ്ടു് വിശുദ്ധശ്ലീഹാ ശിക്ഷിക്കുന്നതെന്നും നിങ്ങൾക്കു് നന്നായറിയാം.[20] സംയമനമാകുന്ന നഖങ്ങൾകൊണ്ടു് അദ്ദേഹം ശത്രുവിനെ നേരിടുന്നു. വിശപ്പും ദാഹവും മുഖേന, ശൈത്യവും നഗ്നതയും മുഖേന അദ്ദേഹം തന്റെ അവയവങ്ങളെ നിഗ്രഹിക്കുന്നു. കർത്താവിന്റെ പീഡാനുഭവത്തിന്റെ പാടുകൾ തന്റെ ശരീരത്തിലുളവാക്കുന്നതിനദ്ദേഹം ശ്രമിക്കുന്നു.[21] ഓട്ടത്തിൽ അദ്ദേഹം ശത്രുവിനെ പിന്നിട്ടു തോല്പിക്കുന്നു. ശത്രുവിന്റെ നിഴൽപോലും കാണുവാൻ അദ്ദേഹം സന്നദ്ധനല്ല. വി. പൗലോസു് അഭ്യാസമുറകൾ പഠിച്ച വേഗതയേറിയ ഒരു പടയാളിയാണു്. ദാവീദാകട്ടെ, ശത്രുവിന്റെ പിന്നാലെ തന്റെ ഓട്ടത്തിനു വേഗത കൂട്ടുന്നു.[22] പാട്ടുകളിലെ മണവാളനെ ഒരു മാനിനോടാണു് ഉപമിച്ചിരിക്കുന്നതു്. ആ മാനാകട്ടെ പർവ്വതങ്ങളുടെ മുകളിൽ തുള്ളിച്ചാടുന്നവനും കുന്നുകൾ എടുത്തു ചാടുന്നവനുമാണു്.[23] ഇങ്ങനെ സൗമ്യതയോടു് ഒത്തുചേർന്നു പോകുന്ന വേഗമില്ലായ്മ നീക്കി വേഗതയെ സ്പഷ്ടമാക്കുന്ന അനേക ഭാഗങ്ങൾ വേദപുസ്തകത്തിലുണ്ടു്. പിന്നെന്തുകൊണ്ടാണു് സൗമ്യതയെ അനുഗ്രഹീതവും സ്വീകാര്യവുമായ ഗുണമായി വചനം എടുത്തു കാണിക്കുന്നതു്? കാരണം അവിടുന്നു പറയുന്നു;

www.malankaralibrary.com



"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ഭൂമിയെ അവകാശമാക്കും". സദ്പ്രവൃത്തികളിൽ സമ്പന്നമായതും ജീവവൃക്ഷത്തിന്റെ ഇലകൾ ചലിച്ചുകൊണ്ടിരിക്കുന്നതും ആദ്ധ്യാത്മികമായ അനുഗ്രഹങ്ങളുടെ ഉറവകൊണ്ടു നനസ്സപ്പെടുന്നതുമാണു് ആ ഭൂമി എന്നാണു് ഈ പദം കൊണ്ടു് അവിടുന്നുദ്ദേശിക്കുന്നതു്. യാഥാർത്ഥ മുന്തിരിവള്ളി കിളിർത്തുവരുന്ന ഭൂമിയാണതു്. അതിന്റെ കൃഷിക്കാരനോ, നമ്മുടെ കർത്താവു പറയുന്നതുപോലെ അവിടത്തെ പിതാവും.[24]

സുസ്പഷ്ടമാകാൻ വചനം ആഗ്രഹിക്കുന്ന കാര്യങ്ങൾ ഇവയൊക്കെയാണെന്നു തോന്നുന്നു. തിന്മയിലേയ്ക്കുള്ള ഒരു വലിയ ചായ്വു് പ്രകൃതിയിലുണ്ടു്. ചായ്വു് ഉണ്ടായിക്കഴിഞ്ഞാൽ അതു കൂടുതൽ വഷളാകുകയും ചെയ്യും. ഇതാ ഉദാഹരണം. ഭാരമുള്ള വസ്തു മുകളിലോട്ടു പൊങ്ങുകയില്ല. എന്നാൽ വലിയൊരു പർവ്വതശൃംഗത്തിൽ നിന്നു് അതു താഴേയ്ക്കു് ഉരുട്ടുകയാണെങ്കിൽ അതിന്റെ ഭാരത്തിനനുസരിച്ചു് അതിനു വേഗത കൂടും. വർണ്ണനാതീതമായ വേഗത്തിൽ അതു താഴെ ചെന്നെത്തും. ഈ സന്ദർഭങ്ങളിൽ വേഗത അപകടകരമായതിനാൽ അതിനെതിരായിട്ടുള്ളതിനെ അനുഗ്രഹീതമെന്നു പറയുന്നു. താഴേയ്ക്കുള്ള പതനം വേഗതയില്ലാതെയും പ്രയാസത്തോടു കൂടിയും ആക്കുന്ന ആ സ്വഭാവരീതിയെ സൗമ്യതയെന്നു പറയാം. തീയുടെ പ്രകൃതി കത്തി മുകളിലോട്ടുയരുകയാണു്. തീ താഴോട്ടല്ല പോകുന്നതു്. അതുപോലെ സൽഗുണ സമ്പന്നർ അതിന്റെ വേഗത കുറയ്ക്കാതെ ഉന്നതത്തിലേയ്ക്കുള്ള കാര്യത്തിലേയ്ക്കു നീങ്ങുന്നു. താഴേയ്ക്കു നീങ്ങുവാൻ അവർക്കു് പ്രയാസമുണ്ടാകും. അതിനാൽ തിന്മയിലേയ്ക്കു തിരിയുമ്പോൾ നമ്മുടെ പ്രകൃതിക്കു് വേഗതയുള്ളതുപോലെ തിന്മയിലേയ്ക്കുള്ള ചായ്വു് വേഗത ഇല്ലാതെയും ശാന്തമായും ആയിരിക്കുന്ന അവസരത്തിൽ അതു അനുഗ്രഹീതമാണു്. നിങ്ങളുടെ കാര്യങ്ങളിലെ ശാന്തത ഉന്നതത്തിലേയ്ക്കുള്ള പോക്കിന്റെ സൂചനയാണു്.

ജീവിതത്തിൽ നിന്നു് ഒരുദാഹരണമെടുത്തു് ഈ ആശയം വ്യക്തമാക്കാം. ഓരോ മനുഷ്യനും തന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയെ രണ്ടു ഭാഗങ്ങളിലേയ്ക്കു തിരിക്കാൻ

www.malankaralibrary.com



സാധിക്കും. രണ്ടും അവനു് നന്മയായിട്ടാണു് തോന്നുക. ഒന്നു് ശരീരത്തെ സംയമനം ചെയ്യുക. രണ്ടു്, ശരീരത്തെ തോന്നിയ വഴിയെ വിടുക. സദ്ഗുണത്തിന്റേയോ ദുർഗ്ഗുണത്തിന്റേയോ ഒരു ഭാഗമെന്ന നിലയിൽ പറയുന്നതു് മുഴുവനെന്ന നിലയിലും അങ്ങനെ തന്നെ കരുതണം. മനുഷ്യസ്വഭാവം പരസ്പരവിരുദ്ധമായ പ്രക്രിയകൾ അടങ്ങിയതാണു്. കോപത്തിനെതിരു് ശാന്തത, അഹങ്കാരത്തിനെതിരു് വിനയം, അസൂയയ്ക്കെതിരു് ആളുകൾക്കു് നന്മ ആഗ്രഹിക്കുക. വെറുപ്പിനെതിരു് സ്നേഹവും സമാധാനവും സമന്വയിപ്പിച്ച മനോഭാവം. മനുഷ്യജീവിതം ഭൗതികമാണു്. താണവികാരങ്ങൾ ഭൗതികവസ്തുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു. ആ ഓരോ വികാരവും അതിന്റെ സാക്ഷാത്കരണത്തിനു് ശ്രമിക്കുന്നുണ്ടു്. ഭൗതിക വസ്തുവാകട്ടെ ഭാരമുള്ളതും താഴേയ്ക്കു് ചായ്‌വുള്ളതുമാണു്. ഈ താണതലത്തിലുള്ള വികാരങ്ങളിൽനിന്നു് വിമുക്തി നേടിയവരെയെല്ലാമാണു് നമ്മുടെ കർത്താവും അനുഗ്രഹീതരെന്നു വിളിക്കുന്നതു്. കാരണം, ഭൗതികജീവിതത്തിൽ യാതൊരു വികാരവുമില്ലാത്ത ജീവിതം സാദ്ധ്യമേയല്ല. എന്നാൽ, ശരീരത്തിൽ ജീവിക്കുന്നവർക്കു പ്രാപിക്കാവുന്ന ഒന്നാണു് സൗമ്യത. ആ സൗമ്യത മതി സൗഭാഗ്യത്തിനു്. മനുഷ്യപ്രകൃതിയുടെ നിയമമായിട്ടു് വികാരരാഹിത്യം അവിടന്നു് എടുത്തു കാട്ടുന്നില്ല. പ്രകൃതി അനുവദിക്കാത്ത കാര്യം നീതിയുള്ള ഒരു നിയമദാതാവിനു് കല്പിക്കുക സാദ്ധ്യമല്ല. വെള്ളത്തിൽ ജീവിക്കുന്ന ജന്തുക്കൾ വായുവിൽ ജീവിക്കണമെന്നു പറയുന്നതുപോലെയാണിതു്. അല്ലെങ്കിൽ ഭൂമിയിൽ ജീവിക്കുന്നവർ വെള്ളത്തിൽ ജീവിക്കണമെന്നു പറയുന്നതുപോലെ തന്നെ. ഒരു നിയമം സ്വാഭാവികമായി അനുഷ്ഠിക്കാവുന്നതായിരിക്കണം.

അതിനാൽ സൗഭാഗ്യം സൗമ്യതയും മിതത്വവും അനുശാസിക്കുന്നു. വികാരരാഹിത്യം അനുശാസിക്കുന്നുമില്ല. കാരണം, രണ്ടാമതു പറഞ്ഞതു പ്രകൃതിയുടെ അധീനതയ്ക്കപ്പുറത്തുള്ളതാണു്. ആദ്യത്തേതാകട്ടെ സദ്ഗുണപരിശീലനം കൊണ്ടു നേടാവുന്നതാണു്. അതിനാൽ ആഗ്രഹങ്ങൾ മൂലം ചഞ്ചലപ്പെടാതിരിക്കാൻ ഈ സൗഭാഗ്യം മനുഷ്യനോടാവ

www.malankaralibrary.com



ശ്യപ്പെട്ടന്നെങ്കിൽ അളമൂലമുളവാകുന്ന അനുഗ്രഹം ജീവിതത്തിൽ ഉപയോഗശൂന്യമാണ്. മാംസരക്തങ്ങളോട്ട നിബദ്ധമായിരിക്കെ അപ്രകാരമുള്ള അവസ്ഥയിൽ ആക്കെത്തിച്ചേരാൻ കഴിയും? എന്തെങ്കിലും ആഗ്രഹിച്ചുപോയാൽ മനുഷ്യൻ ശിക്ഷിക്കപ്പെടേണ്ടവനാണെന്നു് അവിടുന്നു പറയുന്നില്ല, മറിച്ചു് മനഃപൂർവ്വം വികാരങ്ങളിലേയ്ക്കു നീങ്ങുന്നതുമാത്രമാണു കുററകരം. നമ്മുടെ ഇച്ഛാശക്തിയ്ക്കെതിരായി ഇപ്രകാരമുള്ള ആഗ്രഹങ്ങൾ തലപൊക്കാൻ നമ്മുടെ പ്രകൃതിയുടെ ബലഹീനത കാരണമാകുന്നു. ഒരു പ്രവാഹത്തിലെന്നതുപോലെ വികാരങ്ങളുടെ തള്ളൽ നമ്മെ കൊണ്ടുപോകാതെ നോക്കുകയും ഈ ചായ്‌വുകളെ പൗരുഷത്തോടെ എതിരിടുകയും, വികാരത്തെ യുക്തികൊണ്ടു കീഴ്‌പ്പെടുത്തുകയും ചെയ്യുക ഈ സദ്‌ഗുണത്തിൻെറ പ്രവൃത്തിയത്രേ.

അതിനാൽ, വികാരങ്ങളാൽ നയിക്കപ്പെടാതെ യുക്തിസഹിതം പ്രവർത്തിക്കുന്നവർ അനുഗ്രഹീതരത്രേ. യുക്തിവിചാരങ്ങൾ ആഗ്രഹങ്ങൾക്കു കടിഞ്ഞാണിടുകയും ആത്മാവു് നിയമരാഹിത്യത്തിലേയ്ക്കു വഴുതിപ്പോകാതെ തടയുകയും ചെയ്യുന്നു. കോപം എന്ന വികാരത്തെ കുറിച്ചു് പരിഗണിക്കുമ്പോൾ സൗമ്യത എത്രമാത്രം അനുഗ്രഹീതമാണെന്നു് ഗ്രഹിക്കുവാൻ കഴിയും. ഏതെങ്കിലും വാക്കോ, പ്രവൃത്തിയോ, സംശയമോ കോപമെന്ന ഈ രോഗത്തെ തട്ടിയുണർത്തുമ്പോൾ രക്തചംക്രമണം വർദ്ധിക്കുകയും ആത്മാവു് പ്രതികാരസന്നദ്ധമാവുകയും ചെയ്യുന്നു. ചില ലഹരിമരുന്നുകൾ മനുഷ്യസ്വഭാവത്തെ മൃഗീയമാക്കുന്നതായി കെട്ടുകഥകളിൽ കാണുന്നതുപോലെ കോപാവേശം നിമിത്തം മനുഷ്യർ കരടിയോ, കടുവായോ, പട്ടിയോ, മറേറതെങ്കിലും വന്യമൃഗമോ ആയിത്തീരുന്നതുപോലെ, വ്യത്യാസപ്പെടുന്നതായിക്കാണാം. അവൻെറ കണ്ണുകൾ ചുവക്കുന്നു. അവൻെറ രോമങ്ങൾ എഴുന്നു നില്ക്കുന്നു. ശബ്ദം പരുഷമാകുന്നു. വാക്കുകൾക്കു് മൂർച്ച കൂടുന്നു. വികാരാവേശം മൂലം ചിലപ്പോൾ അവൻെറ നാക്കു് മരവിച്ചു പോകുന്നു. അവനു് ശരിക്കു് സംസാരിക്കാൻ സാധിക്കുന്നില്ല. അവൻെറ അധരങ്ങൾ കട്ടിയാകുന്നു. ഒററ വാക്കു പോലും ഉച്ചരിക്കുവാൻ അവനു കഴിയുന്നില്ല. വികാ

www.malankaralibrary.com



രാവേശം മൂലം ഉമിനീർ വായ്ക്കുകളുത്തു സൂക്ഷിക്കാൻ കഴിയാതെ വരുന്നു. സംസാരിക്കാൻ തുടങ്ങുമ്പോൾ ചിലപ്പോൾ വൃത്തിഹീനമായ രീതിയിൽ പുറത്തേയ്ക്കു് ഒലിയ്ക്കുന്നതുകാണാം. കൈകളും, കാലുകളും, ശരീരത്തിലെ ഓരോഅവയവവും കോപം എന്ന വികാരത്താൽ സ്പർശിക്കപ്പെടുന്നു.

ഇപ്രകാരമുള്ള ഒരവസ്ഥയിലെത്തിയാലും സൗമ്യത എന്ന സൗഭാഗ്യത്താൽ നയിക്കപ്പെടുന്നവനു് യുക്തിചിന്ത വഴി ഈ രോഗത്തെ ശമിപ്പിക്കുവാൻ കഴിയും. ശാന്തമായ ഭാവവും സൗമ്യതയുള്ള സ്വരവും അവൻ പരിശീലിക്കുന്നു. വൈദ്യന്മാർ ഭ്രാന്തരുടെ ചേഷ്ടകൾ മാററുന്നതുപോലെ തന്നെയായിരിക്കും അതു്. കോപത്തേയും സൗമ്യതയേയും തമ്മിൽ താരതമ്യം ചെയ്തുനോക്കുക. കോപം മൂലം മൃഗത്തെപ്പോലെ പെരുമാറുന്നവൻ മററുള്ളവക്കു മടുപ്പു ഉണ്ടാക്കുന്നവനും, അവരുടെ അനുകമ്പ അർഹിക്കുന്നവനും ആണെന്നു് നിങ്ങൾ പറയുകയില്ലേ? അതുപോലെ തൻെറ അയൽക്കാരൻെറ ദുഷ്ടത മൂലം സമചിത്തത വെടിയാത്തവൻ അനുഗ്രഹീതനാണു് എന്നു നിങ്ങൾ പറയുകയില്ലേ?

ഈ വികാരത്തെക്കുറിച്ചു് വചനമായ ക്രിസ്തുനാഥനു് പ്രത്യേക പരിഗണനയുണ്ടു്. കാരണം, വിനയം ശീലിക്കുവാൻ പറഞ്ഞതിനു ശേഷമാണു് അവിടുന്നു് സൗമ്യതയെക്കുറിച്ചു് പറയുന്നതു്. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടവയാണു് സൗമ്യതയുടെ മാതാവാണു് വിനയം എന്നു വേണമെങ്കിൽ പറയാം. അഹങ്കാരവിമുക്തമാണു് നിങ്ങളുടെ സ്വഭാവമെങ്കിൽ കോപത്തിനു് അവിടെ മുളയെടുക്കുക സാദ്ധ്യമല്ല. ആ രോഗത്തിനു കാരണം അപമാനമോ അഭിമാനക്ഷയമോ ആണു്. പക്ഷേ എളിമ പരിശീലിച്ചവനെ അപമാനം സ്പർശിക്കുന്നതേയില്ല. മാനുഷികകാപട്യം ഇല്ലാത്തവനാണെങ്കിൽ തനിക്കു ലഭിച്ച മാനുഷിക പ്രകൃതിയുടെതാണ അവസ്ഥ അവൻ വീക്ഷിക്കാതിരിക്കില്ല. തൻെറ ജീവിതാരംഭവും കടന്നുപോകുന്ന തൻെറ ജീവിതത്തിൻെറ അന്ത്യവും അവൻ പരിഗണിക്കും. മാംസത്തോടു ബന്ധപ്പെട്ടിട്ടുള്ളതായ പ്രവൃത്തിയില്ലായ്മ എല്ലാം ഗ്രഹിക്കും. നിലനില്പിനു വേണ്ടിയുള്ള, സ്വയം പൂർണ്ണതയില്ലാത്ത തൻെറ

www.malankaralibrary.com



സ്വഭാവത്തിന്റെ അപൂർണ്ണത അവൻ ഗ്രഹിക്കും. ബുദ്ധിയില്ലാത്ത അനേകം ജന്തുക്കളെ ആശ്രയിച്ചാണ് അവന്റെ നിലനില്പ്. മനുഷ്യജീവിതത്തിൽ ദൃശ്യമാകുന്ന എല്ലാ കഷ്ടതകളേയും രോഗങ്ങളേയും ആപത്തുകളേയും കുറിച്ച് അവൻ ചിന്തിക്കും. ഇവയിൽ നിന്നെല്ലാം വിമുക്തനാകാൻ ഒരാൾക്കും സാദ്ധ്യമല്ലല്ലോ.

ആത്മാവിന്റെ ശുദ്ധീകൃതമായ നയനങ്ങൾ കൊണ്ടു് ഇവയെല്ലാം വ്യക്തമായി കാണുന്നവനെ ബഹുമാനം ലഭിക്കായ്ക എളുപ്പം അലോസരപ്പെടുത്തുകയില്ല. മറിച്ചു് അയൽക്കാരൻ ഏതെങ്കിലും കാരണത്താൽ അവനു് ബഹുമാനം നല്കുകയാണെങ്കിൽ അർഹതയില്ലാതെ അതു് നേടിയതാണു് എന്നു് അവൻ കരുതും. ആത്മാവിന്റെ കാര്യത്തിലല്ലാതെ ബഹുമതിക്കു പാത്രമായി മനുഷ്യനിൽ ഒന്നും ഇല്ല. ലോകത്തിന്റെ രീതിയിൽ നേടിയെടുക്കുന്ന ബഹുമാനമാകട്ടെ ആത്മാവിനുള്ളതുമല്ല. സമ്പത്തിനെക്കുറിച്ചു് വീമ്പടിക്കുക, കുടുംബത്തെക്കുറിച്ചു് അഹങ്കരിക്കുക, പ്രശസ്തി ആഗ്രഹിക്കുക. താൻ മററുള്ളവരേക്കാൾ കേമനാണെന്നു കരുതുക, ഇവയിലെല്ലാം അടങ്ങിയിരിക്കുന്ന മാനുഷികബഹുമാനം ആത്മാവിന്റെ ബഹുമാനത്തിനു് വിനാശകരവും ലജ്ജാകരവുമാണു്. അതിനാൽ സുബുദ്ധിയുള്ള യാതൊരുവനും ഇതുകൊണ്ടു് അവന്റെ ആത്മാവിന്റെ പരിശുദ്ധത ഇല്ലാതാക്കുവാൻ തുനിയുകയില്ല. ഈ മനോഭാവമാണു് പരിപൂർണ്ണമായി എളിമയുള്ളവനു് ഉണ്ടായിരിക്കുക. എളിമ ശരിയായി ഉണ്ടായിക്കഴിഞ്ഞാൽ കോപം ആത്മാവിൽ പ്രവേശിക്കയില്ല. കോപം ഇല്ലെങ്കിൽ ജീവിതം സമാധാനത്തിന്റെ അവസ്ഥയിലായിരിക്കും. ഈ അവസ്ഥയ്ക്കാണു് സൗമ്യത എന്നു പറയുന്നതു്. ഈ സൗമ്യതയുടെ അന്ത്യമാകട്ടെ സൗഭാഗ്യവും എന്നും എന്നേക്കും മഹത്വവും ആധിപത്യവും ഉള്ള ക്രിസ്തുയേശുവിൽ സ്വർഗ്ഗരാജ്യത്തിനുള്ള അവകാശവും ആകുന്നു. ആമീൻ.

www.malankaralibrary.com

## പ്രഭാഷണം 3

"കരയുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും"

ഗിരിശൃംഗത്തിൽ നാം എത്തിച്ചേർന്നിട്ടില്ല. നമ്മുടെ മനസ്സ് ഇപ്പോഴും അതിന്റെ താഴ്‌വാരത്തിൽ തന്നെ. അതിന്റെ രണ്ടു കുന്നുകൾ നാം താണ്ടിക്കഴിഞ്ഞു. അനുഗ്രഹീതമായ ദാരിദ്ര്യവും അതുകഴിഞ്ഞുള്ള സൗമ്യതയും മുഖേന ആ രണ്ടു സൗഭാഗ്യങ്ങളിൽ നാം എത്തിച്ചേർന്നു. വചനം നമ്മെ ഇപ്പോൾ കൂടുതൽ ഉന്നതത്തിലേക്കു നയിക്കുകയാണ്. സൗഭാഗ്യങ്ങൾ വഴി മൂന്നാമത്തെ ഉന്നതസ്ഥാനം അവിടുന്നു് നമുക്കു കാണിച്ചുതരുന്നു. അപ്പസ്തോലൻ പറയുന്നതുപോലെ[25] നമ്മെ ചൂഴ്ന്നുനില്ക്കുന്ന എല്ലാ ഭാരവും എറിഞ്ഞു കളഞ്ഞിട്ടേ നമുക്കു് ഈ കയററം കയറാൻ സാധിക്കുകയുള്ളു. ഭാരരാഹിത്യത്തോടുകൂടി ഉച്ചിയിൽ എത്തിയശേഷം നമ്മുടെ ആത്മാവു് കൂടുതൽ പരിശുദ്ധമായ പ്രകാശത്തിൽ സത്യത്തെ സമീപിക്കുന്നു.

"കരയുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും" എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ലൗകിക വീക്ഷണത്തിൽകൂടി നോക്കിയാൽ ഈ വാക്കുകൾ അപഹാസ്യമാണെന്നു് തീർച്ചയായും തോന്നാം. ഇപ്രകാരം വാദിച്ചേക്കാം: എല്ലാ തരത്തിലുമുള്ള വിപത്തുകളെയും സഹിച്ചു കൊണ്ടിരിക്കുന്ന ആളുകളെ അനുഗ്രഹീതരെന്നു പറഞ്ഞാൽ യാതൊരു വിധത്തിലുമുള്ള സങ്കടമോ ആകുലതയോ ഇല്ലാതെ ജീവിക്കുന്നവൻ കഷ്ടതയുള്ളവനെന്നു വരും. വിവിധതരത്തിലുള്ള അപകടങ്ങളെക്കുറിച്ചു് അവൻ പിന്നീടു വിവരിച്ചെന്നു വരും. വൈധവ്യത്തിന്റെ ദുരിതങ്ങളുടേയും അനാഥരുടെ സങ്കടകരമായ അവസ്ഥയുടേയും സജീവമായ വിവരണം നല്കിക്കൊണ്ടു് അവൻ ശ്രോതാക്കളുടെ ചിരിയുണർത്തിയെന്നും വരും. സാമ്പ

www.malankaralibrary.com



ത്തിക നഷ്ടങ്ങൾ, കപ്പൽച്ചേദങ്ങൾ, യുദ്ധത്തടവുകാരുടെ സ്ഥിതി, ഇവയെല്ലാം അവൻ പറഞ്ഞെന്നു വരും. കോടതികളിലെ നീതിരഹിതമായ ന്യായവിധികൾ മൂലമുള്ള വിദേശവാസം; സ്വത്തിൻെറ കണ്ടുകെട്ടൽ, മാനഹാനി ഇവയെല്ലാം അവൻ വിവരിച്ചേക്കാം. ശരീരത്തിൻെറ അംഗഭംഗമോ, കണ്ണിൻെറ അന്ധതയോ, മറേറതെങ്കിലും രോഗം മൂലം ഉണ്ടാകുന്ന അപകടങ്ങളോ അവൻ അനുസ്മരിച്ചെന്നു വരാം. ചുരുക്കിപ്പറഞ്ഞാൽ ഈ ജീവിതത്തിൽ മനുഷ്യനുണ്ടാകുന്ന ശരീരത്തിൻെറയോ ആത്മാവിൻെറയോ എല്ലാ സഹനങ്ങളും അവൻ എടുത്തു കാണിച്ചേക്കാം. കാരണം, അവ കരയുന്നവർ ഭാഗ്യവാന്മാരാണെന്നുള്ള പ്രസ്താവന അപഹാസ്യമാണെന്നു് സ്ഥാപിക്കുമെന്നു് അവൻ കരുതിയേക്കാം.

അയോഗ്യവും നികൃഷ്ടവും ആയ അരുചിയിൽ ദൈവികകാര്യങ്ങൾ ചിന്തിക്കുന്നവരെ നാം ഒട്ടും പരിഗണിക്കേണ്ടതില്ല. സൗഭാഗ്യത്തെക്കുറിച്ചുള്ള ഈ പ്രസ്താവനയുടെ അഗാധതയിൽ മറഞ്ഞുകിടക്കുന്ന സമ്പത്തുകളെ നമുക്കു് കഴിവുള്ളിടത്തോളം ഒന്നു പരിശോധിച്ചു നോക്കാം. അപ്പോൾ ഒരു കാര്യം വ്യക്തമാകും. സ്വർഗ്ഗത്തെ സംബന്ധിച്ച ഉൽകൃഷ്ട കാര്യങ്ങളെ പരിഗണിക്കുന്ന മനസ്സും, ജഡികവും ഭൗമികവും ആയ കാര്യങ്ങളെ പരിഗണിക്കുന്ന മനസ്സും തമ്മിൽ വളരെ അന്തരമുണ്ടു്.

വി. പൗലോസു് സങ്കടത്തെക്കുറിച്ചു് പ്രബോധിപ്പിക്കുന്നതനുസരിച്ചു്[26] അകൃത്യങ്ങളുടെ ശേഷമുള്ള പാപികളുടെ കരച്ചിൽ അനുഗ്രഹീതമാണെന്നു് പറയുവാൻ കഴിയും. പലതരത്തിലുള്ള സങ്കടം ഉണ്ടെന്നു് അദ്ദേഹം പറയുന്നുണ്ടു്. ഒന്നു് ഈ ലോകത്തിൻേറതു്. മറേറതു് ദൈവം വരുത്തുന്നതു് ലൗകിക സങ്കടം മരണത്തിനുവേണ്ടി അദ്ധ്വാനിക്കുന്നു. മറേറതാകട്ടെ അനുതാപം മുഖേന രക്ഷയ്ക്കുവേണ്ടി യത്നിക്കുന്നു. ഒരാത്മാവു് അതിൻെറ ദുഷ്ടജീവിതം നിമിത്തമുള്ള ദുഷ്ഫലങ്ങൾ കാരണം കരയുന്നതായാൽ അനുഗ്രഹീതമെന്നു് വിളിക്കപ്പെടുന്ന സങ്കടത്തിൽനിന്നു് ഈ സഹനത്തെ മാററിനിർത്തേണ്ട കാര്യമില്ല. ശാരീരികരോഗത്തെപ്പോലെ

www.malankaralibrary.com



തന്നെയാണ് ഇതും. ഏതെങ്കിലും അപകടംമൂലം ശരീരത്തിന്റെ ഒരു ഭാഗം തളർന്നുപോയാൽ ആ ഭാഗം ചൈതന്യരഹിതമാണെന്നുള്ളതിന്റെ അടയാളം അവിടെ സ്പർശനശക്തി ഇല്ലെന്നുള്ളതാണ്. പക്ഷെ, വൈദ്യശാസ്ത്രം ആ ഭാഗത്തിന് സ്പർശനചൈതന്യം നല്കുകയാണെങ്കിൽ അവിടെ വേദന തോന്നുന്നതിൽ രോഗിയും വൈദ്യനും ഒരുപോലെ സന്തോഷിക്കും. കാരണം, ആ ഭാഗത്ത് വേദന തോന്നുന്നതിന്റെ ലക്ഷണം രോഗം അപകടസാദ്ധ്യത തരണം ചെയ്തു എന്നതിന്റെ ലക്ഷണമാണല്ലോ. ശ്ലീഹാ പറയുന്നതു പോലെ[27] ആളുകൾ പാപജീവിതത്തിൽ മുഴുകുകയും അവക്ക് വേദന തോന്നാതിരിക്കുകയും ചെയ്യുന്നപക്ഷം അവർ യഥാർത്ഥത്തിൽ തളർന്നവരാണ്. പുണ്യജീവിതത്തിന് അവർ മരിച്ചവരാണ്. തങ്ങൾ എന്താണു ചെയ്യുന്നതെന്ന കാര്യത്തിൽ അവക്ക് ഒരു വിചാരവും ഇല്ല.

എന്നാൽ, എരിവും കയ്പുംഉള്ള മരുന്നുപോലെ രോഗം ശമിപ്പിക്കുന്ന ഏതെങ്കിലും വാക്കുകൾ അവർ പിടിക്കൂട്ടും. വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചുള്ള ഭയപ്പെടുത്തലുകളാണ് ഞാൻ ഉദ്ദേശിക്കുന്നത്. പ്രതീക്ഷിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഭയംനിമിത്തം ആ വാക്കുകൾ അവരുടെ ഹൃദയത്തിന്റെ അന്തരാളങ്ങളിലേക്കു തുളച്ചുകയറും. നരകത്തിന്റെ ഭീകരത, കെടാത്ത തീ, ചാകാത്ത പുഴ, പല്ലുകടി, നിത്യമായ വിലാപം, പൂർണ്ണമായ അന്ധകാരം ഇവയെക്കുറിച്ചെല്ലാം അതു് അവരോടു പറയും.[28] ഈ കാര്യങ്ങളെല്ലാം നീററലുള്ള മരുന്നിനേപ്പോലെ അവരിൽ തേച്ചു പിടിപ്പിക്കപ്പെടും. ഇന്ദ്രിയങ്ങളുടെ സന്തോഷങ്ങളും വികാരങ്ങളും മൂലം മരവിച്ചുപോയ മനുഷ്യൻ വീണ്ടും ചൈതന്യമുള്ളവനാകുന്നു. ഏതു തരത്തിലുള്ള ജീവിതമാണ് താൻ നയിച്ചുകൊണ്ടിരിക്കുന്നതെന്നും അവൻ ഗ്രഹിക്കും. അവന്റെ ആത്മാവിൽ ഉളവാകുന്ന നൊമ്പരം മൂലം അവൻ സൗഭാഗ്യമുള്ളവനാണ്.

അന്യന്റെ ഭാര്യയുമായി വ്യഭിചരിക്കുകയും സ്വന്തംപാപത്തെക്കുറിച്ച് ബോധം ഇല്ലാതിരിക്കുകയും ചെയ്തവനെ വി. പൗലോസ് ശാസിക്കുന്നു. തെററു തിരുത്തുവാനുള്ള മരു

www.malankaralibrary.com



ന്നു് ഫലവത്തായപ്പോൾ അവന്റെ ദുഃഖംനിമിത്തം അവൻ അനുഗ്രഹീതനായി കഴിഞ്ഞുവെന്ന വിധത്തിൽ, ശ്ലീഹാ അവനെ സമാശ്വസിപ്പിക്കുന്നു. വളരെയധികമായ സങ്കടം അവനെ വിഴുങ്ങിക്കളയാതിരിപ്പാനാണു് അപ്രകാരം ചെയ്യുന്നതു്.[29] അതിനാൽ സൗഭാഗ്യത്തെക്കുറിച്ചു് പരിഗണിക്കുമ്പോൾ നമുക്കും ഇക്കാര്യം ഓർക്കാം. മനുഷ്യപ്രകൃതി പാപപങ്കിലമാണു്. അതിന്റെ പരിഹാരമാർഗ്ഗം അനുതാപം ആണെന്നും ഓർക്കുക. പുണ്യജീവിതത്തിനു സഹായമാണതു്.

ഇതേവരെ പ്രസ്താവിച്ചതിൽനിന്നു് കൂടുതൽ ഗഹനമായ എന്തോ ക്രിസ്തുനാഥൻ സൂചിപ്പിക്കുന്നുണ്ടെന്നു് എനിക്കു തോന്നുന്നു. ദുഃഖത്തിന്റെ ഉറപ്പേറിയതും ശക്തിദായകവുമായ സ്വാധീനതയിൽ നാം മറ്റെന്തോ ഗ്രഹിക്കണമെന്നാണു് അവിടുന്നു് ആഗ്രഹിക്കുന്നതു്. പാപത്തെക്കുറിച്ചുള്ള അനുതാപം മാത്രമേ അവിടുന്നു് ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിൽ എപ്പോഴും കരയുന്നവരെ അല്ല കരഞ്ഞവരെ അനുഗ്രഹീതരെന്നു് വിളിക്കുകയായിരിക്കും കൂടുതൽ പ്രസക്തി. ഉദാഹരണമായി പറഞ്ഞാൽ രോഗത്തിൽനിന്നു് വിമുക്തനായവനെ നാം അനുഗ്രഹീതനെന്നു പറയും. വിമുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നവരെ അനുഗ്രഹീതരെന്നു നാം പറയുന്നില്ല. പ്രാപിച്ചു കൊണ്ടിരിക്കെ എന്നു പറയുമ്പോൾ അപ്പോഴും രോഗം നിലനില്ക്കുന്നു എന്നാണല്ലോ അർത്ഥം.

പാപത്തെക്കുറിച്ചു് വിലപിക്കുന്നവരെ മാത്രമാണു് ക്രിസ്തുനാഥൻ ഉദ്ദേശിച്ചതെന്ന കാര്യം നാം മുറുകെ പിടിക്കാതിരിക്കുക. കളങ്കമില്ലാത്ത ജീവിതം നയിച്ച അനേകരെ നാം കാണുന്നു. അവരുടെ ജീവിതം സ്തുതിക്കു് യോഗ്യമാകുന്നു എന്നു് ഈ ദൈവികസത്യത്തിൽ സാക്ഷ്യപ്പെട്ടിത്തയിട്ടുണ്ടു്. ഇങ്ങനെ നോക്കിയാൽ സ്നാപകയോഹന്നാൻ അത്യാഗ്രഹി ആയിരുന്നോ? ഏലിയാ പ്രവാചകൻ വിഗ്രഹാരാധനക്കാരനായിരുന്നോ? ചെറുതോ വലുതോ ആയ ഏതു പാപമാണു് ഇവരുടെ ജീവിതത്തിൽ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളതു്? ഇതേക്കുറിച്ചു് എന്തു പറയുന്നു? ക്രിസ്തുനാഥൻ അവരെ സൗഭാഗ്യത്തിൽനിന്നു് മാററി നിർത്തുന്നുണ്ടോ? ആരംഭ

www.malankaralibrary.com



മുതലേ അവർ രോഗികളല്ലായിരുന്നു; അനുതാപത്തിൽ നിന്നുളവാകുന്ന ദുഃഖം എന്ന മരുന്നു് അവൎക്കാവശ്യമില്ലായിരുന്നു. ഒരിക്കലുംപാപം ചെയ്യാതിരുന്നതിനാലും ദുഃഖം മുഖേന പാപത്തിൽനിന്നു് വിമുക്തി പ്രാപിച്ചിട്ടില്ല എന്നതിനാലും അവരെ ഈ സൗഭാഗ്യത്തിൽനിന്നു് ഒഴിച്ചുനിൎത്തുക അപഹാസ്യമല്ലേ? സമാശ്വസിപ്പിക്കുന്നവൻ അനുതപിക്കുന്നവൎക്കു മാത്രമേ ദൈവാനുഗ്രഹം നൽകുന്നുള്ളെങ്കിൽ പാപംകൂടാതെ ജീവിക്കുന്നതിലും നല്ലതു് പാപം ചെയ്യുകയാണെന്നു വരികയില്ലേ? കാരണം അവിടുന്നു പറയുന്നു. കരയുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും. ഹബെക്കൂക്കു് പ്രസ്താവിക്കുന്നതുപോലെ നമ്മെ ഉന്നതസ്ഥലങ്ങളിലേയ്ക്കു നയിക്കുന്നവനെ പിൻചെന്നു് ഈ വാക്കുകളുടെ അൎത്ഥം വീണ്ടും പരിശോധിക്കാം.[30] ഏതു വിധത്തിലുള്ള കരച്ചിലിനാണു് പരിശുദ്ധാത്മാവിന്റെ സമാശ്വാസം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതെന്നു് നമുക്കു് നോക്കാം.

ഈ കരച്ചിൽ അതിൽതന്നെ എന്താണെന്നും എന്തുകൊണ്ടാണു് അതുളവാകുന്നതെന്നും ഗ്രഹിക്കുവാൻ മാനവജീവിതത്തെ നമുക്കു് സമഗ്രമായി പരിശോധിക്കാം. സന്തോഷസംദായകമായ എന്തെങ്കിലും ഇല്ലാതാകുമ്പോൾ ആത്മാവിനുണ്ടാകുന്ന ദുഃഖാത്മകഭാവമാണു കരച്ചിൽ എന്നു് എല്ലാവൎക്കുമറിയാം. സന്തോഷപൂൎവ്വം ജീവിക്കുന്നവൎക്കു് ഇപ്രകാരമുള്ള ദുഃഖം ഉണ്ടാകുന്നില്ല. അനുദിനം ഐശ്വൎയ്യത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്റെ ജീവിതം ഉദാഹരണമായി എടുക്കാം. അവന്റെ എല്ലാ കാൎയ്യങ്ങളും പദ്ധതി അനുസരിച്ചു് ഭംഗിയായി മുന്നോട്ടു പോകുന്നു. അവന്റെ വൈവാഹിക ജീവിതം സന്തോഷപ്രദമാണു്. മക്കളുടെ കാൎയ്യത്തിൽ അവൻ സംതൃപ്തനാണു്. ബന്ധുക്കളുടെ സഹായം അവനു പ്രതീക്ഷിക്കുകയും ചെയ്യാം. സമൂഹത്തിൽ അവനു് നിലയും വിലയുമുണ്ടു്. അധികാരികൾ അവനെ ബഹുമാനിക്കുന്നു. അവന്റെ ശത്രുക്കൾക്കു് അവനെ ഭയമാണു്. അവന്റെ കീഴിലുള്ളവർ അവനു് ആദരം നല്കും. സ്വന്തമായി ജീവിതം ആസ്വദിക്കുന്നവനും, ആകുലരഹിതനും ആ

www.malankaralibrary.com



രോഗ്യവാന്മായ അവനെ എപ്പോഴും സ്നേഹിതന്മാർ സ്വാഗതം ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ ലോകം വിലമതിക്കുന്ന സകലതും അവനുണ്ട്. ഈപ്രകാരമുള്ളവൻ ഈലോകത്തിലെ സകലതും നന്നായി ആസ്വദിക്കുന്നു. അവന്റെ ഐശ്വര്യകരമായ പ്രയാണത്തിന് ഒരു വ്യതിയാനം സംഭവിച്ചു എന്നു സങ്കല്പിക്കുക. ഏതെങ്കിലും നിർഭാഗ്യം നിമിത്തം തന്റെ പ്രിയപ്പെട്ടവരിൽനിന്നും സ്നേഹിതന്മാരിൽനിന്നും അകലാൻ കാരണമായി എന്നു കരുതുക. അല്ലെങ്കിൽ സമ്പത്തു നഷ്ടപ്പെട്ടെന്നോ ആരോഗ്യമില്ലാതായെന്നോ കരുതുക. അപ്പോൾ സുഖദമായ കാര്യങ്ങൾ അവനില്ലാതാകുന്നതു നിമിത്തം സുഖത്തിനെതിരായ മനോഭാവം അവനിലുളവാകുന്നു. ഇതിനെ നാം കരച്ചിൽ എന്നു വിളിക്കുന്നു. അപ്പോൾ നാം നല്കിയ നിർവ്വചനം ശരിതന്നെ. സുഖപ്രദമായ എന്തിന്റെയെങ്കിലും അഭാവം നിമിത്തം ഉളവാകുന്ന വേദനാജനകമായ ഭാവമാണ് കരച്ചിൽ. നമുക്കെല്ലാവർക്കും സുവിദിതമായ ഈമാനുഷികസങ്കടം, അജ്ഞാതമായ സങ്കടം എന്താണെന്നു വ്യക്തമാക്കുന്ന ഒന്നാണ്. അങ്ങനെ അനുഗ്രഹീതമെന്നു വിളിക്കുന്ന ഈ കരച്ചിൽ എന്താണെന്ന് അതിനുശേഷമുള്ള സമാശ്വാസം ചൂണ്ടിക്കാണിക്കുന്നു. ഐഹികജീവിതത്തിൽ അനുഭവിച്ചിരുന്ന സുഖങ്ങൾ നഷ്ടപ്പെടുമ്പോൾ മനുഷ്യന് സങ്കടമുണ്ടാകുന്നു. എന്നാൽ അവന് അജ്ഞാതമായ കാര്യങ്ങൾ നഷ്ടമാകുമ്പോൾ ആരും ദുഃഖിക്കുകയില്ല. അതിനാൽ യഥാർത്ഥത്തിൽ നല്ലതെന്താണെന്ന് നാം കാണണം. അനുഗ്രഹിച്ചതിനു ശേഷം മനുഷ്യസ്വഭാവത്തെക്കുറിച്ചു പരിഗണിക്കണം. അങ്ങനെ മാത്രമേ അനുഗ്രഹീതമെന്നു പറയുന്ന കരച്ചിലിൽ നാം എത്തിച്ചേരുകയുള്ളൂ.

ഇരുട്ടിൽ ജീവിക്കുന്ന രണ്ടുമനുഷ്യരുടെ ഒരു ഉദാഹരണം നമുക്കു നോക്കാം. ഒരാൾ ഇരുട്ടിൽ ജനിച്ചുവളർന്ന ആളാണ്. മറെറയാൾ പ്രകാശം അനുഭവിച്ചുകൊണ്ടിരുന്ന ആളാണ്. ബലമായി പിടിച്ച് അയാളെ ഇരുട്ടിൽ ആക്കുകയാണുണ്ടായതു്. തീർച്ചയായും ഇരുട്ടിലുള്ളവരുടെ ജീവിതം അവരെ ഒരുപോലെ ആയിട്ടായിരിക്കുകയില്ല ബാധിക്കുന്നതു്. പ്രകാശത്തിൽ ജീവിച്ചിരുന്ന ആൾ തനിക്ക് ഉണ്ടായ

www.malankaralibrary.com



രോഗ്യവാൻമായ അവനെ എപ്പോഴും സ്നേഹിതന്മാർ സന്ദർശിക്കും. ചുരുക്കിപ്പറഞ്ഞാൽ ലോകം വിലമതിക്കുന്ന സകലതും അവനുണ്ട്. ഇപ്രകാരമുള്ളവൻ ഈലോകത്തിലെ സകലതും നന്നായി ആസ്വദിക്കുന്നു. അവൻെറ ഐശ്വര്യകരമായ പ്രയാണത്തിന് ഒരു വ്യതിയാനം സംഭവിച്ചു എന്നു സങ്കല്പിക്കുക. ഏതെങ്കിലും നിർഭാഗ്യം നിമിത്തം തൻെറ പ്രിയപ്പെട്ടവരിൽനിന്നും സ്നേഹിതന്മാരിൽനിന്നും അകലാൻ കാരണമായി എന്നു കരുതുക. അല്ലെങ്കിൽ സമ്പത്തു നഷ്ടപ്പെട്ടെന്നോ ആരോഗ്യമില്ലാതായെന്നോ കരുതുക. അപ്പോൾ സുഖദമായ കാര്യങ്ങൾ അവനില്ലാതാകുന്നതു നിമിത്തം സുഖത്തിനെതിരായ മനോഭാവം അവനിലുളവാകുന്നു. ഇതിനെ നാം കരച്ചിൽ എന്നു വിളിക്കുന്നു. അപ്പോൾ നാം നല്കിയ നിർവ്വചനം ശരിതന്നെ. സുഖപ്രദമായ എന്തിൻെറയെങ്കിലും അഭാവം നിമിത്തം ഉളവാകുന്ന വേദനാജനകമായഭാവമാണ് കരച്ചിൽ. നമുക്കെല്ലാവർക്കും സുവിദിതമായ ഈമാനുഷികസങ്കടം, അജ്ഞാതമായ സങ്കടം എന്താണെന്നു വ്യക്തമാക്കുന്ന ഒന്നാണ്. അങ്ങനെ അനുഗ്രഹീതമെന്നു വിളിക്കുന്ന ഈ കരച്ചിൽ എന്താണെന്ന് അതിനുശേഷമുള്ള സമാശ്വാസം ചൂണ്ടിക്കാണിക്കുന്നു. ഐഹികജീവിതത്തിൽ അനുഭവിച്ചിരുന്ന സുഖങ്ങൾ നഷ്ടപ്പെട്ടപ്പോൾ മനുഷ്യന് സങ്കടമുണ്ടാകുന്നു. എന്നാൽ അവന് അജ്ഞാതമായ കാര്യങ്ങൾ നഷ്ടമാകുമ്പോൾ ആരും ദുഃഖിക്കുകയില്ല. അതിനാൽ യഥാർത്ഥത്തിൽ നല്ലതെന്താണെന്ന് നാം കാണണം. അതു ഗ്രഹിച്ചതിനു ശേഷം മനുഷ്യസ്വഭാവത്തെക്കുറിച്ചു പരിഗണിക്കണം. അങ്ങനെ മാത്രമേ അനുഗ്രഹീതമെന്നു പറയുന്ന കരച്ചിലിൽ നാം എത്തിച്ചേരുകയുള്ളു.

ഇരുട്ടിൽ ജീവിക്കുന്ന രണ്ടുമനുഷ്യരുടെ ഒരു ഉദാഹരണം നമുക്കു നോക്കാം. ഒരാൾ ഇരുട്ടിൽ ജനിച്ചുവളന്ന ആളാണ്. മറെറയാൾ പ്രകാശം അനുഭവിച്ചുകൊണ്ടിരുന്ന ആളാണ്. ബലമായി പിടിച്ച് അയാളെ ഇരുട്ടിൽ ആക്കുകയാണുണ്ടായതു്. തീർച്ചയായും ഇരുട്ടിലുള്ളവരുടെ ജീവിതം അവരെ ഒരുപോലെ ആയിട്ടായിരിക്കുകയില്ല ബാധിക്കുന്നതു്. പ്രകാശത്തിൽ ജീവിച്ചിരുന്ന ആൾ തനിക്ക് ഉണ്ടായ

www.malankaralibrary.com



നഷ്ടത്തെക്കുറിച്ചു് സങ്കടപ്പെടുന്നു. മററയാൾക്കാകട്ടെ പ്രകാശത്തിൻെറ വില അറിയാത്തതുകൊണ്ടു് സങ്കടം ഉണ്ടാകുകയില്ല, വിലയുള്ള എന്തെങ്കിലും നഷ്ടപ്പെട്ടതായി അയാൾക്കു് തോന്നുകയുമില്ല. കാരണം, അയാൾ ഇരുട്ടിൽ ജനിച്ചുവളന്ന ആളാണു്. പ്രകാശത്തിൽ ജനിച്ചുവളന്ന ആളാകട്ടെ വീണ്ടും പ്രകാശം കാണുന്നതിനുവേണ്ടി എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കാൻ ശ്രമിക്കും. മററയാൾ അന്ധകാരത്തിൽത്തന്നെ ജീവിതം മുഴുവനും ചെലവഴിക്കും.

നമ്മുടെ ഇപ്പോഴത്തെ ധ്യാനവിഷയം ഏതാണ്ടു് ഇതുപോലെതന്നെയാണു്. യഥാൎത്ഥനന്മയുണ്ടാകുമെന്നു് ഗ്രഹിക്കുകയും മനുഷ്യസ്വഭാവത്തിൻെറ ദാരിദ്ര്യം മനസ്സിലാക്കുകയും ചെയ്താൽ മനുഷ്യാത്മാവു് ദുഃഖത്തിൽ വീഴുകയായി. യഥാൎത്ഥ നന്മയിൽനിന്നു് മാററപ്പെട്ടിരിക്കുന്നതിനാൽ ഐഹികജീവിതം അയാൾ ദുഃഖത്തിൽ ചെലവഴിക്കും. അതിനാൽ ഈ സങ്കടത്തെത്തന്നെയാണു് വചനം അനുഗ്രഹീതമെന്നു് വിളിക്കുന്നതെന്നു് ഞാൻ പറയുകയില്ല. നേരേമറിച്ചു് ഈ സങ്കടാവസ്ഥയ്ക്കു കാരണമാകുന്ന നന്മയെക്കുറിച്ചുള്ള അവബോധത്തെയാണു് അനുഗ്രഹീതമെന്നു് അവിടന്നു പറയുന്നതു്. നമ്മുടെ ആഗ്രഹത്തിൻെറ വിഷയം ഈ ജീവിതത്തിൽ ഇല്ലെന്നുള്ളതാണു് ആ അവബോധത്തിൻെറ കാരണം.

നമ്മുടെ മനുഷ്യസ്വഭാവമാകുന്ന ഗുഹയിൽ പ്രകാശിക്കാത്ത, നമ്മുടെ ജീവിതത്തിൽ ഉണ്ടാകാത്ത, ഈ വെളിച്ചം എന്താണു്? കഴമ്പില്ലാത്തതും വഴുതിപ്പോകുന്നതുമായ എന്തെങ്കിലും ആണോ അതു്? നമ്മുടെ ഐഹികജീവിതത്തിനപ്പുറത്തുള്ള ആ വെളിച്ചത്തിൻെറ ശരിയായ രൂപം വ്യക്തമാക്കാൻ ഏതു വാക്കാണു് നാം ഉപയോഗിക്കുക? അദൃശ്യമായതും അഭൗമികമായതും എന്തു പദംകൊണ്ടു് വ്യക്തമാക്കാൻ സാധിക്കും? രൂപവും വസ്തുവും ഒന്നുമില്ലാത്തതിനെ ഞാൻ എങ്ങനെ കാണിച്ചുതരാനൊക്കും? സമയവും കാലവും ഇല്ലാത്തതും, യാതൊരു വിധത്തിലും നിർവ്വചിക്കാൻ സാധിക്കാത്തതുമായതിനെ ഞാൻ എങ്ങനെ ഗ്രഹിക്കും? അവി

www.malankaralibrary.com



ങ്ങളുടെ പ്രവൃത്തിതന്നെ ജീവനും എല്ലാ നന്മയുടേയും സാരാംശമാണു്. വിചാരത്തിലും വചനത്തിലും മഹോന്നതമായവയെല്ലാം അവിടത്തോടു് ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്വമെന്നോ, രാജ്യമെന്നോ, ശക്തിയെന്നോ, നിത്യതയെന്നോ, നാശമില്ലായ്മയെന്നോ, സന്തോഷമെന്നോ, ഒക്കെ പറയുന്ന എല്ലാ വിചാരങ്ങളും വാക്കുകളും അവിടത്തോടു് ബന്ധപ്പെട്ടിട്ടുള്ളതാണു്. ഈ ദൈവികമഹിമ ധ്യാനിക്കുവാൻ നമുക്കു സാധിക്കും; കാണാൻ സാദ്ധ്യമല്ല. അങ്ങനെയുള്ള ഈ ദൈവികനന്മ ഏതു വിചാരധാരയാൽ നമ്മുടെ ബോധത്തിൽ പ്രവേശിക്കും? എല്ലാത്തിനും അസ്തിത്വം നൽകുന്നതും, ആദിയും അന്തവുമില്ലാത്തതുമായ ദൈവികനന്മ നാമെങ്ങനെ ഗ്രഹിക്കും? അപ്രാപ്യമാകുന്നതിനെ പ്രാപിക്കുവാനുള്ള നമ്മുടെ വാക്കുകൾ പാഴായി പോകാതിരിക്കുന്നതിനുവേണ്ടി നമ്മുടെ ഇന്ദ്രിയങ്ങൾക്കു് അതീതമായ നന്മയുടെ സ്വഭാവത്തിൽ മാത്രം നമ്മുടെ അന്വേഷണം പരിമിതപ്പെടുത്താം. ഈ നന്മ നമ്മുടെ ഗ്രഹണശക്തിയ്ക്കു് അതീതമായിട്ടുള്ളതാണു്, എന്നാൽ, ഇതുവരെ നാം പരിശോധിച്ചതിൽനിന്നു് ഒരു കാര്യം വ്യക്തമായി നമുക്കു് കാണുവാൻ സാധിക്കാത്തവിധം അതു് അത്ര മഹിമയുള്ളതാണെന്നു് നാം ഗ്രഹിച്ചു. ഈ നന്മയുടെ സ്വഭാവം നമ്മുടെ ഗ്രഹണശക്തിക്കു് എത്രമാത്രം അതീതമാണെന്നു് നാം വിശ്വസിക്കുന്നുവോ, അത്രമാത്രം നമ്മിൽ സങ്കടം ഉളവാകും. കാരണം, അതിനെക്കുറിച്ചു് വേണ്ടവണ്ണം അറിവില്ലാതിരിക്കാൻ തക്കവണ്ണം അത്രമാത്രം വലുതായ ആ നന്മ നമ്മിൽ നിന്നു് മാററപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു കാലത്തു് നമ്മുടെ ഗ്രഹണശക്തിക്കു് അതീതമായ നന്മയിൽ നാം പങ്കാളികളായിരുന്നു. എല്ലാ ചിന്തകൾക്കും അതീതമായ നന്മയിൽ നമ്മുടെ സ്വഭാവം പങ്കാളിയായിരുന്നു. കാരണം, ആ നന്മയുടെ സാദൃശ്യത്തിലാണു് നാം സൃഷ്ടിക്കപ്പെട്ടിരുന്നതു്. ജീർണ്ണരാഹിത്യം, സൗഭാഗ്യം, ഒരു യജമാനനെക്കൂടാതെ സ്വയം ഭരിക്കുവാനുള്ള ശക്തി, വേദനയും അദ്ധ്വാനവും കൂടാതെജീവിക്കുവാനുള്ള അവസ്ഥ, എന്നിവയെല്ലാം മനുഷ്യനു് സ്വായത്തമായിരുന്നു. മനുഷ്യൻ ദൈവികകാര്യങ്ങളെക്കുറിച്ചു ചിന്തിക്കുകയും നന്മയെ മറയില്ലാതെ കാണുകയും ചെയ്തിരുന്നു.

www.malankaralibrary.com



ലോകസൃഷ്ടിയുടെ വിവരണം ഏതാനും വാചകങ്ങളിൽ കാര്യങ്ങളെല്ലാം വെളിപ്പെടുത്തുന്നുണ്ടു്. മനുഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു. അവൻ പറുദീസായിൽ അവിടെയുള്ളതെല്ലാം അനുഭവിച്ചുകൊണ്ടു് ജീവിച്ചു. പറുദീസായിലെ വൃക്ഷങ്ങളിലെ ഫലം ജീവനും ജ്ഞാനവും ഒക്കെയായിരുന്നു. ഇവയെല്ലാം ഒരിക്കൽ നമുക്കുണ്ടായിരുന്നു. എങ്കിൽ നമ്മുടെ മുമ്പിലത്തെ സൗഭാഗ്യവും ഇപ്പോഴത്തെ കഷ്ടതയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ നാം എങ്ങനെ സങ്കടപ്പെടാതിരിക്കും? ഉന്നതത്തിൽ ഇരുന്നവ അധഃപതിച്ചു. സ്വർഗ്ഗത്തിൽ നിർമ്മിതമായതു് കേവലം പൂഴിയായി. ഭരിക്കുവാനുദ്ദേശിച്ചിരുന്നതു് അടിമത്തത്തിലായി. അനശ്വരമായി സൃഷ്ടിക്കപ്പെട്ടതു് മരണം മുഖേന നാശത്തിലായി. പറുദീസായിൽ സൗഭാഗ്യങ്ങൾ അനുഭവിച്ചു ജീവിച്ചിരുന്ന മനുഷ്യൻ ഇന്നു് ഭൂമിയിൽ രോഗങ്ങളും കഷ്ടതകളും പേറി ജീവിക്കുന്നു. വികാരങ്ങൾക്കു് അധീനമല്ലാതിരുന്നവൻെറ ജീവിതം ഇന്നു് വികാരങ്ങൾക്കും ജീർണ്ണതകൾക്കും അധീനമാകുന്നു.

ഒരിക്കൽ സ്വാതന്ത്ര്യമായ ഇച്ഛാശക്തി പരിപൂർണ്ണമായി ഉണ്ടായിരുന്നവൻ, യാതൊരു യജമാനൻെറയും കീഴിലുമല്ലാതിരുന്ന മനുഷ്യൻ, ഇപ്പോൾ തിന്മകളാൽ ഭരിക്കപ്പെടുന്നു. നമ്മെ അടക്കിഭരിക്കുന്നവയെല്ലാം എണ്ണിത്തിട്ടപ്പെടുത്തുകതന്നെ പ്രയാസമാണു്. നമുക്കു് സഹജമായ ഏതെങ്കിലും വികാരം ശക്തമാകുവാൻ നാം അനുവദിക്കുകയാണെങ്കിൽ അതു നമ്മെത്തന്നെയും അതിൻെറ അടിമയാക്കുന്നു. ആത്മാവിൻെറ രമ്യഹർമ്മ്യം ഒരു ദുഷ്ടനെപ്പോലെ അതു് കൈവശമാക്കുന്നു. അവന്റെ പ്രജകളെകൊണ്ടുതന്നെ ആ രമ്യഹർമ്മ്യത്തിൻെറ ഉടമസ്ഥനെ അവൻ വേദനിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ചിന്തകളെ അതു് സ്വന്തം ഇഷ്ടം സാധിക്കാനുള്ള വേലക്കാരാക്കുന്നു. കോപവും, ഭയവും, ഭീരുത്വവും വിവേകരാഹിത്യവും, വിഷാദവും, സന്തോഷവും, വെറുപ്പും, കലഹവും, ഭയം ഒട്ടുമില്ലാത്ത ക്രൂരതയും, അസൂയയും, മുഖസ്തുതിയും മൃഗീയതയും വേദനകളെപ്പററിയുള്ള ചിന്തയും, എല്ലാംതന്നെ വികാരങ്ങളാണു്. ഇവയെല്ലാം സേച്ഛാധിപതി

www.malankaralibrary.com



കളെപ്പോലെ; ശുഭക്കാറവാളി എന്നപോലെ ആത്മാവിനെ അതാതിന്റെ കടിഞ്ഞാണില്ലായ്മയ്ക്കു വിധേയമാക്കുന്നു. നമ്മുടെ പ്രകൃതിക്കു സഹജമായ ശാരീരിക സഹനങ്ങൾ—അതായത് മുമ്പ് നമ്മുടെ പ്രകൃതിക്ക് ഇല്ലാതിരുന്നതും ഇപ്പോൾ ഉള്ളതുമായ പലവിധ രോഗങ്ങൾ—കൂടി കണക്കിലെടുക്കുമ്പോൾ മനുഷ്യന് മുമ്പുണ്ടായിരുന്ന സന്തോഷാവസ്ഥയെക്കുറിച്ച് ചിന്തിച്ച് നാം കൂടുതൽ കണ്ണീരൊഴുക്കുകതന്നെ ചെയ്യും.

അതിനാൽ, കരച്ചിൽ അനുഗ്രഹീതമാണെന്ന് അവിടുന്ന് പ്രസ്താവിക്കുമ്പോൾ അതിൽ അന്തർലീനമായ കാര്യം ഇതാണ്. ഐഹിക ജീവിതത്തിലെ വഞ്ചനകളിൽ മുഴുകാതെ ആത്മാവ് യഥാർത്ഥനന്മയിലേയ്ക്കു തിരിയണം. ഈ ക്കാര്യങ്ങൾ വിശദമായി ഗ്രഹിച്ചിട്ടുള്ളവനു കണ്ണുനീരുകൂടാതെ ജീവിക്കുക സാദ്ധ്യമല്ല. ലൗകിക സന്തോഷത്തിൽ മുഴുകിക്കഴിയുന്നവൻ കഷ്ടതകൾ ഉള്ളവനായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ. മൃഗങ്ങളുടെ കാര്യങ്ങളിൽ ഇതിനു സമാനമായ ഒന്ന് നമുക്കു ദർശിക്കാം. അവയുടെ പ്രകൃത്യായുള്ള അവസ്ഥ സഹതാപാർഹമാണ്. നിത്യത ഇല്ലായ്മയേക്കാൾ സഹതാപാർഹം എന്താണുള്ളത്? എന്നാൽ അവറ്റ് അവയുടെ സൗഭാഗ്യരാഹിത്യം അറിവില്ല. അവ സന്തോഷം പ്രകടിപ്പിക്കുന്നുണ്ട്. കുതിര കുതിച്ചു പായുന്നു മൂരിക്കുട്ടൻ പൊടിപടലം ഇളക്കിക്കൊണ്ട് തുള്ളിച്ചാടുന്നു. കരടി മുരളുകയും അതിന്റെ രോമങ്ങൾ എഴുന്നു നില്ക്കുകയും ചെയ്യുന്നു: പട്ടിക്കുട്ടികൾ കളിക്കുന്നു. പശുക്കിടാവുകൾ തുള്ളിച്ചാടുന്നു. ചുരുക്കിപ്പറഞ്ഞാൽ ഓരോ മൃഗവും എന്തെങ്കിലും തരത്തിലുള്ള സന്തോഷം പ്രകടിപ്പിക്കുന്നു. എന്നാൽ സുബുദ്ധിയുണ്ടെങ്കിൽ അവയിങ്ങനെ സന്തോഷത്തിൽ ജീവിക്കുകയില്ല. ഇതുപോലെ തന്നെയാണ് മുമ്പ് നമ്മുടെ മനുഷ്യപ്രകൃതിക്ക് ഉണ്ടായിരുന്ന നന്മയെക്കുറിച്ച് അറിവില്ലാത്തവരുടെ കാര്യവും. അങ്ങനെയുള്ളവരുടെ ജീവിതം ലൗകികസന്തോഷങ്ങളുടെ പിന്നാലെ പരക്കം പായുന്ന ഒന്നാണ്.

www.malankaralibrary.com



ഇതിൽ നിന്നു് ഒരു കാര്യം വ്യക്തമാകുന്നു; ക്രൈസ്തവജീവിതം ആസ്വദിക്കുന്നവർ അതിൽ കൂടുതലായുള്ള നന്മ തേടുന്നവരല്ല. അന്വേഷിക്കാത്ത ഒരുവനു് അന്വേഷിക്കുന്നവക്കു് ലഭിക്കുന്നതു് കരഗതമാവുകയില്ല. ഇക്കാരണത്താലാണു് കരച്ചിലിനെ അനുഗ്രഹീതമെന്നു് വചനം വിളിക്കുന്നതു്. കരച്ചിൽ അതിനാൽ തന്നെ അനുഗ്രഹീതമെന്നല്ല അവിടന്നു് വിവക്ഷിക്കുന്നതു്. ആ കരച്ചിൽ മൂലമുണ്ടാകുന്ന നന്മയാണു് അവിടന്നു വിവക്ഷിക്കുന്നതു്. കരച്ചിൽ അനുഗ്രഹീതമാകുന്നതു് അതിന്റെ പിന്നാലെ സമാശ്വാസം ഉണ്ടാകുന്നതുകൊണ്ടാണു്. അവിടുന്നു പറയുന്നു: "കരയുന്നവർ ഭാഗ്യവാന്മാർ." ആ വാചകം അവിടന്നു് അവിടെ നിർത്തുന്നില്ല. "എന്തുകൊണ്ടെന്നാൽ അവർ സമാശ്വസിപ്പിക്കപ്പെടും" എന്നു് അവിടന്നു കൂട്ടിച്ചേർക്കുന്നു.

മഹാനായ മോശെ ഇതു് ആചരിച്ചു എന്നു് എനിക്കു തോന്നുന്നു. അല്ലെങ്കിൽ വചനം ആഗ്രഹത്തിൽ അദ്ദേഹത്തിനു് ഈ മനോഭാവം ഉളവാക്കിയെന്നു് എനിക്കു തോന്നുന്നു. പെസഹായുടെ അനുഷ്ഠാനത്തിലാണു് ഇതു കാണുന്നതു്. ഈ പെരുന്നാളിനു് പുളിപ്പില്ലാത്ത അപ്പം മോശെ നിർദ്ദേശിച്ചു. പക്ഷേ, ആ അപ്പം ഉപയോഗിക്കുമ്പോൾ കയ്പുള്ള സസ്യങ്ങളും ഉപയോഗിക്കേണ്ടിയിരുന്നു.[31] ഈ ജീവിതത്തിലെ കയ്പുനിറഞ്ഞ സസ്യങ്ങളുമൊരുമിച്ചു മാത്രമെ ലളിതവും പുളിപ്പില്ലാത്തതുമായ ജീവിതം ചേരുകയുള്ളൂ. അങ്ങനെ മാത്രമേ ഈ പെരുന്നാളിൽ മൗതികമായി നമുക്കു് പങ്കാളികളാകാൻ സാധിക്കയുള്ളൂ. തന്റെ ജീവിതത്തിലെ സൗഭാഗ്യത്തിന്റെ അത്യുച്ചിയിൽ, അതായതു്, രാജത്വത്തിൽ താൻ എത്തിയതായി ദാവീദു കണ്ടു. എന്നാൽ യഥാർത്ഥത്തിലുള്ള, തന്റെ ജഡത്തിലുള്ള, തുടർച്ചയായ യാത്രയെക്കുറിച്ചു് നെടുവീർപ്പിട്ടും ഉറക്കെ കരഞ്ഞും അദ്ദേഹം സ്വജീവിതത്തോടു് കൈപ്പു നിറഞ്ഞ സസ്യങ്ങൾ കൂട്ടിച്ചേർക്കുന്നു. കൂടുതൽ നന്മയായ കാര്യങ്ങൾ ആഗ്രഹിച്ചു് അദ്ദേഹം മൂർച്ഛിതനെന്നോണം ആകുന്നു. "എന്റെ ഈ പ്രവാസജീവിതം നീണ്ടുപോകുന്നതിനാൽ എനിക്കു് ഹാ! കഷ്ടം!"[32] എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. വേറൊരിടത്തു് ദൈവിക കൂടാ

രങ്ങളുടെ മനോഹാരിതയെ അദ്ദേഹം ഉററുനോക്കുന്നു.[33] ആഗ്രഹം കൊണ്ടു് താൻ മൂർച്ഛിതനാകുന്നു എന്നു് അദ്ദേഹം പ്രസ്താവിക്കുന്നുണ്ടു്. കാരണം ഈ ലോകത്തിലെ ഒന്നാമത്തെ സ്ഥാനത്തേക്കാൾ ആ കൂടാരങ്ങളിലെ ഏററം ഒടുവിലത്തെ സ്ഥാനം അദ്ദേഹം കൂടുതൽ വിലമതിക്കുന്നു.

അനുഗ്രഹീതമായ ഈ കരച്ചിലിൻെറ ശക്തിയെക്കുറിച്ചു് കൂടുതൽ ഗ്രഹിക്കണമെങ്കിൽ ധനവാൻെറയും ലാസറിൻെറയും ഉപമ പരിശോധിച്ചാൽ മതി. ഈ പ്രബോധനം അവിടെ വ്യക്തമായി കാണാൻ കഴിയും. ആ ഉപമയിൽ അബ്രഹാം ധനവാനോടു പ്രസ്താവിക്കുന്നു: "എൻെറ മകനേ, നിൻെറ ജീവിതകാലത്തു് നീ നന്മകളും, ലാസർ തിന്മകളും അനുഭവിച്ചു എന്നു് ഓർക്കുക. അതുകൊണ്ടു് ഇപ്പോൾ ഇതാ! അവൻ ഇവിടെ ആശ്വസിക്കുന്നു, നീ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു."[34] ദുരുപദേശമോ, ഉപദേശമില്ലായ്മയോ, ദൈവം നമുക്കു് ഉദ്ദേശിച്ചിരിക്കുന്ന നന്മയുടെ ലക്ഷ്യത്തിൽ നിന്നു് നമ്മെ മാററി നിർത്തിയിരിക്കുന്നു. തിന്മയുടെ കലർപ്പില്ലാത്ത നന്മ നാം ആസ്വദിക്കണമെന്നാണു് ദൈവം ഉദ്ദേശിച്ചിരുന്നതു്. നന്മയോടു കൂടി തിന്മയുടെ അനുഭവം കൂട്ടിച്ചേർക്കുന്നതു് അവിടുന്നു വിലക്കിയിരുന്നു. എന്നാൽ ഭക്ഷണത്തിനുള്ള അതിമോഹം നിമിത്തം നാം തിന്മ കൊണ്ടു നിറഞ്ഞു. ദൈവവചനം നിരസിച്ചു് അനുസരണരാഹിത്യം നാം രുചിച്ചു; അതിനാൽ മനുഷ്യപ്രകൃതി നന്മയിലും തിന്മയിലും ഇപ്പോൾ ജീവിക്കണം. സന്തോഷവും സങ്കടവും അനുഭവിക്കുകയും വേണം.

ജീവിതത്തിനു രണ്ടു മണ്ഡലങ്ങൾ ഉണ്ടു്. ഈ രണ്ടു മണ്ഡലങ്ങളുടെയും വ്യത്യസ്തത അനുസരിച്ചു് ജീവിതം രണ്ടു വിധത്തിൽ പരിഗണിക്കപ്പെടുന്നു. അതുപോലെ രണ്ടുവിധത്തിലുള്ള സന്തോഷവും ഉണ്ടു്. ഒന്നു് ഈ ജീവിതത്തോടു ബന്ധപ്പെട്ടതു്. മറേറതു് നമ്മുടെ പ്രത്യാശയ്ക്കു സമർപ്പിതമായതു്. അതിനാൽ, നിത്യജീവിതത്തിലെ യഥാർത്ഥമായ നല്ല നല്ല കാര്യങ്ങൾക്കു വേണ്ടി നമ്മുടെ സന്തോഷത്തിൻെറ പങ്കു് കരുതി വയ്ക്കുന്നതു് അനുഗ്രഹീതമാണെന്നു്

www.malankaralibrary.com



നാം കരുതുക. ഒപ്പം, കടന്നു പോകുന്നതും ഐസ്വൎയ്യമായ ഈ ജീവിതത്തിലെ സങ്കടത്തിന്റെ കടമകൾ നിറവേററുകയും ചെയ്യുക. ഈ ജീവിതത്തിലെ സന്തോഷകരമായ ചില കാൎയ്യങ്ങൾ ഇല്ലാതിരിക്കുക നഷ്ടമായി നാം കരുതരുതു്. ഇവ അനുഭവിക്കുന്നതിനു വേണ്ടി ഇവയിലും നല്ലവ ഇല്ലാതാകുന്നതാണു് യഥാൎത്ഥ നഷ്ടം. നിത്യതയിൽ ഒരിക്കലും അവസാനിക്കാത്തതും എന്നും നിലനില്ക്കുന്നതുമായ സന്തോഷം അനുഭവിക്കുക അനുഗ്രഹീതമാണെങ്കിൽ മനുഷ്യസ്വഭാവം ദുഃഖവും അനുഭവിക്കണം. അപ്പോൾ നമ്മുടെ കൎത്താവിന്റെ വാക്കുകളുടെ അൎത്ഥം ഗ്രഹിക്കുവാൻ പ്രയാസം ഉണ്ടാകുകയില്ല. "ഇപ്പോൾ കരയുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവസാനിക്കാത്ത ലോകത്തിൽ അവർ ആശ്വസിപ്പിക്കപ്പെടും." ഇപ്പോൾ ആശ്വാസം ഉള്ളതു് ആശ്വാസദായകനിൽ പങ്കു ചേരുന്നതുകൊണ്ടാണു്. ആശ്വസിപ്പിക്കുക എന്നുള്ളതു് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവൃത്തിയാണു്. എന്നും എന്നേക്കും മഹത്വമുള്ള നമ്മുടെ കൎത്താവീശോമിശിഹായുടെ അനുഗ്രഹം മൂലേന നാം അതിനു യോഗ്യരായി തീരട്ടെ. ആമീൻ

www.malankaralibrary.com

## പ്രഭാഷണം 4

**നീതിക്കു വേണ്ടി വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ തൃപ്തരാകും.**

വിശപ്പില്ലായ്മ അനുഭവപ്പെടുന്നവർ വയറിന്റെ മുകൾ ഭാഗത്തുള്ള ചില ഗ്രന്ഥികളുടെ പ്രവർത്തനം മൂലം പൂർണ്ണ സംതൃപ്തരായി കാണപ്പെടുന്നു എന്നു് ഭിഷഗ്വരന്മാർ പ്രസ്താവിക്കുന്നു. രുചിയുള്ള ഭക്ഷണത്തിനുവേണ്ടി അത്തരക്കാർക്കാഗ്രഹമില്ല. ഭക്ഷണത്തിനുവേണ്ടിയുള്ള സ്വാഭാവികമായ ആഗ്രഹം കൃത്രിമ സംതൃപ്തിയാൽ അവർക്കു നഷ്ടമായിരിക്കുന്നു. എന്നാൽ മരുന്നു കഴിക്കുകയും ഭക്ഷണത്തിനുള്ള ആഗ്രഹമില്ലായ്മ ഉളവാക്കുന്ന കാരണം ഇല്ലാതാവുകയും ചെയ്യുമ്പോൾ ഭക്ഷണത്തിനു വേണ്ടിയുള്ള വിശപ്പ് വീണ്ടുമുണ്ടാകുന്നു. നിർബ്ബന്ധിതരാകുന്നതുകൊണ്ടു് ഇങ്ങനെയുള്ള രോഗികൾ ഭക്ഷണം ഉപയോഗിക്കുന്നു. ആഗ്രഹവും രുചിയുമുള്ളതുകൊണ്ടു മാത്രം ഭക്ഷണമുപയോഗിക്കുന്നതു് ആരോഗ്യത്തിനും ദോഷകരമാണു്.

ഞാനീ പ്രഭാഷണം ഇങ്ങനെ ആരംഭിക്കുന്നതു് എന്തുകൊണ്ടാണെന്നോ? സൗഭാഗ്യങ്ങളുടെ അടുത്ത പടിയിലേക്കു് വചനം നമ്മെ കൈപിടിച്ചു കയറ്റുന്നു. പ്രവാചകൻ പ്രസ്താവിക്കുന്നതു പോലെ[45] അവിടുന്നു നമ്മുടെ ഹൃദയത്തിൽ മനോഹരമായ പടികൾ ഇട്ടിട്ടുണ്ടു്. നാം മുമ്പു നിന്ന പടിയിൽനിന്നു് കയറാൻ ഒരു പടികൂടി അവിടുന്നു ചൂണ്ടിക്കാണിച്ചു തരുന്നു. "നീതിക്കുവേണ്ടി വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ തൃപ്തരാകും.". കഴിവുള്ളിടത്തോളം ലൗകികഭക്ഷണത്തിനു വേണ്ടിയുള്ള അന്ധമായ ആഗ്രഹം അടിച്ചമർത്തിയശേഷം മുമ്പു പറഞ്ഞ വിധത്തിലുള്ള ഭക്ഷണപാനീയങ്ങൾക്കു വേണ്ടി നാം അനുഗ്രഹീതമായ ആഗ്രഹമുള്ളവരായിത്തീരണം. മതിയായ ഭക്ഷണമില്ലാതെ ശാരീരികാരോഗ്യം നിലനിർത്തുക സാദ്ധ്യമല്ല. ഭക്ഷണം കഴിക്കുവാൻ പറ്റിയ വിശപ്പില്ലെങ്കിൽ തിന്നാലും ദഹിക്കുകയില്ല.

www.malankaralibrary.com



ശക്തി ജീവിതത്തിലെ നല്ല കാര്യങ്ങളിലൊന്നാണ്. ശക്തിയുണ്ടാകാൻ ആവശ്യത്തിനു ഭക്ഷണം കഴിച്ചെങ്കിലേ മതിയാവൂ. ഭക്ഷണം കഴിക്കുന്ന കാര്യമാകട്ടെ വിശപ്പിനെ ആശ്രയിച്ചിരിക്കുന്നു. ജീവനുള്ള ജന്തുക്കൾക്ക് വിശപ്പ് ഒരു നല്ല കാര്യമാണ്. അവയുടെ ശക്തിയുടെ കാരണം അതാണെന്നുള്ളതുതന്നെ. ലൗകിക ഭക്ഷണത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ എല്ലാവർക്കും ഒരേതരത്തിലുള്ള ഭക്ഷണമല്ല ഇഷ്ടം. ചിലർക്ക് മധുരമുള്ളതാകാം, ചിലർക്ക് എരിവും പുളിയുമുള്ളതാകാം. ചിലർക്ക് ഉപ്പുള്ളതാകാം, കയ്പുള്ളതാകാം. ഇഷ്ടമുള്ളതും രുചിയുള്ളതും നല്ലതാകണമെന്നില്ല. ചില തരത്തിലുള്ള ഭക്ഷണത്തോടുള്ള ആഗ്രഹം നിമിത്തം ചിലർക്ക് രോഗമുണ്ടാകുന്നു. രോഗം വർദ്ധിക്കാനും ഇടയുണ്ട്. പക്ഷേ നല്ല ഭക്ഷണത്തിനു വേണ്ടിയുള്ള വിശപ്പുണ്ടാകുന്നുവെങ്കിൽ ആരോഗ്യകരമായി ജീവിക്കാൻ കഴിയും.

മേൽ പ്രസ്താവിച്ചതു പോലൊക്കെത്തന്നെയാണ് ആത്മാവിന്റെ ഭക്ഷണകാര്യവും. എല്ലാവരും ഒരേ കാര്യമല്ല ആഗ്രഹിക്കുന്നത്. ചിലയാളുകൾ മഹത്വമോ, ധനമോ, പ്രമാണിത്തമോ ആഗ്രഹിക്കുന്നു. വിഷഹേതുകമായ ഭക്ഷണംപോലെ ചിലർ സ്വയം അസൂയകൊണ്ടു തങ്ങളെ നിറയ്ക്കുന്നു. നന്മ ആഗ്രഹിക്കുന്നവരും ഭക്ഷണപ്രിയന്മാരും ഉണ്ട്. പ്രകൃത്യാതന്നെ നന്മയായിട്ടുള്ളത് എക്കാലത്തും എല്ലാവർക്കും നല്ലതായിരിക്കും. മറ്റൊന്നിനു വേണ്ടിയല്ലാതെ അതിനു വേണ്ടിത്തന്നെ ആഗ്രഹിക്കത്തക്കതാണത്. നിറഞ്ഞു സംതൃപ്തരായതുകൊണ്ട് നമുക്കാർക്കും അങ്ങനെയുള്ള നന്മമൂലം മടുപ്പു തോന്നുകയില്ല. യഥാർത്ഥ നീതിക്കുവേണ്ടി വിശക്കുന്നവർ ഭാഗ്യവാന്മാരാണെന്ന് വചനം പ്രസ്താവിക്കുന്നത് അതിനാലാണ്.

എന്താണ് നീതി? ഇതർത്ഥം‌തന്നെ വിശദീകരിക്കേണ്ടിയിരിക്കുന്നു. അതിന്റെ മനോഹാരിത ഗ്രഹിക്കുമ്പോൾ മാത്രമേ അതിനുവേണ്ടിയുള്ള ആഗ്രഹം ഉളവാകുകയുള്ളൂ. ഒട്ടുമറിഞ്ഞുകൂടാത്ത ഒന്ന് ആഗ്രഹിക്കുവാൻ സാധിക്കുകയില്ലല്ലോ. അറിയാത്ത ഒന്നിനോട് അടുക്കുക നമ്മുടെ പ്രകൃതി

www.malankaralibrary.com



ക്കു എളുപ്പമല്ല. അതേക്കുറിച്ചു കേൾക്കുകയോ അതു കാണുകയോ ചെയ്തു ഒരാശയം ഉളവായശേഷം നമ്മുടെ പ്രകൃതി അങ്ങോട്ടടുക്കുന്നു.

ചിന്തകന്മാർ പ്രസ്താവിക്കുന്നതു ഓരോരുത്തരും, അവനവനു യോഗ്യമായ വിധത്തിൽ തുല്യമായി വീതിച്ചു കൊടുക്കുവാനുള്ള മനോഭാവമാണു നീതി എന്നത്രെ. പണം വീതിക്കുവാൻ ചുമതലപ്പെട്ടവൻ തുല്യമായി അതു വീതിക്കുകയോ സ്വീകരിക്കുന്നവരുടെ ആവശ്യമനുസരിച്ചു വീതിക്കുകയോ ചെയ്താൽ നീതിയുള്ളവനാണെന്നു നാം പറയും. ന്യായം വിധിക്കാൻ അധികാരമുള്ളവൻ ഇഷ്ടാനിഷ്ടങ്ങൾ നോക്കി വിധി പ്രസ്താവിക്കുകയില്ല, അയാൾ കേസിൻെറ സ്വഭാവം നോക്കും. ശിക്ഷ അർഹിക്കുന്നവർക്കു ശിക്ഷ നല്കും. നിരപരാധിയെ വെറുതെ വിടും. തക്കമുള്ള കാര്യങ്ങളിൽ സത്യമനുസരിച്ചു അയാൾ വിധി പ്രസ്താവിക്കും. ഇപ്രകാരമുള്ളവൻ നീതിമാനെന്നു വിളിക്കപ്പെടും. തൻെറ കീഴിലുള്ളവർക്കു നികുതി ചുമത്തുന്നവനും അവരുടെ പ്രാപ്തിയനുസരിച്ചു വേണം നികുതി ചുമത്തുവാൻ. നഗരാധിപൻെറയോ, ഭരണം നടത്തുന്ന രാജാവിൻെറയോ കാര്യമെടുക്കുക. തങ്ങളുടെ അധികാരം ദുരുപയോഗപ്പെടുത്താതെ, യുക്തിഹീനമായ വികാരങ്ങൾക്കടിമപ്പെടാതെ, എല്ലാവരേയും ഭംഗിയായി ഭരിക്കുന്നു എങ്കിൽ അവർ നീതിയുള്ളവരാണെന്നു നാം പറയും.

എന്നാൽ ശ്രേഷ്ഠമായ ദൈവിക നിയമങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ആ നീതിയിൽ ഇതേവരെ പ്രസ്താവിച്ചതിൽനിന്നു ഉന്നതമായവ ഞാൻ ഗ്രഹിക്കുന്നു. പൊതുവായ നന്മകളിൽ മനുഷ്യവർഗ്ഗത്തിനു മുഴുവനും നല്കിയിട്ടുള്ളതാണു രക്ഷയുടെ വചനം. എന്നാൽ മുമ്പു പ്രസ്താവിച്ചവയുമായി എല്ലാവർക്കും ബന്ധമൊന്നുമില്ല. ഭരിക്കുന്നതിനും, ന്യായവിധി പ്രസ്താവിക്കുന്നതിനും, പണമോ മററുവരുമാനമോ കൈകാര്യം ചെയ്യുന്നതിനും ചുരുക്കം പേർ മാത്രമേ വിളിക്കപ്പെട്ടിട്ടുള്ളു. ഭൂരിപക്ഷം ആളുകളും ഇങ്ങനെയുള്ളവരുടെ അധികാരത്തിൻ കീഴിലായിരിക്കും. അവർ എല്ലാവരേയും ഒരുപോലെ ഉദ്ദേശിച്ചുള്ളതു എങ്ങനെ നീതി

www.malankaralibrary.com



യായി സ്വീകരിക്കാനൊക്കും? സമത്വമാണു് നീതിയുള്ള മനുഷ്യന്റെ ലക്ഷ്യം. ചിലർ പ്രമാണിത്തത്തിൽ നില്ക്കുന്നതു് അസമത്വത്തിനു കാരണമാണു്. അതിനാൽ, ഈ നിർവ്വചനം സ്വീകരിക്കുക സാദ്ധ്യമല്ല. ജീവിതത്തിലെ അസമത്വംതന്നെ അതിനു കാരണം.

അപ്പോൾ, എല്ലാവൎക്കും ഒരുപോലെയുള്ള, സുവിശേഷം സ്വീകരിക്കുന്ന, എല്ലാവരും ആഗ്രഹിക്കേണ്ട ആ നീതി എന്താണു്? ഒരുവൻ ധനികനോ, ദരിദ്രനോ, ഭൃത്യനോ, യജമാനനോ, അഭിജാതനോ, അടിമയോ ആയിക്കൊള്ളട്ടെ, ഇവയൊന്നും ആ നീതിയെ കുറയ്ക്കുകയോ വൎദ്ധിപ്പിക്കുകയോ ചെയ്യുന്നില്ല. വലിയ അധികാരവും പ്രമാണിത്തവും ഉള്ളവരിലേ ഈ നീതി കാണുകയുള്ളുവെങ്കിൽ ദരിദ്രനായ ലാസർ എങ്ങനെയാണു് നീതിമാനായതു്? അവൻ ധനികന്റെ പടിവാതിൽക്കൽ കിടക്കുകയായിരുന്നു. ഭൗതികമായ യാതൊരു സമ്പാദ്യവും അവനില്ലായിരുന്നു. ശക്തിയോ, അധികാരമോ, ഭവനമോ, ഭക്ഷണമോ, ഈ ലോകത്തിലെ നീതിയുമായി ബന്ധിക്കപ്പെടുന്ന ഏതെങ്കിലുമോ അവനില്ലായിരുന്നു. നീതി എന്നതു് ഭരണത്തെയോ വിതരണത്തെയോ ആശ്രയിച്ചാണിരിക്കുന്നതെങ്കിൽ ഇങ്ങനെ അധികാരമില്ലാത്തവർ നീതിയുടെ മണ്ഡലത്തിനു പുറത്താണെന്നു വരും. സാധാരണ ആളുകൾ പറയുന്ന രീതിയിൽ നീതിയുടെ പ്രത്യേകതകളായി പരിഗണിക്കപ്പെടുന്ന ഇവയൊന്നുമില്ലാത്തവൻ നിത്യസമ്മാനത്തിനു് യോഗ്യനാണെന്നു് എങ്ങനെ പരിഗണിക്കാൻ കഴിയും? ആഗ്രഹിക്കുന്നവൎക്കു് ഫലപ്രദമാകുന്ന ആ നീതിയെ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. കാരണം, നമ്മുടെ കൎത്താവു പറയുന്നു, "നീതിക്കായി വിശക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ തൃപ്തരാകും."

ആഗ്രഹിക്കുവാൻ മനുഷ്യപ്രകൃതി പ്രേരിതമാകുന്ന പലതും ലോകത്തിലുണ്ടു്. അവയെക്കുറിച്ചൊക്കെ നാം വിവേചനം പാലിച്ചേ മതിയാവൂ. ഇവയിൽ ചിലതു് ഉപകാരപ്രദവും മറ്റു ചിലതു് ഉപദ്രവകരവുമായിരിക്കും. നല്ല ഭക്ഷണമെന്നു കരുതി ഉപദ്രവകരമായ ഭക്ഷണം കഴിച്ചു് ആ

www.malankaralibrary.com



ത്മാവു് മുതിയടയാൻ എളുപ്പമുണ്ടു്. അതിനാൽ സുവിശേഷങ്ങളിൽ ഒരന്വേഷണം നടത്തി ഈ നീതിയുടെ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ സാധിക്കുമോ എന്നു നമുക്കു നോക്കാം.

പാപമൊഴികെ മറെറല്ലാം നമ്മെപ്പോലെ ഉണ്ടായിരുന്നവൻ, നമ്മുടെ എല്ലാ പീഡകളും സഹിച്ചവൻ, വിശപ്പു് ഒരു പാപമായി കരുതിയില്ല. തന്മൂലം അവിടന്നു് ഈ അനുഭവത്തിലൂടെ കടന്നുപോകുകയും സ്വാഭാവികമായി ഭക്ഷണം ആഗ്രഹിക്കുകയും ചെയ്തു. ഭക്ഷണമില്ലാതെ നാല്പതു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവിടത്തേയ്ക്കു വിശന്നു. അവിടന്നു് ഭക്ഷണം ആഗ്രഹിച്ചു. ഭക്ഷണം ആഗ്രഹിച്ചപ്പോൾ മനുഷ്യസ്വഭാവം അതിനു സഹജമായ നിലയിൽ പ്രവൎത്തിക്കുവാൻ അനുവദിക്കുകയാണു് ചെയ്തതു്. എന്നാൽ, പരീക്ഷകളുടെ പിതാവായ പിശാചിനു് അവിടത്തെ വിശപ്പു മനസ്സിലായപ്പോൾ, കല്ലുകൾ അപ്പമാക്കി ഭക്ഷിക്കുവാൻ അവിടത്തെ ഉപദേശിച്ചു. സ്വാഭാവികഭക്ഷണത്തിലുള്ള ആഗ്രഹം ദുഷിപ്പിച്ചു് പ്രകൃതിക്കു പുറത്തുള്ള ഒന്നിലേക്കു് നീങ്ങാനുള്ള പ്രേരണയായിരുന്നു അതു്. അവൻ പറയുന്നു.[36] "ഈ കല്ലുകൾ അപ്പമായിത്തീരുവാൻ കല്പിക്കുക."

ഭൂമി ഉഴുന്നതിൽ എന്താണു് തെറ്റു്? വിത്തുകൾ എന്തിനു് ഉപേക്ഷിക്കണം? ഭൂമി നല്കുന്ന ഭക്ഷണത്തെ എന്തിനു നിന്ദിക്കണം? മനുഷ്യവൎഗ്ഗത്തെ ധാന്യംകൊണ്ടു് പോഷിപ്പിച്ചില്ല എന്ന നിലയിൽ സ്രഷ്ടാവിന്റെ വിവേകത്തെ എന്തിനു പിശാചു വിധിക്കുന്നു? കല്ലുകൾ ഭക്ഷണമാകാൻ കൊള്ളാവുന്നവയായിരുന്നെങ്കിൽ ദൈവത്തിന്റെ ജ്ഞാനം മനുഷ്യൎക്കു ശരിയായ ഭക്ഷണം നല്കിയെന്നു സമ്മതിക്കണം. ഈ കല്ലുകൾ അപ്പമാകാൻ കല്പിക്കുക. തങ്ങളുടെ ജഡമോഹം മുഖേന പരീക്ഷിക്കപ്പെടുന്നവരോടു് അവനിപ്പോഴും ഇതുതന്നെ പറയുന്നു. തന്റെ വാക്കുകൾ ശ്രദ്ധിക്കുന്നവരോടു് കല്ലുകൾ ഭക്ഷണമാക്കാനാണു് അവൻ പറയുക. ആഗ്രഹങ്ങൾ അവയുടെ നിയമപരിധിക്കുപുറത്തു പോകുമ്പോൾ അതു പിശാചിന്റെ തന്ത്രമല്ലാതെ മറെറ

www.malankaralibrary.com



ന്താണ്? വിത്തുകളിൽ നിന്നുളവാകുന്ന ഭക്ഷണം വർജ്ജിച്ച് പ്രകൃതിയുടെ പരിധിക്കപ്പുറമായ കാര്യങ്ങളിലേയ്ക്ക് വിശപ്പിനെ തിരിച്ചുവിടുന്ന പിശാചിന്റെ തന്ത്രമല്ലാതെ മറെറന്താണത്?

എന്നാൽ അത്യാഗ്രഹം നിമിത്തം കല്ലുകൾ ഭക്ഷണമെന്നവണ്ണം കഴിക്കുന്നവരുണ്ട്. നീതിരഹിതമായി പണം സമ്പാദിച്ചതിനുശേഷം വളരെയധികം പണം ചെലവു ചെയ്ത് വിശിഷ്ടഭോജ്യങ്ങൾ തയ്യാറാക്കി അവർ ആസ്വദിക്കുന്നു. അവരുടെ സമ്പത്തും പ്രൗഢിയും മററുള്ളവർ വിലമതിക്കണമെന്നാണ് അവരുടെ ആഗ്രഹം. വളരെ വില പിടിച്ച വെള്ളിപ്പാത്രങ്ങളും മററും അവർ ഉപയോഗിക്കുന്നു. ജീവിതത്തിലെ ആവശ്യം നിറവേററുകയല്ല അവരുടെ ലക്ഷ്യം. ഇത്രയധികം പാത്രങ്ങൾ എന്തിനു്?

ഇനി എന്താണ് വിശപ്പെന്നു നോക്കാം. ഒരുവനു് ആവശ്യമുള്ള ഭക്ഷണത്തിനുള്ള ആഗ്രഹംതന്നെ. ശാരീരികമായ ഊർജ്ജം ക്ഷയിക്കുമ്പോൾ ആ കുറവ് ആവശ്യമുള്ള പോഷക ഭക്ഷണങ്ങൾ ഉപയോഗിച്ച് നികത്തണം. അതിനു് എന്തെങ്കിലും തിന്നണമെന്നു് പ്രകൃതിസഹജമായ ആഗ്രഹം ഉണ്ടാകുന്നു. അപ്പത്തിനു പകരം സ്വർണ്ണം വായിലിട്ടാൽ അവന്റെ ആവശ്യം നടക്കുമോ? അതിനാൽ ഭക്ഷിക്കുന്നതിനുവേണ്ടിയല്ലാതെ മനുഷ്യൻ ലൗകികകാര്യങ്ങളിൽ ബദ്ധശ്രദ്ധനായി കഴിഞ്ഞാൽ കല്ലുകളെക്കുറിച്ച് അവൻ ബദ്ധശ്രദ്ധനാണ്. പ്രകൃതി ഒരു കാര്യം അന്വേഷിക്കുമ്പോൾ മറെറാന്നു കണ്ടെത്താനുള്ള തത്രപ്പാടിലാണവൻ.

വിശപ്പു തോന്നിച്ചുകൊണ്ട് ഭക്ഷണമാവശ്യമുണ്ടെന്നു് പ്രകൃതി നമ്മെ അറിയിക്കുന്നു. ശരീരത്തിനു് നഷ്ടപ്പെട്ട ഊർജ്ജവും ശക്തിയും വീണ്ടെടുക്കേണ്ടിയിരിക്കുന്നു. എന്നാൽ നിങ്ങൾ പ്രകൃതിക്ക് ചെവികൊടുക്കുന്നില്ല. അതന്വേഷിക്കുന്നതു് നിങ്ങൾ നല്കുന്നുമില്ല. നേരെമറിച്ച് കുറെ വെള്ളിപ്പാത്രങ്ങളുണ്ടാക്കാൻ പണിക്കാരനെ അന്വേഷിക്കുകയാണ് നിങ്ങൾ ചെയ്യുക. ആ പാത്രങ്ങളിന്മേൽ കൊത്തിയുണ്ടാക്കുവാനുള്ള പ്രതിമകളെക്കുറിച്ച് നിങ്ങൾ

www.malankaralibrary.com



അന്വേഷണമാരംഭിക്കുകയായി. ഈ കൊത്തുപണികൾ സാങ്കേതിക വിദ്യകളിൽ അധീനീയമായിരിക്കണമെന്നും മാനവവികാരങ്ങൾ ഇക്കിളിപ്പെടുത്തുന്നവയായിരിക്കണമെന്നും നിങ്ങളാഗ്രഹിക്കുന്നു. യുദ്ധനിപുണൻ ഉറയിൽനിന്നു് വാൾ വലിച്ചൂരുമ്പോൾ അയാളുടെ മുഖത്തു് രോഷം കത്തിപ്പടരുന്നതായി കൊത്തുപണിയിൽ കാണിച്ചിരിക്കണമെന്നു് നിങ്ങളാഗ്രഹിക്കുന്നു. മാരകമായ മുറിവേററവൻ വേദനകൊണ്ടു് പുളയുന്നതും ഉറക്കെ കരയാൻ തുടങ്ങുന്നതും പണിയിൽ കാണിച്ചിരിക്കണം. വന്യമൃഗത്തെ ആക്രമിക്കുന്ന നായാട്ടുകാരനോ അതുപോലെയുള്ള് കഥയില്ലായ്മകളോ ഒക്കെ നിങ്ങൾക്കു് ശില്പങ്ങളിൽ കാണാനാഗ്രഹമുണ്ടാകും.

പ്രകൃതിസഹജമായി ദാഹമുണ്ടാകുന്നു. പാനീയം ഉപയോഗിക്കുന്നതിനു വേണ്ടി വളരെ വിലപിടിപ്പുള്ള പാത്രങ്ങൾ നിങ്ങളുണ്ടാക്കുന്നു. പക്ഷേ ഇവയ്ക്കു് ദാഹവുമായി ബന്ധമൊന്നുമില്ല. നിങ്ങളപ്രകാരം ചെയ്താൽ കല്ലുകളെ ശ്രദ്ധിക്കുവാൻ പറഞ്ഞവൻെറ ഉപദേശത്തിനു് നിങ്ങൾ ചെവി കൊടുക്കുകയല്ലേ? കല്ലുകൾ കൊണ്ടുള്ള ഭക്ഷണത്തെക്കുറിച്ചു് അധികം വിസ്തരിക്കാതിരിക്കുകയാണു് നല്ലതു്. വികാരങ്ങളെ ഇളക്കി വിടുകയും കൂടുതൽ തിന്മകളിലേയ്ക്കു് നയിക്കുകയും ചെയ്യുന്നവയാണിവ.

ഭക്ഷണത്തെക്കുറിച്ചുള്ള പിശാചിൻെറ ഉപദേശം കണ്ടില്ലേ? സാധാരണ അപ്പം ഉപയോഗിച്ചു് സംതൃപ്തനാകുന്നതിനു പകരം കല്ലിലേയ്ക്കു തിരിയുവാനാണു് അവൻ നിർദ്ദേശിക്കുക. എന്നാൽ പരീക്ഷകളെ ജയിക്കുന്ന ക്രിസ്തുനാഥൻ തിന്മയ്ക്കു കാരണമെന്ന വിധത്തിൽ പ്രകൃതിയിൽനിന്നു് വിശപ്പിനെ നീക്കിക്കളയുന്നില്ല. ആവശ്യത്തോടൊന്നിച്ചു് ശത്രുവായ പിശാചു് കടത്തിവിടുന്ന കുതന്ത്രങ്ങളെയാണു് അവിടന്നെതിർക്കുന്നതു്. പ്രകൃതിയെ അതിൻെറ പരിധികളിൽ സ്വതന്ത്രമായി പെരുമാറുവാൻ അനുവദിക്കുന്നു. ഒരുദാഹരണം പറയാം: വീണതിരിക്കുന്നവർ അതിലെ പത നിമിത്തം നല്ല ദ്രാവകം നഷ്ടമാക്കുന്നില്ല. അഴുക്കുകൾ അവർ മാററിക്കളയും. അത്രതന്നെ. ക്രിസ്തുനാഥൻെറ

www.malankaralibrary.com



ആപ്രകാരംതന്നെ പ്രവൎത്തിക്കുന്നു. അവിടത്തെ ഏററവും മഹനീയവും പരിശുദ്ധവുമായ ധ്യാനംനിമിത്തം അവിടന്നു് പ്രകൃതിക്കു ന്യായമായവയെ വേർതിരിച്ചെടുക്കുന്നുണ്ടു്. അതിനാൽ ജീവൻ നിലനിറുത്തുന്നതിനാവശ്യമായതിനാൽ വിശപ്പിനെ അവിടുന്നു് ഉന്മൂലനം ചെയ്യുന്നില്ല. പക്ഷെ, ഈ ആവശ്യവുമായി കൂടിച്ചേൎന്നു പോയിട്ടുള്ള ഉപരിപ്ലവ കാര്യങ്ങൾ അവിടന്നു പാററിക്കളയുന്നു. അപ്പം ആരോഗ്യം നൽകുന്നു എന്നു് അവിടന്നു സമ്മതിക്കുന്നുണ്ടു്. മനുഷ്യപ്രകൃതിയോടു് ദൈവവചനം പൊരുത്തപ്പെട്ടിരിക്കുന്നു. അതിനാൽ ഈശോയ്ക്കു് വിശന്നു എങ്കിൽ അവിടത്തെ എന്നപോലെ നമ്മിലുള്ള വിശപ്പും യഥാൎത്ഥത്തിൽ അനുഗ്രഹീതമായിരിക്കണം. എന്തിനുവേണ്ടിയാണു് നമ്മുടെ കൎത്താവു് വിശന്നതെന്നറിയുന്നപക്ഷം നമ്മൾ ഇപ്പോൾ പരിഗണിക്കുന്ന സൗഭാഗ്യത്തിൻെറ അൎത്ഥം തീൎച്ചയായും ഗ്രഹിക്കാം.

ആഗ്രഹിക്കുന്നതിൽ ഈശോയിക്കു ലജ്ജ തോന്നാതിരുന്ന ആ ഭക്ഷണം എന്താണു്? സമറിയാക്കാരി സ്ത്രീയോടുള്ള സംഭാഷണത്തിനുശേഷം അവിടന്നു് ശിഷ്യന്മാരോടു് അരുൾചെയ്യുന്നു[37]. "എൻെറ പിതാവിൻെറ ഇഷ്ടം പ്രവൎത്തിക്കുകയാണു് എൻെറ ഭക്ഷണം". എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണം എന്നും സത്യത്തിൻെറ ജ്ഞാനത്തിലേയ്ക്കു് വരണം എന്നുള്ളതാണു് പിതാവിൻെറ ഇഷ്ടം[38]. നാം എല്ലാവരും രക്ഷിക്കപ്പെടണം എന്നാണു് പിതാവിൻെറ ഇഷ്ടം എങ്കിൽ നമ്മുടെ ജീവിതമാണല്ലോ ക്രിസ്തുവിൻെറ ഭക്ഷണം. അപ്പോൾ ആത്മാവിൻെറ ഈ വിശപ്പുള്ള അവസ്ഥ എങ്ങനെ ഉപയോഗപ്പെടുത്തണമെന്നു നമുക്കറിയാം എന്നുപറഞ്ഞാൽ എന്താണു്? നമ്മുടെ രക്ഷയ്ക്കുവേണ്ടി നമുക്കു വിശപ്പുണ്ടാകണമെന്നും ദൈവതിരുമനസ്സിനു വേണ്ടി നാം ദാഹിക്കണമെന്നും. നാം രക്ഷിക്കപ്പെടണമെന്നുള്ളതന്നെയാണതു്.

ഇപ്രകാരമുള്ള ഒരു വിശപ്പു് നമ്മിൽ എങ്ങനെ ഉളവാകുമെന്നു് ഈ സൗഭാഗ്യത്തെക്കുറിച്ചുള്ള പരിഗണനയിൽ നാം കണ്ടു. ദൈവത്തിൻെറ നീതി നാം ആഗ്രഹിക്കുന്നുവെങ്കിൽ യഥാൎത്ഥത്തിൽ ആഗ്രഹിക്കേണ്ടതു് കണ്ടെത്തിക്കഴി

www.malankaralibrary.com



ല്ലോ. ഈ വിശപ്പിനു് പല മുഖഭാവങ്ങളുമുണ്ടാകാം. അങ്ങനെ പല മുഖഭാവങ്ങളിൽകൂടി വിശപ്പു ശമിപ്പിക്കാം. നമ്മുടെ ഭക്ഷണം എന്ന നിലയിൽ മാത്രമല്ല, നാം നീതിയിൽ പങ്കാളികളാകുവാനുമാണു അവിടന്നു് ആഗ്രഹിക്കുന്നതു്. ഈ രീതിയിൽ മാത്രമേ ആ ആഗ്രഹം രൂപം പ്രാപിക്കേണ്ടതുള്ളുവെങ്കിൽ അതു് പൂർണ്ണമാകുന്നില്ല. ഇതു ഭക്ഷിക്കുക മാത്രമല്ല പാനം ചെയ്യാം എന്നുകൂടി അവിടന്നു പറയുന്നു. ആഗ്രഹത്തിന്റെ തീക്ഷ്ണതയ്ക്കനുസൃതമായിരിക്കും ദാഹത്തിന്റെ തീക്ഷ്ണത. ദാഹമുള്ളപ്പോൾ നാക്കു വരളുന്നു. നമ്മിലുള്ള ജലാംശം കുറയുന്നു. ഇതിനാൽ സന്തോഷത്തോടുകൂടിയാണു് ദാഹം ശമിപ്പിക്കാനുള്ള പാനീയം നാം ഉപയോഗിക്കുക. ഭക്ഷണത്തിനും പാനീയത്തിനും വേണ്ടിയുള്ള ആഗ്രഹം ഒരേ രീതിയിലാണെങ്കിലും രണ്ടും രൂപപ്പെടുന്നതു് പ്രത്യേക രീതിയിലാണു്. തന്മൂലം നന്മയ്ക്കുവേണ്ടിയുള്ള (ദൈവത്തിനു വേണ്ടിയുള്ള) മഹോന്നതമായ ആഗ്രഹം വചനം ഇപ്രകാരം പ്രകടിപ്പിക്കുകയും നീതിക്കുവേണ്ടി വിശപ്പും ദാഹവും സഹിക്കുന്നവരെ ഭാഗ്യവാന്മാരെന്നു വിളിക്കുകയും ചെയ്യുന്നു. അഭിലഷണീയമായ ആ ലക്ഷ്യം രണ്ടുവിധത്തിൽ സാധിക്കാവുന്നതു മഹനീയമാണു്. വിശപ്പുള്ളവനു് പ്രസാദവരം ഫലമുള്ള ഭക്ഷണവും ദാഹം മൂലം അതിനാഗ്രഹിക്കുന്നുവെങ്കിൽ പാനീയവുമാണു്.

“നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ തൃപ്തരാകും.” നീതിക്കു വേണ്ടിയുള്ള ആഗ്രഹം മാത്രമാണോ സൗഭാഗ്യമുള്ളതു് എന്നു ചോദിച്ചേക്കാം. അതുപോലുള്ള ആഗ്രഹം മിതത്വത്തിനും, ജ്ഞാനത്തിനും, വിവേകത്തിനും, മറ്റേതെങ്കിലും സദ്ഗുണത്തിനും വേണ്ടിയുണ്ടാകാമല്ലോ? അങ്ങനെയുള്ളവരെ എന്താണു് അനുഗ്രഹീതർ എന്നു വിളിക്കാത്തതു്? താഴെപ്പറയുന്ന വ്യഖ്യാനം നല്കാവുന്നതാണു്. 'നീതി പല പുണ്യങ്ങളിലൊന്നാണു്. മുഴുവനും ചൂണ്ടിക്കാണിക്കുവാൻ വേദപുസ്തകത്തിൽ ഒരു ഭാഗം മാത്രം ഉപയോഗിക്കുന്ന രീതിയുണ്ടു്. ഉദാഹരണമായി ദൈവസ്വഭാവത്തിനു് ചില

www.malankaralibrary.com



പേരുകൾ നൽകുമ്പോൾ ദൈവത്തെ സംബന്ധിച്ച പ്രസ്താവിക്കയിൽ പ്രവചനം പറയുന്നു[39], "ഞാൻ കർത്താവാകുന്നു. ഇതാകുന്നു എന്റെ നിത്യമായ നാമം. എല്ലാ തലമുറകൾക്കുമുള്ള എന്റെ ഓർമ്മയാകുന്നു ഇതു്." വേറൊരിടത്തു പ്രസ്താവിക്കുന്നു:[40] "ആകുന്നവൻ ഞാനാകുന്നു." മറെറാരു സ്ഥാനത്തു പറയുന്നതു് ശ്രദ്ധിക്കുക,[41] "ഞാൻ ദയയുള്ളവനാണു്." ഇങ്ങനെ ദൈവത്തിന്റെ മഹിമയുള്ള ഹൃദയത്തെ പ്രകടമാക്കുന്ന വേറെ അനേകം പേരുകളും വേദപുസ്തകത്തിൽ കാണാം. ഇതിൽ ഒരു കാര്യം വ്യക്തം. ഒരു പേരു പറയുമ്പോൾ മറെറല്ലാ പേരുകളും അതിൽ ഉൾക്കൊള്ളുന്നുണ്ടെന്നുള്ളതു്. കർത്താവു എന്നു പറയുമ്പോൾ അവിടന്നു മറെറാന്നും ആകുന്നില്ലെന്നു പറയാൻ പററുകയില്ലല്ലോ. ഈ ഒററപേരു കൊണ്ടുതന്നെ മററുള്ള പേരുകളും ഉദ്ദേശിക്കപ്പെടുന്നുണ്ടു്.

ഒരു ഭാഗത്തിൽ തന്നെ ദൈവനിവേശിതമായ വചനം മററനേകം കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടു്. "നീതിക്കായി വിശക്കുന്നവർ ഭാഗ്യവാന്മാർ" എന്നു് വചനം പ്രസ്താവിക്കുന്നതിൽനിന്നു് ആ നീതിയിൽ മറെറല്ലാ പുണ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു് വ്യക്തമാണു്. ഇങ്ങനെ നോക്കുമ്പോൾ വിവേകത്തിനു വേണ്ടിയോ, ധൈര്യത്തിനു വേണ്ടിയോ, മിതത്വത്തിനു വേണ്ടിയോ, വിശപ്പനുഭവിക്കുന്നവർ ഭാഗ്യവാന്മാരാണു്. മറെറാരു പുണ്യവും ഇല്ലാതെ ഒരു പുണ്യം മാത്രം ഉണ്ടാവുക എന്നുള്ളതു് സംഭവ്യമല്ല. അങ്ങനെ ഉണ്ടാവും എന്നു തോന്നുന്നപക്ഷം അതു് യഥാർത്ഥ പുണ്യമല്ല. മററു യാതൊരു പുണ്യവും ഉണ്ടാകുന്നില്ലെങ്കിൽ എന്തോ ദുർഗ്ഗുണം അവിടെ ചേർന്നു കിടപ്പുണ്ടെന്നുള്ളതു് വ്യക്തമാണു് മിതത്വത്തിനെതിരായിട്ടുള്ളതു് അതിതാഗ്രഹമാണു്. വിവേകത്തിനെതിരായിട്ടുള്ളതു് മറയത്തരമാണു്. നല്ലതെന്നു പറയുന്നതിനെല്ലാം അതിന്റെ എതിരായിട്ടുള്ളതും കാണും എന്നോർക്കുക. അപ്പോൾ നീതി എന്നു പറയുന്നതിൽ മറെറല്ലാ ഗുണങ്ങളും അടങ്ങിയിട്ടില്ലെങ്കിൽ ഉണ്ടെന്നു പറയുന്ന നീതി പൂർണ്ണവും നല്ലതുമാണെന്നു് പ്രസ്താവിക്കുക സാദ്ധ്യമല്ല. തിന്മയെന്നു പറയുന്ന ഒന്നിനോടു നീതിയെ ബന്ധപ്പെടുത്താൻ സാദ്ധ്യമല്ല. നീതിയെന്നു പറയുന്നതിൽ

www.malankaralibrary.com



തിന്മയൊന്നും ഇല്ലെങ്കിൽ അതിൽ ഉൾപ്പെടുന്നതെല്ലാം നന്മയായിരിക്കണമല്ലോ? നല്ലതെല്ലാം സദ്ഗുണത്തോടു ബന്ധപ്പെട്ടവയാണ്. അതിനാൽ നീതിയിൽ മറെറല്ലാ പുണ്യങ്ങളും അടങ്ങിയിരിക്കുന്നു, അതിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരെ വചനം അനുഗ്രഹീതരെന്നു വിളിക്കുകയും അവർക്കു സംതൃപ്തി വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

"നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ തൃപ്തരാകും" എന്നാണല്ലോ അവിടന്നു പ്രസ്താവിക്കുന്നത്. ഇതിൻെറ അർത്ഥം ഇപ്രകാരമായിരിക്കാമെന്ന് എനിക്കു തോന്നുന്നു: സന്തോഷത്തിനുവേണ്ടി മാത്രം ഈ ലോകത്തിൽ എന്തെങ്കിലും ആഗ്രഹിച്ച് അതിൻെറ പിന്നാലെ നെട്ടോട്ടമോടിയാൽ അതൊന്നും അവരെ തൃപ്തിപ്പെടുത്തുകയില്ല. വിജ്ഞാനം ഒരിടത്ത് ഇപ്രകാരം പറയുന്നു[12]. "ഇന്ദ്രിയങ്ങളുടെ സന്തോഷങ്ങൾ, ധാരാളം ദ്വാരങ്ങളുള്ള പാത്രം പോലെയാകുന്നു" പാത്രം നിറഞ്ഞുകാണാൻ ഉൽകണ്ഠയുള്ള ആളുകൾ ആ പാത്രം നിറയ്ക്കുന്നു, പക്ഷേ അതു് നിഷ്ഫലമാകുന്നു. സന്തോഷത്തിൻെറ കൂടെ മറെറാരു സന്തോഷം കൂടി ചേർക്കാൻ, ആഗ്രഹങ്ങളുടെ അഗാതയിൽ അവർ ഓരോന്നും ഇട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ഒരിക്കലും അവർക്ക് പൂർണ്ണസംതൃപ്തി ഉണ്ടാകുന്നില്ല. അത്യാഗ്രഹി ആയവൻ ആഗ്രഹിച്ചതു കിട്ടിക്കഴിയുമ്പോൾ സംതൃപ്തനാകുമോ? ആഗ്രഹിച്ചതു കീർത്തി ലഭിച്ചുകഴിഞ്ഞാൽ വീണ്ടും കീർത്തിയുടെ പിന്നാലെ പരക്കം പായുകയില്ലേ? കാതുകൾക്കോ, കണ്ണുകൾക്കോ, ഒരുവൻ സംതൃപ്തി നല്കി എന്നിരിക്കട്ടെ. വായുടെയും വയറിൻേറയും ആഗ്രഹം അവൻ പൂർത്തിയാക്കി എന്നിരിക്കട്ടെ. ഇങ്ങനെയുള്ള സന്തോഷംകൊണ്ടു് അവൻ എന്തു നേടി? ശരീരത്തിൽ അനുഭവിക്കുന്ന സന്തോഷം കേവലം ക്ഷണഭംഗുരമല്ലേ?

യഥാർത്ഥത്തിൽ അഭികാമ്യമായിട്ടുള്ളതു് പുണ്യം സമ്പാദിക്കുവാനുള്ള നമ്മുടെ തീക്ഷ്ണതയാണെന്ന മഹനീയ പ്രബോധനം നമ്മുടെ കർത്താവു് നൽകുന്നു. ഒരുവൻ ബ്ര

www.malankaralibrary.com



ഹ്മചര്യം, മിതത്വം, ദൈവഭക്തി, എന്നിവയിലേതെങ്കിലുമൊന്നിലോ, സ്വവിശേഷത്തിലുള്ള മറ്റേതെങ്കിലും സൽഗുണത്തിലോ പരിപൂർണ്ണനായാൽ അവന്റെ നേട്ടങ്ങൾ പൊള്ളെന്നു കടന്നുപോകുന്നില്ല; അതു നല്ല നിലയിൽ ജീവിതകാലം മുഴുവനും നിലനില്ക്കും. അതിന്റെ കാരണം എന്താണ്? ഇവ എപ്പോഴും അനുഷ്ഠിക്കാം എന്നതുതന്നെ. നന്മ ചെയ്യുന്നതിൽ അസുഖം തോന്നുന്ന യാതൊരു നിമിഷവും നമ്മുടെ ജീവിതത്തിലുണ്ടാകുകയില്ല. നമുക്കെപ്പോഴും മിതത്വവും ബ്രഹ്മചര്യവും പാലിക്കാൻ സാധിക്കുന്നു. നന്മയോടു നമുക്കു വിശ്വസ്തരായിരിക്കാൻ സാധിക്കുന്നു. പുണ്യത്തിൽ ദൃഷ്ടി പതിപ്പിക്കുന്നിടത്തോളം കാലം തിന്മയിൽനിന്ന് നമുക്കു ഒഴിഞ്ഞുമാറി നില്ക്കാം. പുണ്യം അഭ്യസിക്കാൻ നമുക്കു സന്തോഷം ഉണ്ടാകുന്നു. എന്നാൽ ജീവിതം മുഴുവൻ ജഡികസംതൃപ്തി തേടുന്നവരുടെ കാര്യമെടുക്കുക; അവർ ജഡികാഭിലാഷപൂർത്തിയിൽക്കൂടെ വ്യാപൃതരായാലും അവർക്കു് യഥാർത്ഥ സന്തോഷം നൽകുകയില്ല. വയറു നിറയുമ്പോൾ ഭക്ഷണപ്രിയനു മടുപ്പുണ്ടാകും. ദാഹം വരുമ്പോൾ കുടിക്കുന്നതിന്റെ കാര്യവും ഇതുതന്നെ. ലൗകികകാര്യങ്ങൾ എല്ലാം ഇതുപോലെ തന്നെയാണ്. ഒന്നു കഴിഞ്ഞാൽ ആ സന്തോഷത്തിനു വേണ്ടിയുള്ള ആഗ്രഹം ഉണ്ടാകാൻ കുറെ സമയം ആവശ്യമാണ്. ചെടിപ്പുണ്ടാക്കിയ സന്തോഷത്തിനു നിലനില്പില്ല. നേരെമറിച്ച് പുണ്യസമ്പാദനമാകട്ടെ ശരിയായി സുസാദ്ധ്യമായി കഴിഞ്ഞാൽ സമയമോ അധികതയോ നിമിത്തം മടുപ്പുളവാകില്ല. ഇതു പരിശീലിക്കുന്നവർക്ക് മടുപ്പില്ലാത്ത, തുടർച്ചയായ സന്തോഷം ഉണ്ടാകും. അതിനാൽ ഈ നല്ല കാര്യങ്ങൾ ആഗ്രഹിക്കുന്നവർ തൃപ്തരാകുമെന്നാണ് ക്രിസ്തുനാഥൻ പ്രസ്താവിക്കുന്നതു്. തൃപ്തരായി കഴിഞ്ഞാലും അവരുടെ ആഗ്രഹം മങ്ങുകയില്ല. അതു ജ്വലിച്ചുകൊണ്ടിരിക്കും.

ചിന്തയുടെ ഉന്നതപർവ്വത ശൃംഗത്തിൽനിന്നു അവിടുന്നു പഠിപ്പിക്കുന്നതിതാണ്. ഒന്നുമില്ലായ്മയിൽ ചെന്നവസാനിക്കുന്ന യാതൊന്നിന്റെയും പിറകെ പോകാതിരിക്കുക. അവയുടെ പിന്നാലെ പോകുന്നതു് സ്വന്തം നിഴലിന്റെ

ചീനാലെ ഓടുന്നതുപോലെ കഴമ്പില്ലാത്തതാണു്. ഇങ്ങനെയുള്ളവർ ഓടിക്കൊണ്ടിരിക്കും. കാരണം, അവർ ആഗ്രഹിക്കുന്ന ലക്ഷ്യം വഴുതിപ്പോകുന്നതു് തന്നെ. എന്നാൽ നാമാകട്ടെ നമ്മുടെ ആഗ്രഹങ്ങളെ തിരിച്ചുവിടേണ്ടതു് നമ്മുടെ പ്രയത്നഫലം നേട്ടമായിത്തീരുന്ന കാര്യങ്ങളിലായിരിക്കണം. സദ്ഗുണം ആഗ്രഹിക്കുന്നവൻ നന്മസമ്പന്നനാകുന്നു. ആഗ്രഹിച്ചതു് അവൻ തന്നിൽ കണ്ടെത്തുന്നു. അതിനാൽ സംയമനം ആഗ്രഹിക്കുന്നവൻ ഭാഗ്യവാനാണു്. കാരണം ശുദ്ധത എന്ന പുണ്യംകൊണ്ടു് അവൻ നിറയും. മുമ്പുപ്രസ്താവിച്ചിട്ടുള്ളതുപോലെ ഇപ്രകാരം നിറയുമ്പോൾ ചെടിപ്പോ വെറുപ്പിന്റെ ലാഞ്ചന പോലുമോ ഉണ്ടാകുകയില്ല. മറിച്ചു് ആഗ്രഹം വർദ്ധിച്ചുകൊണ്ടിരിക്കും. രണ്ടും പരസ്പരം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു. പുണ്യത്തിനുള്ള ആഗ്രഹം പുണ്യസമ്പാദനംവഴി സഫലമാകുന്നു. അതേസമയം നമ്മ ആത്മാവിനു് ആന്തരികമായി അഭംഗുരമായ ആനന്ദം നല്കുന്നു. പുണ്യം നേടുന്നതിന്റെ ഫലമിതാണു്. അതു് ആസ്വാദനീയമാണു്. എപ്പോഴും അതു് സന്തോഷം നല്കുന്നു. പുണ്യവഴിയിൽക്കൂടി ചരിക്കുന്നവനു് കഴിഞ്ഞുപോയവയെക്കുറിച്ചുള്ള സ്മരണ സന്തോഷഹേതുകമാകുന്നു. വർത്തമാനകാലം അവനു ആസ്വാദനീയമാകുന്നു. ഭാവി സന്തോഷജനകമായ പ്രതീക്ഷ നിറഞ്ഞതുമാണു്. ജീവിതാന്ത്യത്തിലെ സമ്മാനത്തെക്കുറിച്ചുള്ള ചിന്ത അവനെ എപ്പോഴും ആനന്ദത്തിന്റെ അന്തരീക്ഷത്തിൽ മുന്നോട്ടു പോകുവാൻ സഹായിക്കുന്നു. ഇതും സദ്ഗുണത്തിന്റെ സവിശേഷതയാണു്. അല്ലെങ്കിൽ സദ്ഗുണം തന്നെയാണു്, നന്മ ചെയ്യുന്നവർക്ക നന്മതന്നെ പ്രതിഫലം.

മറെറാരു വ്യാഖ്യാനത്തിനുകൂടി ഞാൻ ധൈര്യപ്പെടുകയാണു്. സദ്ഗുണത്തിന്റെയും നീതിയുടെയും ആശയങ്ങളിൽക്കൂടി നമ്മുടെ കർത്താവു് തന്നെത്തന്നെയാണു് ശ്രോതാക്കൾക്കു് അഭിലാഷ ലക്ഷ്യമായി ചൂണ്ടിക്കാണിക്കുന്നതു്. അവിടന്നു് നമുക്കുവേണ്ടി ദൈവത്തിൽനിന്നു് ജ്ഞാനവും നീതീകരണവും വിശുദ്ധീകരണവും പരിത്രാണവുമായിത്തീർന്നു. കൂടാതെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പവും ജീവ

www.malankaralibrary.com



ന്നുള്ള ജലധാര: ദാവീദ് ദീർഘദർശി തന്റെ സങ്കീർത്തനങ്ങളൊന്നിൽ ദാഹത്തെക്കുറിച്ച് പ്രസ്താവിക്കുന്നു.[43] "ശക്തനായ ജീവനുള്ള ദൈവത്തിനുവേണ്ടി എന്റെ ആത്മാവ് ദാഹിക്കുന്നു. ദൈവമുമ്പിൽ ഞാൻ എപ്പോൾ വന്ന് പ്രത്യക്ഷപ്പെടും?" പരിശുദ്ധാത്മാവിന്റെ ശക്തി വളരെ മുൻപേ തന്നെ ഈ മഹനീയ പ്രബോധനം അദ്ദേഹത്തിനു വ്യക്തമാക്കിക്കൊടുത്തുവെന്നെനിക്കു തോന്നുന്നു. കാരണം, തന്റെ ആഗ്രഹം സംതൃപ്തമാകുന്നതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു[44]. "നീതിയിൽ ഞാൻ അവിടുത്തെ മുമ്പാകെ പ്രത്യക്ഷപ്പെടും. അങ്ങയുടെ മഹത്വം പ്രത്യക്ഷപ്പെടുമ്പോൾ ഞാൻ സംതൃപ്തനാകും". എന്റെ നോട്ടത്തിൽ ഈ മഹത്വം യഥാർത്ഥ നന്മയാണ്. നന്മയെക്കുറിച്ചുള്ള എല്ലാ ആശയവും ഉൾക്കൊള്ളുന്നതും അല്പം പോലും ഭിന്ന കലരാത്തതുമായ നന്മതന്നെ.

ഹബക്കുക്ക് പ്രസ്താവിക്കുന്നതുപോലെ[45] സ്വർഗ്ഗങ്ങളെ മൂടുന്ന നന്മയായ, വചനമായ ദൈവം തന്നെയാണിത്. ദൈവത്തിന്റെ നീതിക്കുവേണ്ടി വിശക്കുന്നവരെയാണ് നീതിമാന്മാരെന്നു പറയുന്നത്. സങ്കീർത്തകൻ പറയുന്നതുപോലെ[46] ഒരുവൻ കർത്താവിനെ യഥാർത്ഥമായി രുചിച്ചു നോക്കിയിട്ടുണ്ടെങ്കിൽ, അതായത് അവൻ ദൈവത്തെ തന്റെ ഉള്ളിലേയ്ക്കു സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവന്റെ വിശപ്പും ദാഹവും മാറി കർത്താവിനെക്കൊണ്ട് അവൻ സംതൃപ്തനായിക്കഴിയും. അവിടന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്;[47] "ഞാനും എന്റെ പിതാവും ആഗതരാകുകയും ചെയ്യും". (പരിശുദ്ധാത്മാവു നേരത്തെ തന്നെ അവനിൽ വസിക്കുന്നുണ്ട്.) വി. പൗലോസും പറുദീസായിൽനിന്നുള്ള ഈ മോഹനഫലങ്ങൾ രുചിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ആ ഫലങ്ങൾ കൊണ്ട് നിറഞ്ഞിരുന്നപ്പോഴും വീണ്ടുംവീണ്ടും അവയ്ക്കുവേണ്ടിഅദ്ദേഹം വിശന്നു. "ക്രിസ്തു എന്നിൽജീവിക്കുന്നു",[48] എന്ന വാചകത്തിൽ താനാഗ്രഹിച്ചതു ലഭിച്ച സംതൃപ്തി അദ്ദേഹത്തിനുണ്ട്. എന്നിട്ടും അദ്ദേഹത്തിന് വിശന്നു.[49] വി. ശ്ലീഹാ പ്രസ്താവിക്കുന്നു[50]. "ഞാൻ പ്രാപിച്ചു കഴിഞ്ഞിട്ടില്ല. പൂർണ്ണനായി തീർന്നിട്ടുമില്ല. ഈശോമ്ശിഹാ

www.malankaralibrary.com



ഏതിനായി എന്നെ പിടിച്ചുവോ അതിനെ ഒരുപക്ഷേ എനിക്കും പിടിക്കാമെന്നു വച്ചു ഞാൻ ഓടുന്നതേയുള്ളു".

പ്രകൃതിയിൽ കാണാൻ സാദ്ധ്യമല്ലാത്ത ഒരു കാര്യം സാങ്കല്പികമായി നമുക്കൊന്നു പരാമർശിക്കാം. നമ്മുടെ ശരീരം വലുതാകുന്നതിനുവേണ്ടി നാം ഉപയോഗിക്കുന്ന ഭൗതികഭക്ഷണം ഒട്ടും നഷ്ടപ്പെടാതെ ശരീരത്തിൽ തന്നെ സംരക്ഷിക്കുന്നുണ്ടെന്നു സങ്കല്പിക്കുക. അങ്ങനെയെങ്കിൽ ശരീരത്തിന് വളരെ ഉയരവും വണ്ണവും വയ്ക്കും. നീതി എന്ന പുണ്യത്തിന്റെയും അതോടു ചേർന്ന മററു പുണ്യങ്ങളുടേയും കാര്യം ഇപ്രകാരം തന്നെ. ആദ്ധ്യാത്മിക ഭക്ഷണമായി നാം കഴിക്കുന്നതു് ഒട്ടും പുറംതള്ളപ്പെടുന്നില്ലെങ്കിൽ അതുപയോഗിക്കുന്നവരുടെ ഭാവരൂപങ്ങൾക്ക് വ്യത്യാസമുളവാകും. അനുഗ്രഹീതമായ ഈ വിശപ്പിനെക്കുറിച്ച് നാം ഗ്രഹിക്കുകയും നമ്മിലുള്ള ധാരാളമായ തിന്മ ഛർദ്ദിച്ചു കളയുകയും ചെയ്തുവെങ്കിൽ ദൈവത്തിന്റെ നീതിക്കുവേണ്ടി നമുക്കു വിശപ്പുള്ളവരാകാം. എന്നും എന്നേക്കും മഹത്വമുള്ളവനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ അതുമൂലം നാം തൃപ്തരാകുവാൻ തന്നെ.

ആമീൻ.

www.malankaralibrary.com

## പ്രഭാഷണം 5

## "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്കു കരുണ ലഭിക്കും".

പൂർവ്വപിതാവായ യാക്കോബ് കണ്ട പ്രതീകാത്മകമായ ദർശനത്തോട് ഇതിനെ താരതമ്യപ്പെടുത്താമെന്നു തോന്നുന്നു. ഭൂമിയിൽനിന്ന് സ്വർഗ്ഗംവരെ എത്തുന്ന ഒരു കോവണിയും ആ കോവണിയുടെ മുകളിൽ ദൈവം നില്ക്കുന്നതുമാണ് അദ്ദേഹം കണ്ടത്[51]. ഓരോ സൗഭാഗ്യത്തിന്റെയും കാര്യം നാം ചർച്ചചെയ്തു പോരുകയാണ്. ഓരോന്നു കഴിയുന്തോറും നാം കൂടുതൽ മുകളിലെത്തി കൂടുതൽ ദൃശ്യങ്ങൾ കാണുകയായി. പൂർവ്വപിതാവിന് കോവണിയുടെ രൂപത്തിൽ കാണപ്പെട്ടത് സദ്ഗുണങ്ങളുടെ ജീവിതമാണെന്നു ഞാൻ കരുതുന്നു. ഉന്നതത്തിലേക്കുള്ള കാര്യത്തിലേക്കു നോക്കാതെ ദൈവത്തിലെത്തിച്ചേരാൻ സാധിക്കയില്ലെന്ന് സ്വയം പഠിക്കുന്നതിനും, പിൻതലമുറകളെ പഠിപ്പിക്കുന്നതിനുമാണ് അദ്ദേഹം ആ ദർശനം കണ്ടത്. അതീത കാലങ്ങളിലുള്ള നേട്ടങ്ങളെക്കുറിച്ച് അലംഭാവം പൂണ്ടിരിക്കാതെ ഉന്നതത്തിലേക്കുള്ള ആഗ്രഹം നമുക്കെപ്പോഴും ഉണ്ടായിരിക്കണം. പുരോഗമനമുണ്ടാകുന്നില്ലെങ്കിൽ അതൊരു നഷ്ടമായി നാം കണക്കാക്കണം. അഷ്ടസൗഭാഗ്യങ്ങൾ പരസ്പരം ബന്ധിതങ്ങളാണ്. എല്ലാ സൗഭാഗ്യങ്ങളുടേയും യഥാർത്ഥ സ്ഥാനവും, യഥാർത്ഥത്തിൽ അനുഗ്രഹീതനുമായ ദൈവത്തെത്തന്നെ സമീപിക്കുന്നതിന് ഈ അഷ്ടസൗഭാഗ്യങ്ങൾ നമ്മെ ഒരുക്കുന്നു. ഈ സൗഭാഗ്യങ്ങൾ ദൈവത്തിന്റെ വകയാണ്. അതിനാലാണ് ദൈവം ഒരു കോവണിയിൽ ചാരി നില്ക്കുന്നതായി യാക്കോബ് പ്രസ്താവിക്കുന്നത്. ഈ സൗഭാഗ്യങ്ങളിൽ പങ്കാളികളാകുകയെന്നു പറഞ്ഞാൽ ദൈവത്വവുമായി സംസർഗ്ഗത്തിലാകുകയെന്നു മാത്രമാണർത്ഥം. ആ സംസർഗ്ഗത്തിലേക്കു നമ്മെ ഉയർത്തുവാനാണ് കർത്താവ് സൗഭാഗ്യങ്ങൾ അരുളിച്ചെയ്തിട്ടുള്ളത്,

www.malankaralibrary.com



എനിക്കു തോന്നുന്നതു് നമ്മൾ ഇപ്പോൾ പരിഗണിക്കുന്ന ഈ സൗഭാഗ്യത്തിന്റെ ഫലം മുഖേന ശ്രോതാവിനെ ക്രിസ്തുനാഥൻ ദൈവികനാക്കി തീർക്കുന്നു എന്നതാണു്. അവിടുന്നു് അരുൾച്ചെയ്യുന്നു: "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർക്കു കരുണ ലഭിക്കും". വേദപുസ്തകത്തിൽ ദൈവികശക്തിയെ കരുണയുള്ളതെന്നു് വിശുദ്ധന്മാർ വിളിക്കുന്നുണ്ടെന്നു് എനിക്കറിയാം. ഉദാഹരണമായി ദാവീദിന്റെ സങ്കീർത്തനങ്ങളും യോനാസിന്റെ പ്രവചനവും മഹാനായ മോശയുടെ നിയമവും തന്നെ. അപ്പോൾ കരുണയുള്ളവർ എന്ന പദം ദൈവത്തിനു് അനുരൂപമായിട്ടുള്ളതാണു്. അങ്ങനെയെങ്കിൽ നാം കരുണയുള്ളവരാകണം എന്നു ക്രിസ്തുനാഥൻ പ്രസ്താവിക്കുമ്പോൾ ദൈവത്തിന്റെ ഈ മാതൃകയെ സ്വീകരിച്ചുകൊണ്ടു് ദൈവത്തിനു അനുരൂപരാകണമെന്നുതന്നെ. വേദപുസ്തകം ദൈവത്തെ കരുണയുള്ളവനെന്നു വിളിക്കുകയും ദൈവികത്വം യഥാർത്ഥത്തിൽ അനുഗ്രഹീതം ആയിരിക്കുകയുമാണെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ കൂടുതൽ വ്യക്തമാണെന്നു സമ്മതിക്കണം. ഒരുവൻ കരുണയുള്ളവനാണെങ്കിൽ ദൈവികസൗഭാഗ്യത്തിനു അവൻ യോഗ്യനാണു്. കാരണം, ദൈവികസ്വഭാവത്തിന്റെ സവിശേഷത അവൻ ഉൾക്കൊണ്ടുകഴിഞ്ഞു എന്നതുതന്നെ. "കർത്താവു കരുണയും നീതിയുമുള്ളവനാകുന്നു. നമ്മുടെ ദൈവം കരുണയുള്ളവനാകുന്നു" എന്നു് സങ്കീർത്തകൻ പാടുന്നു[52]. അപ്പോൾ കരുണയുള്ളവനായ ദൈവത്തെപ്പോലെ കരുണയുള്ള മനുഷ്യൻ സൗഭാഗ്യമുള്ളവനല്ലാതിരിക്കുവാൻ എങ്ങനെ കഴിയും? ശ്രേഷ്ഠദാനങ്ങൾക്കുവേണ്ടി നാം തീക്ഷ്ണതയുള്ളവരായിരിക്കണമെന്നു വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നു[53]. ശ്രേഷ്ഠകാര്യങ്ങളിലേക്കു് പ്രേരിപ്പിക്കപ്പെടാതിരിക്കണമെന്നാണു് നമ്മുടെ ലക്ഷ്യം. (മനുഷ്യസ്വഭാവത്തിനു് സഹജമായിട്ടുള്ളതാണു് നന്മയെ ആഗ്രഹിക്കുക എന്നുള്ളതു്). നന്മയെന്താണെന്നു് വിധിക്കുന്നതിൽ നമുക്കു് തെറ്റുണ്ടാകരുതെന്നതു് ഇവിടെ പ്രസക്തമാണല്ലോ. നമുക്കു് ജീവിതത്തിൽ പ്രമാദം സംഭവിക്കുന്നതു് മിക്കവാറും ഈ കാര്യത്തിലാണു്. അതിന്റെ സ്വഭാ

www.malankaralibrary.com



വത്തിൽത്തന്നെ നന്മയായിട്ടുള്ളതു് ഏതാണെന്നും നമുക്കു നന്മയായിട്ടു കാണുന്നതു് ഏതാണെന്നും പ്രത്യേകം തിരിച്ചറിയുന്നതിൽ നാം തെററിപ്പോകുന്നു. നമ്മുടെ ജീവിതത്തിൽ തിന്മ അതേ രൂപത്തിൽ അവതരിപ്പിച്ചാൽ, നന്മയുടെ രൂപഭാവം ഇല്ലാതെ നമ്മുടെ മുമ്പിൽ പ്രദർശിപ്പിച്ചാൽ, മനുഷ്യർ തീച്ചയായും ആ തിന്മയാൽ ആകർഷിക്കപ്പെട്ടുകയോ അതിൽ വീഴുകയോ ചെയ്യുകയില്ല. അതുകൊണ്ടു് വിവേകപൂർവ്വം നാം ഈ ഭാഗം പരിഗണിക്കേണ്ടിയിരിക്കുന്നു. നന്മയെന്നു നമുക്കു കാണപ്പെട്ടുന്നതിൻെറ യഥാതഥ സൗന്ദര്യം എന്തിലാണു് അടങ്ങിയിരിക്കുന്നതെന്നു് ഗ്രഹിച്ചിട്ടു വേണം നാം അതിനോടു് അനുരൂപപ്പെട്ടുവാൻ.

എല്ലാ മനുഷ്യരിലും ദൈവികമായതിനെക്കുറിച്ചുള്ള ഒരാശയം അന്തർലീനമായിട്ടുണ്ടു്. പക്ഷേ, സത്യദൈവത്തെക്കുറിച്ചുള്ള അജ്ഞതയാണു് ആരാധനയുടെ ഉദ്ദേശത്തിലും ലക്ഷ്യത്തിലും വരുന്ന ഭയങ്കരമായ തെററുകൾക്കു കാരണം. പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നിവരിൽ അടങ്ങിയിട്ടുള്ള ശരിയായ ദൈവികത്വത്തെ ചിലർ ആരാധിക്കുന്നു. എന്നാൽ അനേകം പേർ വഴിതെററിപ്പോകുന്നുണ്ടു്. ദൈവികത്വം ഒരു സൃഷ്ടിയിൽ കണ്ടുകൊണ്ടുള്ള തലതിരിഞ്ഞ ആശയങ്ങൾ അവരെ വഴിതെററിക്കുന്നു. യഥാർത്ഥ ഭക്തിരാഹിത്യത്തിൽ അവർ വീഴുന്നു. ദൈവത്വത്തിൻേറയും ആരാധനയുടേയും ശരിയായ അർത്ഥം അവർ ഗ്രഹിക്കുന്നില്ലെങ്കിൽ യഥാർത്ഥ നഷ്ടമായിരിക്കും ഫലം.

കരുണയെന്നു പറഞ്ഞാൽ എന്താണു്? എന്തോടുബന്ധിച്ചാണു് അതു പ്രാവർത്തികമാക്കുന്നതു്? നൽകുന്ന കരുണ തിരികെ ലഭിക്കുന്നവൻ എപ്രകാരമാണു് അനുഗ്രഹീതനാകുന്നതു്? "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്കു കരുണ ലഭിക്കും." എന്നാണല്ലോ നമ്മുടെ കർത്താവു പറയുന്നതു്. ജീവിത സാഹചര്യങ്ങളിൽ കാണുന്ന ദുരാഗ്രഹപൂർണ്ണമായ അസമത്വത്തിൽ മനുഷ്യർ പരസ്പരം സ്നേഹവും സഹതാപവും ഉള്ളവരായിരിക്കണമെന്നാണു് ഈ വാക്കുകളുടെ പ്രകടമായ അർത്ഥം.

www.malankaralibrary.com



ബഹുമതിയേയോ, ശാരീരികാരോഗ്യത്തെയോ, സമ്പത്തിനേയോ സംബന്ധിച്ച് എല്ലാവരും തുല്യരല്ലല്ലോ. മാനവജീവിതത്തിൽ എപ്പോഴും വൈരുദ്ധ്യങ്ങൾ ദൃശ്യമാണ്. അടിമയോ, യജമാനനോ, ധനികനോ, ദരിദ്രനോ ആയി ജീവിതം ചെലവഴിക്കാം. ബഹുമതിയിലും അപകീർത്തിയിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും ഉള്ള ജീവിതങ്ങളും നാം കാണുന്നുണ്ട്. അതിനാൽ ഒരാവശ്യത്തിലിരിക്കുന്നവർ കൂടുതലുള്ളവനോട് തുല്യനാകണം. കുറവ് ധാരാളതയാൽ നികത്തപ്പെടണം. ആവശ്യത്തിലിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം കരുണ നൽകുന്ന നിയമം ഇങ്ങനെയാണ്. തന്റെ ആത്മാവിനെ കരുണാമസൃണമാക്കാത്തവന് അയൽക്കാരന്റെ രോഗങ്ങളെ സുഖപ്പെടുത്തുവാൻ കഴിയുകയില്ല. കരുണയാകട്ടെ ക്രൂരതയ്ക്കെതിരായിട്ടുള്ളതാണല്ലോ. കഠിനഹൃദയനും ക്രൂരനുമായ മനുഷ്യനെ സമീപിക്കുവാൻ മററുള്ളവർക്ക് പ്രയാസമാണ്. മറിച്ച് കരുണയുള്ളവനാകട്ടെ സഹതാപം ചൊരിയുന്ന മനോഭാവമുള്ളവനാണ്. ക്ലേശമനുഭവിക്കുന്നവർക്ക് ആശ്വാസം പകരുവാൻ അവനു കഴിയുന്നു. ഇതേവരെ വിസ്തരിച്ചു പറഞ്ഞത് ഈ നിർവ്വചനത്തിലൊതുക്കാം. മററുള്ളവരുടെ കഷ്ടപ്പാടുകളോടൊന്നിച്ചു ചേരുന്ന സ്വമേധയാ ഉള്ള സങ്കടമാണ് കരുണ.

ഈ പറഞ്ഞതിൽനിന്ന് അർത്ഥം വ്യക്തമാകുന്നില്ലെങ്കിൽ ഇതാ മറെറാരു നിർവ്വചനം. കഷ്ടപ്പാടുകളനുഭവിക്കുന്നവരോടുള്ള സ്നേഹപൂർവ്വകമായ മനോഭാവമാണ് കരുണ. കാരുണ്യരാഹിത്യത്തിന്റേയും ദയയില്ലായ്മയുടേയും ഉറവിടം വെറുപ്പായിരിക്കുന്നതുപോലെ കരുണ, സ്നേഹത്തിൽ നിന്ന് ഉറവെടുക്കുന്നു. സ്നേഹമില്ലാതെ കരുണയ്ക്ക് നിലനില്പില്ല. കരുണയുടെ പ്രത്യേക സ്വഭാവം ഒരാൾ ചുഴിഞ്ഞുനോക്കുന്നതായാൽ തീവ്രതയുള്ള സ്നേഹപരമായ മനോഭാവത്തോടൊന്നിച്ച് സങ്കടവും കൂടി കലർന്നിരിക്കുന്നതു കാണാം. ഒരു മനുഷ്യന്റെ സൗഭാഗ്യത്തിൽ പങ്കാളികളാകുന്നതിനു അയാളുടെ മിത്രങ്ങളും ശത്രുക്കളും ഒരുപോലെ ആഗ്രഹിക്കും. എന്നാൽ, അയാളുടെ ദൗർഭാഗ്യങ്ങളിൽ

www.malankaralibrary.com



പങ്കാളികളാകുവാനാഗ്രഹിക്കുന്നവരെ നയിക്കുന്നതു് പരസ്നേഹമാണു്. ഈ ജീവിതത്തിൽ നേടാൻ ശ്രമിക്കുന്ന സകലതിനേയുംകാൾ മഹനീയമാണു് പരസ്നേഹം. തീവ്രമായ പരസ്നേഹം തന്നെയാണു് കരുണ. അതിനാൽ ഇപ്രകാരമുള്ള മനോഭാവമുള്ളവൻ യഥാൎത്ഥത്തിൽ അനുഗ്രഹീതനാണു്. കാരണം, അവൻ സദ്ഗുണത്തിൻെറ ഉന്നതശൃംഗത്തിലെത്തിയിരിക്കുന്നു.

ഈ സദ്ഗുണം ഭൗതിക കാര്യങ്ങളോടു മാത്രം ബന്ധപ്പെട്ടതാണെന്നു് ആരും ചിന്തിക്കാതിരിക്കട്ടെ. അങ്ങനെ ബന്ധപ്പെട്ടതാണെങ്കിൽ നന്മ ചെയ്യുവാനുള്ള ഭൗതികമാൎഗ്ഗങ്ങളുള്ളവൎക്കു മാത്രമെ ഈ പുണ്യം നേടുക സാദ്ധ്യമാവുകയുള്ളല്ലോ. എന്നാൽ, അങ്ങനെയല്ല. മനസ്സിൻെറ തെരഞ്ഞെടുപ്പിനെ ആശ്രയിച്ചാണു് ഈ പുണ്യം സ്ഥിതിചെയ്യുന്നതെന്നത്രെ എനിക്കു തോന്നുന്നതു്. നന്മ ചെയ്യുവാൻ യഥാൎത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിലും അതിനുള്ള മാൎഗ്ഗങ്ങളില്ലാത്തതുകൊണ്ടു്, അതു ചെയ്യുവാൻ നിവൃത്തിയില്ലാത്തവൻെറ ആത്മാവിൻെറ കാൎയ്യങ്ങളെ സംബന്ധിച്ചിടത്തോളം നന്മ പ്രവൎത്തിക്കുന്നവനേക്കാൾ ഒട്ടും താഴെയല്ല. അതിനാൽ ഈ സൗഭാഗ്യത്തിൻെറ അൎത്ഥം ഇപ്രകാരം സംഗ്രഹിക്കുന്ന പക്ഷം ജീവിതത്തിൽ നമുക്കുണ്ടാകുന്ന നേട്ടങ്ങൾ വിസ്തരിക്കേണ്ട ആവശ്യമില്ല. സാധാരണക്കാൎക്കുപോലും അതു മനസ്സിലാകുവാൻ സാധിക്കും. നമ്മെക്കാൾ താഴെയുള്ളവരോടു് ഈ മനോഭാവം എല്ലാ മനുഷ്യൎക്കും സഹജമായിട്ടുണ്ടെങ്കിൽ ഈ ലോകത്തിൽ ഒന്നിനും ആധിക്യമോ, ദാരിദ്ര്യമോ, കാണുകയില്ലായിരുന്നു. ലോകത്തിൽ വിരുദ്ധരീതികളിലുള്ള ജീവിതങ്ങൾ നാം കാണുകയില്ലായിരുന്നു. ആവശ്യം നിറവേററാനാവാത്തതിൽ ക്ലേശമോ, അടിമത്തം നിമിത്തം അപകൎഷതയോ, അപകീൎത്തി നിമിത്തം സങ്കടമോ, ഉണ്ടാകുകയില്ലായിരുന്നു. എല്ലാം എല്ലാവൎക്കും പൊതുവായിട്ടുള്ളതായിരിക്കും. പൗരന്മാരെല്ലാം നിയമത്തിൻെറ മുമ്പിൽ തുല്യതയുണ്ടായിരിക്കും. ഭരിക്കുന്നവനും ഭരണീയനും തുല്യനായിരിക്കും.

www.malankaralibrary.com



ഇപ്രകാരമുള്ള ഒരവസ്ഥ സംജാതമായാൽ ശത്രുതയ്ക്കുള്ള യാതൊരു കാരണവും അവശേഷിക്കുകയില്ലല്ലോ: അസൂയ അസ്ഥാനത്താകും, വെറുപ്പ് ഇല്ലാതാകും. ഉപദ്രവങ്ങളെക്കുറിച്ചുള്ള സ്മരണ കള്ളത്തരങ്ങളോടൊന്നിച്ച് നാടുകടക്കും. അത്യാഗ്രഹത്തിൻെറ സന്തതികളായ വഞ്ചനയും യുദ്ധവും എല്ലാം ഇല്ലാതാകും. കാഠിന്യവും വികാരമില്ലായ്മയെന്ന മനോഭാവവും മാററിക്കഴിഞ്ഞാൽ അവയോടൊന്നിച്ച വളരുന്ന തിന്മയുടേതായ കളകളും നീക്കപ്പെടും. ദുഷ്ടതയുടെ വേരുകൾ പിഴുതെറിയപ്പെടും. തിന്മകളെല്ലാം മാറിക്കഴിയുമ്പോൾ നന്മകളുടെ ഒരു പ്രവാഹം തന്നെയുണ്ടാകും. സമാധാനവും നീതിയും മററെല്ലാ സദ്ഗുണങ്ങളും അവിടെ സമൃദ്ധമായി കാണപ്പെടും. നമ്മുടെ ജീവിതം വേലികളുടെയും വിലക്കുകളുടേയും പരിധികളുള്ളിൽ ഒതുക്കി നിർത്താതെ പരസ്പരം സൂക്ഷിച്ചുകൊണ്ടുള്ള സംവിധാനത്തിൽ ജീവിക്കുക എത്രയോ അഭികാമ്യമാണ്. ക്രൂരമനുഷ്യൻെറ കാട്ടാളത്തം അനുഭവിച്ചറിഞ്ഞവർ അയാളുടെ ശത്രുക്കളാകും. മറിച്ച് കാരുണ്യമുള്ളവനോട് എല്ലാവരും സ്നേഹമുള്ളവരാകും. കാരുണ്യം പങ്കിടുമ്പോൾ സ്നേഹം ഉത്ഭവിക്കും. അതിനാൽ നിർവ്വചനത്തിൽ കണ്ടതുപോലെ കരുണ ദയയുടെ മാതാവും പരസ്നേഹത്തിൻെറ അച്ചാരവും സ്നേഹസമന്വിതമായ എല്ലാ മനോഭാവങ്ങളുടേയും ഉടമ്പടിയുമാകുന്നു. ജീവിതത്തിൽ ഇതിനെക്കാൾ കൂടുതൽ ഉറപ്പേറിയ സുരക്ഷിതത്വം സങ്കല്പിക്കാനാവുകയില്ല. വെറുതെയല്ല ക്രിസ്തുനാഥൻ കരുണയുള്ളവരെ ഭാഗ്യവാന്മാരെന്നു വിളിക്കുക. ഈ പേര് അനേക സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്.

ഈ ഉപദേശം നമ്മുടെ ജീവിതത്തിനു പ്രയോജനകരമാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ഒററനോട്ടത്തിൽ ദൃശ്യമാകുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ഈ സൗഭാഗ്യത്തിൽ ഭാവിയെക്കുറിച്ചു പറയുന്നതുകൊണ്ട് പ്രകാന്തരേണ സൂചിപ്പിക്കുന്നുണ്ടെന്ന് എനിക്കു തോന്നുന്നു. "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്കു കരുണ ലഭി

www.malankaralibrary.com



ക്കും'' എന്നു പ്രസ്താവിക്കുമ്പോൾ കരുണയുള്ളവരുടെ പ്രതിസമ്മാനം ഭാവിയിലാണെന്നു് സൂചനയുണ്ടല്ലോ?

അതിനാൽ, എല്ലാവർക്കും സ്പഷ്ടവും സുഗ്രാഹ്യവുമായ അർത്ഥം തല്ക്കാലത്തേയ്ക്കു നാം വിടുകയാണു്. മറനീക്കി, മുങ്ങിത്തപ്പി, അർത്ഥവ്യാപ്തി കണ്ടുപിടിക്കുവാൻ നമുക്കൊരു ശ്രമം നടത്താം. ''കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർക്കു കരുണ ലഭിക്കും.'' ചിന്തയെ ധന്യമാക്കുന്ന പ്രബോധനം ഇതിൽനിന്നു് നമുക്കു പഠിക്കാം. മനുഷ്യനെ തൻെറ സാദൃശ്യത്തിൽ സൃഷ്ടിച്ചവൻ എല്ലാ നന്മകളുടേയും അങ്കുരങ്ങൾ അവനിൽ നിക്ഷേപിച്ചിട്ടുണ്ടു്. അതിനാൽ പുറത്തുനിന്നു് യാതൊരു നന്മയും നമ്മുടെ ഉള്ളിൽ പ്രവേശിക്കുന്നില്ല. അതു നമ്മിൽത്തന്നെ സുഷുപ്തിയിൽ ലയിച്ചിരിക്കുകയാണെന്നു് നമുക്കു വേണമെങ്കിൽ പറയാം. നാം മനസ്സാകുമ്പോൾ ഒരു ഉള്ളറയിൽ നിന്നെന്നവണ്ണം നമുക്കു് സഹജമായ നന്മ പുറത്തേയ്ക്കു വരും. ഭാഗത്തിൽനിന്നു മുഴുവനിലേയ്ക്കു കടക്കാമെന്നു് നാം മുമ്പു കണ്ടിട്ടുണ്ടു്. സ്വയം ആ നന്മ നേടുകയാണു് നമ്മുടെ ആഗ്രഹം സാധിക്കുവാനുള്ള മാർഗ്ഗം. അതിനാലാണു് നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്നതു്, ''സ്വർഗ്ഗരാജ്യം നിങ്ങളിലാകുന്നു.[54] ''ചോദിക്കുന്ന ഏവനും ലഭിക്കും''. ''അന്വേഷിക്കുവിൻ കണ്ടെത്തും''. മുട്ടുന്നവനു് തുറക്കപ്പെടും''[55]. അതിനാൽ നാം ആഗ്രഹിക്കുന്നതു് സ്വീകരിക്കുന്നതും അന്വേഷിക്കുന്നതു് കണ്ടെത്തുന്നതും ആഗ്രഹിക്കുന്നിടത്തു പ്രവേശിക്കുന്നതും നമ്മെ ആശ്രയിച്ചിരിക്കുന്നു. അതു് നമ്മുടെ മനസ്സിൻെറ ശക്തിയിൽപ്പെട്ടതാണു്. അതിനാൽ, അവയ്ക്കു വിരുദ്ധങ്ങളായ കാര്യങ്ങളും ഇതുപോലെതന്നെ പറയാം. ബാഹ്യമായ ആവശ്യം ഇല്ലാതെതന്നെ തിന്മയിലേയ്ക്കുള്ള ചാച്ചിലും നമ്മിൽ സ്ഥിതിചെയ്യുന്നുണ്ടു്. തിന്മ, തെരഞ്ഞെടുക്കുന്ന സമയത്തുതന്നെ നിലവിൽവരുന്നു. തിന്മയ്ക്കു് അതിൽത്തന്നെ ശക്തിയൊന്നുമില്ല. അതിൻെറ സത്ത നമ്മുടെ മനഃപൂർവ്വമായ തെരഞ്ഞെടുപ്പിലാണു് കാണേണ്ടതു്.

പ്രകൃതിയുടെ കർത്താവു് സ്വയം ഭരിക്കുന്നതിനും സ്വതന്ത്രമായി ആഗ്രഹിക്കുന്നതിനും ഉള്ള ശക്തി മനുഷ്യപ്രകൃതി

www.malankaralibrary.com



യിൽ നിക്ഷേപിച്ചിട്ടുണ്ട്. നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും നമ്മുടെ തെരഞ്ഞെടുപ്പിനെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ ഉദ്ദേശമനുസരിച്ചുള്ള നമ്മുടെ തെരഞ്ഞെടുപ്പിന്റെ ഫലമായിട്ടാണ് ദൈവിക വിധിയുടെ നീതിപൂർവ്വവും നിത്യവുമായ ന്യായവിധിയുണ്ടാകുന്നത്. അതുകൊണ്ട് ഓരോരുത്തർക്കും സ്വയം തയ്യാറാക്കിയ മാതിരിയാണ് സമ്മാനമോ ശിക്ഷയോ നൽകുന്നത്. വി. പൗലോസ് പ്രഖ്യാപിക്കുന്നു; "സൽപ്രവൃത്തികളുടെ സ്ഥിരതയോടുകൂടെ മഹത്ത്വവും ക്ഷയമില്ലായ്കയും അന്വേഷിക്കുന്നവർക്ക് അവൻ നിത്യജീവൻ നൽകും. മത്സരിച്ചു നില്ക്കുകയും സത്യം അനുസരിക്കാതെ ദുഷ്ടത അനുസരിക്കുകയും ചെയ്യുന്നവർക്ക് ക്രോധവും കോപവും അവൻ പ്രതിഫലം നൽകും. ദൈവത്തിന്റെ പക്കൽ മുഖനോട്ടമില്ല."[56] കണ്ണാടികൾ മുഖം പ്രതിഫലിപ്പിക്കുന്നത് മുഖത്തിന്റെ രീതിയിൽ തന്നെയാണ്. സന്തോഷമുള്ളവരുടെ മുഖം സന്തോഷമുള്ളതായിട്ടും വിഷാദമുള്ളവരുടെ മുഖം വിഷാദമുള്ളതായിട്ടും അവ പ്രതിഫലിക്കും. വിഷാദമുള്ളവന്റെ മുഖം വിഷാദമുള്ളതായി കണ്ണാടിയിൽ പ്രതിഫലിപ്പിച്ചാൽ അതു കണ്ണാടിയുടെ കുററമാണെന്ന് ആരും പറയുകയില്ല. അതുപോലെ തന്നെയാണ് ആ ദൈവത്തിന്റെ നീതിയുള്ള വിധിയുടെ കാര്യവും. നമ്മുടെ പ്രവൃത്തികൾക്കനുസരിച്ചും നമ്മുടെ മനോഭാവങ്ങൾക്കനുസരിച്ചും ആ നീതി നമുക്കു വേണ്ടതു നല്കുന്നു.

അവിടുന്നരുൾ ചെയ്യുന്നു: "അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ശപിക്കപ്പെട്ടവരേ, പോകുവിൻ,"[57] വലത്തുഭാഗത്തുള്ളവരെ മധുരമുള്ള വാക്കുകൾകൊണ്ടും ഇടത്തുഭാഗത്തുള്ളവരെ കയ്പു നിറഞ്ഞ വാക്കുകൾകൊണ്ടും സംബോധന ചെയ്യുവാൻ ബാഹ്യമായ വല്ല ആവശ്യവുമുണ്ടോ? വലത്തുഭാഗത്തുള്ളവർ തങ്ങളുടെ പ്രവൃത്തി മുഖേന കരുണ സ്വീകരിക്കുകയല്ലേ? ഇടത്തുഭാഗത്തുള്ളവർ തങ്ങളുടെ സഹോദരങ്ങളോട് ക്രൂരമായി പെരുമാറിയതുകൊണ്ട് ദൈവം തങ്ങളോടും ക്രൂരമായി പെരുമാറുവാൻ ഇടയാക്കുകയില്ലേ? ബാഹ്യമായ സകല സുഖാനുഭവങ്ങളിലും ജീവിതം പാഴാക്കിയ ധനികൻ തന്റെ പടിവാതിൽക്കൽ കിടന്ന് കഷ്ടതയനുഭവിച്ചു

www.malankaralibrary.com



ദരിദ്രനോടു ദയ കാണിച്ചില്ല. അവൻ കരുണയ്ക്കുവേണ്ടി അപേക്ഷിക്കുമ്പോൾ അതു് നിരസിക്കപ്പെടുന്നു. കാരണം, ധനികൻ കരുണയിൽനിന്നു് തന്നെത്തന്നെ വേർതിരിച്ചു നിർത്തിയവനാണു്. അപ്രകാരം ചെയ്തതു് കരുണയുടെ ഒരു തുള്ളി നൽകുന്നതു കൊണ്ടു് പറുദീസായിലെ കരുണയുടെ ഉറവ കുറഞ്ഞുപോകുമെന്നതു കൊണ്ടല്ല. ക്രൂരതയോടുകൂടി ഒരു തുള്ളി കരുണയ്ക്കു് യോജിക്കുവാൻ നിവൃത്തിയില്ലാത്തതു കൊണ്ടാണു്. അന്ധകാരത്തിനു പ്രകാശവുമായി എന്തു സാമ്യമാണുള്ളതു്?[58] വി: പൗലോസ് ശ്ലീഹാ പറയുന്നു.[59] "മനുഷ്യൻ വിതയ്ക്കുന്നതേ കൊയ്യുകയുള്ളു. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽനിന്നു നാശമാകുന്നു കൊയ്യുന്നതു്. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽനിന്നു് നിത്യജീവൻ കൊയ്തെടുക്കും." ഒരുവൻെറ സ്വന്ത തെരഞ്ഞെടുപ്പിനെ വിത്തെന്നും ആ തെരഞ്ഞെടുപ്പിനു ശേഷമുള്ള ഫലം കൊയ്ത്തെന്നും ഞാൻ കണക്കാക്കുന്നു. നല്ലവ തെരഞ്ഞെടുത്തവരുടെ കററ നല്ലതുതന്നെ. തങ്ങളുടെ ജീവിതത്തിൽ മുള്ളുകൾ വിതച്ചവൻ മുള്ളുകൾ തന്നെ കൊയ്തെടുക്കും. വിതച്ചതല്ലാതെ മററൊന്നും കൊയ്യാൻ മനുഷ്യനു് സാധിക്കുകയില്ലല്ലോ.

"കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്കു കരുണ ലഭിക്കും." ഈ വാക്കുകളിൽ ഒളുക്കിയിരിക്കുന്ന അർത്ഥം അഗാധതയിൽനിന്നു തപ്പിയെടുക്കാൻ ആരുടെ ബുദ്ധിക്കു കഴിയും? ഈ വാചകത്തിൽ പ്രത്യേക വ്യവസ്ഥകളൊന്നുമില്ല. അതുകൊണ്ടുതന്നെ നാം ഇതു വിശകലനം ചെയ്യുന്നതു് സൂക്ഷ്മതയോടെയായിരിക്കണം. ആരോടാണു കരുണ കാണിക്കേണ്ടതെന്നു് അവിടന്നു പറയുന്നില്ല." കരുണയുള്ളവർ ഭാഗ്യവാന്മാർ" എന്നു മാത്രമാണു് അവിടന്നു പ്രസ്താവിക്കുന്നതു്. ഒരുപക്ഷേ അനുഗ്രഹീതമെന്നു വിളിക്കപ്പെടുന്ന സങ്കടത്തിൻെറ പിന്നാലെ കരുണയുടെ ആശയം വരുന്നുണ്ടെന്നു് വചനം സൂചിപ്പിക്കുകയാണെന്നു തോന്നുന്നു. ഈ വിധത്തിലുള്ള സങ്കടത്തെക്കുറിച്ചു ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തൻെറ ജീവിതം സങ്കടത്തിൽ ചെലവഴിക്കുന്നവൻ ഭാഗ്യവാനാണെന്നു് നാം കണ്ടിട്ടുണ്ടു്. ആ പ്രബോധനം തന്നെയാണു് വചനം ഇവിടെ നൽകുന്നതെന്നു തോന്നു

ന്നു. മററുള്ളവരുടെ ക്ലേശങ്ങൾ, നമ്മുടെ സ്നേഹിതരുടെ ദൗർഭാഗ്യങ്ങൾ, എന്നിവ നമ്മെ സ്പർശിക്കുന്നുണ്ടല്ലോ. ഉദാഹരണമായി പിതൃഭവനത്തിൽനിന്നു ആട്ടിഓടിക്കപ്പെട്ടവർ, കപ്പൽച്ഛേദത്തിൽ നിന്നുകഷ്ടിച്ചു രക്ഷപെട്ടവർ, കള്ളന്മാരുടെയോ കടൽക്കൊള്ളക്കാരുടെയോ കൈകളിൽ അകപ്പെട്ടവർ. ഒരു പക്ഷേ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നവർ, അടിമകളായിതീർന്നതാകാം; സന്തോഷകരമായ സാഹചര്യങ്ങളിൽ നിന്നു് തടവുകാരായി പിടിക്കപ്പെട്ടവരാകാം.

ചുരുക്കിപ്പറഞ്ഞാൽ ഭാഗ്യം കടാക്ഷിച്ചിരുന്ന അവർ ഇപ്പോൾ ദൗർഭാഗ്യത്തിന്റെ പിടിയിൽ അമർന്നു കഴിഞ്ഞിരിക്കുന്നവരാണു്. ഇവയെല്ലാം അവർക്കു സംഭവിക്കുമ്പോൾ നമ്മുടെ ആത്മാവിൽ സങ്കടമുളവാകുന്നു. എന്നാൽ, നമ്മെക്കുറിച്ചുതന്നെ ഇപ്രകാരമുള്ള മനോഭാവം നമ്മിൽ ഉണ്ടാകുന്നതു് കൂടുതൽ സമുചിതമായിരിക്കുമെന്നു തോന്നുന്നു. കാരണം, മനുഷ്യജീവിതത്തിനു് അതിന്റെ ആരംഭദശയിലുണ്ടായിരുന്ന മഹത്വം നഷ്ടപ്പെട്ടുപോയിരിക്കുന്നു. നാം അടിച്ചിറക്കപ്പെട്ട മഹിമയേറിയ നമ്മുടെ ഭവനത്തെക്കുറിച്ചും നാം എങ്ങനെ കൊള്ളക്കാരുടെ കയ്യിൽ അകപ്പെട്ടെന്നും, നഗ്നരും ആലംബഹീനരുമായി ഈ ജീവിതത്തിന്റെ അഗാധതകളിൽ എങ്ങനെ താഴ്ത്തപ്പെട്ടെന്നും പരിഗണിച്ചാൽ ഇക്കാര്യം വ്യക്തമാകും. സ്വാതന്ത്രമായ ഒരു ജീവിതത്തിനു പകരം വളരെ അധികം സ്വേച്ഛാധിപതികളുടെ കീഴിൽ ദാസ്യവേല ചെയ്യുവാൻ നമുക്കു ഇടയായെന്നും, സൗഭാഗ്യപ്രദമായ ഒരു ജീവിതത്തെ മരണവും, ജീർണ്ണതയും മുഖേന നാം നശിപ്പിച്ചെന്നും പരിഗണിച്ചാൽ ഇക്കാര്യം വ്യക്തമാകും.

ഇക്കാര്യങ്ങളൊക്കെ മനസ്സിലിരിക്കെ മററുള്ളവരുടെ ദൗർഭാഗ്യങ്ങളിൽ എങ്ങനെ സഹാനുഭൂതിയുണ്ടാകും? ഒരിക്കൽ സ്വന്തമായുണ്ടായിരുന്നതും പിന്നീടു നഷ്ടപ്പെട്ടു പോയതുമായ അവസ്ഥയെപ്രതി ആത്മാവിനു അതിനോടുതന്നെ സഹതാപമുണ്ടാകുന്നതല്ലേ ഏററം നല്ലകാര്യം? ഈ പ്രവാസജീവിതത്തെക്കാൾ സഹതാപാർഹമായി മററെന്താണുള്ളതു്? പറുദീസായനുഭവിക്കേണ്ടതിനു പകരം ജീവിക്കു

www.malankaralibrary.com



ന്നതിനും കഷ്ടപ്പെടുന്നതിനുംവേണ്ടി ഈ പ്രകൃതിക്കെട്ട സ്ഥലം നമുക്കു നൽകപ്പെട്ടിരിക്കുന്നു. വികാരരഹിതമായ അവസ്ഥയിൽ നിന്നു് നിരവധി വികാരങ്ങളുള്ള അവസ്ഥയിലേയ്ക്കു നാം തള്ളപ്പെട്ടിരിക്കുന്നു. ഉന്നതത്തിലുള്ള മാലാഖമാരോടൊന്നിച്ചു് ജീവിക്കുന്നതിനു് പകരം ഭൂമിയിലെ മൃഗങ്ങളോടൊന്നിച്ചു താമസിക്കുവാൻ നാം വിധിക്കപ്പെട്ടിരിക്കുന്നു. വികാര രാഹിത്യത്തോടുകൂടിയ മാലാഖമാർക്കു തുല്യമായ ജീവിതം മൃഗങ്ങളുടെ ജീവിതത്തിനുവേണ്ടി നാം വെച്ചുമാറിയിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഇപ്പോൾ ആധിപത്യം പുലർത്തുന്ന ദയാഹീനരായ യജമാനന്മാരുടെ സംഖ്യ ഇന്നു നിരവധിയാണു്. കോപവും അസൂയയും വലിയ സേച്ഛാധിപതികളാണു്. വിദ്വേഷവും, അഹങ്കാരവും, ദുഷ്ടത തികഞ്ഞ യജമാനന്മാരാണു്. ജഡമോഹമാകട്ടെ ഒരു അടിമയോടെന്നപോലെ മര്യാദയില്ലാതെ പെരുമാറുകയും, സ്വഭാവത്തെ അശുദ്ധതയിലേക്കും വികാരങ്ങളുടെ അടിമത്തത്തിലേക്കും വലിച്ചിഴക്കുന്നു. അത്യാഗ്രഹം മറ്റെല്ലാത്തിനേക്കാളും വിഷം കൂടുതലുള്ളതാണു്. ആത്മാവിനെ അതു് അടിമയാക്കുകയും തൃപ്തിപ്പെടുത്തുവാൻ വയ്യാത്ത തന്റെ ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്നു. എത്ര കൊടുത്താലും അതിനു തൃപ്തിയാകുകയില്ല. അതു് അനേകം തലകളുള്ള ഭീകര സർപ്പത്തെപ്പോലെയാണു്. പല വായ്കളിൽക്കൂടി ഒറ്റ വയററിലേക്കു തന്നെ ഭക്ഷണം ചെന്നാലും വയർ ഒരിക്കലും നിറയുകയില്ല. അതിനു് ഒരിക്കലും തൃപ്തി വരുകയില്ല. സ്വീകരിക്കുന്നതെന്തും ദുരാഗ്രഹങ്ങളാകുന്ന അഗ്നി കത്തിജ്വലിക്കാനുള്ള വിറകായി തീരുകയാണു്. അതിനാൽ ഈ നികൃഷ്ട ജീവിതത്തെക്കുറിച്ചു പരിഗണിക്കുന്നവനു് ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം അനുകമ്പ തോന്നാതിരിക്കയില്ല.

ഈ തിന്മകളെക്കുറിച്ചു നമുക്കു ബോധമില്ലാത്തതാണു്, നമ്മോടു്തന്നെ നമുക്കു് അനുകമ്പയില്ലാത്തതിന്റെ കാരണം. സുബുദ്ധി നഷ്ടപ്പെട്ടുപോയ ഭ്രാന്തന്റെ നിലപാടിനോടു നമുക്കിതു തുലനം ചെയ്യാമെന്നു തോന്നുന്നു. ആ രോഗം നിമിത്തം താൻ സഹിക്കുന്ന കഷ്ടതകളെക്കുറിച്ചു് അവനു ബോധ

www.malankaralibrary.com



മില്ല. ജ്ഞാനികൾ തങ്ങളെത്തന്നെ അറിയുന്നവരാണെന്നു സോളമൻ പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യൻ തന്നെത്തന്നെ അറിഞ്ഞിരുന്നെങ്കിൽ, അതായതു താൻ മുമ്പു ഏതവസ്ഥയിലായിരുന്നെന്നും ഇപ്പോൾ ഏതവസ്ഥയിലാണെന്നും അറിഞ്ഞിരുന്നെങ്കിൽ എപ്പോഴും അവനു തന്നോടുതന്നെ അനുകമ്പയുണ്ടായിരിക്കും. ആത്മാവിന്റെ ഈ നിലപാട് ദൈവത്തിന്റെ അനുകമ്പയെ ക്ഷണിച്ചുവരുത്തും. അതിനാൽ അവിടുന്നു അരുളിച്ചെയ്യുന്നു. "കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർക്കു കരുണ ലഭിക്കും".

കരുണയുള്ളവർക്കു തന്നെ ലഭിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. മററുള്ളവർക്കു ലഭിക്കുമെന്നല്ല. ഒരാൾ ഇങ്ങനെ പറഞ്ഞെന്നു കരുതുക. "തന്റെ ശാരീരികമായ ആരോഗ്യത്തെ എപ്പോഴും കരുതുന്നവൻ ഭാഗ്യവനാണ്". ശാരീരികാരോഗ്യത്തെ എപ്പോഴും കരുതുന്നവൻ നല്ല ആരോഗ്യത്തിൽ ജീവിക്കും. ഇതുപോലെ തന്നെയാണ് കരുണയുള്ളവർ ഭാഗ്യവാന്മാരെന്നു പറയുന്നതും. കാരണം, കരുണയുടെ ഫലം കരുണയായിട്ടുതന്നെ അവർക്കു ലഭിക്കും. മററുള്ളവരുടെ ദൗർഭാഗ്യങ്ങളെക്കുറിച്ച് ആത്മാവിനുണ്ടാകുന്ന സഹതാപം നാം മുമ്പ് ചർച്ചചെയ്തിട്ടുണ്ടല്ലോ. ആ അർത്ഥത്തിലെടുത്താലും ഇപ്പോൾ നാം കണ്ട അർത്ഥത്തിലെടുത്താലും ഇതു ശരിതന്നെ. ഒരർത്ഥത്തിൽ മനുഷ്യൻ തന്നെയാണ് അവന്റെ വിധികർത്താവ്. തന്റെ കീഴിലുള്ളവരെ വിധിച്ചുകൊണ്ട് ദൈവവിധി തന്റെ മേൽ വരുത്തുകയാണ് അവൻ ചെയ്യുക.

ക്രിസ്തുവിന്റെ ന്യായവിധിക്കുള്ള സിംഹാസനത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും ഹാജരാക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. ശരീരത്തോടുകൂടിയിരുന്നപ്പോൾ ചെയ്ത നന്മയോ, തിന്മയോ അനുസരിച്ച് ഓരോരുത്തർക്കും പ്രതിഫലവും ലഭിക്കും. അതിനാൽ ഞാൻ അല്പം ധൈര്യപ്പെട്ട് ഇങ്ങനെ പറയുകയാണ്: അവാച്യവും, അദൃശ്യവുമായതു ഗ്രഹിക്കുവാൻ കഴിയുമെങ്കിൽ, കരുണയുള്ളവർക്കുള്ള അനുഗ്രഹീത സമ്മാനം കാണുവാൻ നിങ്ങൾക്കു കഴിയും. ഈ ലോകത്തിൽ വച്ചു നമ്മിൽനിന്നു കരുണ ലഭിച്ച ആത്മാക്കൾക്കു ഈ ലോ

www.malankaralibrary.com



കത്തിലും പരലോകത്തിലും നമ്മോടു നന്ദിയുണ്ടായിരിക്കും. കരുണ ലഭിച്ചവർ അവരുടെ ഉപകാരിയെ അന്ത്യവിധികളിൽ മനസ്സിലാക്കുമ്പോൾ എന്തു സംഭവിക്കുമെന്നാണു നിങ്ങൾ കരുതുന്നതു്? എല്ലാസൃഷ്ടികളുടെയും ദൈവത്തിന്റെ മുമ്പാകെ അങ്ങനെ കരുണ ലഭിച്ചവർ തങ്ങളുടെ ഉപകാരിയെ സ്തുതിക്കുമ്പോൾ അയാളുടെ ആത്മാവിനു് എന്തുതോന്നും? സകല മനുഷ്യരുടെയും മുമ്പാകെയുള്ള ഈ സ്തുതിതന്നെ വലിയ സൗഭാഗ്യമല്ലേ? ശിഷ്ടന്മാരും ദുഷ്ടന്മാരും ന്യായം വിധിക്കപ്പെടുമ്പോൾ ഉപകാരം ചെയ്തവരും, ഉപകാരം സ്വീകരിച്ചവരും സന്നിഹിതരായിരിക്കുമെന്നുള്ളതു് സുവിശേഷത്തിൽനിന്നു നിങ്ങൾക്കറിയാം. "ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തപ്പോഴെല്ലാം" [60] എന്നു് അവിടന്നു പറയുമെന്നാണല്ലോ സുവിശേഷത്തിൽ നിന്നു വായിക്കുന്നതു്. ഈ സഹോദരന്മാരിൽ ഒരുത്തൻ എന്നു പറയുന്നതിൽനിന്നു് അങ്ങനെയുള്ളവരെല്ലാരും അവിടെ ഉണ്ടായിരിക്കുമെന്നു വ്യക്തമാണല്ലോ.

വരാനിരിക്കുന്ന സൗഭാഗ്യത്തെക്കാളുപരി ഈ ലോകത്തിലെ നശിച്ചുപോകുന്ന സമ്പത്തുക്കളെ നാം വിലമതിക്കുന്നെങ്കിൽ ഈ മിന്നുന്ന രത്നങ്ങളും, തിളങ്ങുന്ന സ്വർണ്ണവും വിലപിടിപ്പുള്ള വസ്തുക്കളും എന്തു പ്രയോജനം ചെയ്യും, അതു് ഭാവിക്കു് ഉപകരിക്കുമോ എന്നു എന്നോടു പറയുവിൻ. പ്രപഞ്ചത്തിന്റെ രാജാവു് മനുഷ്യവർഗ്ഗത്തെ ന്യായം വിധിക്കുവാൻ മഹിമയോടുകൂടി സിംഹാസനത്തിലിരിക്കുമ്പോൾ അവിടത്തെ സിംഹാസനത്തിനു ചുററും മാലാഖമാരുടെ അനേകം ഗണങ്ങൾ നാം കാണും. അപ്പോൾ സ്വർഗ്ഗരാജ്യം കാണുവാൻ നമുക്കു കഴിയും. ഭയങ്കരമായ ശിക്ഷകളും വെളിവാക്കപ്പെടും. ഇവ രണ്ടിനും മദ്ധ്യേയായിരിക്കും സൃഷ്ടിയുടെ ആരംഭം മുതൽ ലോകവസാനംവരെയുള്ള മനുഷ്യവർഗ്ഗം. തങ്ങൾക്കു ലഭിക്കാനിരിക്കുന്നതിനെക്കുറിച്ചുള്ള ഭയത്തോടും പ്രത്യാശയോടുംകൂടി ഓരോരുത്തരും നിലകൊള്ളും. ദുഷ്ടന്മാരെ അവരുടെ മനസ്സാക്ഷിതന്നെ ആരാച്ചാരെപോലെ അന്ധകാരത്തിലേക്കു വലിച്ചിഴക്കുമ്പോൾ ലോകത്തിൽ സദ്ഗുണസമ്പൂർണ്ണനായി ജീവിക്കുകയും

www.malankaralibrary.com



മററുള്ളവരോടു കരുണ കാണിച്ചതിനാൽ അവരാൽ പ്രകീർത്തിക്കപ്പെടുകയും സ്വർഗ്ഗരാജ്യത്തിനവകാശിയാകുകയും ചെയ്യുന്നതിനുപരി മറെറന്തു സൗഭാഗ്യമുണ്ടു്? ഈ സൗഭാഗ്യത്തോടു ഭൗതിക സ്വത്തുക്കളെ തുലനം ചെയ്യുവാൻ ആരു് ധൈര്യപ്പെടും? അന്തിമവിധി വേളയിൽ ലഭിക്കാനിരിക്കുന്ന സൗഭാഗ്യത്തിനു പകരമായി ഒരു സ്വർണ്ണക്കൂമ്പാരംതന്നെ കിട്ടിയാലും നാം അതു് സ്വീകരിക്കുമോ? ദൈവിക കല്പനയെക്കാൾ ലൗകിക സമ്പത്തിനെ കൂടുതൽ വിലമതിച്ചു് സുരക്ഷിതസ്ഥാനങ്ങളിൽ അതു ഭദ്രമായി സൂക്ഷിച്ചുവച്ചു ജീവിതം നയിച്ചവനെക്കുറിച്ചു ചിന്തിച്ചു നോക്കുക. അങ്ങനെയുള്ളവൻ അന്ധകാരത്തിലേക്കും കെടാത്ത തീയിലേക്കും വലിച്ചിഴയ്ക്കപ്പെട്ടപ്പോൾ അവനിൽ നിന്നു് കടുത്ത ക്രൂരതയനുഭവിച്ചിട്ടുള്ളവർ അവനോടു പറയും: "നിന്റെ ജീവിതകാലത്തു് നീ നന്മകൾ സ്വീകരിച്ചെന്നോർക്കുക[61]. നിന്റെ സമ്പത്തോടു കൂടി കരുണയും നീ താഴിട്ടു പൂട്ടി വച്ചിരിക്കുകയായിരുന്നു. ഇവിടെയുള്ള ജീവിതത്തിനുവേണ്ടി അയൽക്കാരനോടുള്ള സ്നേഹം നീ കൊണ്ടുവന്നിട്ടില്ല. ഒരിക്കലും നിനക്കില്ലാതിരുന്നതു് ഇപ്പോഴും നിനക്കില്ല. സൂക്ഷിക്കാത്തതു നീ കണ്ടെത്തുകയില്ല. നീ വിതറാത്തതു് ശേഖരിക്കില്ല. വിതയ്ക്കാത്തതു് നീ കൊയ്യുകയില്ല. നിന്റെ കൊയ്ത്തു് നിന്റെ വിതയ്ക്കു യോഗ്യമായിട്ടുള്ളതുതന്നെ. വിദ്വേഷം നീ വിതച്ചു. അതിന്റെ കതിരുകൾ നീ പറിച്ചുകൊള്ളുക. കരുണയില്ലാതിരിക്കുന്ന അവസ്ഥ നീ വിലമതിച്ചു. നീ സ്നേഹിച്ചതു് ഇപ്പോൾ എടുത്തുകൊള്ളുക. യാതൊരുത്തനെയും നീ സഹതാപപൂർവ്വം വീക്ഷിച്ചിട്ടില്ല. അതിനാൽ ആരും നിന്നോടു് അനുകമ്പയില്ല. ക്ലേശിച്ചവരെ നീ അവഗണിച്ചു. നീ നശിക്കുമ്പോൾ മററുള്ളവർ നിന്നേയും അവഗണിക്കുന്നു. നീ കരുണ വിട്ടകന്നു, കരുണ നിന്നേയും വിട്ടകലുന്നു. ദരിദ്രരെ നീ വെറുത്തു. നിന്നെപ്രതി ദരിദ്രരായി തീർന്നവർ ഇപ്പോൾ നിന്നെയും വെറുക്കുന്നു".

ഇതുപോലെയുള്ള കാര്യം പ്രസ്താവിക്കപ്പെട്ടപ്പോൾ സ്വർണ്ണമെവിടെയായിരിക്കും? വിലപിടിപ്പുള്ള പാത്രങ്ങൾ

www.malankaralibrary.com



എവിടെയായിരിക്കും? സൂക്ഷിച്ചു വച്ച ധനമെവിടെയായിരിക്കും.? രാത്രിയിൽ കാവലിനു് വളർത്തിയ നായ്ക്കൾ എവിടെയായിരിക്കും? കവർച്ചക്കാരെ നേരിടാൻ സൂക്ഷിച്ചുവച്ച ആയുധങ്ങളെവിടെയായിരിക്കും? പണത്തിന്റെ കണക്കുകളെഴുതിവച്ച ബുക്കുകളെവിടെയായിരിക്കും? അന്ത്യവിധിയിലെ വിധിനാളിൽ നിനക്കു സംഭവിക്കുന്നതോടൊക്കെ തുലനം ചെയ്യുമ്പോൾ ഇവയൊക്കെ കേവലം നിസ്സാരമല്ലെ? നിത്യമായ കരച്ചിലിനോടും പല്ലുകടിയോടും ഇവയെ തുലനംചെയ്തു നോക്കുക. അന്ധകാരം ആരു മാററും, തീയ് ആരു കെടുത്തും? ചാകാത്ത പുഴുവിനെ ആരു് നീക്കും?

അതിനാൽ, ഏതാനും വാക്കുകളിൽ ഭാവി ജീവിതത്തെക്കുറിച്ചു വളരെയധികം കാര്യങ്ങൾ പഠിപ്പിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വരത്തിനു്, എന്റെ സഹോദരങ്ങളേ, നമുക്കു ചെവി കൊടുക്കാം. കരുണ മുഖാന്തിരം നാം സൗഭാഗ്യമുള്ളവരായി തീരുന്നതിനു നമുക്കു കരുണയുള്ളവരാകാം. മഹത്വവും, ശക്തിയും എന്നുമെന്നേക്കുമുള്ള നമ്മുടെ കർത്താവായ ഈശോമിശിഹായിൽതന്നെ.

ആമീൻ.

www.malankaralibrary.com

പ്രഭാഷണം 6

## ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ദൈവത്തെ കാണും.

ഒരു പർവ്വതശൃംഗത്തിനു സദൃശ്യമായി തോന്നിക്കുന്ന നമ്മുടെ കർത്താവിൻെറ വചനങ്ങളുടെ അത്യുച്ചിയിൽനിന്നു അവിടത്തെ ചിന്തകളുടെ അവാച്യമായ അഗാധതയിലേക്കു ഞാൻ നോക്കിയപ്പോൾ ഉന്നതമായ ഒരു പാറക്കെട്ടിൽ നിന്നുകൊണ്ടു താഴെയുള്ള ആഴിപ്പരപ്പ് കാണുന്നവൻെറ അനുഭവമാണ് എൻെറ മനസ്സിനുണ്ടായതു്. കടൽത്തീരങ്ങളിൽ ചില പാറകൾ കാണാം. കുത്തനെ ഉയർന്നുനിൽക്കുന്നവ. അവയുടെ മുകളിൽ ഒരു കൊടുമുടി. ആ കൊടുമുടിയിൽനിന്ന് താഴെ സമുദ്രത്തിലേക്കു നോക്കുന്നവനു തല ചുററും. ഇതുപോലെയാണ് നമ്മുടെ കർത്താവിൻെറ വാക്കുകൾ മൂലമേ ഭൂമിയിൽ നിന്നുയർത്തപ്പെട്ട എൻെറ ആത്മാവിൻെറ കാര്യം. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ദൈവത്തെ കാണും". ഹൃദയം ശുദ്ധമാക്കപ്പെട്ടവരുടെ കാഴ്ചയ്ക്കു ദൈവം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ദൈവത്തെ ഒരിക്കലും ഒരുവനും കണ്ടിട്ടില്ല എന്നു് വി. യോഹന്നാൻ ശ്ലീഹാ പ്രസ്താവിക്കുന്നു[62]. വി. പൗലോസ് ശ്ലീഹാ ഇതു സ്ഥിരീകരിക്കുന്നു[63]. "മനുഷ്യരിൽ ഒരുവനും തന്നെ കാണുകയാകട്ടെ, തന്നെ കാണുവാൻ കഴിയുകയാകട്ടെ ചെയ്യാത്തവൻ".

നമ്മുടെ ചിന്തകൾക്കു ചവിട്ടി നിൽക്കുവാൻ കഴിയാത്ത, തെന്നുന്ന, കിഴുക്കാംതൂക്കായ പാറയാണിതു്. മോശെയുടെ പ്രബോധനപ്രകാരം അതു അപ്രാപ്യമാണ്. നമ്മുടെ മനസ്സിനു ദൈവത്തെ സമീപിക്കുക സാദ്ധ്യമല്ല. ഒരു മനുഷ്യനും ദൈവത്തെ കണ്ടിട്ടു ജീവിച്ചിരിക്കാൻ കഴിയില്ല" എന്ന വാചകം ദൈവത്തെ ഗ്രഹിക്കുവാനുള്ള സകല സാദ്ധ്യതയും നീക്കിക്കളയുന്നുണ്ടു്[64], എന്നാൽ

www.malankaralibrary.com



കർത്താവ് നിത്യജീവനാണ്. വിശ്വാസസ്തംഭങ്ങളായ യോഹന്നാനും, പൗലോസും, മോശയും ദൈവത്തെ കാണുക സാദ്ധ്യമല്ലെന്നു പ്രഖ്യാപിക്കുന്നു. ഈ ഭാഗ്യത്തിന്റെ അത്യഗാധത ധ്യാനവിഷയമാക്കുന്ന ആത്മാവിന്റെ പരിശുദ്ധകാരണം നിങ്ങൾ കാണുന്നില്ലേ? ദൈവം ജീവനാണെങ്കിൽ അവിടത്തെ കാണാത്തവൻ ജീവൻ കാണുന്നില്ല. അതേസമയം ദൈവനിവേശിതരായ ശ്ലീഹന്മാരും പ്രവാചകനും സാക്ഷിപ്പെടുത്തുന്നതു് ദൈവത്തെ കാണുവാൻ സാദ്ധ്യമല്ലെന്നാണ്. മനുഷ്യന്റെ പ്രത്യാശ ഇല്ലാതായിപ്പോകുകയില്ലേ? എന്നാൽ വെള്ളത്തിൻമീതെ നടന്ന പത്രോസ് മുങ്ങുവാൻ തുടങ്ങിയപ്പോൾ കർത്താവ് അദ്ദേഹത്തെ പിടിച്ചു വീണ്ടും വെള്ളത്തിൻമീതെ ആക്കിയതുപോലെ, താണുപോകുന്ന ഈ പ്രത്യാശയ്ക്കും കർത്താവ് സഹായഹസ്തം നൽകും. തങ്ങളുടെ ചിന്തകളുടെ അഗാധതയിൽ ഇടറിവീഴാൻ പോകുന്നവരുടെ നേർക്കു ദൈവവചനം സഹായഹസ്തം നീട്ടി മറെറാരു വീക്ഷണത്തിൽ അവരെ ഉറപ്പിക്കുന്നുവെങ്കിൽ നമുക്കും ആ സഹായഹസ്തമുണ്ട്. നാം ഭയപ്പെട്ടിട്ടു കാര്യമില്ല. അവിടന്നരുൾചെയ്യുന്നു: "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ ദൈവത്തെ കാണും". ഈ വാഗ്ദാനം സൗഭാഗ്യത്തിന്റെ അങ്ങേ അററത്തെത്തുന്നതാണ്. അത്രയ്ക്കു മഹനീയമാണതു്. തന്റെ ധ്യാനവിഷയമായവനിൽ (ദൈവത്തിൽ) ഈ നന്മയല്ലാതെ മറെറന്തു നന്മ ആഗ്രഹിക്കുവാൻ കഴിയും? ഒരു വസ്തു ലഭിക്കുവാനുള്ള മാർഗ്ഗത്തെ, അതു ലഭിച്ചു കഴിഞ്ഞതുപോലെ വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി, "നീ യറുശലേമിന്റെ നന്മ കാണും"[65] അതായതു് "നന്മ നിനക്കു് അനുഭവവേദ്യമാകും" അതു് സ്പഷ്ടമായി പറഞ്ഞിട്ടില്ലെന്നേയുള്ളു. അതുപോലെ, "ദൈവമഹത്ത്വം ദർശിക്കാതിരിക്കാൻ നിരീശ്വരന്മാർ നീക്കപ്പെടട്ടെ"[66] എന്നുപറഞ്ഞാൽ "ഭാഗഭാഗിത്വം ലഭിക്കാതിരിക്കാൻ എന്നാണ് പ്രവാചകൻ അർത്ഥമാക്കുന്നതു്. അതിനാൽ ദൈവത്തെ കാണുന്നവനു്, ഈ കാണുന്ന പ്രവൃത്തിയിൽതന്നെ നല്ലതായിട്ടുള്ളവയെല്ലാം കൈവശമാക്കുവാൻകഴിയും. അവസാനമില്ലാത്ത ജീവിതം, നിത്യമായ

www.malankaralibrary.com



അജീർണ്ണത, സജീവമായ സൗഭാഗ്യം—ഇവയാണു ഞാൻ ഉദ്ദേശിക്കുന്നത്. ഇവമുഖേന അനുസ്യൂതമായ സന്തോഷത്തിന്റെ നിത്യമായ രാജ്യം നാം ആസ്വദിക്കും, സത്യപ്രകാശം നാം കാണും, പരിശുദ്ധാത്മാവിന്റെ മധുരശബ്ദം കേൾക്കും. അപ്രാപ്യമായ മഹത്ത്വത്തിലുള്ള എല്ലാ നന്മകളും നിത്യമായി അനുഭവിച്ചു സന്തോഷിക്കും.

ഈ സൗഭാഗ്യത്തിലുള്ള വാഗ്ദാനം എത്രമാത്രം മഹനീയമായ ഒരന്ത്യമാണ് നമ്മുടെ പ്രത്യാശക്കു സമർപ്പിച്ചിരിക്കുന്നത്. മുമ്പ് പ്രസ്താവിച്ചതുപോലെ കാണുകയെന്നത് ഹൃദയശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. ഹൃദയശുദ്ധി നമ്മുടെ പ്രകൃതിയെ ഉല്ലംഘിക്കുന്നതാകയാൽ അതു നേടുക അസാദ്ധ്യമെന്നു കരുതി എന്റെ മനസ്സ് വീണ്ടും ഭാരപ്പെടുകയാണ്. ഹൃദയശുദ്ധിയെ ആശ്രയിച്ചാണ് ദൈവദർശനം. എന്നാൽ അതേസമയം വി. പൗലോസും, മോശെയും പ്രസ്താവിച്ചിരിക്കുന്നത് യാതൊരുവനും ദൈവത്തെ കാണാൻ സാധിക്കയില്ലെന്നാണ്[67]. അവർ കണ്ടിട്ടുമില്ല. അപ്പോൾ വചനം അസാദ്ധ്യമായതു നമ്മുടെ മുമ്പിൽ വച്ചിരിക്കയാണോ? മനസ്സിനു ദൈവത്തെ കാണാൻ സാധിക്കയില്ലെങ്കിൽ, ദൈവത്തെ എപ്രകാരമാണു കാണുന്നതെന്നറിയുന്നതുകൊണ്ടു എന്തു പ്രയോജനം? സ്വർഗ്ഗത്തിലായിരിക്കുക സൗഭാഗ്യപ്രദമാണ്. അവിടെ ഐഹികജീവിതത്തിൽ കാണാൻ കഴിയാത്തതിനെ നാം ധ്യാനിക്കുന്നു എന്നു ഒരാൾ പറയുന്നതുപോലാണിത്. സ്വർഗ്ഗത്തിലേക്കു യാത്ര ചെയ്യുന്നതിനുള്ള മാർഗ്ഗംകൂടി ഈ പ്രസ്താവനയിൽ ഉണ്ടായിരുന്നെങ്കിൽ സ്വർഗ്ഗത്തിലായിരിക്കുക സൗഭാഗ്യപ്രദമാണെന്നു ഗ്രഹിക്കുവാൻ ശ്രോതാക്കൾക്കു ഉപകാരപ്രദമായേനേ. ആരോഹണം സാദ്ധ്യമല്ലാത്തതിനാൽ എന്താണു നഷ്ടപ്പെട്ടിരിക്കുന്നതെന്നവർക്കറിയാം.

എന്നാൽ, നമ്മുടെ പ്രകൃതിയെയും അതിന്റെ ശക്തിയുടെ അതിരുകളെയും ഉല്ലംഘിക്കുന്ന വലിയൊരു കല്പന നമ്മുടെ കർത്താവ് നൽകുമോ? തീർച്ചയായും ഇല്ല. ചിറകുകളില്ലാത്തവയെയൊട്ടു പക്ഷികളാകുവനോ, കരസ്ഥ ജീവി

www.malankaralibrary.com



ക്കാൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയോട്ട വെള്ളത്തിൽ ജീവിക്കു വാനോ അവിടന്നു കല്പിക്കുന്നില്ല. പ്രകൃതിക്കതീതമായ യാതൊന്നും ചെയ്യുവാൻ അവിടന്നു ജീവികളെ നിർബന്ധിക്കുന്നില്ല. അവയുടെ പ്രാപ്തിക്കനുസൃതമായ നിയമമേ അവിടുന്നു നൽകുന്നുള്ളു. അതിനാൽ നമ്മുടെ പ്രത്യാശയ്ക്കതീതമായ യാതൊന്നും ഈ സൗഭാഗ്യം നമ്മുടെ മുൻപിലവതരിപ്പിക്കുന്നില്ലെന്നു നാം ഗ്രഹിക്കണം. വി. യോഹന്നാനും, വി. പൗലോസിനും, മൂശയ്ക്കും അവരെപ്പോലെയുള്ളവർക്കും ദൈവത്തെ ദർശിക്കുക എന്ന സൗഭാഗ്യം കിട്ടാതിരുന്നില്ല. വി. പൗലോസ് പ്രസ്താവിക്കുന്നു: "നീതിയുള്ള ന്യായാധിപതിയായ എന്റെ കർത്താവ് പ്രതിഫലമായി തരുവാനിരിക്കുന്ന നീതിയുടെ കിരീടം ഇപ്പോൾ മുതൽ എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു"[68]. യോഹന്നാൻ കർത്താവിന്റെ മാറ്വിൽ ചാരിയിരുന്നു[69]. മോശെ ഈ ദൈവികസ്വരം കേട്ടു: "മറ്റെല്ലാവരേയുംകാൾ ഞാൻ നിന്നെ അറിഞ്ഞിരിക്കുന്നു"[70].

ദൈവദർശനം മാനുഷിക ശക്തിക്കതീതമാണെന്നു പ്രഖ്യാപിച്ചാൽതന്നെ അവർ ഈ സൗഭാഗ്യം നേടിയവരാണെന്നു സംശയിക്കേണ്ട ആവശ്യമില്ല. സൗഭാഗ്യം അടങ്ങിയിരിക്കുന്നതു് ദൈവത്തെ കാണുന്നതിലാണു്. അതാകട്ടെ, ഹൃദയശുദ്ധിയെ ആശ്രയിച്ചാണിരിക്കുന്നതു്. അതിനാൽ നാം സൗഭാഗ്യമുള്ളവരായി തീരേണ്ടതിനാവശ്യമായ ഹൃദയശുദ്ധി അപ്രാപ്യമൊന്നുമല്ല. നാം ഹൃദയശുദ്ധിയുള്ളവരാണെങ്കിൽ ദൈവത്തെ കാണുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടു്. ദൈവത്തെ ധ്യാനസമാധിയിൽക്കൂടി കാണുക നമ്മുടെ ശക്തിക്കതീതമാണെന്നു പറയുന്നവരെ കർത്താവിന്റെ സ്വരം എന്തുകൊണ്ടു എതിർക്കുന്നില്ല?

വിഷയത്തിൽനിന്നു അല്പം വ്യതിചലിച്ചിട്ടാണെങ്കിലും ഈ വിഷയത്തെക്കുറിച്ചു പ്രസക്തമായ ഏതാനും വാക്കുകൾ പറയുക സമുചിതമായിരിക്കുമെന്നു ഞാൻ കരുതുന്നു. അങ്ങനെ നമ്മുടെ ചർച്ച കൂടുതൽ ക്രമമുള്ളതാക്കിതീർക്കാൻ കഴിയും. ദൈവസ്വഭാവം, അതിൽതന്നെ അതു എന്തായാലും മാനസികമായ നമ്മുടെ എല്ലാ ആശയങ്ങളെ

www.malankaralibrary.com



യും ഉല്ലംഘിക്കുന്നതാണ്. കാരണം, അതു പൂർണ്ണമായി തന്നെ നമ്മുടെ ബുദ്ധിക്കും ചിന്തയ്ക്കും അപ്രാപ്യമാണ്. ഗ്രഹണശക്തിക്കതീതമായതു ഗ്രഹിക്കുവാൻ മനുഷ്യന് ശക്തിവിശേഷതയില്ല. ചിന്തയ്ക്കതീതമായ കാര്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുവാൻ നമുക്കൊക്കുകയില്ല. "ദൈവത്തിന്റെ വഴികൾ പരിശോധിക്കപ്പെട്ടുവാൻ വഹിയാത്തവ" എന്നാണ് അപ്പസ്തോലൻ പ്രസ്താവിക്കുന്നതു്[71]. അദ്ദേഹം അർത്ഥമാക്കുന്നതു് ദൈവിക സത്തയെക്കുറിച്ചുള്ള അറിവിലേക്കു നയിക്കുന്ന വഴി ചിന്തയ്ക്കു അപ്രാപ്യമാണെന്നാണ്. എന്നു പറഞ്ഞാൽ, നമുക്കു മുൻപേ ജീവിതത്തിൽക്കൂടി കടന്നുപോയവരാരുംതന്നെ നമ്മുടെ അറിവിനതീതമായവ ഗ്രഹിക്കുന്നതിനു് നമ്മുടെ ബുദ്ധിശക്തിക്കുവേണ്ടി യാതൊരു വഴിത്താരയുംവിട്ടുപോയിട്ടില്ല.

എല്ലാ സ്വഭാവത്തിനും ഉപരിയായ സ്വഭാവമുള്ളവനാണ് അവിടന്നു്. അതിനാൽ അദൃശ്യവും അജ്ഞേയവുമായതു് മറെറാരു രീതിയിൽ കാണുവാനും ഗ്രഹിക്കുവാനും കഴിയും. ഈ കാഴ്ചയുടെ രീതികൾ പലതാകാം. പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന ജ്ഞാനത്തിൽ കൂടിയുള്ള നിഗമനം വഴി എല്ലാ വസ്തുക്കളേയും ജ്ഞാനത്തിൽ സൃഷ്ടിച്ച[72] അവിടത്തെ കാണുവാൻ കഴിയും. ഒരു കരകൗശലശില്പം കാണുമ്പോൾ അതിന്റെ നിർമ്മാതാവിനെ അതിൽക്കൂടി കാണുവാൻ കഴിയും. അയാളുടെ കരകൗശലവൈദഗ്ദ്ധ്യം അതിൽ പ്രകടമാക്കിയിട്ടുണ്ട്. എന്നാൽ അതിൽ കലാകാരന്റെ സ്വഭാവമല്ല അയാളുടെ വൈദഗ്ദ്ധ്യമാണ് പ്രകടമാകുന്നതു്. അതുപോലെ പ്രപഞ്ചത്തിലെ ക്രമം നാം നോക്കുമ്പോൾ സൃഷ്ടികർത്താവിന്റെ സത്തയുടെ പ്രതിബിംബമല്ല, സകലത്തും വിവേകപൂർവ്വം സൃഷ്ടിച്ച അവിടത്തെ ജ്ഞാനമാണു മനസ്സിൽ തെളിഞ്ഞുവരുന്നതു്. നമ്മുടെ ജീവന്റെ കാരണത്തെക്കുറിച്ചു നാം പരിഗണിക്കുന്നുവെങ്കിൽ, അവിടന്നു നമ്മെ സൃഷ്ടിച്ചതു് യാതൊരാവശ്യവും മൂലമല്ല, പ്രത്യുത അവിടത്തെ നന്മയുടെ സ്വതന്ത്ര തീരുമാനത്താലാണെന്നു ഗ്രഹിക്കും. അപ്പോൾ അവിടത്തെ നന്മ–സത്തയല്ല നന്മ–നാം

www.malankaralibrary.com



ഗ്രഹിച്ചുവെന്നു പറയും. പരമ നന്മയിലേക്കു നമ്മുടെ മനസ്സി നെ ഉയൎത്തുന്ന എല്ലാകാൎയ്യങ്ങളെ സംബന്ധിച്ചും ഇങ്ങനെ ത ന്നെ പറയാം. ഇവയേയും ദൈവത്തെക്കുറിച്ചുള്ള അറിവായി നമുക്കു പറയാം. ഇവ ഓരോന്നിനേയും കുറിച്ചുള്ള മഹനീയ ധ്യാനം ദൈവത്തെ നമ്മുടെ കാഴ്ചയ്ക്കുമുമ്പിൽ അവതരിപ്പി ക്കുന്നു. ശക്തി, നിൎമ്മലത, സ്ഥിരത, വിരുദ്ധതയിൽനിന്നു ള്ള സ്വാതന്ത്ര്യം— ഇവയെല്ലാംതന്നെ ദൈവികവും അത്യുന്ന തവുമായ ഒരു മനസ്സിൻെറ മുദ്ര നമ്മുടെ ആത്മാവിലുളവാ ക്കുന്നു. ഇത്രയും പ്രസ്താവിച്ചതിൽ നിന്നു് ഒരു കാൎയ്യം വ്യക്ത മാണു്. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണുമെന്നു നമ്മു ടെ കൎത്താവു് വാഗ്ദാനം ചെയ്യുമ്പോൾ അവിടുന്നു സത്യമാ ണു പറയുന്നതു്. വി. പൗലോസാകട്ടെ, ഒരു മനുഷ്യനും ദൈവത്തെ കണ്ടിട്ടുമില്ല, കാണാൻ കഴിയുകയുമില്ല എന്നു പറയുമ്പോൾ നമ്മേ വഞ്ചിക്കുകയുമല്ല ചെയ്യുന്നതു്. സ്വ ഭാവമനുസരിച്ചു അവിടുന്നു അദൃശ്യനാണു്. തൻെറ ശക്തി കൾ മുഖേന അവിടുന്നു ദൃശ്യനാണു്. അവിടുത്തേക്കു നാം ആരോപിക്കുന്ന കാൎയ്യങ്ങൾ മൂലം അവിടുത്തെക്കുറിച്ചു ധ്യാ നിക്കുവാൻ നമുക്കു കഴിയും.

പ്രവൎത്തിക്കുന്നവനായ ദൈവത്തിൻെറ പ്രവൃത്തികൾ മുഖേന അവിടുത്തെ കാണുവാൻ കഴിയുമെന്നുള്ള കാൎയ്യത്തിൽ മാത്രം ഈ സൗഭാഗ്യത്തിൻെറ അൎത്ഥം ഒതുക്കി നിറുത്തുക വയ്യ. പ്രപഞ്ചത്തിലെ ക്രമത്തിന്റെ അനുരജ്ഞകത്വം അവി ടുത്തെ ജ്ഞാനത്തെയും ശക്തിയേയും കുറിച്ചു ഗ്രഹിക്കുവാൻ ഈ ലോകത്തിലെ ജ്ഞാനികൾക്കു സഹായകമാണു്. ത ങ്ങൾ ആഗ്രഹിക്കുന്നതു സ്വീകരിക്കുവാനും ധ്യാനിക്കുവാനും ഈ സൗഭാഗ്യം മറെറാരുപദേശവും അവൎക്കു നൽകുന്നുണ്ടു്. എൻെറ മനസ്സിലുള്ളതു് ഉദാഹരണങ്ങൾവഴി വ്യക്തമാ ക്കുവാൻ ശ്രമിക്കാം.

മനുഷ്യജീവിതത്തിലെ അഭിലഷണീയ കാൎയ്യങ്ങളിൽ ഒന്നാണു് ആരോഗ്യത്തിൻെറ തത്വം. ആ തത്വം അറി യുക മാത്രമല്ല ആരോഗ്യമുണ്ടായിരിക്കുക എന്നതാണു അ നുഗ്രഹകരം. ആരോഗ്യത്തെ പുകഴ്ത്തുകയും അതേസമയം

www.malankaralibrary.com



രോഗകാരണമാകാവുന്ന ഭക്ഷണം കഴിക്കുകയും ചെയ്യുന്നവൻ രോഗിയാകുന്നു. അപ്പോൾ ആരോഗ്യത്തെ പുകഴ്ത്തിയതുകൊണ്ടു അവനെന്തു പ്രയോജനം? ഈ രീതിയിൽതന്നെ ഈ സൗഭാഗ്യത്തിൽ കാണുന്ന വാക്കുകൾ നാം പരിഗണിക്കണം. ദൈവത്തെക്കുറിച്ചു കുറേ സംഗതികൾ അറിയുന്നതല്ല, ദൈവം ഉള്ളിൽ സന്നിഹിതനായിരിക്കുന്നതാണു് സൗഭാഗ്യം എന്നത്രെ നമ്മുടെ കർത്താവു് പറയുന്നതു്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ദൈവത്തെ കാണും. ആത്മാവിന്റെ കണ്ണുകൾ ശുദ്ധമാക്കപ്പെട്ടവനു നേരിട്ടുള്ള ദൈവദർശനം വാഗ്ദാനം ചെയ്തിരിക്കയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ദൈവരാജ്യം നിങ്ങളിലാണു് എന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്തിട്ടുണ്ടല്ലോ[73]. നാം ചർച്ച ചെയ്യുന്ന സൗഭാഗ്യത്തെക്കുറിച്ചു കൂടുതൽ അറിവു് ഈ പ്രസ്താവന നൽകുന്നുണ്ടെന്നു തോന്നുന്നു. എല്ലാ സൃഷ്ടവസ്തുക്കളിൽനിന്നും കടിഞ്ഞാണില്ലാത്ത മമതകളിൽനിന്നും ശുദ്ധീകൃതമായ ഹൃദയം ഉള്ളവൻ ദൈവസ്വഭാവത്തിന്റെ പ്രതിബിംബം തന്റെതന്നെ സൗന്ദര്യത്തിൽ ദർശിക്കുമെന്നാണു് ദൈവരാജ്യം നിങ്ങളിലാണു് എന്ന പ്രസ്താവനയുടെ അർത്ഥം. ഈ ചെറുവാചകം മുഖേന വചനം നമുക്കു ഇങ്ങനെയുള്ള ഒരു ഉപദേശം നല്കുന്നെന്നു എനിക്കു തോന്നുന്നു. മനുഷ്യരായ നിങ്ങളിൽ യഥാർത്ഥ നന്മയെ കണ്ടെത്തുവാനുള്ള ആഗ്രഹമുണ്ടു്. എന്നാൽ ദൈവിക മഹത്ത്വം ആകാശങ്ങൾക്കു മീതെയാണു്. ആ മഹത്ത്വം അവാച്യമാണു്, അതിന്റെ സൗന്ദര്യം വാക്കുകൾക്കതീതമാണു്, അതിന്റെ സ്വഭാവം അപ്രാപ്യമാണു്, എന്നെല്ലാം കേൾക്കുമ്പോൾ നിങ്ങൾ ആഗ്രഹിക്കുന്നതു് ഒരിക്കലും കാണുകയില്ലെന്നു് നിരാശപ്പെടാതിരിക്കുക. അതു നിങ്ങളുടെ പരിധിക്കുള്ളിലാണു്, ദൈവികമായതിനെ ഗ്രഹിക്കുവാനുള്ള ശക്തിവിശേഷം നിങ്ങളിൽതന്നെയുണ്ടു്. നിങ്ങളെ സൃഷ്ടിച്ചവൻ ഈ അത്ഭുതകരമായ സവിശേഷതയും നിങ്ങളുടെ പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുണ്ടു്. ദൈവം നിങ്ങളുടെ പ്രകൃതിയിൽ തന്റെതന്നെ സ്വഭാവത്തിന്റെ മഹത്ത്വവും, സാദൃശ്യവും ഒരു രൂപം മെഴുകിൽ പതിക്കുന്നതുപോലെ മുദ്രണം ചെയ്തിരിക്കുന്നു. എന്നാൽ, ദൈവികമായ പ്രതിബിംബമുള്ള പ്രകൃതിക്കു ദുഷ്ട

www.malankaralibrary.com



തിന്മ കോരിയൊഴിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഈ മഹത്തായ സംഗതി നിങ്ങൾക്കുപയോഗശൂന്യമായിത്തീർന്നിരിക്കുന്നു. ദുഷ്ടതയുടെ കീഴിൽ അതു അദൃശ്യമായി സ്ഥിതി ചെയ്യുന്നു. കളിമണ്ണുപോലെ നിങ്ങളുടെ ഹൃദയത്തിൽ കുമിഞ്ഞുകൂടികിടക്കുന്ന അഴുക്കുകൾ നല്ല ജീവിതം വഴിനിങ്ങൾ കഴുകിക്കളയുന്നുവെങ്കിൽ ദൈവിക സൗന്ദര്യം നിങ്ങളിൽ വീണ്ടും പ്രശോഭിക്കും.

ഇരുമ്പിൻെറ കാര്യത്തിൽ സംഭവിക്കുന്നതുപോലെയാണിതു്. ഇരുമ്പിൽപ്പറ്റിപ്പിടിച്ചിട്ടുള്ള തുരുമ്പു് നിശ്ശേഷം നീക്കിക്കളഞ്ഞാൽ അല്പം മുമ്പുവരെ കറുത്തിരുന്ന ആ വസ്തു സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങും. ഹൃദയമെന്നു നമ്മുടെ കർത്താവു് വിളിക്കുന്ന ആന്തരിക മനുഷ്യൻെറ കാര്യവും ഇങ്ങനെതന്നെ. തൻെറ മേൽ തുരുമ്പുപോലെ വന്നു കയറിയ അഴുക്കു്, തൻെറ രൂപത്തിൽ ജീർണ്ണത പ്രത്യക്ഷമാകാൻ കാരണമാക്കിയ ആ അഴുക്കു്, ഇല്ലാതാകുമ്പോൾ അവൻ വീണ്ടും നല്ലവനും, ദൈവത്തിൻെറ സാദൃശ്യമുള്ളവനുമാകും. നന്മതന്നെയായ ദൈവത്തിൻെറ സാദൃശ്യം തീർച്ചയായും അതിൽ തന്നെ നല്ലതാണു്. അതിനാൽ ഹൃദയശുദ്ധിയുള്ളവൻ തന്നെത്താന്നെ കാണുന്നപക്ഷം, താൻ ആഗ്രഹിക്കുന്നതു് തന്നിൽ കണ്ടെത്തും. ഇങ്ങനെ അവൻ സൗഭാഗ്യമുള്ളവനാകും; കാരണം, തൻെറ നിർമ്മലത അവൻ നോക്കുമ്പോൾ ആ പ്രതിബിംബത്തിൽ ദൈവത്തെ കാണും.

ഒരുദാഹരണമിതാ: ഒരു കണ്ണാടിയിൽ സൂര്യനെ ദർശിക്കുന്ന മനുഷ്യൻ ആകാശത്തിലേക്കു നോക്കുന്നില്ല. എന്നാലും ആകാശത്തിൽ നോക്കുന്നവർ കാണുന്നതുപോലെ സൂര്യബിംബം കണ്ണാടിയിൽ പ്രതിഫലിക്കുന്നു. നിങ്ങളെ സംബന്ധിച്ചും ഇതുപോലെ തന്നെയാണെന്നു അവിടുന്നരുൾ ചെയ്യുന്നു. പ്രകാശം തന്നെയായ ദൈവത്തെ കാണുവാൻ കഴിയാത്തവണ്ണം നിങ്ങൾ വളരെ ബലഹീനരാണെങ്കിലും ആരംഭത്തിൽ നിങ്ങൾക്കു തന്ന സാദൃശ്യത്തിൻെറ അനുഗ്രഹത്തിലേക്കു തിരിച്ചു വരുന്നപക്ഷം, നിങ്ങൾ അന്വേഷിക്കുന്നവയെല്ലാം നിങ്ങളിൽതന്നെ ഉണ്ടായിരിക്കും. ദൈവത്വ

www.malankaralibrary.com



ൊകട്ടെ, നിർമ്മലത, വികാരങ്ങളിൽ നിന്നുള്ള വിമോചനം, എല്ലാ തിന്മയിൽനിന്നുമുള്ള വേർപാട്— ഇവയാണ്: ഇവ നിങ്ങളിൽ ഉണ്ടെങ്കിൽ ദൈവം തന്നെ നിങ്ങളിലുണ്ട്. നിങ്ങളുടെ ചിന്ത യാതൊരുതിന്മയും കലരാത്തതും, വികാര ങ്ങളിൽനിന്നു വിമുക്തവും എല്ലാ കറകൾക്കും അന്യവുമാണെ ങ്കിൽ, നിങ്ങൾ അനുഗ്രഹീതരാണ്. കാരണം നിങ്ങളുടെ കാഴ്ച വ്യക്തമാണ്. ശുദ്ധീകൃതരാകാത്തവർക്ക് അദൃശ്യമായതു കാണുവാൻ നിങ്ങൾക്കു കഴിയും. കാരണം, നിങ്ങൾ ശുദ്ധീ കൃതരാണ്. ഭൗതികമായവയിൽ കുരുങ്ങിപ്പോയതു നിമിത്ത മുളവായ അന്ധകാരം നിങ്ങളുടെ ആത്മാവിൽനിന്ന് മാറി യിരിക്കുന്നു. അതിനാൽ നിങ്ങളുടെ ഹൃദയമാകുന്ന സ്വർഗ്ഗ സൗഭാഗ്യദർശനം പ്രകാശപൂർണ്ണമായിത്തന്നെ നിങ്ങൾ കാ ണും. എന്നാൽ എന്താണ് ഈ ദർശനം? അതു ദൈവത്തെ അറിയുന്നതിനിടയാക്കുന്ന നിർമ്മലതയും, വിശുദ്ധിയും ശാലീ നതയും ദൈവസ്വഭാവത്തിന്റെ ഉജ്ജ്വലതയായ മറ്റെല്ലാ പ്രതിഫലനങ്ങളുമത്രെ.

ഇത്രയും പറഞ്ഞതിൽനിന്ന് ഇങ്ങനെയാണു വസ്തുത യെന്നു നമുക്കു വ്യക്തമായി. പക്ഷെ ഈ പ്രസംഗത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ച പ്രശ്നം ഇപ്പോഴും അവശേഷി ക്കുന്നു. ഇതാണതു്. സ്വർഗ്ഗത്തിലായിരിക്കുന്നവൻ സ്വർഗ്ഗ ത്തിലെ അത്ഭുതജനകമായ കാര്യങ്ങളിൽ പങ്കാളിയാകുന്നു. എന്നാൽ, ആരോഹണത്തിന്റെ രീതി അസാദ്ധ്യമായ ഒന്നാണ്. നാം ഇതേവരെ കേട്ടു സമ്മതിച്ചു കഴിഞ്ഞവ നമ്മെ കൂടുതൽ മുമ്പോട്ടു നയിക്കുന്നില്ല. ശുദ്ധമായ ഹൃദയമു ള്ളവൻ സൗഭാഗ്യമുള്ളവനാണെന്നുള്ള കാര്യം ആരും സംശ യിക്കുന്നില്ല. പക്ഷേ, എങ്ങനെയാണ് കറകളിൽനിന്നും കളങ്കങ്ങളിൽനിന്നും ഹൃദയത്തെ ശുദ്ധമാക്കേണ്ടതു്? ഇക്കാ ര്യമാണ് സ്വർഗ്ഗത്തിലേക്കുള്ള ആരോഹണത്തിൽ തട സ്സമായി നിൽക്കുന്നതു്. എന്താണ് പൂർവ്വപിതാവായ യാ ക്കോബിന്റെ കോവേണി? നമ്മുടെ ഹൃദയം ഉന്നതത്തിലുള്ള അത്ഭുതങ്ങളിലേക്കു സംവഹിക്കപ്പെടുകയും ഭൗതികമായ

www.malankaralibrary.com



ഈ ഭാരം കുടഞ്ഞുകളയുകയും ചെയ്യുവാൻ ഏലിയാ ദീർഘദർശി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട തരത്തിലുള്ള ഒരഗ്നിരഥം നമുക്കെങ്ങനെ കണ്ടെത്തുവാൻ കഴിയും?

ആത്മാവിനുണ്ടാകുന്ന അനുഭവങ്ങൾ പരിഗണിക്കുമ്പോൾ അവയുമായി ബന്ധപ്പെട്ടിരിക്കുന്ന തിന്മകൾ ഉന്മൂലനം ചെയ്യുക അസാദ്ധ്യമാണെന്ന് ചിലർ ചിന്തിച്ചേക്കാം. നമ്മുടെ ജനനത്തിൻെറ ആരംഭംതന്നെ വികാരത്തിലാണ്, നാം വളരുന്നതും വികാരങ്ങളോടു കൂടിയാണ്, വികാരത്തോടുകൂടിയാണ ജീവിതവും അവസാനിക്കുന്നതു്. ആദിമാതാപിതാക്കൾ വികാരത്തിനടിപ്പെട്ടതുമൂലം എങ്ങനെയോ തിന്മ നമ്മുടെ പ്രകൃതിയിൽ കടന്നുകൂടി. കല്പന ലംഘനം വഴി ഈ രോഗം തലമുറതലമുറയായി തുടരുന്നു. ജീവനുള്ള സൃഷ്ടികളിൽനിന്നു് അതേതരത്തിലുള്ള ജീവികളാണുള്ളവാകുക. അതാണ പ്രകൃതിനിയമം. മനുഷ്യൻ മനുഷ്യരിൽനിന്നു ജനിക്കുന്നു. അവൻ വികാരത്തിനടിമയാണ്. അവൻെറ സന്തതി പരമ്പരകളും അങ്ങനെതന്നെ. പാപിയിൽനിന്നു പാപി ജനിക്കുന്നു. അതിനാൽ ജനിക്കുന്നവരിൽ പാപം ജനിക്കുന്നു. ആ പാപം അവരുടെ ജീവിതം മുഴുവനും നിലനില്ക്കുന്നു. മരണത്തോടെ അതവരോടൊന്നിച്ച് ഇല്ലാതാകുന്നു. നേരേമറിച്ച് സദ്ഗുണമാകട്ടെ, ലഭിക്കാൻ നമുക്കു പ്രയാസമുള്ളതാണ്. വിയർപ്പും വേദനയും, തീക്ഷ്ണതയും, ക്ഷീണവും ഒക്കെ അനുഭവിച്ചാലും സദ്ഗുണജീവിതം സ്ഥാപിച്ചെടുക്കുക വിഷമകരമാണ്. വി. ലിഖിതങ്ങളിലുള്ള പല ഭാഗങ്ങൾ ഈ തത്വം നമ്മെ പഠിപ്പിക്കുന്നുണ്ടു്. രാജ്യത്തിലേക്കുള്ള വഴി ഇടുങ്ങിയതും നേരെയുള്ളതുമാണ്. ദുഷ്ടജീവിതംവഴി, നാശത്തിലേക്കുള്ള വഴി വീതിയുള്ളതും കീഴ്ക്കാംതൂക്കായി പോകുന്നതുമാകയാൽ എളുപ്പം ആ വഴിയേ യാത്രചെയ്യാൻ സാധിക്കും എന്നെല്ലാം വി. ലിഖിതങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സദ്ഗുണസമ്പന്നമായ ജീവിതം അസാദ്ധ്യമൊന്നുമല്ലെന്നും വി. ലിഖിതങ്ങൾ പഠിപ്പിക്കുന്നുണ്ടു്. അനേകം വിശുദ്ധമനുഷ്യരുടെ അത്ഭുതകരമായ നേട്ടങ്ങൾ വേദപുസ്തകം കാണിച്ചുതരുന്നു. ദൈവത്തെ കാണുക എന്നതിനു് രണ്ടു

www.malankaralibrary.com



വിധമുള്ള അർത്ഥമുണ്ടു്. ഒന്നാമത്തേതു്, പ്രപഞ്ചത്തിന്ു് അതീതനായവന്റെ സ്വഭാവം അറിയുക. രണ്ടാമത്തേതു് ജീവിതശുദ്ധിമൂലം അവിടത്തോടു് ഐക്യപ്പെടുക. ആദ്യത്തേതു് സാദ്ധ്യമല്ലെന്നു് വി. ലിഖിതം പ്രസ്താവിക്കുന്നു. രണ്ടാമത്തേതു്, മനുഷ്യപ്രകൃതിക്കു നമ്മുടെ കർത്താവു് വാഗ്ദാനം ചെയ്തിരിക്കുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ദൈവത്തെ കാണും.

നിങ്ങൾക്കു ശുദ്ധഹൃദയരാകാം. സുവിശേഷത്തിലെ പ്രബോധനങ്ങൾവഴി നിങ്ങൾക്കതു പഠിക്കാം. ഹൃദയത്തെ ശുദ്ധമാക്കുന്നതെന്താണെന്നു് ഗ്രഹിക്കുവാൻ ഓരോ നിർദ്ദേശവും നിങ്ങൾ ഒന്നൊന്നായി വായിച്ചുനോക്കുക. ദുഷ്ടത രണ്ടുവിധമുണ്ടു്. ആദ്യത്തേതു് ചിന്തയുമായും രണ്ടാമത്തേതു് പ്രവൃത്തികളുമായും ബന്ധപ്പെട്ടിരിക്കുന്നു. പ്രവൃത്തികളിൽ കാണുന്ന തെറ്റുകുറ്റങ്ങൾക്കു് പഴയ നിയമത്തിൽ അവിടന്നു് ശിക്ഷിച്ചിരുന്നു. പുതിയ നിയമത്തിലാകട്ടെ ചിന്തവഴിയുള്ള പാപത്തെക്കുറിച്ചു് അവിടന്നു് നിയമം നല്കിയിട്ടുണ്ടു്. ദുഷിച്ച പ്രവൃത്തികൾക്കുള്ള ശിക്ഷ അവസ്സില്ല. ഈ നിയമമാകട്ടെ തിന്മയുടെ ആരംഭത്തിൽതന്നെ അതിനെ ചെറുത്തുനിൽക്കാനുള്ള കാവൽക്കാരനാണു്. മനസ്സിന്റെ തെരഞ്ഞെടുപ്പിൽനിന്നു് തിന്മയെ പൂർണ്ണമായി അകറ്റിക്കളയുകയെന്നതു ദുഷ്പ്രവൃത്തികളിൽനിന്നു ജീവിതത്തെ സ്വതന്ത്രമാക്കുകയാണു്. തിന്മയ്ക്കു പല ഭാഗങ്ങളും രൂപങ്ങളും ഉള്ളതിനാൽ ഓരോന്നിനുമുള്ള പ്രത്യേക പരിഹാരനിർദ്ദേശങ്ങൾ അവിടന്നു് നല്കി. ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളിലും കോപാവേശമെന്ന രോഗം പിടിപെടാം. അതിനാൽ കോപത്തിൽനിന്നു് വിട്ടുനിൽക്കാനുള്ള കല്പന അവിടന്നു് നല്കുന്നു. പഴയ നിയമത്തിലെ കാര്യം സൂചിപ്പിച്ചുകൊണ്ടു് അവിടന്നു് പറയുന്നു, "നീ കൊല്ലരുതു് എന്നു നിങ്ങൾ പഠിച്ചിട്ടുണ്ടു്."[74] നിങ്ങളുടെ അയൽക്കാരനോടുള്ള കോപത്തിൽനിന്നു് നിങ്ങളുടെ ആത്മാവിനെ സൂക്ഷിച്ചുകൊള്ളുക. കോപത്തെ അവിടന്നു് പൂർണ്ണമായി നിരോധിച്ചിട്ടില്ല. ചിലപ്പോൾ ഒരുവനു് ഈ വികാരത്തെ നിയമാനുസൃതം നല്ല കാര്യത്തിനുപയോഗിക്കാം, തക്കതായ നല്ല കാരണമില്ലാതെ

www.malankaralibrary.com



അയൽക്കാരനെതിരെ കോപിക്കുന്നതു നമ്മുടെ കർത്താവ് വിലക്കിയിരിക്കുന്നു. "തൻെറ സഹോദരനോടു വൃഥാ കോപിക്കുന്ന ഏവനും ന്യായവിധിക്കർഹനാകുന്നു." വൃഥാ എന്ന പദം പ്രത്യേകം സൂക്ഷിക്കുക. പാപത്തെ ശിക്ഷിക്കുവാനുള്ള കോപം അവസരോചിതമാണ്. ഇതുപോലുള്ള കോപത്തെക്കുറിച്ച് വി. ലിഖിതങ്ങളിൽ പരാമർശമുണ്ട്. കല്പന ലംഘിച്ചവരെ യഹോവ ഭീഷണിപ്പെടുത്തിയപ്പോൾ ഫിനെഹാസ് കല്പന ലംഘിച്ച രണ്ടുപേരെ കൊന്നു, യഹോവയെ ഇസ്രായേലുമായി രമ്യപ്പെടുത്തി.[75]

അതിനുശേഷം സന്തോഷത്തിനുവേണ്ടി ചെയ്യുന്ന പാപങ്ങൾ സുഖപ്പെടുത്തുന്ന കാര്യത്തിലേക്ക് അവിടന്നു നീങ്ങുന്നു. തൻെറ വ്യഭിചാരത്തിനുള്ള നികൃഷ്ടമായ ആഗ്രഹത്തിൽനിന്നു ഹൃദയത്തെ കൽപ്പനവഴി അവിടന്നു സ്വതന്ത്രമാക്കുന്നു. തിന്മയുടെ ഓരോ രൂപത്തെയും ഭാവത്തെയും ഓരോന്നായി എടുത്തു, കല്പന മുഖേന നമ്മുടെ കർത്താവ് നീക്കുന്നതു് നാം കാണുന്നു. സ്വരക്ഷക്കുവേണ്ടി പ്രവർത്തിക്കുന്നതുപോലും അനുവദിക്കാതെ നീതിരഹിതമായ ബലപ്രയോഗത്തിൻെറ ആരംഭംതന്നെ അവിടന്നു് തടസ്സപ്പെടുത്തുന്നു. കൊള്ളയടിക്കപ്പെട്ടവൻ ബാക്കിയുള്ളതുകൂടി നല്കണമെന്നു് കൽപ്പിച്ചുകൊണ്ടു അത്യാഗ്രഹമെന്ന വികാരത്തെ അവിടന്നു ആട്ടിപ്പായിക്കുന്നു. മരണത്തെ പുച്ഛിക്കുവാൻ കല്പിച്ചുകൊണ്ടു ഭീരുതയെ അവിടന്നു് സുഖപ്പെടുത്തുന്നു. പൊതുവേ പറഞ്ഞാൽ ഈ കൽപ്പനകൾവഴി നമ്മുടെ ഹൃദയത്തിൻെറ അഗാധതയിൽനിന്നു കലപ്പകൊണ്ടെന്നപോലെ തിന്മയുടെ വേരുകൾ അവിടന്നു പിഴുതെറിയുന്നു. അങ്ങനെ മുള്ളുകൾ ഉല്പാദിപ്പിക്കാതിരിക്കാൻ നാം ശ്രദ്ധിക്കുന്നവരാകുന്നു.

നല്ലകാര്യങ്ങൾ വാഗ്ദാനം ചെയ്തും, അവ പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ പഠിപ്പിച്ചും അവിടന്നു നമ്മുടെ പ്രകൃതിക്കു നന്മചെയ്യുന്നു. നന്മ പ്രാപിക്കാനുള്ള പ്രയത്നം ക്ലേശകരമായി തോന്നുന്നുവെങ്കിൽ ആ ജീവിതത്തെ അതിനെതിരായ ജീവിതത്തോട്ട് താരതമ്യപ്പെടുത്തി നോക്കുക. വഷളായ ജീവിതം എന്തുമാത്രം വേദനാജനകമാണെന്നു അപ്പോൾ നിങ്ങൾ ഗ്രഹിക്കും. വേദന ഈ ലോകത്തിലേതല്ല, പരലോ

www.malankaralibrary.com



കത്തിലേതാണ്. നരകമെന്ന പദം കേൾക്കുമ്പോൾ പാപകരമായ സന്തോഷങ്ങളെ ദുഃഖത്തോടും, പ്രയാസത്തോടും കൂടിയായിരിക്കയില്ല നാം വീക്ഷിക്കുക. നരകത്തെക്കുറിച്ചുള്ള വിചാരത്തിലെ ഭയം മാത്രം മതിയാകും പാപവികാരങ്ങളെ ഓടിച്ചുകളയാൻ. നമ്മുടെ കർത്താവിന്റെ പ്രബോധനത്തിൽ പരോക്ഷമായി അടങ്ങിയിട്ടുള്ളവ ചർച്ചചെയ്യുക ഉപയോഗപ്രദമായിരിക്കും. ഇത് നമ്മിൽ നല്ലജീവിതത്തിനു ശക്തിമത്തായ ആഗ്രഹം ഉളവാക്കിയേക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാകുന്നെങ്കിൽ വഷളായ മനസ്സുള്ളവർ കഷ്ടതയുള്ളവരാണ്. അവർ ശത്രുവിന്റെ (പിശാചിന്റെ) മുഖത്താണു നോക്കുന്നത്. കൂടാതെ സദ്ഗുണപൂർണ്ണമായ ജീവിതത്തിൽ ദൈവിക സ്വഭാവം മുദ്രിതമാണെങ്കിൽ ദുഷ്ടജീവിതം ശത്രുവിന്റെ ആകൃതിക്കും മുഖത്തിനും സാദൃശ്യമുള്ളതാണെന്നു വ്യക്തം. വിവിധതരത്തിലുള്ള ചിന്തകൾക്കനുസൃതമായി നന്മയുടെ പ്രാതിനിധ്യസ്വഭാവമനുസരിച്ചു ദൈവത്തിനു പേരു നൽകിയിട്ടുണ്ട്. ഉദാഹരണമായി പ്രകാശം, ജീവൻ, നാശമില്ലായ്മ തുടങ്ങിയവ. മറിച്ച്, ഇവയ്ക്കെതിരായിട്ടുള്ള പേരുകൾ തിന്മയുടെ പ്രചോദകനു നല്കിയിരിക്കുന്നു. ഉദാഹരണമായി അന്ധകാരം, മരണം, നാശം മുതലായവ, നല്ല ജീവിതവും, ചീത്ത ജീവിതവും എന്താണെന്നു നാം ഗ്രഹിച്ചുകഴിഞ്ഞു. ഇവയിലേതെങ്കിലും ഒന്നു തെരഞ്ഞെടുക്കുവാനുള്ള ശക്തി നമ്മുടെ സ്വതന്ത്രമായ ഇച്ഛാശക്തിക്കുണ്ട്. അതിനാൽ നമുക്കു പിശാചിന്റെ രൂപത്തിൽ നിന്നു് ഓടിയകലാം. ദുഷ്ടതയുടെ മുഖംമൂടി മാററിയിട്ട് ദൈവികരൂപം നമുക്ക് വീണ്ടും ധരിക്കാം. ജീവിതശുദ്ധി മുഖേന ദൈവസാദൃശ്യം നമ്മിൽ ഉണ്ടാകുമ്പോൾ നാം സൗഭാഗ്യമുള്ളവരാകും. അതിനായി നമുക്കു ഹൃദയശുദ്ധിയുള്ളവരാകാം. എന്നും എന്നേക്കും മഹത്വമുള്ള നമ്മുടെ കർത്താവായ ഈശോമിശിഹായിൽ തന്നെ. ആമീൻ.

www.malankaralibrary.com

## പ്രഭാഷണം 7

**സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെടും.**

ദൈവം പർവ്വതമുകളിൽ വച്ചു നല്കിയ നിർദ്ദേശങ്ങളനുസരിച്ചു നിയമദാതാവായ മോശെ ഇസ്രായേൽക്കാർക്കു വേണ്ടി സമാഗമന കൂടാരം നിർമ്മിച്ചു. ശുദ്ധസ്ഥലത്തുണ്ടായിരുന്നവയെല്ലാം നിർമ്മലവും വിശുദ്ധവുമായിരുന്നു. സമാഗമന കൂടാരത്തിൻെറ ഏററം അകത്തെ ഭാഗം ശുദ്ധതയുടെ ശുദ്ധസ്ഥലമെന്നു വിളിക്കപ്പെട്ടിരുന്നു. പ്രധാന പുരോഹിതനല്ലാതെ മററാക്കും അവിടെ പ്രവേശനമില്ലായിരുന്നു. ശക്തിപൂർവ്വമായ ഈ നാമം ഈ ഭാഗത്തെ പരിശുദ്ധി മററുള്ള ഭാഗങ്ങൾക്കുള്ളവയിൽ കൂടുതലായിരുന്നുവെന്നു കാണിക്കുന്നതായി ഞാൻ കരുതുന്നു. ശരിയായ നിലയിൽ ദൈവത്തിനു പ്രതിഷ്ഠിച്ച വസ്തു വെറും സാധാരണവും ലൗകികവുമായ വസ്തുവിനേക്കാൾ പരിശുദ്ധമായതുപോലെ ശുദ്ധതയുടെ ശുദ്ധസ്ഥലം കൂടാരത്തിലെ മററുസ്ഥാനങ്ങളെക്കാൾ പരിശുദ്ധമായിരുന്നു. ഗിരിപ്രഭാഷണത്തിൽ കർത്താവു പ്രഖ്യാപിച്ച അഷ്ടസൗഭാഗ്യങ്ങളുടെ കാര്യവും ഇങ്ങനെയാണെന്നു തോന്നുന്നു. ഇതേവരെ നമ്മുടെ കർത്താവു അരുൾ ചെയ്തതെല്ലാം പരിപൂർണ്ണമായി പരിശുദ്ധമായവയാണ്. എന്നാൽ ഇപ്പോൾ നാം ധ്യാനിക്കുന്നതു് ഏററവും പരിശുദ്ധമായതത്രെ. ദൈവത്തെ കാണുകയെന്നുള്ള സൗഭാഗ്യത്തിനുപരി മറെറാന്നില്ലെങ്കിൽ ദൈവത്തിൻെറ മക്കളായിത്തീരുക ഏററം സൗഭാഗ്യകരമാണല്ലോ. ഈ സൗഭാഗ്യത്തിൻെറ അർത്ഥമെന്താണു്? ഇപ്രകാരമുള്ള ഒരു ദാനത്തെക്കുറിച്ചുള്ള വാഗ്ദാനം എന്തു വാക്കുകൊണ്ടാണു് വിവരിക്കാനാവുന്നതു്? മനസ്സു് എന്തു ഗ്രഹിച്ചാലും, ഈ സൗഭാഗ്യം സൂചിപ്പിക്കുന്നതു് മനസ്സിൻെറ ഗ്രഹണശക്തിക്കതീതമാണു്. ഈ സൗഭാഗ്യം വാഗ്ദാനം ചെയ്യുന്നതിനെ നല്ലതെന്നോ, മഹത്താ

www.malankaralibrary.com



കരമെന്നോ, ഏററം ദയനീയമെന്നോ നിങ്ങൾ വിളിച്ചാലും ഇതു് ഈ വാക്കുകളുടെ അർത്ഥങ്ങൾക്കെല്ലാം ഉപരിയാണു്.

ദൈവിക സ്വഭാവത്തോടു് തുലനം ചെയ്യുമ്പോൾ മനുഷ്യൻ ആരാണു്? മനുഷ്യ പ്രകൃതി താണ തലത്തിലുള്ളതാണെന്നു തെളിയിക്കുവാൻ ഏതു വിശുദ്ധൻെറ വാക്കുകളാണു് ഞാൻ ഉദ്ധരിക്കേണ്ടതു്? അബ്രഹാമിൻെറ വാക്കുകളനുസരിച്ചു് അതു് പൊടിയും ചാരവുമാണു്.[76] യേശയ്യായിക്കു് അതു പുല്ലാണു്.[77] ദാവീദ് അതിനെ പുല്ലെന്നു വിളിക്കുന്നില്ലെങ്കിലും അതു പുല്ലു്പോലെയാണെന്നു പറയുന്നുണ്ടു്.[78] യേശയ്യാ പ്രസ്താവിക്കുന്നു "എല്ലാ ജഡവും പുല്ലാണു്." ദാവീദ് പ്രസ്താവിക്കുന്നു. "മനുഷ്യൻ പുല്ലിനെപ്പോലെയാണു്" സഭാപ്രസംഗകൻ മനുഷ്യസ്വഭാവത്തെ മായയെന്നു വിളിക്കുന്നു.[79] വി. പൗലോസാകട്ടെ അതിനെ കഷ്ടതയെന്നു പറയുന്നു.[80] വി. പൗലോസിനെക്കുറിച്ചു തന്നെത്തന്നെ താഴ്ത്തിക്കെട്ടി പ്രസ്താവിക്കുന്നുണ്ടു്. മനുഷ്യവർഗ്ഗം മുഴുവനും അതിൻെറ ദയനീയാവസ്ഥയെക്കുറിച്ചു സങ്കടപ്പെടുന്നുണ്ടു്.

ഇതാണു് മനുഷ്യൻ; പക്ഷേ ദൈവം എന്താണു്? കാണുവാനോ, കേൾക്കുവാനോ മനുഷ്യമനസ്സിനു പൂർണ്ണമായി ഗ്രഹിക്കുവാനോ സാധിക്കാത്തതിനെ ഞാൻ എന്താണു വിളിക്കേണ്ടതു്? ഏതു വാക്കു മുഖേന അവിടത്തെ പ്രകൃതി വെളിപ്പെടുത്തുവാൻ എനിക്കു കഴിയും? പരിപൂർണ്ണമായി അവാച്യമായതിനെ വിവരിക്കുവാൻ ഏതു് വാക്കാണു് ഞാൻ ഉണ്ടാക്കേണ്ടതു്? ഈ പ്രകൃത്യാതീത സ്വഭാവത്തെക്കുറിച്ചു വി. ലിഖിതങ്ങൾ മഹനീയപദങ്ങൾ ഉപയോഗിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. പക്ഷേ, ആ സ്വഭാവവുമായിട്ടതിനെ തുലനം ചെയ്യുമ്പോൾ ആ വാക്കുകൾ എന്താണു്? വി. ലിഖിതങ്ങൾ പ്രസ്താവിക്കുന്നവയെല്ലാം ഗ്രഹിക്കുവാൻ ഞാൻ പ്രാപ്തനായാലും അവ സൂചിപ്പിക്കുന്നവയേക്കാൾ അതു് മഹത്തരമാണു്. നാം ശ്വസിക്കുമ്പോൾ നമുക്കെടുക്കാവുന്ന വായു എടുക്കും. ചിലർക്കു് അതു് കൂടിയും, ചിലർക്കു കുറഞ്ഞും മതിയാകും. എന്നാൽ, കൂടുതൽ എടുത്ത ആൾ വായു മുഴുവനും വലിച്ചെടുക്കുന്നില്ല. മുഴുവൻ വായുവും അപ്പോഴും ഉണ്ടു്;

ഇതുപോലെ തന്നെയാണു് ദൈവത്തെക്കുറിച്ചു വിലിഖിതങ്ങളിലുപയോഗിച്ചിരിക്കുന്ന വാക്കുകൾ, പരിശുദ്ധാത്മ പ്രേരിതരായി മനുഷ്യർ നമുക്കു് വ്യാഖ്യാനിച്ചു തരുമ്പോഴും സംഭവിക്കുന്നതു്. നമ്മുടെ ഗ്രഹണശക്തികൊണ്ടു് അളക്കുകയാണെങ്കിൽ അവ ഏററം മഹിമയുള്ളതു തന്നെ. പക്ഷേ, സത്യത്തിൻെറ ഔന്നത്യത്തിൽ അവ എത്തിച്ചേർന്നിട്ടുമില്ല. "തൻെറ ഉള്ളംകൈയു് കൊണ്ടു് വെള്ളം അളക്കുകയും, ചാണുകൊണ്ടു് ആകാശത്തിൻെറ പരിമാണമെടുക്കുകയും, ഭൂമിയുടെ പൊടി നാഴിയിൽ കൊള്ളിക്കയും ചെയ്യുന്നവൻ ആരു്?" എന്നാണു് യേശയ്യാ ചോദിക്കുന്നതു്.[81] ആ അവാച്യമായ ശക്തിയെ എത്ര മഹനീയമായ പദങ്ങളിൽ അദ്ദേഹം വിവരിക്കുന്നെന്നു നോക്കൂ. എന്നാൽ വസ്തുതയുമായി തുലനം ചെയ്യുമ്പോൾ ആ വാക്കുകൾ എന്താണു്? ദൈവിക ശക്തിയുടെ ഒരു ചെറിയ അംശം മാത്രമേ പ്രവാചകൻെറ ഈ മഹനീയ പദങ്ങൾ സൂചിപ്പിക്കുന്നുള്ളു. ഈ പ്രവൃത്തി പുറപ്പെടുന്ന ശക്തിയെ അദ്ദേഹം നാമകരണം ചെയ്യുന്നില്ല. ശക്തിയുടെ സ്വഭാവത്തെ ഒട്ടും വിശദമാക്കുന്നുമില്ല. ശക്തിക്കു് അദ്ദേഹം നാമം നൽകുകയുമില്ല. മറിച്ചു് ഈ വാക്കുകൾ മുഖേന ദൈവത്വത്തെ ദൃശ്യമായി വ്യക്തമാക്കുവാൻ ശ്രമിക്കുന്നവരെ അദ്ദേഹം ശാസിക്കുകയാണു്. ദൈവത്തിൻെറ പേരിൽ സംസാരിച്ചുകൊണ്ടു അദ്ദേഹം പ്രസ്താവിക്കുന്നതു ശ്രദ്ധിക്കുക "ആകയാൽ നിങ്ങൾ എന്നെ ആരോടു് സദൃശമാക്കും, ഞാൻ ആരോടു് തുല്യനാകും."[82] സഭാപ്രസംഗകൻ ഈ നിരോധനം ഇപ്രകാരമാണു നൽകുക. "അതിവേഗത്തിൽ ദൈവസന്നിധിയിൽ ഒരു വാക്കുപോലും ഉച്ചരിക്കരുതു്. ദൈവം സ്വർഗ്ഗത്തിലും, ഭൂമിയിലുമാണു്"[83] സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള അകലം അദ്ദേഹം പരാമർശിക്കുന്നതു് ദൈവസ്വഭാവം ലൗകിക ചിന്തകളെ എത്രമാത്രം അതിശയിക്കുന്നു എന്നു വ്യക്തമാക്കുവാനാണെന്നു ഞാൻ കരുതുന്നു. മനുഷ്യനു വിലയൊന്നുമില്ല. ഉണ്ടെങ്കിൽ ചാരമോ, പുല്ലോ, മായയോ കണക്കെ മാത്രം. എന്നിരുന്നാലും കാണുവാനോ, കേൾക്കുവാനോ, ചിന്തിക്കുവാനോ, അപ്രാപ്യമായ ഈ മഹത്ത്വവുമായി അവൻ ബന്ധത്തിലാ

www.malankaralibrary.com



കുന്നു. പ്രപഞ്ചത്തിന്റെ ദൈവം അവനെ ഒരു മകനായി സ്വീകരിക്കുന്നു.

ഇപ്രകാരമുള്ള ദാനത്തിന് യോഗ്യമായ നന്ദി പ്രദർശിപ്പിക്കുവാൻ നമുക്ക് എങ്ങനെ സാധിക്കും? ഏതു വാക്കുകൊണ്ട്, മനസ്സിനെ സ്പർശിക്കുന്ന ഏതു വിചാരംകൊണ്ട്, സമൃദ്ധമായ ഈ അനുഗ്രഹത്തെ നമുക്കു സ്തുതിക്കുവാൻ കഴിയും? മനുഷ്യൻ തന്റെതന്നെ സ്വഭാവത്തിന് അതീതനാകുന്നു. തന്റെ മർത്യതയിൽ ചീയലിന് വിധേയമായിരുന്നവൻ അമർത്യതയിൽ അതിൽനിന്ന് വിമുക്തനാകുന്നു, കാലത്തിൽ ജീവിച്ചവൻ നിത്യനായിത്തീരുന്നു. ഒററവാക്കിൽ പറഞ്ഞാൽ മനുഷ്യനിൽനിന്ന് ഒരു ദൈവം രൂപമെടുക്കുന്നു. കാരണം, മനുഷ്യൻ ദൈവമകനാകാൻ യോഗ്യനാക്കപ്പെട്ടപ്പോൾ അവൻ തന്നിൽ പിതാവിന്റെ മഹത്വം ഉള്ളവനാകും. പിതാവിന്റെ എല്ലാ വകകളിലും അവന് അവകാശവുമുണ്ടാകും. ഈ സമ്പന്നനായ കർത്താവ് എത്രയോ ഉദാരമായിട്ടാണ് തന്റെ കൈകൾ നീട്ടുന്നത്! മനുഷ്യനോടുള്ള സ്നേഹം നിമിത്തം പാപത്താൽ നിന്ദിതമായ നമ്മുടെ സ്വഭാവം ഏകദേശം തന്റേതിനോടുതന്നെ തുല്യമായ മഹത്വത്തിലേക്ക് അവിടന്ന് എത്തിക്കുന്നു. സ്വഭാവത്താൽ തന്നെ താൻ എന്തായിരിക്കുന്നുവോ, അതിലേക്ക് മനുഷ്യന് അവിടന്നു ബന്ധം നല്കുന്നു. ഇപ്രകാരമുള്ള രാജത്വത്തിന്റെ മഹത്വത്തോടുള്ള ഏകദേശ തുല്യതയല്ലാതെ മറെറന്താണ് അവിടന്നു വാഗ്ദാനം ചെയ്യുന്നത്?

മത്സരത്തിന്റെ സമ്മാനം ഇത്രയ്ക്കു വലുതാണ്. പക്ഷേ, ഈ മത്സരം എന്താണ്? നീ സമാധാനമുണ്ടാക്കുന്നവനാണെങ്കിൽ ദത്തുപുത്രസ്ഥാനമാകുന്ന അനുഗ്രഹം കൊണ്ട് കിരീടം ധരിപ്പിക്കപ്പെടും. ഇപ്രകാരം മഹത്തമമായ ഒരു സമ്മാനത്തിനു വേണ്ടിയുള്ള ജോലിയും ദാനം തന്നെയെന്നു തോന്നുന്നു. സമാധാനപരമായ ഒരു ജീവിതത്തെക്കാൾ മനുഷ്യൻ അഭിലഷിക്കുന്ന മധുരതരമായ മറെറന്തുണ്ട്? ജീവിതത്തിനു സന്തോഷദായകമായവയായി മറെറന്തെല്ലാം നിങ്ങൾ പ്രസ്താവിച്ചാലും അവ സന്തോഷദായകമാകുവാൻ സമാധാനം ആവശ്യമാണ്.

www.malankaralibrary.com



സമ്പത്തു്, ആരോഗ്യം, ഭാര്യയും മക്കളും, വീടു്, മാതാപിതാക്കൾ, വേലക്കാർ, സ്നേഹിതർ, എന്നിങ്ങനെ ജീവിതത്തിൽ കാര്യമായി കരുതുന്നതു സകലതും ഒരുവനുണ്ടെന്നു സങ്കല്പിക്കുക. കൂടാതെ, ഭൂമിയിൽനിന്നും കടലിൽനിന്നുമുള്ള ഉല്പന്നങ്ങൾ, സുന്ദരമായ മലർവാടികൾ, കളിക്കോപ്പുകൾ, കളിസ്ഥലങ്ങൾ, യുവാക്കൾക്കു് വിനോദത്തിനുള്ള സ്ഥലങ്ങൾ, സന്തോഷം നൽകുന്നതിനുള്ള മററുപാധികൾ ഇവയും മുൻ പ്രസ്താവിച്ചതിനോടു് കൂട്ടിച്ചേർത്തു കൊള്ളുക. ഇവയോടൊന്നിച്ചു വേണമെങ്കിൽ ആഡംബര ജീവിതം നയിക്കുന്നവർക്കുള്ള സംഗീത സദസ്സുകളും, മററനേകം സന്തോഷ സന്ദർഭങ്ങളും കൂട്ടിക്കൊള്ളുക. ഇവയെല്ലാമുണ്ടെങ്കിലും സമാധാനമെന്ന അനുഗ്രഹമില്ലെങ്കിൽ, ഇവ ആസ്വദിക്കുന്നതു് യുദ്ധം തടയുകയാണെങ്കിൽ, എന്തു് പ്രയോജനം? അതിനാൽ ആസ്വദിക്കാൻ മാധുര്യമുള്ളതു സമാധാനമാണു്. ജീവിതത്തിൽ പ്രിയംകരമായ സകലതിനും അതു് മാധുര്യം നൽകുന്നു. മാനുഷികമായ ദൗർഭാഗ്യം നാം സഹിക്കുകയാണെങ്കിലും, സമാധാനമുള്ളിടത്തോളം കാലം ആ തിന്മ നാം അനായാസമായി സഹിക്കും. കാരണം, അതു നന്മയുമായി കലർത്തപ്പെട്ടിരിക്കുന്നതു തന്നെ. എന്നാൽ യുദ്ധം ജീവിതത്തെ പിടിച്ചുകുലുക്കുമ്പോൾ കഷ്ടതകൾ വരുന്നതിൽ നാം ആകുലപ്പെടുന്നില്ല. പൊതുവായ അപകടം വ്യക്തിപരമായ സങ്കടകാരണങ്ങളെക്കാൾ വലുതാണല്ലോ.

ഇതിനു സദൃശ്യമായ ചില കാര്യങ്ങൾ ശാരീരിക രോഗങ്ങളെപ്പററി ഭിഷഗ്വരന്മാർ പ്രസ്താവിക്കുന്നുണ്ടു്. ശരീരത്തിൽ ഒരേ സമയം രണ്ടു രോഗങ്ങളുണ്ടായാൽ വലിയ രോഗം മാത്രമേ അനുഭവപ്പെടൂ. ചെറിയ സുഖക്കേടു മൂലമുളവാകുന്ന വേദന അറിയപ്പെടുന്നില്ല. മാരകരോഗം അതിനെ താഴ്ത്തിക്കളയുന്നതുതന്നെ കാരണം. ഇതുപോലെ യുദ്ധത്തിന്റെ കെടുതികൾ തങ്ങളുടെ നിർഭാഗ്യങ്ങളെപ്പററി വ്യക്തികൾക്കു ആകുലപ്പെടാൻ അവസരം നല്കുന്നില്ല. യുദ്ധത്തിന്റെ പൊതുവായ തിന്മകൾ ആത്മാവിനെ ഭയചകിതമാക്കിക്കഴിഞ്ഞെങ്കിൽ, സ്വന്തം ദുരിതങ്ങളെക്കുറിച്ചു ചിന്തിക്കാൻ വയ്യെങ്കിൽ, ആത്മാവിനു സന്തോഷപ്രദമായ കാര്യങ്ങളുണ്ടാകുമോ? എവി

www.malankaralibrary.com



ടെയും ആയുധങ്ങളും, കുതിരകളും ഇരുമ്പുകാഹള ശബ്ദവും. ആളുകൾ തിളങ്ങുന്ന കന്തങ്ങളുമെടുത്തു യുദ്ധവ്യൂഹം സൃഷ്ടിക്കുന്നു. പരിചകൾ കൂട്ടിമുട്ടുന്നു. തലപ്പാവുകൾ ഭീതി ജനിപ്പിക്കുന്നു. ഭടന്മാർ മുഖാമുഖമായി നിന്നു യുദ്ധം ചെയ്യുന്നു. അനേകർ മരിച്ചു വീഴുന്നു. ചിലർ പലായനം ചെയ്യുന്നു. അവരുടെ പിന്നാലെ ശത്രുക്കൾ ഓടുന്നു. എവിടെയും വിലാപം. രക്തം വീണു മണ്ണു കുതിരുന്നു. മരിച്ചവരെ ചവുട്ടിമെതിച്ചുകൊണ്ടു പടയാളികൾ മുന്നേറുന്നു. മുറിവേററവർ യുദ്ധക്കളത്തിൽ ഉപേക്ഷിക്കപ്പെടുന്നു. ഇവയെല്ലാം യുദ്ധരംഗങ്ങളിൽ കാണാം.

ഇപ്രകാരമുള്ള കാര്യങ്ങളിൽ ഉൾപ്പെട്ടു പോകുന്നവരുടെ മനസ്സിൽ സന്തോഷ സ്മരണകളുളവാകുമോ? പലപ്പോഴും സന്തോഷപ്രദമായ എന്തെങ്കിലും വിചാരം ഉളവായാൽ തനിക്ക് ഏററം പ്രിയപ്പെട്ടവൻ അപകടത്തിലാണെന്നുള്ള ചിന്ത അവനെ മഥിക്കുകയും അതുതന്നെ ദുഃഖകാരണമാകുകയും ചെയ്യുകില്ലേ? അതിനാൽ, യുദ്ധത്തിന്റെ തിന്മകളിൽ നിന്നു നിങ്ങൾ അകന്നു കഴിയുന്നുവെങ്കിൽ ദൈവം രണ്ടു ദാനങ്ങൾ നിങ്ങൾക്കു നൽകും. ഒന്നാമത്തേതു്, മത്സരത്തിന്റെ സമ്മാനം. രണ്ടാമത്തേതു്, മത്സരം തന്നെ. അതിനാൽ മറെറാരു പ്രത്യാശയും വാഗ്ദാനം ചെയ്തിട്ടില്ലെങ്കിൽതന്നെയും ബുദ്ധിയുള്ളവൻ സമാധാനത്തെ മറെറല്ലാത്തിലുമുപരി അതിനു വേണ്ടിതന്നെ വിലമതിക്കും.

ദൈവം വിലയേറിയ ഈ സമ്മാനം വേദനസ്സും, വിയപ്പിനുമല്ല, സന്തോഷാനുഭവത്തിനാണു് നൽകുന്നതു്. ഇതിൽ നിന്നു്മനുഷ്യനെ അവിടന്നു് എത്രമാത്രം സ്നേഹിക്കുന്നുവെന്നു ഗ്രഹിക്കാം. സന്തോഷം ഉളവാക്കുന്ന ഏററവും വലിയ സംഗതി സമാധാനമാണു്. സമാധാനം നാം ഓരോരുത്തരും സ്വന്തമായി സൂക്ഷിക്കണമെന്നല്ല അവിടത്തെ ആഗ്രഹം. മററുള്ളവരിലേക്കു നമ്മിൽനിന്നു് പ്രവഹിക്കത്തക്ക അളവിൽ സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. മററുള്ളവർക്കു സമാധാനം നൽകുന്നവനാണു് സമാധാനമുണ്ടാക്കുന്നവൻ. തനിക്കില്ലാത്തതു് നല്കുവാൻ ആർക്കും കഴി

www.malankaralibrary.com



യുകയില്ലല്ലോ. അതിനാൽ, സമാധാനത്തിൻെറ അനുഗ്രഹം കൊണ്ടു നിങ്ങൾ നിറയണമെന്നും മററുള്ളവരിലേക്ക് അതു പകരണമെന്നും കർത്താവു് ആഗ്രഹിക്കുന്നു.

സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ എന്നുള്ള വാചകത്തിൻെറ ആദ്ധ്യാത്മികാൎത്ഥത്തിൻെറ അഗാധതയിലേക്കു നാം തൽക്കാലം ചുഴ്ന്നിറങ്ങുന്നില്ല. ഈ സമാധാനം നാം സമ്പാദിക്കണമെന്നു് മാത്രം ഗ്രഹിച്ചാൽ മതി. ഈ വാചകം പല രോഗങ്ങൾക്കും ശാന്തി നല്കുന്ന ഒററമൂലിയാണു്. അതിൻെറ പൊതുസ്വഭാവത്തിൽ ഓരോ രോഗത്തിനുമുള്ള ഔഷധം അടങ്ങിയിരിക്കുന്നു. സമാധാനമെന്തെന്നു് നമുക്കാദ്യം പര്യാലോചിക്കാം. അയൽക്കാരനോടുള്ള സ്നേഹസമന്വിതമായ മനോഭാവമല്ലാതെ അതു് മറെറാന്നുമല്ല. സ്നേഹത്തിനു വിപരീതമായിട്ടുള്ളതു് എന്താണു്? അതു വിദ്വേഷം, കോപം, അസൂയ, പക വച്ചുപുലത്തൽ, കാപട്യം, യുദ്ധാപകടം ഒക്കെത്തന്നെ. സമാധാനം എന്ന ഈ ഒററപദം എത്ര രോഗങ്ങൾക്കുള്ള മരുന്നാണെന്നു നിങ്ങൾ കാണുന്നില്ലേ? മുൻപറഞ്ഞവയെല്ലാം വിപരീതമായിട്ടുള്ളതാണു സമാധാനം. അതിൻെറ സാന്നിദ്ധ്യം ഈ തിന്മകളെയെല്ലാം ഉന്മൂലനം ചെയ്യുന്നു. ആരോഗ്യം ഉണ്ടാകുമ്പോൾ രോഗം ഇല്ലാതാകുന്നതുപോലെയും പ്രകാശം പ്രസരിക്കുവാൻ തുടങ്ങുമ്പോൾ അന്ധകാരം ഓടിയൊളിക്കുന്നതുപോലെയും സമാധാനം പ്രത്യക്ഷപ്പെട്ടുമ്പോൾ അതിനെതിരായി സകല തിന്മകളും വേരററു പോകുന്നു.

ഈ നന്മ എത്രമാത്രം മഹനീയമാണെന്നു വിശദമായി വിവരിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നില്ല. അസൂയയും, വിദ്വേഷവും വച്ചു പുലത്തുന്നവർ പരസ്പരം എങ്ങനെ പെരുമാറുന്നുവെന്നു നിങ്ങൾക്കുതന്നെ ചിന്തിക്കാം. അവരുടെ സംഭാഷണം സുഖദമല്ല. അവർ പരസ്പരസമ്പക്കം വെറുക്കുന്നു. അവരുടെ അധരങ്ങൾ യാതൊന്നും ഉച്ചരിക്കുന്നില്ല. അവർ പരസ്പരം നോക്കുന്നേയില്ല. അവൎക്കു വിദ്വേഷമുള്ളവരെയോ അവരോടു് വിദ്വേഷമുള്ളവരുടെയോ ശബ്ദം അവരുടെ കാതുകൾ കേൾക്കുകയില്ല. ഒരാൾക്കു പ്രിയംകരമായതു അപരനു പ്രിയംകരമായിരിക്ക

www.malankaralibrary.com



ണമെന്നില്ല. ഒരുവൻ വെറുക്കുന്നതും ഒഴിഞ്ഞു മാറുന്നതുമായവ അവന്റെ എതിരാളിക്കു് സ്വീകാര്യമായിരിക്കും. അതിനാൽ, നിങ്ങളുടെ ജീവിതം മററുള്ളവരുടെ രോഗങ്ങളെ സുഖപ്പെടുത്തുന്നതിനുവേണ്ടി നിങ്ങളിൽ സമാധാനമെന്ന അനുഗ്രഹം സമൃദ്ധമായുണ്ടാകുവാൻ നമ്മുടെ കർത്താവു് അഭിലഷിക്കുന്നു. സുഗന്ധദ്രവ്യങ്ങളുടെ സുഖദമായ മണം അവയ്ക്കു ചുററുമുള്ള വായുവിനെ സുഗന്ധ പൂരിതമാക്കുന്നതു പോലെ നിങ്ങളിലുള്ള സമാധാനത്തിന്റെ സുഗന്ധം മററുള്ളവരിലേക്കു പ്രസരിക്കണം.

വെറുപ്പുമായി ബന്ധപ്പെട്ട വികാരങ്ങൾ ആത്മാവിലുളവാകുന്ന കെടുതികൾ പരിഗണിച്ചാൽ സമാധാനത്തിന്റെ മേന്മ നിങ്ങൾക്കു കൂടുതൽ സുഗ്രാഹ്യമാകും. കോപത്തിന്റെ ദുഷ്ഫലങ്ങൾ പൂർണ്ണമായി വെളിപ്പെടുത്തുവാൻ ആർക്കു കഴിയും? ഈ രോഗം എത്രമാത്രം ലജ്ജാകരമാണെന്നു എതു പ്രസംഗത്തിനു് വിവരിക്കുവാൻ സാധിക്കും? കോപവെറി പൂണ്ടവർ പിശാചു ബാധിതരുടെ വികാരങ്ങൾ കാണിക്കുന്നില്ലേ? രണ്ടു കൂട്ടരും കാണിക്കുന്ന ലക്ഷണങ്ങൾ തുലനം ചെയ്തു നോക്കുക. അവ തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്? പിശാചു ബാധിതന്റെ കണ്ണുകൾ ചുവക്കുന്നു. അവ നേരെ നോക്കുകയില്ല. അവന്റെ നാക്കു് കുഴയും, പരുപരുത്ത ശബ്ദം പുറപ്പെടുവിക്കും. കുരയ്ക്കുന്നതു പോലെ അവൻ സംസാരിക്കും. ഈ ലക്ഷണങ്ങൾ കോപന്ധനും പിശാചു ബാധിതനും ഒരുപോലെയാണു്. അവന്റെ തല അങ്ങോട്ടുമിങ്ങോട്ടും ആടും. അവന്റെ കൈകൾ അർത്ഥരഹിതമായ വിക്ഷേപങ്ങൾ കാണിക്കും. അവന്റെ ശരീരം മുഴുവനും വിറയ്ക്കും. അവന്റെ കാലുകൾ ആടും, ഇവയും പിശാചു ബാധിതന്റെയും, കോപാക്രാന്തനായവന്റെയും പൊതു ലക്ഷണങ്ങളത്രെ. കോപം ആവേശിക്കുന്നവന്റെ ലക്ഷണങ്ങൾ മനഃപൂർവ്വമായ തിന്മ കൊണ്ടുള്ളതാണു്. മറേറതു് സ്വന്ത ഇഷ്ടത്തിനെതിരായിട്ടുള്ളതുമാണു്. ഇതാണു് അവ തമ്മിലുള്ള ഏക വ്യത്യാസം. സ്വന്ത ഇഷ്ടത്തിനു വിപരീതമായി പിശാചുബാധിതൻ കാണിക്കുന്ന ചേഷ്ടകളെക്കാൾ കഷ്ടകരമല്ലേ സ്വന്ത തെററുവഴി ഉണ്ടാകുന്നയുള്ള

www.malankaralibrary.com



ചേഷ്ടകൾക്കു വിധേയനാകുക? പിശാചു ബാധിച്ചതിന്റെ ഫലമായിട്ടുള്ള ചേഷ്ടകളാണെന്നറിയുമ്പോൾ ആ വ്യക്തിയോടു് നമുക്കു സഹതാപമാണുണ്ടാകുക. നേരെമറിച്ചു കോപം നിമിത്തമാണെന്നു കാണുമ്പോൾ ആരോടു് കോപിക്കുന്നുവോ, അവനും ഈ ചേഷ്ടകളെല്ലാം കാണിച്ചു തുടങ്ങും. അല്ലെങ്കിൽ താൻ തോററുപോയി എന്നാണവന്റെ വിചാരം. പിശാചു ശരീരത്തെ ഉലയ്ക്കുമ്പോൾ പിശാചു ബാധിതന്റെ ചേഷ്ടകൾ ഉപദ്രവരഹിതങ്ങളാണു്. എന്നാൽ കോപാവേശമുണ്ടാകുമ്പോഴുള്ളവ തനിക്കും മററുള്ളവർക്കും ഉപദ്രവങ്ങളുണ്ടാക്കുന്നു. കോപം കൊടുമ്പിരിക്കൊള്ളുമ്പോൾ രക്തചംക്രമണം വർദ്ധിക്കും, കണ്ണുകൾ ചുവക്കും, നാക്കു കട്ടിയായിത്തീരുന്നതുപോലെയാകും. ചിലപ്പോൾ ശ്വാസോച്ഛ്വാസത്തിനു തന്നെ തടസ്സം നേരിടും. മററു ചിലപ്പോൾ തുപ്പൽ വായിൽനിന്നു് പുറത്തേക്കൊലിക്കും. ശരീരം വിറയ്ക്കും, ശത്രുവിനെ ആക്രമിക്കും. ചിലപ്പോൾ നായു് കടിക്കുന്നതുപോലെ ശത്രുവിനെ കടിച്ചെന്നു വരാം.

കോപാവേശം മൂലമുള്ളവാകുന്ന തിന്മകൾ ആർക്കു് എണ്ണിപ്പറയാൻ കഴിയും? അതിനാൽ ഇപ്രകാരമുള്ള രോഗത്തെ തടുത്തുനിർത്തുന്നവനെ അനുഗ്രഹീതനെന്നു വിളിക്കണം. അങ്ങനെയുള്ളവൻ ആദരവിനർഹനാണു്. ശാരീരിക രോഗം നീക്കുന്നവനോടു് നമുക്കു് ആദരം ഉണ്ടെങ്കിൽ അതിലെത്രയോ ഉപരിയായ ആദരമാണു് ആത്മാവിന്റെ ഈ രോഗം ഭേദമാക്കുന്നവനോടു കാണിക്കേണ്ടതു്? ആത്മാവു ശരീരത്തെക്കാൾ ശ്രേഷ്ഠതയുള്ളതാകയാൽ ശാരീരിക രോഗം സുഖപ്പെടുത്തുന്നവനെക്കാൾ ബഹുമാന്യനാണു് ആത്മാവിന്റെ രോഗം സുഖപ്പെടുത്തുന്ന വ്യക്തി.

വെറുപ്പിനു കാരണമാകുന്ന തിന്മകളിൽ ഏററം വലുതു് കോപം മൂലമുണ്ടാകുന്ന തിന്മയാണെന്നു ഞാൻ പരിഗണിക്കുന്നതായി നിങ്ങൾ കരുതരുതു്. മുമ്പു് പ്രസ്താവിച്ച തിന്മയെക്കാൾ കടുത്ത രോഗങ്ങളാണു് അസൂയയും കാപട്യവും. സ്പഷ്ടമായി കാണപ്പെടുന്ന തിന്മയെക്കാൾ അപകടകാരിയാണു് ഒളിഞ്ഞിരിക്കുന്ന തിന്മ. പട്ടികളുടെ കാര്യ

www.malankaralibrary.com



മെട്ടുക. കുരയ്ക്കുന്ന പട്ടി പലപ്പോഴും കടിക്കുകയില്ല. എന്നാൽ കുരയ്ക്കാത്ത പട്ടിയെ സൂക്ഷിക്കണം. അതിന്റെ ആക്രമണം പെട്ടെന്നായിരിക്കും. ശാന്തത കാണിക്കുന്ന ആ നായ് നാം സൂക്ഷ്മരഹിതരായി തീരുന്ന സമയം നോക്കിപ്പാർക്കുകയാണ്. അസൂയയുടെയും കാപട്യത്തിന്റെയും രോഗവും ഇതുപോലെ തന്നെ. അദൃശ്യമായ ഒരു തീ പോലെ അതു ഹൃദയത്തിന്റെ ഉള്ളിൽ വർദ്ധിച്ചുകൊണ്ടിരിക്കും. പുറമേ എല്ലാം ഭദ്രം. സ്നേഹത്തിന്റെ ലക്ഷണമാണ് ബാഹ്യമായി കാണുന്നത്. ഉമിയിൽ നീറുന്ന തീ പോലെയാണിത്. അല്പസമയത്തേക്ക് അതു ഉള്ളിൽ പുകയുന്നു. അതു ഉള്ളതിനെ മാത്രം കത്തിക്കുന്നു, തീജ്വാലകൾ പുറത്തേക്കു വരുന്നില്ല. അല്പം പുക മാത്രം കാണാം. കാരണം, ഉള്ളിൽ അതു സമ്മർദ്ദവിധേയമാണ്. എന്നാൽ ഒരു കാററടിക്കട്ടെ, അപ്പോൾ അതു കത്തി ജ്വലിക്കും. ഇപ്രകാരം അസൂയയും ഹൃദയത്തിന്റെ ഉള്ളിൽ നീറിപ്പുകഞ്ഞുകൊണ്ടിരിക്കും. അപമാനവും ലജ്ജയും ഭയന്ന് അവൻ ഈ രോഗം മറച്ചുവച്ചേക്കാം. പക്ഷേ എന്നും മറച്ചുവയ്ക്കാൻ പററാത്തതാണിത്. കത്തുന്ന ഉമിയിൽനിന്നു അസുഖകരമായ പുക വമിക്കുന്നതുപോലെ അതു പ്രത്യേക തരത്തിലുള്ള ഒരു നോട്ടം കൊണ്ടോ, ശാരീരിക ചേഷ്ടകൊണ്ടോ പുറത്തു വന്നേക്കാം. ആരെക്കുറിച്ചു അസൂയ തോന്നുന്നുവോ, ആ മനുഷ്യനെ എന്തെങ്കിലും ദൗർഭാഗ്യം പിടികൂടുമ്പോൾ അസൂയയുള്ളവൻ തന്റെ രോഗം വെളിപ്പെടുത്തും. അപരന്റെ സങ്കടം അയാൾക്കു സന്തോഷം നൽകുന്നു.

ഈ രോഗം ഒളിഞ്ഞുകിടക്കുമ്പോഴും, മുഖത്തെ ഭാവങ്ങൾവഴി അതു പ്രത്യക്ഷപ്പെടും. അസൂയ നിമിത്തം തകർന്നുകൊണ്ടിരിക്കുന്നവന്റെ മുഖഭാവവും മരിച്ചുകൊണ്ടിരിക്കുന്നവന്റെ മുഖഭാവവും തമ്മിൽ സാദൃശ്യമുണ്ട്. ഈ രോഗത്തിന്റെ കാരണമെന്ത്? ഒരു സഹോദരനോ, സ്നേഹിതനോ, അയൽക്കാരനോ, സന്തോഷത്തോടുകൂടി ജീവിക്കുന്നതുതന്നെ. അവരുടെ സന്തോഷം അസൂയയുള്ളവനെ വേദനിപ്പിക്കുന്നു. അവർ എന്തെങ്കിലും തിന്മ ഇയാൾക്കു ചെയ്തിട്ടില്ല. തങ്ങളുടെ ഇഷ്ടമനുസരിച്ച് അവർ മുൻപോട്ട്

www.malankaralibrary.com



പോകുന്നു എന്നുള്ള മതി കാരണമായി. അസൂയ നമ്മുടെ ഉള്ളിലുണ്ടെങ്കിൽ മററുള്ളവക്ക് ദോഷം വരുകയില്ല. ദോഷം നമുക്കു തന്നെയായിരിക്കും. അസൂയയുള്ളവനോട് ഞാനൊന്നു ചോദിച്ചു കൊള്ളട്ടെ. ഹേ, മനുഷ്യകീടമേ, നീ എന്തിനാകുലപ്പെടുന്നു? നിൻെറ അയൽക്കാരൻെറ സൗഭാഗ്യത്തെ ചീത്ത കണ്ണുകൊണ്ട് നീ എന്തിനു നോക്കുന്നു? ആവലാതിപ്പെടാൻ നിനക്ക് എന്തുണ്ട്? അവൻ കാഴ്ചയ്ക്കു സുഭഗനും, വാഗ്മിയും അഭിജാതനുമാണെന്നതോ? മററുള്ളവരുടെ മുൻപിൽ ബഹുമാനം ആർജ്ജിക്കുന്ന ഉദ്യോഗം അവനു ലഭിച്ചതോ? വലിയ സമ്പാദ്യം അവൻ നേടിയെന്നതാണോ? വിവേകമുള്ള സംസാരം മൂലം മററുള്ളവർ അവനെ ബഹുമാനിക്കുന്നുവെന്നതാണോ? പൊതുജനങ്ങൾ ഒരുപകാരിയെന്ന നിലയിൽ അയാളെ ബഹുമാനിക്കുന്നതാണോ, അതോ, അയാൾ തൻെറ സന്താനങ്ങളെക്കുറിച്ച് അഭിമാനമുള്ളവനും, ഭാര്യയുമായി സന്തോഷത്തിൽ കഴിയുന്നവനും, വീട്ടിൽ വിരുന്നുസൽക്കാരങ്ങൾ നടത്തുന്നവനുമായതാണോ നിൻെറ അസൂയയുടെ കാരണം? ഇക്കാര്യങ്ങൾ അസ്ത്രങ്ങളെപ്പോലെ നിൻെറ ഹൃദയത്തെ കുത്തിത്തുളയ്ക്കുന്നതെന്താണ്? നീ കൈകൾ കൂട്ടിത്തിരുമ്മുന്നു, മുഷ്ടി ചുരുട്ടുന്നു, ആകുലചിത്തനാകുന്നു. ഹൃദയാന്തരാളത്തിൽനിന്ന് നീ ഞരങ്ങുന്നു. നിനക്കുള്ളവ സന്തോഷപൂർവ്വം ആസ്വദിക്കുവാൻ നിനക്കു കഴിയുന്നില്ല, ഭക്ഷണത്തിനു് നിനക്കു രുചിയില്ല, നിൻെറ ഭവനം മ്ലാനതകൊണ്ടു നിറഞ്ഞിരിക്കുന്നു. ആ മനുഷ്യനെക്കുറിച്ചു ദുഷിച്ചുനാറിയ വർത്തമാനം കേൾക്കാൻ നിൻെറ കാതുകൾ കാത്തിരിക്കുന്നു. എന്നാൽ അവനെക്കുറിച്ചു നല്ല വർത്തമാനമുണ്ടാകുമ്പോൾ നിൻെറ കാതുകൾ നീ കൊട്ടിയടയ്ക്കുന്നു.

ഇപ്രകാരമുള്ള ഒരു മാനസികാവസ്ഥയിലാണെങ്കിൽ കാപട്യത്തിൻെറ മൂടുപടംകൊണ്ടു എന്തിനു് നിൻെറ രോഗത്തെ നീ മറയ്ക്കുന്നു? സ്നേഹത്തിൻെറ പൊയ്മുഖവും, ശുഭാശംസയുടെ കള്ളനാണയവും ഉപയോഗിക്കുന്നു? സുഖദമായ വാക്കുകൾകൊണ്ടു് ആളുകളെ നീ സ്വാഗതം ചെയ്യുകയും അവർക്കു സന്തോഷവും ആരോഗ്യവും നീ ആശം

www.malankaralibrary.com



സിക്കുകയും ചെയ്യുന്നു. അപ്പോൾ നിൻെറ മനസ്സ് അവ
ക്കെതിരായവ വിളിച്ചു കൂവുകയാണു്. അതെന്തുകൊണ്ടു്?
ഇപ്രകാരമുള്ള ഒരുവനായിരുന്നു കായേൻ. ഹാബേൽ പ്ര
ശംസിക്കപ്പെട്ടപ്പോൾ അവൻെറ ഉള്ളിൽ രോഷം പത
ഞ്ഞു പൊങ്ങുകയായിരുന്നു. ഉള്ളിൽ തിങ്ങിവിങ്ങിയ അ
സൂയ കൊലപാതകത്തിനു് അവനാജ്ഞ നൽകി. കൊല
യാളിയായതു് കാപട്യപൂർവ്വമാണു്. സ്നേഹസമന്വിതവും
സന്തോഷകരവുമായ രീതിയിൽ കായേൻ ഹാബേലിനെ
മാതാപിതാക്കളുടെ സഹായമെത്താത്ത ദൂരെയുള്ള വയലി
ലേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെയെത്തിയപ്പോൾ
കായേൻെറ തനിനിറത്തിൽ അസൂയാഗ്നി പ്രത്യക്ഷമായി.
ഹാബേലിനെ അവൻ വധിച്ചു. തൻെറ ജീവിതത്തിൽ
നിന്നു് ഈ രോഗത്തെ ഉന്മൂലനം ചെയ്യുകയും എല്ലാ മനു
ഷ്യരോടും സമാധാനവും, സന്മനസ്സും മുഖേന ഐക്യപ്പെ
ടുകയും ചെയ്യുന്നവൻ ദൈവിക ശക്തിയുടെ ഒരു കൃത്യമാ
ണു് ചെയ്യുക. മനുഷ്യപ്രകൃതിയുടെ തിന്മകളെ അവൻ
ആട്ടി ഓടിക്കുകയും, നന്മ സ്വീകരിക്കുകയുമാണു് ചെയ്യുന്നതു്
ഇക്കാരണത്താലാണു് നമ്മുടെ കർത്താവു് സമാധാനമുണ്ടാ
ക്കുന്നവനെ ദൈവത്തിൻെറ പുത്രൻ എന്നു വിളിക്കുന്നതു്.
അവൻ മനുഷ്യജീവിതത്തെ ഈ അനുഗ്രഹങ്ങൾകൊണ്ടു്
സമ്പന്നമാക്കുന്നു. യഥാർത്ഥ ദൈവത്തെ അനുകരിക്കുന്നു.

സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ
അവർ ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെടും
ആരാണിവർ? മനുഷ്യരോടുള്ള ദൈവിക സ്നേഹത്തെ
അനുകരിക്കുന്നവർ, ദൈവിക ശക്തിയുടെ സ്വഭാവഗുണ
ങ്ങൾ തങ്ങളുടെ ജീവിതത്തിൽ തെളിച്ചുമിനുക്കുന്നവർ. നന്മ
യോടു ബന്ധമില്ലാത്തതോ, അതിനന്യമായതോ ആയ സ
കലതിനെയും, നല്ലകാര്യങ്ങളുടെ കർത്താവും ദാതാവുമായവൻ
ഉന്മൂലനം ചെയ്യുന്നു. ഈ ജോലി, അതായതു്, വെറുപ്പി
നെ നശിപ്പിക്കുകയും യുദ്ധം ഇല്ലാതാക്കുകയും ചെയ്യുക, കാ
പട്യം ഉരിഞ്ഞുകളഞ്ഞു് ഹൃദയത്തിൽ നീറിപുകയുന്ന പ
രിഭവവും ആകുലതയും കെടുത്തുക എന്നീ ജോലി നമ്മുടെ
കർത്താവു് നിങ്ങൾക്കും നൽകുന്നുണ്ടു്. അതിനു പകരം,

www.malankaralibrary.com



മാററിക്കളഞ്ഞവസ്ഥ വിപരീതമായവസ്ഥ ഹൃദയത്തിൽ സ്ഥാനം നൽകണം. അന്ധകാരമകലുമ്പോൾ പ്രകാശം എത്തുന്നതുപോലെ ആത്മാവിൻെറ ഫലങ്ങളായ ഉപവി, സന്തോഷം, സമാധാനം, ഹൃദയവിശാലത എന്നിങ്ങനെ അപ്പസ്തോലൻ വിവരിച്ചിട്ടുള്ള എല്ലാ നന്മകളും അവിടെ സ്ഥാനം പിടിക്കും. അങ്ങനെയാണെങ്കിൽ ദൈവിക ദാനങ്ങൾ പകരുന്നവൻ എങ്ങനെ അനുഗ്രഹീതനാകാതിരിക്കാം? ദൈവിക ദാനങ്ങൾ നല്കുന്നതിൽ അവൻ ദൈവത്തെ അനുകരിക്കുകയും തൻെറ നന്മപ്രവൃത്തികൾ മുഖേന ദൈവത്തിൻെറ ഔദാര്യ സമൃദ്ധിയെ മാതൃകയാക്കുകയും ചെയ്യുകയല്ലേ?

ഒരു പക്ഷേ, ഈ സൗഭാഗ്യം മററുള്ളവരുടെ നന്മയെ മാത്രമായിരിക്കുകയില്ല കരുതുന്നതു്. തൻെറ ആത്മാവും ശരീരവും തമ്മിലുളവാകുന്ന അനൈക്യവും, തൻെറ പ്രകൃതിയിൽ അന്തർലീനമായിട്ടുള്ള യുദ്ധവും ഇല്ലാതാക്കുന്നതു വഴി ശരീരത്തിൻെറ നിയമം മനസ്സിൻെറ നിയമത്തോടു മേലിൽ യുദ്ധം ചെയ്യാതാക്കിത്തീർക്കുന്നവൻ സമാധാനമുണ്ടാക്കുന്നവനാണു്. അങ്ങനെ തൻെറ ശരീരത്തെ ഉന്നതമായ ഒരു നിയമത്തിനു കീഴ്പ്പെടുത്തി, ദൈവിക കല്പന അനുസരിക്കുന്നതിനിടയാക്കുന്നവൻ സമാധാനമുണ്ടാക്കുന്നവനാണു്. വചനം ഈ ഉപദേശം നൽകുന്നതുകൊണ്ടു് സ്വകൃതജീവിതം ദ്വന്ദ്വഭാവമുള്ളതാണെന്നു നാം ധരിക്കരുതു്. മറിച്ചു്, നമ്മെ തടഞ്ഞുനിർത്തുന്ന തിന്മയുടെ ഭിത്തി ഇടിച്ചുകളയുമ്പോൾ നന്മചെയ്യുന്നതിനു ശരീരവും ആത്മാവും പരസ്പര പൂരകങ്ങളാകും. ദൈവികമായതു കലർപ്പില്ലാത്തതും ശുദ്ധവുമാണു്. അതിനാൽ സമാധാനമുണ്ടാക്കുന്ന മനുഷ്യപ്രകൃതി ശുദ്ധമുള്ളതും നന്മ മാത്രമുള്ളതുമാണു്. മറഞ്ഞിരിക്കുന്നതും പ്രത്യക്ഷപ്പെടുന്നതും ഒന്നുതന്നെയായിരിക്കും. അപ്പോൾ ഈ സൗഭാഗ്യം ഫലവത്താകും. അങ്ങനെയുള്ളവർ ദൈവമക്കളാണു്. തന്മൂലം എന്നും എന്നേക്കും മഹത്വമുള്ള നമ്മുടെ കർത്താവീശോമിശിഹായുടെ വാഗ്ദാനപ്രകാരം അവർ ഭാഗ്യവാന്മാരാണു്.

ആമ്മീൻ

www.malankaralibrary.com

## പ്രഭാഷണം ൮.

### നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

പ്രബോധനത്തിന്റെ മഹനീയ പഠനക്രമമനുസരിച്ച് മുൻപു പ്രസ്താവിച്ച വാക്കുകളുടെ വ്യാഖ്യാനം നമ്മെ എട്ടാമത്തെ പടിയിൽ കൊണ്ടെത്തിക്കുന്നു. എന്നാൽ എട്ട് എന്ന സംഖ്യയുടെ രഹസ്യം നാം ഈ പ്രഭാഷണത്തിൽ ആദ്യമേ ആരായുക ഉചിതമെന്ന് ഞാൻ കരുതുന്നു. ദാവീദു ദീർഘദർശി രണ്ടു സങ്കീർത്തനങ്ങളിൽ ഈ സംഖ്യ പ്രതിപാദിക്കുന്നുണ്ട്. നിയമമനുസരിച്ച് ആൺകുഞ്ഞ് പിറന്നാൽ എട്ടാം ദിവസം പരിച്ഛേദനവും മാതാവിന്റെ ശുദ്ധീകരണവും നടത്തേണ്ടിയിരുന്നു. അതും നമുക്കു നോക്കേണ്ടുണ്ട്. ഒരു പക്ഷേ, ഈ എട്ട് എന്ന സംഖ്യക്കു എട്ടാമത്തെ സൗഭാഗ്യത്തോടു വല്ല ബന്ധവും കണ്ടേക്കാമെന്നു തോന്നുന്നു. മഹത്വമേറിയ ആരോഹണത്തിന്റെ അവസാനത്തിലുള്ള ഉച്ചിസ്ഥാനത്താണല്ലോ ഈ സൗഭാഗ്യത്തെ പ്രതിഷ്ഠിച്ചിരിക്കുന്നത്. സങ്കീർത്തനത്തിലാകട്ടെ എട്ട് എന്ന സംഖ്യയുടെ രഹസ്യത്തിൽക്കൂടിയാണ് പ്രവാചകൻ ഉയിർത്തെഴുന്നേല്പിന്റെ ദിവസം സൂചിപ്പിക്കുന്നത്. മനുഷ്യൻ അഴുക്കിൽനിന്നു സ്വാഭാവിക ശുദ്ധിയിലേക്കു മടങ്ങുന്നതാണ് ശുദ്ധീകരണം സൂചിപ്പിക്കുന്നത്. കല്പനലംഘനത്തിന്റെ ഫലമായി ആദ്ധ്യാത്മികജീവൻ നാം ഉരിഞ്ഞുകളഞ്ഞിട്ട് ജീവനില്ലാത്ത തൊലി ധരിച്ചു. അതുരിഞ്ഞു മാറുന്നതിനെയാണ് പരിച്ഛേദനം സൂചിപ്പിക്കുക. അടിമത്തത്തിൽ വീണുപോയവരെ, അടിമത്തത്തിൽനിന്ന് രാജ്യത്തിലേക്കു വിളിക്കപ്പെട്ടവരെ, സ്വർഗ്ഗത്തിൽ വീണ്ടും പ്രതിഷ്ഠിക്കുകയാണ് ഈ എട്ടാമത്തെ സൗഭാഗ്യത്തിൽ ഉൾക്കൊള്ളുന്ന കാര്യം.

www.malankaralibrary.com



അവിടന്നരുൾ ചെയ്യുന്നു. "നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ദൈവത്തിനുവേണ്ടി അടരാടിയ യുദ്ധങ്ങളുടെ ലക്ഷ്യം ഇതാ! പ്രയത്നങ്ങളുടെ സമ്മാനം, നമ്മുടെ വിയർപ്പിന്റെ വില ഇതാ! സ്വർഗ്ഗരാജ്യത്തിനു യോഗ്യമായ നിലയിൽ നാം ഇതു പരിഗണിക്കേണ്ടതുണ്ട്. അസ്ഥിരവും മാററങ്ങൾക്കു വിധേയവുമായവയിൽ പ്രത്യാശ നിക്ഷേപിച്ചിട്ട് നാം ഇനിയും വഴി തെററിപ്പോകുകയില്ല. ഈ ഭൂമി വ്യതിയാനങ്ങളുടേയും ചഞ്ചലതകളുടേയും സ്ഥാനമാണ്. എന്നാൽ, ആകാശത്തിൽ ചരിക്കുന്ന നക്ഷത്രങ്ങളിൽ നാമിതു കാണുന്നില്ല. അവ നിയമരീതിയിൽ ഭ്രമണം ചെയ്യുകയാണ്. അപ്പോൾ ഈ ദാനം എത്ര ശ്രേഷ്ഠമാണെന്നു നാം കാണുന്നില്ലേ? അതിന്റെ മഹത്വം വ്യതിയാനമുള്ളവ കൊണ്ടല്ല നിർമ്മിതമായിരിക്കുന്നതു്. നമ്മുടെ ശുഭപ്രതീക്ഷയ്ക്കു ഭംഗം വരേണ്ട കാര്യമില്ല. സ്വർഗ്ഗരാജ്യമെന്നു പറയുന്നതുകൊണ്ടു് നമ്മുടെ പ്രതീക്ഷയ്ക്കു വച്ചിരിക്കുന്ന ഈ ദാനത്തിന്റെ വ്യതിയാനരാഹിത്യമാണ് അവിടന്നു കാണിക്കുന്നതു്.

എന്നാൽ, മുമ്പു പ്രസ്താവിച്ചതിൽ അല്പം പ്രശ്നം ഉള്ളവായെന്നു എനിക്കു തോന്നുന്നു. ഇതാണതു്. ഒന്നാമത്തേതു് ആത്മാവിൽ ദരിദ്രരായവർക്കും അവിടത്തെ പ്രതി പീഡയനുഭവിക്കുന്നവർക്കും ഒരേ പ്രതിഫലമാണു പറഞ്ഞിരിക്കുന്നതു്. സമ്മാനം ഒന്നുതന്നെയെങ്കിൽ ക്ലേശങ്ങളും ഒരുപോലെ ആയിരിക്കണമല്ലോ? രണ്ടാമതായി സ്വർഗ്ഗരാജ്യത്തിലേയ്ക്കു മനുഷ്യരെ വിളിക്കുകയും വലത്തും ഇടത്തും ഉള്ളവരെ വേർതിരിക്കുകയും ചെയ്യുമ്പോൾ മററു കാരണങ്ങളും ഈ ബഹുമതിക്കായി അവിടന്നു എന്തിനാണു പ്രസ്താവിക്കുന്നതു്? അങ്ങനെ ഇടത്തും വലത്തുമായിരിക്കുമ്പോൾ അവിടന്നു ചൂണ്ടിക്കാണിക്കുന്നതു് സഹതാപവും പരസ്പരസഹായവും സ്നേഹവുമാണ്. അപ്പോൾ അവിടന്നു ആത്മാവിലുള്ള ദാരിദ്ര്യവും, തനിക്കുവേണ്ടിയുള്ള പീഡാസഹനവും പ്രസ്താവിക്കുന്നില്ല. ഉപരിപ്ലവമായി നോക്കുമ്പോൾ ഇവ തമ്മിൽ വലിയ അന്തരമുണ്ടെന്നു തോന്നാം. ദാരിദ്ര്യവും പീഡന

www.malankaralibrary.com



വും തമ്മിൽ ബന്ധമെന്തു് എന്നു തോന്നിയേക്കാം. അല്ലെങ്കിൽ ഇവയും സഹതാപഫലമായുള്ളവാകുന്ന ഉപവിപ്രവൃത്തികളും തമ്മിലുള്ള ബന്ധം? ഒരുവൻ വിശന്നവനു ഭക്ഷണം നൽകി, അല്ലെങ്കിൽ നഗ്നനെ വസ്ത്രം ധരിപ്പിച്ചു. അപരിചിതനെ അവൻെറ ഭവനത്തിൽ സ്വീകരിച്ചു, അല്ലെങ്കിൽ രോഗികൾക്കും തടവറയിലുള്ളവർക്കും കഴിയുന്നത്ര സഹായം നല്കി. എന്നാൽ ഇവയും, നാം പരിഗണിക്കുന്ന വാക്യമനുസരിച്ചു് ആത്മാവിലുള്ള ദാരിദ്ര്യവും പീഡാസഹനവും തമ്മിൽ ബന്ധമെന്തു്? ഈ മനുഷ്യൻ മററുള്ളവരെ അവരുടെ നിർഭാഗ്യത്തിൽ സഹായിച്ചു. എന്നാൽ ആത്മാവിൽ ദരിദ്രനും പീഡയനുഭവിക്കുന്നവനും സഹായം ആവശ്യമുള്ളവരാണു്. എല്ലാവർക്കും തുല്യപ്രതിഫലവും. ആത്മാവിൽ ദരിദ്രനായവനെയും പീഡയനുഭവിക്കുന്നവനെയും അയൽക്കാരനോടു സഹതാപം കാണിച്ചവനെയും അവിടുന്നു് സ്വർഗ്ഗരാജ്യത്തിനവകാശിയാക്കുന്നു. നമുക്കിതെങ്ങനെ വ്യാഖ്യാനിക്കുവാൻ കഴിയും? ഇവയെല്ലാം പരസ്പരബന്ധിതങ്ങളാണു്. കാരണം, ഇവയെല്ലാം ഒരേ ലക്ഷ്യത്തിലേക്കു നീങ്ങുന്നവയാണു്. ദരിദ്രനായവനോടുള്ള സ്നേഹം ദാരിദ്ര്യത്തിൽ നിന്നകലെയല്ല. എന്നാൽ നാമാദ്യം പരിഗണിക്കേണ്ടതു് ഈ എട്ടാമത്തെ സൗഭാഗ്യമാണു്. അതിനു ശേഷം മേൽ പ്രസ്താവിച്ച കാര്യങ്ങൾ ചർച്ചചെയ്യാം.

നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. ആരു്, എന്തിനവരെ പീഡിപ്പിക്കുന്നു? നമ്മുടെ മനസ്സിൽ ആദ്യമുണ്ടാകുന്ന ഉത്തരം വേദസാക്ഷികളുടെ മല്ലരംഗവും വിശ്വാസത്തിൻെറ മത്സരരംഗവുമാണു്. ഓടുന്നവൻെറ തീവ്രമായ ആഗ്രഹം വേഗം മാത്രമല്ല, ഓട്ടം മുഖേനയുണ്ടാകുന്ന വിജയംകൂടിയാണു്. തന്നോടൊന്നിച്ചോടുന്നവരുടെ മുൻപിൽ കയറിയെങ്കിലേ അവനു വിജയം പ്രാപിക്കാനൊക്കൂ. അതിനാൽ ദൈവികമായ ആഹ്വാനമനുസരിച്ചു് സമ്മാനത്തിനായി ഓടുന്നവനും ഈ സമ്മാനത്തെ പ്രതി ശത്രുവിനാൽ പീഡിപ്പിക്കപ്പെടുന്നവനും പിൻപിൽ ആളുണ്ടു്. ആദ്യത്തെ ആളിൻെറ പുറകിൽ അയാളോടൊത്തു മത്സരിക്കുന്നവൻ, രണ്ടാമൻെറ പിൻപിൽ അവനെ പീഡിപ്പിക്കുന്ന

www.malankaralibrary.com



വൻ. വേദസാക്ഷിത്വത്തിനുവേണ്ടിയുള്ള ഓട്ടം തികയ്ക്കുന്നവരാണിവർ. ഭക്തിയുടെ മത്സരത്തിൽ അവർ പിടിക്കപ്പെടുന്നില്ല. ഇങ്ങനെയുള്ളവക്കു ഏററം ഉന്നതമായ സൗഭാഗ്യം ഒരു കിരീടംപോലെ ക്രിസ്തുനാഥൻ വച്ചു നീട്ടുകയാണെന്നു തോന്നുന്നു. കാരണം, കർത്താവിനെപ്രതി പീഡയനുഭവിക്കുക യഥാർത്ഥത്തിൽ സൗഭാഗ്യപ്രദമാണു്. എന്തുകൊണ്ടു്? തിന്മയാൽ ഓടിക്കപ്പെടുന്നതാണു് നന്മ നേടാനുള്ള കാരണം. ദുഷ്ടനിൽനിന്നുള്ള വേർപാടു് നന്മ തന്നെയായ ദൈവത്തിലേക്കടുക്കുവാൻ കാരണമാകുന്നു. ആ നന്മയാകട്ടെ മററു സകല നന്മകളെക്കാളും മഹത്തമമാണു്. കർത്താവു തന്നെയായ അവിടത്തെ പക്കലേയ്ക്കുള്ള ഓട്ടത്തിനിടയിലാണു് അയാൾ പീഡിപ്പിക്കപ്പെടുന്നതു്. നന്മ പ്രാപിക്കുന്നതിനുള്ള സഹായമെന്ന നിലയിൽ ശത്രുവിനെ ഉപയോഗിക്കുന്ന അയാൾ യഥാർത്ഥത്തിൽ സൗഭാഗ്യമുള്ളവനാണു്. നന്മയുടെയും തിന്മയുടെയും അതിർത്തികൾക്കുള്ളിലാണു് മാനവജീവിതം. നമ്മുടെ പ്രതീക്ഷയുടെ അപരിമേയനന്മ കളഞ്ഞുകുളിച്ചവൻ അഗാധമായ കുഴിയിൽ വീണുപോകുന്നു. പാപത്തിൻെറ മ്ലേച്ഛതയ്ക്കു കേവലം അന്യനായിത്തീരുന്നവൻ യഥാർത്ഥ നീതിയെ സമീപിക്കുന്നു.

സ്വേച്ഛാധിപതികൾ വേദസാക്ഷിക്കെതിരെ അഴിച്ചുവിടുന്ന മർദ്ദനങ്ങൾ ഇന്ദ്രിയങ്ങൾക്കു വേദനാജനകം തന്നെ. പക്ഷെ അതിൻെറ ഫലമാകട്ടെ എല്ലാ സൗഭാഗ്യങ്ങളേയും അതിശയിക്കത്തക്കതാണു്. ഒരു പക്ഷെ ഉദാഹരണങ്ങൾ മുഖേന ഈ എട്ടാമത്തെ സൗഭാഗ്യം നമുക്കു ഗ്രഹിക്കുവാൻ സാധിച്ചേക്കും. നമ്മെ സ്നേഹിക്കുന്നതിനു പകരം നമുക്കുള്ളവർ നമുക്കെതിരായി ഗൂഢാലോചന നടത്തുക എത്രമാത്രം സങ്കടകരമാണെന്നു് എല്ലാവർക്കും അറിയാം. ഉപദ്രവകരമെന്നു തോന്നിയതു് പിന്നീടു് ഈ ജീവിതത്തിൽത്തന്നെ സന്തോഷകരമായിത്തീർന്ന സംഭവങ്ങൾ അനേകമുണ്ടായിട്ടുണ്ടു്. പൂർവ്വപിതാവായ യൗസേഫിൻെറ കഥ തന്നെയെടുക്കുക. സഹോദരങ്ങൾ അദ്ദേഹത്തിനെതിരായി ഗൂഢാലോചന നടത്തുകയും തങ്ങളുടെ ഇടയിൽനിന്നു അദ്ദേഹത്തെ നീക്കിക്കളയുകയും ചെയ്തു. അടിമയായി വില്ക്കപ്പെട്ട യൗസേഫ്

www.malankaralibrary.com



അദ്ദേഹത്തിനെതിരായി ഗൂഢാലോചന നടത്തിയവരുടെ തന്നെ രാജാവായിത്തീർന്നു. ഒരു പക്ഷെ അവരുടെ ഗൂഢാലോചന വഴിയൊരുക്കിയിരുന്നില്ലെങ്കിൽ അദ്ദേഹം ആ മഹോന്നത പദവിയിൽ എത്തിച്ചേരുകയില്ലായിരുന്നേനെ. ആരെങ്കിലും ഒരാൾ ഈ പ്രകാരം യൗസേഫിനോട് മുൻകൂട്ടി പറഞ്ഞെന്നു സങ്കല്പിക്കുക. 'നിനക്കെതിരായി ഒരു ഗൂഢാലോചന നടന്നിട്ടുണ്ട്. അതുനിമിത്തം നീ അനുഗ്രഹീതനാകും.' അദ്ദേഹത്തിനതു വിശ്വാസയോഗ്യമായി തോന്നുകയില്ല. അദ്ദേഹം വർത്തമാനകാലത്തെ ക്ലേശങ്ങൾ മാത്രമേ കണക്കിലെടുക്കൂ. ആ തിന്മനിറഞ്ഞ ഗൂഢാലോചനയുടെ ഫലം ശുഭപര്യവസായിയാകുമെന്നു അദ്ദേഹം കരുതുകയില്ല. അതുപോലെ സ്വേച്ഛാധിപതികൾ വിശ്വാസികൾക്കെതിരെ നടത്തുന്ന മർദ്ദനങ്ങൾ ഇന്ദ്രിയങ്ങൾക്കു വേദനാജനകമാണ്. കേവലം ലൗകികരീതിയിൽ ചിന്തിക്കുന്നവർക്കു ഈ വേദനകൾ മുഖേന സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള പ്രത്യാശ ഉളവാകുകയില്ല. എന്നാൽ പ്രകൃതിയുടെ ബലഹീനത അറിയാവുന്ന കർത്താവു താൽക്കാലികവേദന സഹിക്കുവാൻ തക്കവണ്ണം ലക്ഷ്യത്തെക്കുറിച്ച് അവരെ മുൻകൂട്ടി അറിയിക്കാതിരിക്കയില്ല.

എല്ലാ ഭാഗങ്ങളിൽനിന്നും കല്ലുകൾ വന്നു വീണപ്പോൾ സ്തേഫാനോസ് സഹദാ സന്തോഷിക്കുകയാണുണ്ടായതു്. കല്ലുകളുടെ വർഷം സന്തോഷപ്രദമായ മഞ്ഞുതുള്ളികൾ എന്നപോലെ അദ്ദേഹം സ്വീകരിച്ചു. തന്റെ കൊലയാളികളുടെ പാപം അവരുടെ മേൽ ചുമത്തരുതെന്നപേക്ഷിച്ചുകൊണ്ട് അവർക്കദ്ദേഹം അനുഗ്രഹങ്ങൾ മുഖേന പ്രതിപകരം നൽകി. അദ്ദേഹവും പ്രതിഫലവാഗ്ദാനം കേട്ടതാണ്. ഇന്ദ്രിയങ്ങളുടെ വാഗ്ദാനം അദ്ദേഹം വകവച്ചില്ല. അദ്ദേഹം സ്വർഗ്ഗീയസമ്മാനത്തെക്കുറിച്ചു പ്രത്യാശയുള്ളവനായിരുന്നു. കർത്താവിനെപ്രതി പീഡയനുഭവിക്കുന്നവർ സ്വർഗ്ഗരാജ്യത്തിലെത്തുമെന്നു് അദ്ദേഹം ആദ്യം കേട്ടു. പീഡാസഹനസമയത്തു് തന്റെ പ്രത്യാശയുടെ വിഷയം ദർശിച്ചു. വിശ്വാസം ഏറെറുപറയുന്ന ഓട്ടപ്പന്തയത്തിനിടയിൽ ആശിച്ചതു് അദ്ദേഹത്തിനു ഗോചരമായി. സ്വർഗ്ഗം തുറക്കപ്പെട്ടു്.

www.malankaralibrary.com



ദൈവികമഹത്വം തൻെറ ക്ഷണഭംഗുരമായ ഓട്ടത്തിൽ ഉററുനോക്കുന്നതു് സ്തേഫാനോസ് കണ്ടു. അതായതു് താൻ ആർക്കുവേണ്ടി വേദസാക്ഷിയാകുന്നുവോ, ആ കർത്താവിനെത്തന്നെ അദ്ദേഹം കണ്ടു. മൽപ്പിടുത്തവേളയിൽ വിധി പ്രസ്താവിക്കുവാനിരിക്കുന്ന ന്യായാധിപൻെറ നിലപാടു് അടരാടുന്നവനു സഹായമെത്തിക്കുന്ന തരത്തിലാണു്. ഈ മൽപ്പിടുത്തം നിശ്ചയിക്കുന്ന ആൾതന്നെ (നമ്മുടെ കർത്താവു്) അടരാടുന്നവരെ അവരുടെ ശത്രുക്കൾക്കെതിരായി സഹായിക്കുന്നുണ്ടെന്നു നാം ഗ്രഹിക്കണം. അതിനാൽ കർത്താവിനെപ്രതി പീഡയനുഭവിക്കുന്നവനേക്കാൾ കൂടുതൽ അനുഗ്രഹീതനായി മററാരുണ്ടു്? മത്സരത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന ന്യായാധിപൻെറ തന്നെ സഹായം ലഭിക്കുകയെന്ന ബഹുമതിയുള്ളവനേക്കാൾ കൂടുതൽ അനുഗ്രഹീതനായി മററാരുണ്ടു്?

ഈ ജീവിതത്തിലെ അനുഭവവേദ്യമായ സന്തോഷത്തിനുപകരം അദൃശ്യമായ നന്മ തെരഞ്ഞെടുക്കുക അത്ര എളുപ്പമല്ല, അസാദ്ധ്യമെന്നുതന്നെ വേണമെങ്കിൽ പറയാം. സ്വഭവനത്തിൽനിന്നു നിഷ്കാസിതനാകുക, ഭാര്യ, മക്കൾ, സഹോദരങ്ങൾ, മാതാപിതാക്കൾ, സ്നേഹിതർ എന്നിവരിൽനിന്നു വേർപെടുക, ജീവിതത്തിലെ എല്ലാ സന്തോഷത്തിൽനിന്നു് വിട്ടുപിരിയുക— ഇതെല്ലാം അത്ര എളുപ്പമുള്ള കാര്യമല്ല. കർത്താവുതന്നെ അതിനു സഹായിക്കേണ്ടിയിരിക്കുന്നു. അങ്ങനെ അദൃശ്യനന്മയിലേക്കു കർത്താവുതന്നെ അവിടത്തെ ഉദ്ദേശപ്രകാരം വിളിക്കേണ്ടിയിരിക്കുന്നു. അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ[55] "അവൻ മുൻകൂട്ടി ആരെ അടയാളപ്പെടുത്തിയോ, അവരെ വിളിച്ചു. ആരെ വിളിച്ചുവോ, അവരെ നീതീകരിച്ചു. ആരെ നീതീകരിച്ചുവോ അവരെ മഹത്വപ്പെടുത്തി." ശരീരത്തിലെ പഞ്ചേന്ദ്രിയങ്ങൾ വഴി ജീവിതത്തിലെ സന്തോഷപ്രദമായ കാര്യങ്ങളോടു ആത്മാവു് ഒരു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. കണ്ണുകൾവഴി ഭൗതികസൗന്ദര്യത്തിൽ അതു സന്തോഷിക്കുന്നു. കാതുകൾവഴി സുഖദമായ ശബ്ദത്തിൽ അതു് ആനന്ദിക്കുന്നു, അതുപോലെതന്നെയാണു് സ്പർശനത്തിൻെറയും രുചിയുടേയും ഘ്രാണത്തിൻെറയും കാര്യവും.

www.malankaralibrary.com



പ്രകൃത്യാഉള്ളതാണെന്നു്. അതിനാൽ ഒരാണിക്കൊണ്ടെന്നപോലെ ആത്മാവു് ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതിനാൽ അവയിൽനിന്നു വിട്ടകലുക പ്രയാസമുള്ള കാര്യമാണു്. ഞവണിക്കയും ഒച്ചും അവയുടെ പുറംതോടിനോടൊപ്പം വളരുന്നതുപോലെ ആത്മാവും ഈ ഇന്ദ്രിയങ്ങളോടൊത്താണു് പുരോഗമിക്കുക. ജീവിതകാലം മുഴുവനുമുള്ള ഈ ബന്ധം പെട്ടെന്നു വേർപെടുത്തുക ക്ലേശകരമാണു്. ഇതാണു് ആത്മാവിന്റെ നില. അപ്പോഴാണു് ജീവിതത്തിൽ കാര്യമായി മതിക്കുന്നവയേയോ, വസ്തുവകകളേയോ നഷ്ടപ്പെടുത്തുമെന്നു പറഞ്ഞു മതമർദ്ദകർ രംഗത്തിറങ്ങുന്നതു്. ആത്മാവു് അടിപ്പെട്ടുപോകുന്നു, മർദ്ദകന്റെ ഇംഗിതത്തിനു വിധേയമാകുന്നു.

എന്നാൽ അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ ദൈവവചനം ഇരുമുനവാളിനേക്കാൾ കൂടുതൽ ഫലപ്രദവും മൂർച്ചയുള്ളതുമാണു്.[൭൮] ആ ദൈവവചനം വിശ്വാസം സ്വീകരിച്ച ആളിലേയ്ക്കു ചൂഴ്ന്നിറങ്ങുമ്പോൾ അതു് ആത്മാവിനോടൊന്നിച്ചു വളർന്നു് അനാവശ്യകാര്യങ്ങളെ വെട്ടിമാറ്റുകയും സ്വഭാവത്തിന്റെ ചങ്ങലകളെ മുറിച്ചുതള്ളുകയും ചെയ്യുന്നു. അപ്പോൾ ഓട്ടക്കാരൻ തന്റെ ചുമലിലുള്ള ഭാരം എറിഞ്ഞു കളയുന്നതുപോലെ അവൻ തന്റെ ആത്മാവിനെ വരിഞ്ഞുമുറുക്കിയിരിക്കുന്ന ലൗകികസന്തോഷങ്ങളെ ദൂരെയെറിഞ്ഞു കളയും. ഭാരരഹിതമായ വേഗത്തിൽ അവൻ ഓടും. കാരണം, ഓട്ടത്തിൽ അവനെ നയിക്കുന്നതു ഈ മത്സരത്തിന്റെ അദ്ധ്യക്ഷൻ തന്നെയാണു്. പിൻപിലുള്ള കാര്യങ്ങൾ അവൻ പരിഗണിക്കുന്നില്ല. വരാനിരിക്കുന്ന കാര്യമാണു് അവൻ നോക്കുക. ഈ ലോകത്തിലെ സന്തോഷങ്ങളിലേയ്ക്കു തിരിഞ്ഞുനോക്കാതെ പരമനന്മയായ ദൈവത്തിന്റെ പക്കലേയ്ക്കു് അവൻ ഓടുന്നു. ലൗകികവസ്തുക്കളുടെ നഷ്ടം അവനെ വേദനിപ്പിക്കുന്നില്ല. സ്വർഗ്ഗീയസമ്മാനങ്ങളെക്കുറിച്ചുള്ള ചിന്ത അവനെ സന്തോഷഭരിതനാക്കുന്നു. അതിനാൽ തന്റെ മുൻപിലുള്ള ഈ സ്വർഗ്ഗീയസൗഭാഗ്യത്തിനുള്ള മാർഗ്ഗമെന്ന നിലയിൽ എല്ലാ വിധത്തിലുമുള്ള പീഡനങ്ങളെയും അവൻ സന്തോഷപൂർവ്വം സ്വീകരിക്കും. തീ അവനു ശുദ്ധീകരണവസ്തുവായിരിക്കും. ഭൗതികവും ജഡി

www.malankaralibrary.com



ക്ഷുദ്രമായതിനെ മനസ്സിനോടു ബന്ധപ്പെടുത്തുന്നവ മുറിച്ചു കളയുന്ന ഒന്നായി വാളിനെ അവൻ പരിഗണിക്കും. ലൗകികസന്തോഷത്തിന്റെ അപകടകരമായ വിഷത്തിനുള്ള പ്രതിവിധിയായി പീഡനങ്ങൾക്കുള്ള ഓരോ വസ്തുവും അവൻ കണക്കാക്കും, പിത്തമുള്ളവരും മററു രോഗമുള്ളവരും രോഗകാരണങ്ങൾ നീക്കുന്നതിന്, കയ്പുള്ള മരുന്നുകൾ ഉപയോഗിക്കുന്നു. ഇതുപോലെ, ശത്രുവിനാൽ പീഡിതനാകുന്നവൻ ദൈവസന്നിധിയിലേയ്ക്കു തിരിയുന്നു. പീഡാനുഭവങ്ങളുടെ പ്രവാഹം ലൗകികസന്തോഷങ്ങളെ ഉന്മൂലനം ചെയ്യുന്ന ശക്തിയായി കണക്കാക്കുന്നു.

പീഡ സഹിക്കുന്നവനു ലൗകിക സന്തോഷമുണ്ടാകയില്ല. ലൗകികസന്തോഷം മൂലമേ പാപത്തിനു പ്രവേശനം ലഭിച്ചു. അതിനാൽ ആ സന്തോഷം അതിനെതിരായിട്ടുള്ളതു മൂലമേ ഇല്ലാതാകുന്നു. വേദസാക്ഷി കർത്താവിനു സാക്ഷിയാകുന്നതിനാൽ മനുഷ്യരെ ക്രൂരമായി പീഡിപ്പിക്കുകയും അതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നവർ ഈ പീഡനങ്ങൾ വഴി ആത്മാവിനൊരു മരുന്ന് അറിയാതെ നല്കുകയാണ്. ലൗകികസന്തോഷം മൂലമേയുള്ളവായ രോഗം ആ മരുന്ന് ഇല്ലാതാക്കുന്നു. ഇങ്ങനെ വി. പൗലോസും വി. യാക്കോബ് ശ്ലീഹായും വാൾ സ്വീകരിക്കുന്നു. വി. സ്തേഫാനോസ് കല്ലുകൾ സ്വീകരിക്കുന്നു. വി. പത്രോസ് തല കീഴായി കുരിശിക്കപ്പെടുന്നു. വിശ്വാസത്തെ പ്രതി പിന്നീട് അരോടിയവർ വിവിധതരത്തിലുള്ള പീഡനങ്ങൾ സ്വീകരിക്കുന്നു. ചിലർ മൃഗങ്ങൾക്ക് ഇരയാകുന്നു, ചിലർ ജീവനോടെ കുഴിയിൽ മൂടപ്പെടുന്നു. മററു ചിലരാകട്ടെ അഗ്നിക്കിരയാകുന്നു. വേറെ ചിലർ കഠിനശൈത്യം സഹിച്ചു മരണമടയുന്നു. ചിലരുടെ കൈകാലുകൾ വലിച്ചു കീറപ്പെടുന്നു. മററ് അംഗഭംഗങ്ങൾ വേറെ ചിലർ സഹിക്കുന്നു, ചിലർ പട്ടിണിക്കിട്ടു കൊല്ലപ്പെടുന്നു. ഇവയും ഇവപോലുള്ള പീഡനങ്ങളും പാപശുദ്ധീകരണമായി വിശുദ്ധർ ആശ്ലേഷിച്ചു. അങ്ങനെ ലൗകികസന്തോഷത്തിന്റെ രേഖ പോലും അവരുടെ ഹൃദയത്തിൽനിന്നു മാഞ്ഞുപോയി. പീഡാസഹനംവഴി ആത്മാവിൽ ലൗകികസന്തോഷത്തിന്റെ

www.malankaralibrary.com



യാതൊരു പാട്ടം അവശേഷിച്ചില്ല. അതിനാൽ എന്നെപ്രതി പീഡ സഹിക്കുന്നവർ ഭാഗ്യവാന്മാർ.

ഇനി മറ്റൊരു രീതിക്കു നമുക്കു ചിന്തിച്ചു നോക്കാം. ആരോഗ്യമുള്ള ഒരുവൻെറ ഹൃദയത്തിൽ ഇപ്രകാരമുള്ള സ്വരം കേൾക്കുന്നുവെന്നു കരുതുക. എന്നെപ്രതി രോഗത്തിൽനിന്നു മാറി നില്ക്കുന്നവർ ഭാഗ്യവാന്മാർ, അവൎക്കു വേദനകളില്ല. ഒരിക്കൽ രോഗികളായിരുന്നവർ ഇപ്പോൾ എന്നിൽ ആശ്വസിക്കുന്നു. അതിനാൽ ഈ സ്വരത്തിനു നമുക്കു ചെവി കൊടുക്കാം. കാരണം ജീവൻ (ക്രിസ്തുനാഥൻ) തന്നെയാണ് ഈ സൗഭാഗ്യം പ്രഖ്യാപിക്കുന്നതു്. എന്നെപ്രതി പീഡസഹിച്ചു മരണമടയുന്നവർ ഭാഗ്യവാന്മാർ. പ്രകാശം ഇങ്ങനെ പ്രസ്താവിക്കുന്നതുപോലെയാണതു്. എന്നെപ്രതി അന്ധകാരം മുഖേന പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. നീതിയെ സംബന്ധിച്ചും വിശുദ്ധിയെ സംബന്ധിച്ചും, നന്മയെ സംബന്ധിച്ചും എന്നുവേണ്ടാ നന്മതന്നെയായ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്ന എന്തിനെക്കുറിച്ചും ഇപ്രകാരം പറയാവുന്നതാണ്. നിങ്ങളോടു നമ്മുടെ കൎത്താവു ഇങ്ങനെ പ്രസ്താവിക്കുന്നുവെന്നു സങ്കല്പിക്കുക. ജീൎണ്ണത, അന്ധകാരം, പാപം, അനീതി, അത്യാഗ്രഹം എന്നിങ്ങനെ ശത്രുത്വമുള്ള സകലത്തിൽനിന്നും, വാക്കുകളിലും പ്രവൃത്തികളിലും ചിന്തകളിലും സദ്ഗുണപരമായിട്ടുള്ളതല്ലാത്ത സകലത്തിൽനിന്നും, ഓടിക്കപ്പെട്ടവൻ ഭാഗ്യവാൻ. തിന്മയിൽനിന്ന് അകന്നിരിക്കുക എന്നതിൻെറ അൎത്ഥം നന്മയിൽ ഉറയ്ക്കപ്പെടുക എന്നതാണ്. കൎത്താവരുളിച്ചെയ്യുന്നു.[87] "പാപം ചെയ്യുന്നവൻ പാപത്തിൻെറ ദാസനാണ്". അതിനാൽ ദാസ്യത്തിൽനിന്നു വിമുക്തനായവൻ സ്വാതന്ത്ര്യത്തിൻെറ മഹത്വം കരഗതമാക്കുന്നു. സ്വാതന്ത്ര്യത്തിൻെറ ഏറ്റം മഹനീയപദവി തൻെറതന്നെ യജമാനനായിരിക്കുക എന്നതാണ്. രാജത്വമെന്ന മഹനീയപദവിക്കുള്ളിൽ ഒരു സ്വേച്ഛാധിപതിയുമില്ലല്ലോ. അതിനാൽ, പാപത്തിനു കേവലം അന്യനായ ഒരുവൻ സ്വതന്ത്രനാണെങ്കിൽ, രാജത്വമെന്നു പറയുന്നതു സ്വയം ഭരിക്കുകയും ഒരു യജമാനൻ ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണെങ്കിൽ, പീഡിപ്പിക്കുന്ന ഒരുവൻ സൗഭാഗ്യമുള്ള

www.malankaralibrary.com



വനാണ്. കാരണം, ആ പീഡനം അവനു രാജകീയ പദവി പ്രാപിക്കുവാൻ ഹേതുവാകുന്നതുതന്നെ.

അതിനാൽ, എന്റെ സഹോദരന്മാരേ, ലൗകികവസ്തുക്കളുടെ അഭാവം നമ്മെ വിഷാദരാക്കരുത്. ഇവയിൽ നിന്നെല്ലാം വിമുക്തനായവൻ സ്വർഗ്ഗീയ അരമനയിൽ വസിക്കുന്നു. സുബുദ്ധിയുള്ള പ്രകൃതിക്ക് അതിന്റെ ജീവിതത്തിനു രണ്ടു ഘടകങ്ങൾ നൽകപ്പെട്ടിട്ടുണ്ട്, ഭൂമിയും സ്വർഗ്ഗവും. ജഡത്തിൽ ജീവിക്കുന്നവർക്കുള്ളതു ഭൂമി. ശരീരമില്ലാത്ത ജീവിതം അത്യാവശ്യമായും മറ്റൊരിടത്തു ജീവിക്കേണ്ടതാണ്. ഭൂമിയിൽനിന്നു നാം ഓടിക്കപ്പെടുന്നില്ലെങ്കിൽനാം ഭൂമിയിൽ കഴിയും. എന്നാൽ ഇവിടെ നിന്നു പോകുമ്പോൾ നാം സ്വർഗ്ഗത്തിലേക്കു മാറ്റപ്പെടും. പീഡനങ്ങളുടെ സഹനം വഴി ഈ എട്ടാമത്തെ സൗഭാഗ്യം നിങ്ങളെ എവിടെ കൊണ്ടെത്തിക്കുന്നുവെന്നു കാണുന്നില്ലേ? ഈ സംഗതികൾ കണ്ടിട്ടാണ് അപ്പസ്തോലൻ പ്രസ്താവിക്കുന്നത്.[33] "എന്നാൽ എല്ലാ ശിക്ഷണവും തക്കസമയത്തു സന്തോഷകരമായിട്ടല്ല, ദുഃഖകരമായിട്ടു കരുതപ്പെടുന്നു. അവസാനത്തിലോ അതിനാൽ അഭ്യസിക്കപ്പെട്ടവർക്ക് അതു സമാധാനത്തിന്റെയും നീതിയുടെയും ഫലങ്ങൾ നൽകുന്നു.

അതിനാൽ, പ്രത്യാശയോടെ നോക്കിപ്പാർക്കുന്ന ഫലങ്ങൾ നൽകുന്ന പൂവാണ് പീഡനം. ഫലത്തെപ്രതി ഈ പൂവ് നമുക്കു സ്വീകരിക്കാം. ഓടുന്നതിനു വേണ്ടി നാം പീഡിപ്പിക്കപ്പെടട്ടെ. പക്ഷേ, നാം ഓടുകയാണെങ്കിൽ നമ്മുടെ ഓട്ടം വൃഥാവിലാകരുത്. സ്വർഗ്ഗീയവിളി എന്ന സമ്മാനത്തിനുവേണ്ടി നമുക്കു ഓടാം.[34] നമുക്കതു നേടിയെടുക്കാം. എന്താണ് നാം നേടാൻ പോകുന്നത്? എന്താണ് സമ്മാനം? എന്താണ് കിരീടം? നാം പ്രത്യാശയോടെ നോക്കിപ്പാർക്കുന്നതു നമ്മുടെ കർത്താവിനെയല്ലാതെ മറ്റൊന്നുമല്ലെന്ന് എനിക്കു തോന്നുന്നു. യുദ്ധം ചെയ്യുന്നവരുടെ ന്യായാധിപനും വിജയിക്കുന്നവരുടെ കിരീടവും അവിടുന്നുതന്നെ. ഭവനാവകാശം വിഭജിക്കുന്നവനാണ് അവിടുന്ന്, അവിടുന്നുതന്നെയാണ് ആ നല്ല അവകാശവും. അവിടുന്നുതന്നെ

www.malankaralibrary.com



യാണു നമുക്കു ലഭിക്കുന്ന ഭാഗം. ആ ഭാഗം നൽകുന്നതും അവിടന്നുതന്നെ. അവിടന്നു നമ്മെ സമ്പന്നരാക്കുന്നു. നമ്മുടെ സമ്പത്തും അവിടന്നുതന്നെ. നിങ്ങളെ അവിടന്നു നിധി കാണിക്കുന്നു. നിങ്ങളുടെ നിധിയോ അവിടന്നുതന്നെ. സുന്ദരമായ രത്നം ആഗ്രഹിക്കുവാൻ അവിടന്നു നിങ്ങളെ ആകർഷിക്കുന്നു. നിങ്ങൾ നല്ലവില നൽകുന്നപക്ഷം വിലയ്ക്കൊന്നപോലെ അവടുന്നതു നൽകും. ഒരു കച്ചവടസ്ഥലത്തെന്നപോലെ ആ രത്നം നേടുന്നതിനു നമുക്കുള്ളവയും ഇല്ലാത്തവയുമായവയെ നാം താരതമ്യപ്പെടുത്തണം. അതിനാൽ പീഡിപ്പിക്കപ്പെടുന്നപക്ഷം നമുക്കു സങ്കടപ്പെടാതിരിക്കാം. മറിച്ച് നമുക്കു സന്തോഷിക്കാം. കാരണം, ലൗകികബുദ്ധിമതികളിൽനിന്ന് ആട്ടിപ്പായിക്കപ്പെടുമ്പോൾ സ്വർഗ്ഗീയ നന്മയിലേക്കു നാം ആനയിക്കപ്പെടുകയാണ്. എനിക്കു വേണ്ടി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. എന്നു അവിടന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്.

മഹത്വവും ആധിപത്യവും എന്നുമെന്നേക്കുമുള്ള നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയാൽതന്നെ.

ആമീൻ.

www.malankaralibrary.com

1 മത്താ. 5:1–3.
2 ഏശാ. 2:3
3 ഏശാ. 35:3
4 ഏശാ. 53:4; മത്താ 8:17
5 മത്താ. 6:19 f.
6 1 തിമോ. 6:15
7 2 കോറി. 8:9
8 ഫിലി. 2:5–7
9 ലൂക്കാ. 2:7–12
10 ലേവ്യ. 18:6 f.
11 മത്താ. 19:21
12 മത്താ. 19:27
13 1 തെസ്സ 4:16
14 സങ്കീ. 112:9
15 1 കോറി. 2:9; ഏശാ 64:4
16 സങ്കീ. 27:13
17 സങ്കീ. 87:3 ഇതിൽനിന്നാണു് "ദൈവനഗരം" എന്നു് വി. അഗസ്റ്റീനോസ് (+428) തൻെറ ഒരു ഗ്രന്ഥത്തിനുള്ള പേരു് കണ്ടെത്തിയതു്. (*De Civitate Dei,* 11 1)
18 1 തെസ്സ. 4:16
19 1 കോറി. 9:24
20 1 കോറി. 9:27
21 ഗലാ. 6:17
22 സങ്കീ. 18:37 f
23 ഉത്തമ. 2:9.
24 യോഹ. 15:1
25 എബ്രാ. 12:1
26 2 കോറി. 7:10. സങ്കടം (Penthos) എന്ന വിഷയത്തെ പുരസ്കരിച്ച് വി. ജോൺ ക്രിസോസ്തോം ഒരു കൃതി രചിച്ചിട്ടുണ്ടു് (*PG* 47.393–422).

www.malankaralibrary.com



27 എഫേ. 2:1; 4:18f; കൊളോ. 2:13.
28 മത്താ. 8:12; 22:13.30; മർക്കോ. 9:43; ലൂക്കാ. 13:28.
29 2 കോറി. 2:7; cfr, 1 കോറി. 5:1–5.
30 ഹെബ്. 3:19.
31 cfr, പുറ. 12:8.
32 സങ്കീ. 120:5.
33 സങ്കീ. 120:6.
34 ലൂക്കാ; 16:25.
35 സങ്കീ. 84:5
36 മത്താ. 4:3.
37 യോഹ. 4:34
38 1 തിമോ. 2:4.
39 പുറ. 3:5; ഏശയ. 42:8.
40 പുറ. 3:14.
41 പുറ. 22:27.
42 സുഭാഷ്യ. 23:27
43 സങ്കീ. 42:2.
44 സങ്കീ. 17:15.
45 ഹബ. 3:3.
46 സങ്കീ. 34:8.
47 യോഹ. 14:23
48 ഗലാ. 2:20.
49 ഫിലി. 3:13.
50 ഫിലി. 3:12.
51 cfr, ഉല്പ. 28:12.
52 സങ്കീ. 116:5.
53 1 കോറി. 12:31.
54 ലൂക്കാ. 17:21.
55 മത്താ. 7:8.
56 റോമ. 2:7f.
57 മത്താ. 25:34. 41.
58 2 കോറി. 6:14.
59 ഗലാ. 6:8.

www.malankaralibrary.com



60 മത്താ. 25:34 ff.
61 ലൂക്കാ. 16:25
62 യോഹ. 1:18.
63 I തിമോ. 6:16.
64 cfr, പുറ. 33:20.
65 സങ്കീ. 128:5.
66 ഏശാ. 26:10 (Sept.)
67 cf. 1 യോഹ. 4:12
68 2 തിമോ. 4:8.
69 cf. യോഹ. 13:23; 21:20
70 cf. പുറ. 33:17.
71 റോമ. 11:33.
72 സങ്കീ. 104:24.
73 ലൂക്കാ. 17:21.
74 cf. മത്താ. 5:21f.
75 സംഖ്യ. 25:6f.
76 ഉല്പ. 18:27,
77 ഏശാ. 40:6
78 സങ്കീ. 37:3.
79 സഭാ. 36:2.
80 cf. 1 കൊറി. 15:9.
81 cf. ഏശാ. 40:12.
82 ഏശാ. 40:25.
83 സഭാ. 5:1.
84 ആധ്യാത്മിക മഹാത്മ്യമാണ് വിവക്ഷ.
85 റോമ. 8:29f.
86 ഹെബ്രാ. 4:12.
87 യോഹ. 8:34.
88 ഹെബ്രാ. 12:11.
89 cf. 1 കൊറി. 9:24.

www.malankaralibrary.com

## ഫാ. ജേക്കബ് ഞായല്ലൂരിന്റെ കൃതികൾ

1 കുരിശിന്റെ വി. യോഹന്നാൻ
2 പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ
3 വിങ്ങുന്ന ഹൃദയം
4 സഖാക്കളുടെ നാട്ടിൽ
5 വി. അഗസ്റ്റീനോസ്
6 നിസ്സായിലെ വി. ഗ്രീഗോറിയോസ്
7 ആർച്ചുബിഷപ്പ് മാർ ഗ്രീഗോറിയോസ്
8 വിശ്വാസദീപം
9 അങ്ങനെ അവരുടെ കല്യാണവും കഴിഞ്ഞു
10 മറിയം നമ്മുടെ ജീവിതത്തിൽ (രണ്ടു വാല്യങ്ങൾ)
11 ക്രിസ്തുനാഥൻ
12 ക്രിസ്തുനാഥാനുകരണം
13 വിപ്ലവത്തിന്റെ വെന്നിക്കൊടി
14 നേഴ്സുകൾക്ക് ഒരു ധാർമ്മിക സംഹിത
15 Augustine Saint for Today (Published in U. S. A.)
16 കർത്തൃപ്രാർത്ഥന (നീസിയൻ ഭാഷ്യം)
17 ഗിരിപ്രഭാഷണം (നീസിയൻ ഭാഷ്യം)

---

St. Mary's Press, Pattom,
Trivandrum-695004

www.malankaralibrary.com

# ജി. ചേടിയത്തിന്റെ കൃതികൾ

1. **സഭാപിതാക്കന്മാർ,** (1980), pp. VIII+272,
വില: Rs. 18.00

സഭാപിതാക്കന്മാരുടെ കൃതികളുടെ ആദ്യത്തെ മലയാള വിവർത്തനം. "അപ്പസ്തോലിക പിതാക്കന്മാർ" എന്നറിയപ്പെടുന്ന ആദ്യകാല പിതാക്കന്മാരുടെ കൃതികൾ. യേശുക്രിസ്തുവിനോടും രക്ഷാകര സംഭവങ്ങളോടും വളരെ അടുത്തു ജീവിച്ച അവരുടെ ക്രിസ്ത്വാനുഭവം, ക്രിസ്തീയജീവിതമാതൃക, അവർ വരച്ചു കാട്ടുന്ന ക്രിസ്തുചിത്രം ആദിയായ കാര്യങ്ങൾ ഇന്നു് ജീവിക്കുന്ന നമുക്കു് തീർച്ചയായും പ്രചോദനം നൽകും.

2. **ആദിമസഭയുടെ സന്ദേശം,** (1981),
pp. XX+337, വില: Rs. 20.00

സഭാരംഭം മുതൽ നിഖ്യാസൂനഹദോസുവരെ (325) ജീവിച്ച സഭാപിതാക്കന്മാരുടെ ജീവചരിത്രം, കൃതികൾ, ദൈവശാസ്ത്ര സംഭാവനകൾ എന്നിവ സമ്യക്കായി വിവരിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണിതു്.

3. **മലങ്കരഗീതങ്ങൾ,** (1981), pp. X+302,
വില: 6.00

4. **ക്രൈസ്തവഗീതങ്ങൾ,** (1982), pp. VI+92
വില: Rs. 4.00

www.malankaralibrary.com



മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് സുപരിചിതമായ രീതികളിൽ രചിച്ചിട്ടുള്ള 151 (109+42) ഗീതങ്ങളുടെ സമാഹാരമാണിവ. വി. ഗ്രന്ഥം, ലിററർജി എന്നിവയെ ആധാരമാക്കി ഇവ എഴുതപ്പെട്ടിരിക്കുന്നു.

5. സുറിയാനിസഭാപിതാക്കന്മാർ, (1982),
pp. IV+95, വില: Rs. 4.00

പൗരസ്ത്യസുറിയാനി സഭയിലെ അത്യുജ്ജ്വല താരമായ അബ്ദീശോ (+1308) സഭാസംബന്ധമായ ഗ്രന്ഥങ്ങളെപ്പററി പദ്യരൂപത്തിൽ സുറിയാനിയിൽ രചിച്ച കൃതിയുടെ മലയാളപരിഭാഷ. ഓരോ ഗ്രന്ഥകർത്താവിനെപ്പററിയും അടിക്കുറിപ്പായി വിവരണങ്ങൾ ചേർത്തിട്ടുണ്ട്.

6. **മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം,**
(1982), p. VIII+86, വില: Rs. 4.00

മലങ്കര കുർബാനയെപ്പററിയുള്ള പ്രാചീനവും ആധികാരികവുമായ വ്യാഖ്യാനം. പാശ്ചാത്യസുറിയാനി സഭയിലെ പണ്ഡിതനും മെത്രാനുമായ മോശെ ബർ കേഫാ (813-903) സുറിയാനിയിൽ രചിച്ച ഭാഷ്യത്തിന്റെ മലയാള പരിഭാഷയാണിത്.

7. സഭാചരിത്ര പഠനങ്ങൾ, (1982),
pp. VIII+192, വില: Rs. 12.00

ക്രൈസ്തവ സഭയുടെ ഉത്ഭവത്തിലേക്കും വളർച്ചയിലേക്കും വെളിച്ചം വീശുന്ന ഒരു കൃതി. പലസ്തീന, സിറിയ, അറേബ്യ, അർമേനിയ, മെസൊപ്പൊട്ടേമിയ എന്നിവിടങ്ങളിൽ ആദ്യകാലത്ത് സുവിശേഷത്തിനു

www.malankaralibrary.com



ണ്ടായ വളച്ച് ഇതിൽ വിവരിക്കുന്നു. അതുപോലെ സഭാചരിത്ര പഠനത്തിന് സഹായകമായ നിരവധി അനുബന്ധങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. തിരുസഭാ ചരിത്രം പഠിക്കുന്നവർക്കെല്ലാം അപരിത്യാജ്യമാണ് ഈ ഗ്രന്ഥം.

8. **The Christology of Mar Babai the Great,**
(1982), pp. XVI+232, Rs. 40.00

പൗരസ്ത്യ സുറിയാനി സഭയിലെ ഒരു വലിയ ദൈവശാസ്ത്രജ്ഞനായ മാർ ബാബായ് റബ്ബായുടെ (+628) ക്രിസ്തുശാസ്ത്രം എക്യുമെനിക്കൽ വീക്ഷണത്തിൽ ഇതിൽ അപഗ്രഥന വിഷയമാക്കുന്നു. ഈ വിഷയത്തിലാണ് ചേടിയത്തച്ചന് റോമിലെ അഗസ്റ്റീനിയൻ പട്രിസ്റ്റിക് ഇൻസ്റ്റിററ്യൂട്ടിൽ നിന്ന് ഡോക്ടർ ബിരുദം ലഭിച്ചത്. 'നെസ്റ്റോറിയൻ സഭ'യുടെ ക്രിസ്തുശാസ്ത്രം എന്താണെന്നറിയാൻ ഈ ഗ്രന്ഥം വളരെ സഹായകമാണ്.

9. **ഹെർമാസിൻെറ ഇടയൻ,** കോട്ടയം, 1982.
വില: Rs. 4.00

---

**St. Thomas Book Stall P. B. No. 1**
Kottayam-686010.